**KOTTAYAM PUBLIC LIBRARY**

Call No. M200 J.O.S.-M. Acc. No. 13993

Author ജോസഫ് പുതിയാപറമ്പിൽ

Title മക്കൾ നല്ലവരാകണമെങ്കിൽ

818

13993

# മക്കൾ
# നല്ലവരാകണമെങ്കിൽ

---

രചയിതാവ്
ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ.

(നാലാം പതിപ്പ്)

1959

വില 1 രൂ. 25 ന. പൈ.

BR. ✱ NATIONAL ... KOTTAYAM ... LTD.

Copy right reserved
to
St. Joseph's Press Mannanam.

# സമപ്പ്ണം

എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ റൈററ്. റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ, ബി. ഏ; ഡി. ഡി. തിരുമനസ്സിലെ പട്ടാഭിഷേക സ്മാരകമായി ഈ വിനീത കൃതിയെ സമർപ്പിച്ചു കൊള്ളുന്നു.

# അഭിപ്രായം

ബ. അച്ചാ,

"മക്കൾ നല്ലവരാകണമെങ്കിൽ'' എന്ന അച്ചന്റെ പുസ്തകം ദയവായി അയച്ചുതന്നതിന്നു് വളരെ നന്ദി.

ലോകം നന്നാകണമെങ്കിൽ വ്യക്തികളാണു് ആദ്യം നന്നാകേണ്ടതു്. ലോകം ഇന്നു് വളരെ വഷളായിട്ടുണ്ടെന്നു് ആരും സമ്മതിക്കും; ചെറുപ്പംമുതലുള്ള നല്ല ദൃഷ്ടാന്തങ്ങളും തഴക്കങ്ങളുമാണു് ഒരുവന്റെ ഭാവിസ്വഭാവത്തെ കാര്യമായി സ്പർശിക്കുന്നതു്. തന്മൂലം കുടുംബജീവിതത്തിന്റെ പവിത്രീകരണമാണു് ഏതൊരു ലോകോദ്ധാരകന്റെയും ശ്രദ്ധയെ പ്രഥമതഃ ആകർഷിക്കേണ്ടതു്. കുടുംബാന്തരീക്ഷത്തെ ആശ്രയിച്ചായിരിക്കും കുടുംബാംഗങ്ങളുടെ ഗുണദോഷങ്ങളുമെന്നതു് വെറും പരമാർത്ഥം മാത്രമാണു്. വിദ്യാലയം, വ്യവസായശാല, വിനോദശാല, എന്നുവേണ്ട വീടിന്നു പുറത്തുള്ള മിക്ക സ്ഥലത്തെയും അന്തരീക്ഷം പ്രായേണ വളരെ വിഷപങ്കിലമാണു്. ഇക്കാരണത്താലാണു് കാലോചിതവും പ്രായോഗികവുമായ ഈ സാഹിത്യപരിശ്രമത്തിൽ അച്ചനെ ഞാൻ അനുമോദിക്കുന്നതു്. ഗ്രന്ഥകാരനെയും ഗ്രന്ഥത്തെയും ആശീർവ്വദിക്കയും പുസ്തകത്തിന്നു് പ്രചുരപ്രചാരം ആശംസിക്കയും ചെയ്യുവാൻ അതിയായ സന്തോഷമുണ്ടു്.

ജോർജ്ജു് ആലപ്പാട്ടു്,

തൃശ്ശൂർരൂപതാ മെത്രാൻ

# അവതാരിക

ഒരു നല്ല സാഹിത്യകാരനും, നിരീക്ഷണപടുവും, യുവജനോദ്ധാരണതല്പരനുമായ റവ. ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ. അവർകൾ, ഗൃഹസ്ഥാശ്രമത്തിൻെറ നാനാവശങ്ങളെ വളരെ തന്മയത്വത്തോടുകൂടി വിവരിച്ചും വിശദീകരിച്ചും രചിച്ചിട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാണിതു്. സജ്ജനസമക്ഷം സ്വയം അവതരണം ചെയ്യാവുന്ന ഗുണപൌഷ്കല്യം ഈ ഗ്രന്ഥത്തിനുണ്ടു്. മററൊരാളിൽനിന്നു ഒരവതാരികയോ ഉപോദ്ഘാതമോ ഇതിനാവശ്യമില്ലതന്നെ. എങ്കിലും ഇതിനൊരവതാരിക ഞാനെഴുതിയാൽകൊള്ളാമെന്നു് സന്യാസാശ്രമിയായ ഗ്രന്ഥകർത്താവു് ആഗ്രഹിച്ചതു് ഞാനൊരു ഗൃഹസ്ഥാശ്രമി ആയതുകൊണ്ടായിരിക്കണം. കൃത്യാന്തരബാഹുല്യത്തിനിടയ്ക്കാണെങ്കിലും പുസ്തകം വായിച്ചുകഴിഞ്ഞപ്പോൾ എൻെറ നാമധേയം ഇങ്ങനെയെങ്കിലും ഈ സൽഗ്രന്ഥത്തോടു ഘടിപ്പിക്കുവാൻ ബ. അച്ചൻ ഒരു സന്ദർഭം എനിക്കു തന്നതിൽ ഞാൻ അദ്ദേഹത്തോടു് അതീവ കൃതജ്ഞനാണു്.

ആദ്ധ്യാത്മികമായും, ധാർമ്മികമായും, സാമൂഹികമായും, സാമ്പത്തികമായും, രാഷ്ട്രീയമായും, ഒരു വലിയ പരിവർത്തനദശയിൽക്കൂടി ലോകം ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. സൌത്താഫ്രിക്കയിലെ സുപ്രസിദ്ധ രാജ്യതന്ത്രജ്ഞനും ഒരു മഹാ പണ്ഡിതനുമായിരുന്ന മാർഷൽ സ്മട്ട്സ് പറഞ്ഞതുപോലെ, "സംസ്ഥാപിതങ്ങളും പരമ്പരാഗതങ്ങളുമായ കൂടാരങ്ങളും പൊളിച്ച് തോളിലേന്തി മാനവവംശം, എങ്ങോട്ടേയ്ക്കെന്നറിയുന്നില്ല, ഒരു പുതിയ പ്രയാണം ആരംഭിച്ചിരിക്കയാണു്." ഇതിൻെറ അലതല്ലൽ നമ്മുടെ മാതൃരാജ്യമായ ഇൻഡ്യയേയും സർവ്വോപരി കേരളത്തേയും ജാതിമതഭേദമെന്യേ അതിലെ എല്ലാ ജനവിഭാഗങ്ങളേയും, സാരമായി ബാധിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ ആപൽസന്ധിയിൽ "അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതിയും

ഭൂമിയിൽ നൽമനസ്സുള്ളവക്കു സമാധാനവും" എന്ന ക്രിസ്തുദേവൻെറ സന്ദേശം മാത്രമേ ഉത്തരധ്റുവനക്ഷത്രംപോലെ മാനവവംശത്തിനു് മാർഗ്ഗദർശനമായിട്ടുള്ളു. അതിനാൽ "മക്കൾ നല്ലവരാകണമെങ്കിൽ" എന്ന നാമധേയം ഈ ഗ്രന്ഥത്തിനു് നൽകിയിരിക്കുന്നതു് അത്ഥഗർഭമായിരിക്കുന്നു.

കേരളത്തിലെ ഒരു കത്തോലിക്കാകുടുംബത്തിൻെറ മാതൃകാപരമായ ജീവിതരീതിയെയാണു് ഗ്രന്ഥകാരൻ ലക്ഷീകരിച്ചിരിക്കുന്നതു്. കേരളത്തിലെ ജാതിവ്യവസ്ഥിതിയിൽപെട്ടു് ജീവിച്ചുപോന്ന ഇവിടത്തെ നസ്രാണിസമുദായം പത്തൊൻ, പതു നൂററാണ്ടുകൾ പഴക്കമുള്ള അതിൻെറ സാമൂഹ്യജീവിതക്രമത്തിൽ, ഒരു പ്രത്യേകതരം കുടുംബജീവിതക്രമം വളത്തിപ്പാലിച്ചുപോന്നു. ക്രൈസ്തവധമ്മത്തിൽ അധിഷ്ഠിതമായും, ഉൽകൃഷ്ട ഹിന്ദുക്കളുടെ ഗ്രഹസ്ഥാശ്രമധമ്മ പാരമ്പര്യങ്ങൾ വിടാതെയും വളന്നുവന്ന ഒരു കുടുംബജീവിതക്രമമായിരുന്നു അതു്. കേരളത്തിലെ ഇതരസമുദായങ്ങളോടു താരതമ്യപ്പെടുത്തിയാൽ, പിതൃപുത്രബന്ധത്തിലാകട്ടെ, ഭാര്യാഭർതൃബന്ധത്തിലാകട്ടെ, സഹോദര സഹോദരീബന്ധത്തിലാകട്ടെ, സദാചാരത്തിലാകട്ടെ, പ്രത്യേകിച്ചു് സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയിലാകട്ടെ, ലജ്ജാകരവും ക്ഷമായാചനാർഹവുമായ ഒന്നുംതന്നെ ആ ജീവിതക്രമത്തിൽ ഉണ്ടായിരുന്നില്ല. പക്ഷേ, ആധുനികമായ ഇന്നത്തെ സാഹചര്യങ്ങൾ, പരമ്പരാഗതമായ നമ്മുടെ ജീവിതക്രമത്തെ, സ്വല്പമെങ്കിലും സ്പർശിക്കുന്നുണ്ടെന്നു് സൂക്ഷ്മദൃഷ്ടികൾക്കു് കാണുവാൻ കഴിയും. അതുകൊണ്ടു് ഈ ഗ്രന്ഥത്തിൻെറ ആവിർഭാവം അത്യന്തം അവസരോചിതമത്രേ.

മുപ്പതു് അദ്ധ്യായങ്ങളാണു് ഈ ഗ്രന്ഥത്തിലുള്ളതു്. അവസാന അദ്ധ്യായത്തിലെ "കത്തോലിക്കാ കുടുംബത്തിൻെറ അഷ്ടഭാഗ്യങ്ങൾ" എന്ന ക്രോഡീകരണം നമ്മുടെ കത്താവിൻെറ ഗിരിപ്രഭാഷണത്തെ അനുസ്മരിപ്പിക്കുന്നുണ്ടു്. രത്നഖചിത സമാഹാരമായ ഈ മാല്യം കേരളത്തിലെ ഓരോ കത്തോലിക്കാകുടുംബവും അണിഞ്ഞുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ധ്യായങ്ങളിൽ ഓരോന്നും നമ്മുടെ കുടുംബജീവിതത്തിൻെറ ഹൃദയാന്തർഭാഗത്തിലേയ്ക്കു കടന്നു അതിൻെറ ഗുണവശങ്ങളും ദോഷവശങ്ങളും ഉദാഹരണങ്ങൾ സഹിതം ഒരു കണ്ണാടിയിൽ എന്നപോലെ നമുക്കു് കാണിച്ചുതരുന്നുണ്ടു്.

ഇത്ര ലളിതവും സരസവുമായ ഭാഷയിൽ, ഉദാഹരണങ്ങളുടെ തന്മയത്വത്താലും സ്വാരസ്യത്താലും വായനക്കാരെ ആദ്യന്തം ആകർഷിക്കത്തക്ക ഒരു വിശിഷ്ടഗ്രന്ഥം കേരളത്തിനും കത്തോലിക്കാസമുദായത്തിനും പ്രദാനം ചെയ്തതിൽ ഗ്രന്ഥകൎത്താവിനെ ഞാൻ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു. ഇതുപോലെ ഉപകാരപ്രദങ്ങളായ മററു പല ഗ്രന്ഥങ്ങളും ഈ ഗ്രന്ഥകൎത്താവിൽനിന്നും നമുക്കു് ലഭിക്കുമാറാകട്ടെ. മക്കൾ നല്ലവരാകണമെന്നു ആഗ്രഹിക്കുന്ന ഓരോ മാതാപിതാക്കന്മാരും ഈ ഗ്രന്ഥം തങ്ങളുടെ കുടുംബത്തിനു് ഒരമൂല്യ നിക്ഷേപമായി കരുതേണ്ടതാണു്. ഗ്രന്ഥത്തിനും ഗ്രന്ഥകൎത്താവിനും സൎവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

എന്നു്,

ജോൎജ്ജ്തോമസ് കൊട്ടുകാപ്പള്ളി

പാലാ,
28—12—1953.

# പ്രസ്താവന

ശാശ്വതവും സുസ്ഥിരവുമായ ഒരു സമാധാനത്തിനുവേണ്ടി ലോകം വെമ്പൽകൊള്ളുന്ന ഒരു കാലസന്ധിയാണിതു്. എന്നാൽ താദൃശമായ ഒരു സമാധാനം എങ്ങനെ കൈവരിക്കാമെന്നതിനെപ്പററി ആൎക്കും ഒരു രൂപവുമില്ല. ഇന്നു സാൎവ്വത്രികമായി കാണപ്പെടുന്ന ശിക്ഷണരാഹിത്യം, ധാൎമ്മികാധഃപതനം തുടങ്ങിയ എല്ലാ തിന്മകൾക്കും അടിസ്ഥാനഹേതു കുടുംബജീവിതത്തിനു പററിയ തകരാറാണെന്നുള്ളതിനെപ്പററി സംശയമില്ല. കൂടുതൽ ഭാസുരമായ ഒരു ഭാവി കെട്ടിപ്പടുക്കണമെന്നാഗ്രഹിക്കുന്നവർ അടിയന്തിരമായി ശ്രദ്ധിക്കേണ്ട ഒരു രംഗം കുടുംബമാണു്. കുടുംബജീവിതത്തിൻെറ വിവിധവശങ്ങളെ സ്പൎശിച്ചുകൊണ്ടുള്ള ചില സംഗതികൾ ക്രൈസ്തവകുടുംബങ്ങളുടെ ദൃഷ്ടിയിൽപ്പെടുത്തുക എന്നതാണു് ഈ ഗ്രന്ഥത്തിൻെറ ഉദ്ദേശം.

Confraternity of Holy Cross എന്ന സന്യാസസഭയിലെ അംഗമായ Fr. Bernard pegarski ഒരു അമേരിക്കൻ മാസികയിൽ പ്രകാശിപ്പിച്ച ചില ആശയങ്ങൾ ഈ ഗ്രന്ഥം രചിക്കുന്നതിനു് എനിക്കു സഹായകമായിട്ടുണ്ടു്. എന്നാൽ മിക്ക ആശയങ്ങളും എൻെറ മാതാപിതാക്കന്മാരോടും സഹോദരീസഹോദരന്മാരോടുംകൂടി ചെലവഴിച്ച കുടുംബജീവിതത്തിലേ അനുഭവങ്ങളിൽനിന്നും മുളയെടുത്തിട്ടുള്ളതാണു്.

ബഹുലമായ കൎത്തവ്യങ്ങളുടെ സമ്മർദ്ദത്തിനിടയിൽ സമുചിതമായ ഒരു അഭിപ്രായം എഴുതിത്തന്ന തൃശ്ശൂർരൂപതയുടെ മെത്രാൻ ജോർജ്ജ് ആലപ്പാട്ടു പി. എച്ച്. ഡി; ഡി. ഡി. തിരുമേനിയോടു എനിക്കുള്ള കടപ്പാടു നിസ്സീമമത്രെ. മതപരവും സാമുദായികവുമായ കാൎയ്യങ്ങളിൽ വ്യാപൃതനായിരിക്കുന്ന അദ്ദേഹത്തിനറിയാം കുടുംബങ്ങൾ നന്നായിരുന്നാൽ മാത്രമേ സമുദായവും രാഷ്ട്രവും നന്നാകയുള്ളുവെന്നു്. ഈ യാഥാൎത്ഥ്യം ഗ്രഹിച്ചുകൊണ്ടായിരിക്കാം ഈ ഗ്രന്ഥത്തിനു് ഒരു അഭിപ്രായം

എഴുതിത്തരാമെന്നു സമ്മതിച്ചത്. അദ്ദേഹത്തിന്റെ നേർക്ക് എനിക്കുള്ള നിഷ്കളങ്കമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. പൊതുകാര്യപ്രസക്തനും സംസ്കാരസമ്പന്നനും വിശാലഹൃദയനും ജാതിമതഭേദമെന്യേ- സ്ഥാനസ്ഥിതിഭേദമെന്യേ- ഈ സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങൾക്ക് സുസമ്മതനും പരോപകാരിയും ദീനദയാലുവുമായ ആ നല്ല മനുഷ്യൻ, ശ്രീ. ജോർജ്ജ് തോമ്മസ് കൊട്ടുകാപ്പള്ളി എം. പി. ഈ ഗ്രന്ഥത്തിനു ഒരു അവതാരികയെഴുതിത്തന്നതിനു അദ്ദേഹത്തിന്റെനേർക്കു എനിക്കുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിന് ലേഖനങ്ങൾ തന്നനുഗ്രഹിച്ച വരാപ്പുഴ, പാലാ അഭിവന്ദ്യതിരുമേനിമാരോടും എന്റെ വന്ദ്യഗുരുഭൂതൻ റവ. ഫാദർ കുന്നപ്പള്ളി അവർകളോടും എന്റെ ഉള്ളഴിഞ്ഞ കൃതജ്ഞത. ഈ ഗ്രന്ഥരചന സംബന്ധിച്ച് ഭാഷാപരമായ തെറ്റുകൾ തിരുത്തിത്തന്ന സെന്റ് ബർക്ക്മാൻസ് കോളജ് ലക്ചറർ മി. ഏ. ജെ. ജോസഫ്, എം. ഏ. അവർകളോടും ഇത്ര ആകർഷകമായവിധം ഈ ഗ്രന്ഥത്തെ മുദ്രണം ചെയ്തുതന്ന ദീപിക പ്രസ്സ് അധികൃതരോടും എന്റെ അകൈതവമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

**രചയിതാവ്.**

# മക്കരം നല്ലവരാകണമെങ്കിൽ

## 1. ദാമ്പത്യജീവിതം

ക്രിസ്തീയ ഭവനമെന്താണ്? ഒരു ഡസൻ ആളുകളോട് ഈ ചോദ്യം ചോദിക്കുക. വിവിധതരത്തിലുള്ള ഉത്തരങ്ങൾ നമുക്കു ലഭിക്കും. ഒരാൾ പറയും, ക്രിസ്തീയഭവനം ഉണ്ണുന്നതിനും ഉറങ്ങുന്നതിനുമുള്ള സ്ഥലമാണെന്ന്. അപരൻെറ ദൃഷ്ടിയിൽ അതു് കുഞ്ഞുങ്ങളെ വളർത്തുന്നതിനും അവരുടെ ബാലവിനോദങ്ങൾ നടത്തുന്നതിനുമുള്ള സ്ഥലമായിരിക്കും. മൂന്നാമൻെറ അഭിപ്രായം ക്രിസ്തീയ ഭവനം വിശിഷ്ടസാധനങ്ങൾ സൂക്ഷിക്കുന്നതിനും അതിഥികളെ സ്വീകരിക്കുന്നതിനുമുള്ള സ്ഥലമായിരിക്കണമെന്നത്രേ. ഈ നിർവ്വചനം ശരിയോ? അല്ല. വിലപിടിച്ച വീട്ടുസാമാനങ്ങളോ മനോഹരചിത്രങ്ങളോ വിപുലമായ ഗ്രന്ഥശേഖരമോ അല്ലാ ഒരു ഭവനത്തെ യഥാർത്ഥഭവനമാക്കുന്നതു്. പ്രത്യുത, യഥാർത്ഥഭവനം നസ്രസിലെ തിരുക്കുടുംബത്തിൻെറ തനിച്ഛായ ആയിരിക്കണം. ഇതു സുകൃതാഭ്യസനത്തിൻെറ ആസ്ഥാനമായിരിക്കും. ഇവിടെ ഒരു ക്രിസ്തീയാന്തരീക്ഷം നിലവിലിരിക്കും. എന്തുകൊണ്ടെന്നാൽ ഭിത്തികൾ

മതപരമായ ചിത്രങ്ങളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. കുരിശുരൂപത്തിനു പ്രധാനസ്ഥാനം ആ ഭവനത്തിൽ ഉണ്ടു്. ഇവിടെ ശിശുവിൻെറ പുഞ്ചിരിയും മാതാവിൻെറ താരാട്ടും പിതാവിൻെറ സൂക്ഷ്മതയും നടമാടുന്നു. സന്തോഷവും സന്താപവും കുടുംബാംഗങ്ങൾ പങ്കിട്ടെടുക്കുന്നു. ഇപ്രകാരമുള്ള ഭവനത്തിൽ ജീവിക്കുന്ന കുഞ്ഞുങ്ങൾ പ്രായമാകുമ്പോൾ ജോലി, വിദ്യാഭ്യാസം മുതലായവ സംബന്ധിച്ച് വീടുവിട്ടു പോകേണ്ടിവന്നാൽ സങ്കടപ്പെടുന്നു. തിരിച്ചുവരുമ്പോൾ ഭക്തതീർത്ഥകനു "വിശുദ്ധസ്ഥലം" സന്ദർശിക്കുമ്പോൾ ഉണ്ടാകുന്ന ബഹുമാനവും ഭക്തിയും ഇവക്ക് അനുഭവപ്പെടുന്നു. എന്നാൽ ലോകാരൂപി വസിക്കുന്ന ഭവനത്തിൻെറ സ്ഥിതി എന്തായിരിക്കാം. ഈ ഭവനത്തിൻെറ പ്രവേശനദ്വാരത്തിൽ പ്രസിദ്ധ നടിയും അർദ്ധനഗ്നയുമായ ഒരു സിനിമാതാരത്തിൻെറ ചിത്രമത്രേ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. വിശുദ്ധരുടെ പടങ്ങൾ പൊടികൊണ്ടു മൂടപ്പെട്ടിരിക്കുന്നു. കുരിശുരൂപം രോഗി കിടക്കുന്ന മുറിയിൽ അജ്ഞാതമായി സ്ഥിതി ചെയ്യുന്നു.

മനുഷ്യനു ഹൃദ്യമായി ഒരു സ്ഥലം ലോകത്തിലുണ്ടെങ്കിൽ അതു ക്രിസ്തീയഭവനമത്രേ. ദൈവദൂതന്മാർ സമാധാനമാകുന്ന സൈത്തുവൃക്ഷത്തിൻെറ ശിഖരവും വഹിച്ചുകൊണ്ടുള്ള അവരുടെ ഭൂലോകപര്യടനത്തിനിടയിൽ ഏതെങ്കിലുമൊരു സ്ഥലത്തു് വിശ്രമിക്കുമെങ്കിൽ അതു് ക്രിസ്തീയഭവനത്തിലാകുന്നു. അപ്രകാരമുള്ള ഭവനത്തിൽ "ബാല്യകാലസ്മരണകൾ വസിക്കുകയും സ്നേഹത്തിലും ചുമതലബോധത്തിലും വളന്ന യുവത്വം നക്ഷത്രംപോലെ പ്രകാശിക്കയും ചെയ്യുന്നു. പുരാതന റോമാക്കാരുടെയും ഗ്രീക്കുകാരുടെയും കാലത്തു് കുടുംബജീവിതത്തിൻെറ പ്രധാനോദ്ദേശ്യം പൗരന്മാരുടെ രൂപവല്ക്കരണവും സ്വരാജ്യത്തിനുവേണ്ടി എന്തും ചെയ്യുവാൻ ശിശുക്കൾക്ക് ത്രാണി നൽകുന്നതിനുള്ള പരിശീലനവുമായിരുന്നു. എന്നാൽ ക്രിസ്തുവിൻെറ ആഗമനത്തോടുകൂടി കുടുംബം സാഹോദര്യത്തിൻെറയും സ്നേഹാരൂപിയുടേയും വാസസ്ഥാനമായി മാറി. ദൈവം പിതാവും, മനുഷ്യൻ പുത്രനും, ദൈവവും മനുഷ്യനുമായുള്ള ബന്ധം പിതാവും മക്കളും തമ്മിലുള്ള ബന്ധവുമാണെന്നു് അവിടുന്നു പഠിപ്പിച്ചു. ഭവനത്തിലെ പരിശുദ്ധി ഉയർത്തുന്നതിന് അവിടുന്നു വിവാഹമെന്ന കൂദാശ സ്ഥാപിച്ചു. അന്നുവരെ

യും മനുഷ്യന്റെ മൃഗീയസുഖഭോഗങ്ങൾക്ക് ഉപകരണമായി രുന്ന സ്ത്രീയെ അവിടുന്നയത്തി. ഒരു ഭവനം യഥാർത്ഥക്രിസ്തീയഭവനമാണെങ്കിൽ അതു ഭൗമികപറുദീസായത്രേ.

മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനു ദൈവം സ്ഥാപിച്ച പരിപാവനമായ ഒരു കൂദാശയാണ് വിവാഹം. സന്താനോല്പാദനമാണ് വിവാഹത്തിന്റെ പ്രഥമോദ്ദേശം. പ്രകൃതിയിൽ കാണുന്ന മനോഹര വസ്തുക്കളെ ഒരു ചിത്രകാരൻ കാൻവാസിൽ പകർത്തിക്കഴിയുമ്പോൾ അതൊരത്ഭുതമായി നാം കരുതുന്നു. എന്നാൽ ദൈവത്തിന്റെ ആകൃതിയിലും സാദൃശ്യത്തിലുമുള്ള ആത്മാവോടുകൂടിയ മനുഷ്യനെ ലോകത്തിനു പ്രദാനംചെയ്തുകൊണ്ട് സ്രഷ്ടാവിന്റെ സൃഷ്ടികർമ്മത്തിൽ സഹകരിക്കുകയെന്നതു് ഭാര്യാഭർത്താക്കന്മാരെ സംബന്ധിച്ചിടത്തോളം വലിയ ഒരത്ഭുതമല്ലേ? പുരുഷനും സ്ത്രീക്കും പരസ്പരസഹായവും സ്നേഹവും നൽകുകയെന്നതാണല്ലോ വിവാഹത്തിന്റെ രണ്ടാമത്തെ ഉദ്ദേശ്യം. കണ്ണുനീരിന്റെ താഴ്വരയിലെ തീർത്ഥകരാണു നാം. നമുക്ക് അനശ്വരമായ ഒരു ഭവനം ഇവിടെ ഇല്ല. ചിലപ്പോൾ ഈ ലോകജീവിതത്തിലെ വഴികൾ ഇടുങ്ങിയതും അന്ധകാരമയവുമായിരിക്കും. എന്നാൽ ദൈവം ഭൂരിപക്ഷം മനുഷ്യർക്കും ദാമ്പത്യസ്നേഹമാകുന്ന വിളക്കുമൂലം ജീവിതമാകുന്ന വഴി തെളിച്ചുകൊടുക്കുന്നു. പാപമാലിന്യം ആത്മാവിൽ പററാതിരിക്കുന്നതിനും തദ്വാരാ ദൈവപ്രസാദത്തിൽ സദാസമയവും നിലകൊള്ളുന്നതിനും വിവാഹം സ്ത്രീപുരുഷന്മാരെ സഹായിക്കുന്നു. ദൈവഭയമുള്ള ഭാര്യമാരെ ലഭിക്കാതിരുന്നെങ്കിൽ ഇന്നു സ്വർഗ്ഗസുഖമനുഭവിക്കുന്ന പുരുഷന്മാരിൽ പലരും സ്വർഗ്ഗകവാടം ദർശിക്കയില്ലായിരുന്നു. വൈവാഹികജീവിതത്തിൽനിന്നുമുണ്ടാകുന്ന സ്നേഹം പരസ്പരവിശ്വാസമാകുന്ന പാറയിൽനിന്നുത്ഭവിക്കുന്ന അരുവിയത്രേ. അതു് ജീവിതത്തിലെ സന്താപസന്തോഷങ്ങളാകുന്ന മുൾച്ചെടികളുടേയും പുഷ്പങ്ങളുടേയും ഇടയിൽക്കൂടി ഒഴുകി അവസാനം ശവകുടീരമാകുന്ന സമുദ്രത്തിൽ വീഴുന്നു. അതു് അവിടെ എത്തിച്ചേരുന്നതുവരേയും സ്നേഹമാകുന്ന ജലത്തിൽ അവിശ്വാസമാകുന്ന വിഷം കൂട്ടിച്ചേർക്കാതിരിക്കാൻ ദമ്പതികൾ ശ്രദ്ധിക്കണം.

കാനായിലെ കല്യാണവിരുന്നിൽ മാതാവും അവിടുത്തെ തിരുമകനും സംബന്ധിച്ചു. ആതിഥേയന്റെ വീഞ്ഞു തീർന്നപ്പോ

യെന്നു കണ്ടപ്പോൾ മാതാവിനു അലിവുതോന്നി. പുത്രനോടപേക്ഷിക്കയും വീഞ്ഞുണ്ടാവുകയും ചെയ്തു. അപ്രകാരം സുകൃതവും സ്നേഹവുമാകുന്ന വീഞ്ഞു കുടുംബജീവിതമാകുന്ന സദ്യയ്ക്കു് ഇല്ലാതെ വരുന്നപക്ഷം ഭാര്യാഭർത്താക്കന്മാർ പ. കന്യകാമറിയത്തോടു് അപേക്ഷിച്ചാൽ നിശ്ചയമായും ലഭിക്കും. ദാമ്പത്യജീവിതത്തിൽ കയ്പും മധുരവും, അതേ, ദുഃഖവും സന്തോഷവും നിറഞ്ഞ പല ഘട്ടങ്ങൾ തരണംചെയ്യേണ്ടിവരും. അപ്പോൾ ആ പാനപാത്രത്തിൽനിന്നും ഭാര്യാഭർത്താക്കന്മാർ ഒന്നുപോലെ കുടിക്കണം. അവിടെയാണു് വൈവാഹിക ജീവിതത്തിൻെറ യഥാർത്ഥസുഖം അടങ്ങിയിരിക്കുന്നതു്. ദാമ്പത്യജീവിതത്തിൻെറ മാഹാത്മ്യവും ശ്രേഷ്ഠതയും ലോകത്തെ അറിയിക്കുന്നതിനു വേണ്ടിയാണു് പിതാവായ ദൈവം പറുദീസായിൽവച്ചു് ആദാമിനു ഒരു സഖിയെ നൽകുവാൻ തിരുമനസ്സായതു്. ഈ ഉദ്ദേശം വച്ചുകൊണ്ടാണു് പുത്രനായ ദൈവം തൻെറ സാന്നിദ്ധ്യംമൂലം കാനായിൽവച്ചു് അതിനെ പവിത്രീകരിക്കയും പ്രഥമാത്ഭുതപ്രവൃത്തിയാൽ മഹത്വപ്പെടുത്തുകയും ചെയ്തതു്. പന്ത്രണ്ടാംപീയൂസ് തിരുമേനി വാഴ്ചയേററിട്ടു് ആദ്യത്തെ ആറു കൊല്ലത്തിനിടയിൽ അറുപത്തിയഞ്ചു് സന്ദർശനങ്ങൾ നവദമ്പതിമാക്കു് നൽകിയതും ഈ കൂദാശയുടെ മാഹാത്മ്യത്തെപ്പററി അവരെ ഉദ്ബോധിപ്പിച്ചതും ഈ ഉദ്ദേശത്തെ മുൻനിറുത്തിയാണു്.

## 2. കുടുംബത്തെ സംബന്ധിച്ച കത്തോലിക്കാ തത്വങ്ങൾ

### കുടുംബത്തിൻെറ സ്വഭാവവും ഉത്ഭവവും

കുടുംബം സമുദായത്തിൻെറ അസ്ഥിവാരമാകുന്നു. മാനവസമുദായത്തിൻെറ ഒരു ചെറിയ പ്രതിരൂപമാകുന്നു അതു്. അതേസമയം സിവിൽ സമുദായത്തിൻെറ നൈസർഗ്ഗികമായ അടിസ്ഥാനമാകുന്നു കുടുംബം. 13-ാം ലെയോ മാർപ്പാപ്പാ ഇങ്ങനെ എഴുതിയിരിക്കുന്നു: "കുടുംബം സിവിൽസമുദായത്തിൻെറ പിള്ള

ത്തൊട്ടിലാകുന്നു. കുടുംബജീവിതത്തിൻെറ പരിധിയിൽവച്ചാണ് രാജ്യങ്ങളുടെ ഭാഗധേയങ്ങൾ ഏറിയ ഭാഗവും കരുപ്പിടിക്കപ്പെടുന്നതു്.” വ്യക്തികൾ കുടുംബത്തിൻെറ അംഗങ്ങളായിത്തീരുന്നതു് വിവാഹബന്ധം മൂലമാകുന്നു. വിവാഹംവഴി പുരുഷനും സ്ത്രീയും വ്യക്തമായ ഒരു ഉദ്ദേശത്തിനുവേണ്ടി സംയോജിക്കപ്പെടുകയും, അവരും അവരുടെ സന്താനങ്ങളും ചേൎന്ന് കുടുംബം സംസ്ഥാപിതമാകുകയും, അതു സമുദായം എന്നു വിളിക്കപ്പെടുന്ന സ്വാഭാവികമായ മാനുഷികസംഘടനയുടെ മൗലികഘടകമായിത്തീരുകയും ചെയ്യുന്നു. കുടുംബത്തെക്കൂടാതെ മാനവസമുദായം ഉണ്ടായിക്കൂടാ. ആകയാൽ വിവാഹം കുടുംബത്തിൻെറ ഉത്ഭവത്തിനും മനുഷ്യജാതിയുടെ നിലനില്പിനും പ്രചാരത്തിനും ഇടയാകുന്ന ഒരു വലിയ ഉപകരണമാകുന്നു. അതു് സ്വാഭാവികവും ദൈവികവുമായ ഒരു സ്ഥാപനമാകുന്നു. മനുഷ്യസമുദായത്തിൻെറ പ്രകൃതിതന്നെ ആവശ്യപ്പെടുന്നതുകൊണ്ടാണ് അതു് സ്വാഭാവികമാകുന്നതു്. പ്രകൃതികൎത്താവായ ദൈവത്താൽ തന്നെ നിയുക്തമായതുകൊണ്ടു് അതു് ദൈവികവുമാകുന്നു.

## വിവാഹത്തിൻെറ സ്വഭാവവും ഉദ്ദേശവും

വിവാഹത്തിൻെറ ഏററം സാരവത്തായ ഭാഗം അതു് ഒരുടമ്പടിയാകുന്നു എന്നതാണ്. അതു് താല്ക്കാലികമായതല്ല. നിലനില്ക്കുന്നതായ ഒരു ഐക്യമാണ്. മൃഗങ്ങളുടെ സംയോഗംപോലെയല്ല, ബുദ്ധിയുള്ള ജീവികൾ തമ്മിലുള്ള വൈവാഹികസംയോഗം. അതിൽ ഭാൎയ്യാഭൎത്താക്കന്മാരുടെ ശാരീരികയോജിപ്പു മാത്രമല്ല ഹൃദയത്തിൻെറയും മനസ്സിൻെറയും ഗാഢമായ സംയോജിപ്പുകൂടിയും ആവശ്യമാകുന്നു. പുരുഷനും സ്ത്രീയും ശാരീരികമായെന്നതുപോലെ ധാൎമ്മികമായും ആദ്ധ്യാത്മികമായും പരസ്പരം പൂൎണ്ണമാക്കുന്നു. ഇതു സംബന്ധിച്ചുള്ള കത്തോലിക്കാതത്ത്വം ഗ്രീക്കുതത്ത്വശാസ്ത്രജ്ഞനായ അരിസ്റ്റോട്ടൽ താഴെപ്പറയുന്ന വാക്കുകളിൽ പണ്ടേതന്നെ വിശദമാക്കിയിട്ടുള്ളതാണ്: “മനുഷ്യജാതിയെ സംബന്ധിച്ചിടത്തോളം ഭാൎയ്യാഭൎത്താക്കന്മാർ ഒരുമിച്ചു് ജീവിക്കുന്നതിൻെറ ഉദ്ദേശ്യം സന്താനോല്പാദനം മാത്രമല്ല, ജീവിതത്തിൽ അന്യോന്യം സഹായിക്കുക എന്നതുകൂടിയാകുന്നു. എന്തുകൊണ്ടെന്നാൽ സ്ത്രീയുടെയും പുരുഷൻെറയും

ഉദ്യോഗങ്ങൾ വിഭിന്നങ്ങളും വ്യത്യസ്തങ്ങളുമാണ്. അങ്ങനെ തങ്ങളുടെ വിവിധങ്ങളായ പ്രത്യേക കഴിവുകളെ ഒരു പൊതുശേഖരത്തിൽ നിക്ഷേപിച്ച് അവർ പരസ്പരം സഹായിച്ചുകൊണ്ടുപോരുന്നു." മേല്പറഞ്ഞ പ്രയോജനങ്ങൾ സിദ്ധിക്കണമെങ്കിൽ ഈ ഉടമ്പടി അഥവാ ബന്ധം ചിരസ്ഥായിയും സുസ്ഥിരവുമായ അടിസ്ഥാനത്തിന്മേൽ അടിയുറച്ചു നില്ക്കണം എന്നതു പ്രസ്പഷ്ടമാണല്ലോ. ഇതിനാൽ "സന്താനങ്ങളുടെ ഉൽപാദനവും പരിശീലനവും എന്ന ഉദ്ദേശസിദ്ധിക്കുവേണ്ടി ഒരു പൊതുജീവിതം കഴിക്കുന്ന സ്ത്രീയും പുരുഷനും തമ്മിലുള്ള സുസ്ഥിരമായ ബന്ധമാണ് വിവാഹ"മെന്നു ന്യായപൂർവ്വം നിർവ്വചിക്കപ്പെട്ടിരിക്കുന്നതു്. ഇങ്ങനെ അതിന്റെ ഒന്നാമത്തെ ഉദ്ദേശം മനുഷ്യവംശത്തിന്റെ വർദ്ധനവും സന്താനങ്ങളുടെ വളർത്തലുമാണ്. രണ്ടാമത്തെ ഉദ്ദേശമാകട്ടെ പരസ്പരസഹായവും ദാമ്പത്യസ്നേഹത്തിന്റെ പരിപോഷണവുമാണ്.

## ക്രിസ്തീയവിവാഹം

വിവാഹം പുരുഷനും സ്ത്രീയും തമ്മിലുള്ള സുസ്ഥിരവും നിലനില്ക്കുന്നതുമായ ഒരുടമ്പടിയായിരിക്കെ, ക്രിസ്തീയക്രമത്തിൽ അതു നമ്മുടെ കർത്താവിനാൽ അത്യന്തം സമുന്നതമായ ഒരു നിലയിലേയ്ക്കു് ഉയർത്തപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ ഒരുടമ്പടിയേക്കാൾ ശ്രേഷ്ഠമായിട്ടാണ് ക്രിസ്തീയവിവാഹം വിവക്ഷിക്കപ്പെടുന്നതു്. അതു് ഒരു കൂദാശയാകുന്നു; അതായതു് ദാമ്പത്യയുടമ്പടിയെ ശുദ്ധീകരണവരപ്രസാദവും വൈവാഹികജീവിതത്തിന്റെ കടമകൾ നിറവേററുവാൻ ആവശ്യകമായ താൽകാലികവരപ്രസാദവും പ്രദാനം ചെയ്യിരിക്കുന്ന ഒരു കൈവഴിയാക്കിത്തീർത്തിരിക്കുന്നു. വിവാഹത്തെപ്പററിയുള്ള കത്തോലിക്കാ പ്രബോധനങ്ങൾ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പുനരാവർത്തിച്ചിട്ടുള്ളതു് കേട്ടാലും: "വിവാഹത്തിന്റെ സ്ഥാപനപുനസ്ഥാപനങ്ങൾ നിർവ്വഹിച്ചതു് മനുഷ്യനല്ല; ദൈവം തന്നെയാണ്. അതിനെ ദൃഢീകരിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും ഉന്നമിപ്പിക്കുന്നതിനും വേണ്ട നിയമങ്ങളെ നിർമ്മിച്ചതും മനുഷ്യനല്ല, പ്രകൃതിയുടെ കർത്താവായ ദൈവവും പ്രകൃതിയുടെ ഉദ്ധാരകനായ

നമ്മുടെ കർത്താവ് ഈശോമിശിഹായുമാണ്. ആകയാൽ ഈ നിയമങ്ങൾ മാനുഷികശാസനങ്ങൾക്കോ ഏതദ്വിപരീതമായി ദമ്പതിമാർ തന്നെ ചെയ്യുന്ന വല്ല ഉടമ്പടികൾക്കോ അധീനമല്ല എന്ന വസ്തുത അഭേദ്യവും അലംഘനീയവുമായ മൗലികതത്ത്വമാണെന്ന് ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. ഇതാണ് വിശുദ്ധ ലിഖിതങ്ങളിലെ ഉപദേശം; ഇതുതന്നെയാണ് സാർവ്വത്രികസഭയുടെ നിരന്തരമായ പാരമ്പര്യപഠനവും. വിശുദ്ധ ത്രെന്തോസു സൂനഹദോസിൻെറ മഹനീയമായ നിർണ്ണയവും ഇതുതന്നെ. പ്രസ്തുത സൂനഹദോസ് വിവാഹബന്ധത്തിൻെറ ചിരസ്ഥായിത്വത്തിൻേറയും ഏകത്വത്തിൻേറയും ദൃഢതയുടെയും ഹേതുഭൂതൻ ദൈവമാണെന്ന് വിശുദ്ധ ലിഖിതത്തിലെ വാക്കുകളിൽനിന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു."

## ക്രിസ്തീയവിവാഹത്തിൻെറ അവശ്യലക്ഷണങ്ങൾ

ഇവ വിശദമായി മുകളിൽ വിവരിച്ചിട്ടുണ്ട്. ക്രിസ്തീയവിവാഹം ഒരു കൂദാശയായിരിക്കുന്നതുകൊണ്ട് അതു പ്രകൃത്യതീതമായ ബന്ധമാണ്; അത് ഏകവും അലംഘനീയവുമാണ്. മിശിഹായുടെ പ്രഖ്യാപിതമായ തിരുവുള്ളവും ഇതുതന്നെ; ഒരു പുരുഷനും സ്ത്രീയും തമ്മിൽ ആയുഷ്കാലം മുഴുവൻ നിലനില്ക്കേണ്ടതായ ഒരു ബന്ധം. വിശുദ്ധ ഗ്രന്ഥത്തിലെ അനുശാസനം ഇങ്ങനെയാണ്: "ഇക്കാരണത്താൽ മനുഷ്യൻ തൻെറ പിതാവിനെയും മാതാവിനെയും ഉപേക്ഷിച്ച് തൻെറ ഭാര്യയോടു ചേരും. അവർ രണ്ടും ഏകജഡമായിരിക്കയും ചെയ്യും" (ഉല്പ. 2-24) "ആകയാൽ അവർ ഇപ്പോൾ രണ്ടല്ല, ഒരു ശരീരമായിരിക്കുന്നു. അതുകൊണ്ടു ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കാതിരിക്കട്ടെ."

## വിവാഹജീവിതത്തിൻെറ കടമകൾ.

1. ദൈവംതന്നെ ഏർപ്പെടുത്തിയിരിക്കുന്ന നിയമങ്ങൾ വിശ്വസ്തമായി അനുഷ്ഠിക്കുക എന്നുള്ളതു് വിവാഹത്തിൽ പ്രവേശിക്കുന്നവരുടെ പരമപ്രധാനമായ കടമയാകുന്നു. ഈ വിഷയത്തിൽ സന്താനങ്ങളെ സംബന്ധിച്ച കടമകൾക്കാണു പ്ര

മുഖസ്ഥാനം. കാനൻ നിയമസംഹിത ഈ കടമയെ പ്രത്യേകം എടുത്തുകാണിക്കുന്നു. "വിവാഹത്തിൻെറ ഒന്നാമത്തെ ഉദ്ദേശ്യം സന്താനങ്ങളുടെ ഉൽപാദനവും വളൎത്തലുമാകുന്നു." (കാനൻ 1013–1) പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു് ഗൗരവപൂൎവ്വം പ്രസ്താവിക്കുന്നതുപോലെ, ഭാൎയ്യാഭൎത്താക്കന്മാർ സന്താനങ്ങളെ ദൈവതൃക്കരങ്ങളിൽനിന്നു് സന്തോഷത്തോടും കൃതജ്ഞതയോടുംകൂടി സ്വീകരിച്ചു് അവരുടെ സ്വന്ത നന്മയ്ക്കും ലൗകികരാജ്യത്തിൻെറ നന്മയ്ക്കുമായി ഉപയോഗിക്കുന്നതിനു മാത്രമല്ല, പ്രത്യുത കണക്കു കേൾക്കുന്ന ദിവസം പലിശസഹിതം ദൈവത്തിനു മടക്കിക്കൊടുക്കുന്നതിനായി ദൈവം തങ്ങളുടെ സൂക്ഷത്തിനു് ഏല്പിച്ചിരിക്കുന്ന ഒരു ദാനമായി അവർ എന്നും കരുതേണ്ടതാണു്." അതിനാൽ കുട്ടികൾ വളൎന്നുവരുമ്പോൾ സഭയുടെ ഉത്തമസന്താനങ്ങളും നമ്മുടെ കൎത്താവിൻെറ വിശ്വസ്തരായ അനുയായികളും ആയിത്തീരത്തക്കവണ്ണം അവരെ പുണ്യത്തിൽ വളൎത്തുകയും പരിശീലിപ്പിക്കുകയും ക്രമമായി സംരക്ഷിക്കുകയും ചെയ്യുക മാതാപിതാക്കന്മാരുടെ കടമയാണെന്നു് സഭ പഠിപ്പിക്കുന്നു.

2. സഭാനിയമങ്ങൾ മാത്രമല്ല, ദൈവനിയമങ്ങൾകൂടെയും അനുശാസിക്കുന്ന രണ്ടാമത്തെ കടമ ദാമ്പത്യവിശ്വസ്തതയാണു്. വിവാഹത്തിൻെറ ഏകത്വത്തിൽനിന്നു് ഉൽഭൂതമാകുന്ന ഒരു അവശ്യഫലമാണിതു്. പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിട്ടുള്ളതുപോലെ "പ്രഥമമായി ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലല്ലാതെ മറുവിധത്തിൽ വിവാഹം അരുതു് എന്നു സ്രഷ്ടാവുതന്നെ മാനവവംശത്തിൻെറ ആരംഭത്തിൽ തിരുമനസ്സായി കല്പിച്ചതിനാൽ വിവാഹം പൂൎണ്ണമായി ഏകമായിരിക്കണമെന്നു് ദാമ്പത്യവിശ്വസ്തത അഥവാ ആദരവു് ആവശ്യപ്പെടുന്നു. "നീ വ്യഭിചാരം ചെയ്യരുതു്" എന്ന ആറാം പ്രമാണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ സ്വാഭാവിക നിയമത്തിനു സഭ പരമമായ പ്രാധാന്യം കല്പിച്ചിരിക്കുന്നു." ആകയാൽ വിശുദ്ധ ത്രെന്തോസ് സൂനഹദോസ് ഖണ്ഡിതമായി ഇങ്ങനെ പ്രഖ്യാപനം ചെയ്യുന്നു: "തന്നിമിത്തം അവർ മേലാൽ രണ്ടല്ല; ഏകശരീരമാണു് എന്നു നമ്മുടെ കൎത്താവു് അരുളിച്ചെയ്തുകൊണ്ടു് അവിടുന്നു വ്യക്ത

മായി പഠിപ്പിച്ചതു് ഈ ബന്ധത്തിൽ രണ്ടു് ആളുകൾ മാത്രമേ ഒന്നിക്കപ്പെടാവൂ എന്നതന്നെയാകുന്നു." ഭാര്യാഭർത്താക്കന്മാക്ക് പരസ്പരം ഉണ്ടായിരിക്കേണ്ട ദാമ്പത്യവിശ്വസ്തതയും സ്നേഹവും താൽകാലികമായ വികാരങ്ങളിലോ ക്ഷണികമായ വ്യാമോഹങ്ങളിലോ നിന്നുത്ഭവിക്കുന്നതല്ല. പിന്നെയോ ഹൃദയത്തിൻെറ അഗാധമായ സംയോജിപ്പിൽനിന്നുളവാകുന്നതായ യഥാർത്ഥ സ്നേഹം വെറും മാന്യതയുടെയും ആത്മാഭിമാനത്തിൻെറയും പേരിൽ മാത്രമല്ല, പ്രത്യുത, സ്വാഭാവികവും ദൈവികവുമായ നിയമങ്ങളാലും സഭാനിയമങ്ങളാലും അനുശാസിക്കപ്പെടുന്ന നിർബന്ധിതവും പരിപാവനവുമായ ഒരു കടമയാണു് എന്നു സിദ്ധിക്കുന്നു. പവിത്രമായ ഈ കടമയ്ക്കു സഭ വലിയ പ്രാധാന്യം കല്പിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ഈ കടമയുടെ നിർവ്വഹണത്തിന്മേലാണു് കുടുംബത്തെപ്പററിയുള്ള അവളുടെ എല്ലാ പ്രബോധനങ്ങളും അധിഷ്ഠിതമായിരിക്കുന്നതു്.

അതിനാൽ കത്തോലിക്കാസഭയുടെ ശക്തിമത്തായ പ്രബോധനം ഇതാണു്. കുടുംബത്തിൻെറ അടിസ്ഥാനവും മൂലവുമായി അവൾ വിവാഹത്തെ പരിഗണിച്ചാദരിക്കുന്നു. അതിൻെറ ഏകത്വത്തെ അവൾ മുറുകെ പിടിക്കുകയും, ബഹുഭർത്തൃത്വത്തേയും ബഹുഭാര്യാത്വത്തേയും പാപപരവും ദൂഷിച്ച വ്യതിയാനങ്ങളുമെന്നു് അവൾ ശപിക്കുകയും ചെയ്യുന്നു. വിവാഹത്തിൻെറ അലംഘനീയത, ദാമ്പത്യവിശ്വസ്തത, ഭാര്യാഭർത്താക്കന്മാരുടെ അവകാശകടമകൾ, കുട്ടികളുടെ ശരിയായ വളർത്തൽ, സംരക്ഷണം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ സഭ അത്യധികം നിഷ്കർഷിക്കുന്നു. ഏതദ്വിഷയകമായ അവളുടെ നിയമങ്ങളിൽ രാഷ്ട്രം കൈകടത്തേണ്ടതല്ല. കത്തോലിക്കാ സിദ്ധാന്തപ്രകാരം ക്രിസ്തീയവിവാഹത്തെ ബാധിക്കുന്ന നിയമങ്ങൾ നിർമ്മിക്കുവാനുള്ള അവകാശം, സിവിൽ അധികാരം അപഹരിച്ചെടുക്കാൻ പാടില്ല. പൗരാവകാശം ഉൾക്കൊള്ളുന്ന വിവാഹത്തിൻെറ ഫലങ്ങളുടെ കാര്യത്തിൽ മാത്രമേ എന്തെങ്കിലും നിയമനിർമ്മാണം ചെയ്യുവാൻ അതിനു് അധികാരമുള്ളു.

## വിവാഹത്തെ സംബന്ധിക്കുന്ന അബദ്ധോപദേശങ്ങൾ.

തന്മൂലം യഥാർത്ഥവിവാഹത്തിൻെറ, വിശിഷ്യ, ക്രിസ്തീയ വിവാഹത്തിൻെറ തത്വങ്ങൾക്ക് വിരുദ്ധമായ എല്ലാ അബദ്ധസിദ്ധാന്തങ്ങളെയും തിന്മകളെയും സഭ എതിർത്തുകൊണ്ടിരിക്കുന്നു.

a. ക്രൈസ്തവരുടെ വിവാഹം അക്രൈസ്തവരുടെ വിവാഹംപോലെ വെറും സ്വാഭാവികസ്ഥാപനമാണെന്നുള്ള സിദ്ധാന്തത്തെ സഭ ശക്തിമത്തായി ശപിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നമ്മുടെ കർത്താവു് ഈ സ്ഥാപനത്തെ ഒരു കൂദാശയുടെ സ്ഥാനത്തേയ്ക്കു് ഉയർത്തുകയും, ഒരു സ്വാഭാവിക സ്ഥാപനമെന്ന നിലയിൽ വിവാഹത്തിനു് ഒരു കാലത്തും ഇല്ലാതിരുന്ന ഔന്നത്യവും മാഹാത്മ്യവും അതിനു നൽകുകയും ചെയ്തിരിക്കുന്നു. ഈ കാരണത്താലാണു് അപ്പസ്തോലൻ എഫേസ്യാക്കാർക്കുള്ള ലേഖനത്തിൽ ക്രിസ്തീയ വിവാഹം മിശിഹായും സഭയും തമ്മിലുള്ള ഏററം പരിപൂർണ്ണമായ ഐക്യത്തെ അനുസ്മരിപ്പിക്കുന്നു എന്നു പറയുന്നതു്. നമ്മുടെ കർത്താവു് വിവാഹത്തിനു് പ്രദാനം ചെയ്തിരിക്കുന്ന വിശിഷ്ടവും പ്രകൃത്യതീതവുമായ സ്ഥാനംമൂലം ക്രൈസ്തവരുടെ വിവാഹം എന്നല്ല, അക്രൈസ്തവരുടെ വിവാഹം പോലും കേവലം സ്വാഭാവിക സ്ഥാപനമാണെന്ന സിദ്ധാന്തം അബദ്ധജടിലമാണു്.

b. വിവാഹമോചനത്തിൻെറ പ്രണേതാക്കൾ സ്വീകരിച്ചിട്ടുള്ളതാണു രണ്ടാമത്തെ അബദ്ധം. വിവാഹം അലംഘനീയമാണെന്നു് സഭ എല്ലാക്കാലത്തും നിഷ്കർഷിച്ചുകൊണ്ടാണു് പോന്നിട്ടുള്ളതു്. 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു് ഈ തത്വം കീഴുദ്ധരിക്കുന്ന വാക്കുകളിൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു:

“എന്നാൽ, വന്ദ്യ സഹോദരന്മാരേ, അതീവബുദ്ധിശൂന്യങ്ങളായ എല്ലാ അഭിപ്രായങ്ങൾക്കും കടകവിരുദ്ധമായ ദൈവത്തിൻെറ അലംഘനീയമായ ഒരു പ്രമാണം, ക്രിസ്തുവിനാൽ പൂർണ്ണമായി സ്ഥിരീകരിക്കപ്പെട്ട പ്രമാണം, മാനുഷികശാ

സനങ്ങളാലോ ജനതതിയുടെ ഹിതാനുസരണമോ നിയമകത്താക്കന്മാരുടെ അഭിഷ്ടപ്രകാരമോ അതിൻെറ ഊജ്ജിതത്വത്തിനു ഈഷൽഭേദം വരുത്തുവാൻ പാടില്ലാത്ത ഒരു പ്രമാണം— "ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർതിരിക്കാതിരിക്കട്ടെ" എന്ന ആ പ്രമാണം— നിലനിൽക്കുകതന്നെ ചെയ്യും. "സ്വന്തം ഭാര്യയെ പരിത്യജിച്ച് അന്യയെ പരിഗ്രഹിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. സ്വന്തം ഭത്താവിനാൽ പരിത്യക്തയായവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു."

ഇതിനുമുമ്പ് 13-ാം ലെയോ മാർപ്പാപ്പായും വളരെ പരുഷമായ ഭാഷയിൽ വിവാഹമോചനസിദ്ധാന്തത്തെ ശപിച്ചിട്ടുള്ളതാണ്. അതിനാൽ യാതൊരു കത്തോലിക്കനും വിവാഹമോചനസിദ്ധാന്തം അംഗീകരിക്കുവാനോ അതിനെ അനുകൂലിക്കുന്ന ഏതെങ്കിലും സിവിൽനിയമത്തെ ഉപയോഗപ്പെടുത്തുവാനോ പാടുള്ളതല്ല.

C. വിവാഹം മതരഹിതമായ ഒരു ഏർപ്പാടാണെന്ന സിദ്ധാന്തവും ഇതുപോലെതന്നെ അബദ്ധസംപൂർണ്ണമാണ്. വിവാഹം വെറും ലൗകികവും രാജ്യനിയമാധീനമാത്രവുമായ ഒരു സമുദായത്തിൻെറ, എന്നുവച്ചാൽ, ക്രിസ്തുവിൻെറ സഭയുടെ അല്ല, പ്രത്യുത സിവിൽ സമുദായത്തിൻെറ സംരക്ഷണയിൽ മാത്രമായിരിക്കേണ്ട ഒന്നാണ് എന്നത്രേ അതിൻെറ പ്രണേതാക്കൾ ഉന്നയിക്കുന്ന വാദം. മാത്രമല്ല വിവാഹയുടമ്പടി അഭേദ്യമായ എല്ലാ ബന്ധത്തിൽനിന്നും വിമുക്തമായിരിക്കണമെന്നും ദമ്പതിമാരുടെ വേർപാടും വിവാഹമോചനവും അംഗീകരിക്കപ്പെടുന്നതിനും പുറമേ, നിയമത്താൽ സാധൂകരിക്കപ്പെട്ടുമെന്നുപോലും അവർ വാദിക്കുന്നു. ചുരുക്കത്തിൽ, പതിനൊന്നാം പീയൂസ് വിലപിക്കുന്നതുപോലെ, വിശുദ്ധ വിവാഹത്തിൻെറ പരിപാവനത മുഴുവൻ അപഹരിക്കപ്പെടുകയും അതു വെറും ലൗകികവും രാഷ്ട്രീയവുമായ ഒരു സ്ഥാപനമായി പരിഗണിക്കപ്പെടുകയും ചെയ്യണമെന്നാണ് അവരുടെ അഭിമതം. അബദ്ധസംപൂർണ്ണങ്ങളായ ഈ ആശയങ്ങളേയും അവകാശങ്ങളേയും സഭ എപ്പോഴും എതിർക്കുകയും ഒന്നിനു പിന്നാലെ ഒന്നായി സഭാദ്ധ്യക്ഷന്മാർ അവയെ കഠിനമായി പ്രതിഷേധിക്കുകയും ചെയ്തിട്ടുണ്ട്. അക്രൈസ്തവരുടെ വിവാഹത്തിൽപോലും രാഷ്ട്ര

ത്തിനു കൈകടത്തുവാൻ പാടില്ലാത്തവണ്ണമുള്ള ഒരു പരിശുദ്ധി അതിനുണ്ടെന്നുള്ള വസ്തുതയും സഭ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അക്രൈസ്തവരുടെ വിവാഹവും ഒരു മതസ്ഥാപനമായി അവശ്യം പരിഗണിക്കേണ്ടതാണ്. രാഷ്ട്രത്തിൻെറ നിയന്ത്രണത്തിനു പരിപൂർണ്ണമായും അതിനെ വിധേയമാക്കി, അതിൻെറ പരിപാവനതയെ നശിപ്പിക്കുന്നതു് തികച്ചും കുററകരമാണ്. ക്രിസ്തീയവിവാഹത്തിൽ ഉടമ്പടിയും കൂദാശയും തമ്മിൽ വേർതിരിക്കുവാൻ പാടില്ലാത്തതിനാൽ സഭയുടെ തത്സംബന്ധമായ അവകാശങ്ങളിലും നിയമങ്ങളിലുമാണ് രാഷ്ട്രം കൈകടത്തുന്നതെങ്കിൽ അതു് കൂടുതൽ കുററകരവുമായിരിക്കും.

d. മിശ്രവിവാഹമാണ് വേറൊരു തിന്മ. മഹാനായ വി. ഗ്രിഗരി മുതൽ (604) പതിമ്മൂന്നാം ലെയോ (1903) വരെ പതിനാറു മാപ്പാപ്പാമാർ ശപിച്ചു തള്ളിയിട്ടുള്ളതാണ്, മിശ്രവിവാഹം. പതിമ്മൂന്നാം ലെയോ മാപ്പാപ്പാ ക്രിസ്തീയ വിവാഹത്തെക്കുറിച്ചുള്ള ചാക്രിക ലേഖനത്തിൽ തൻെറ മുൻഗാമികളുടെ ഏതദ്വിഷയകമായ പഠനത്തെ സുസ്മരണീയമായ ഈ വാക്കുകളിൽ സമാഹരിക്കുന്നു: “മിശ്രവിവാഹത്തിലേർപ്പെടുന്ന കത്തോലിക്കനു മതാത്മകമായി സംഭവിക്കാവുന്ന അപകടംനിമിത്തവും, കുട്ടികളുടെ ശരിയായ വളർത്തലിനു നേരിടാവുന്ന പ്രതിബന്ധംമൂലവും, മതനിഷ്പക്ഷതയ്ക്കു വഴിതെളിക്കാവുന്ന മനോഭാവത്തെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടും കത്തോലിക്കർ അത്തരം വിവാഹത്തെ അത്യന്തം വെറുത്തൊഴിയേണ്ടതാണ്.” ഇക്കാരണത്താൽ ചില പ്രത്യേക സാഹചര്യങ്ങളിൽ അപൂർവ്വം ചില കർശനമായ പരിരക്ഷകളോടും വ്യവസ്ഥകളോടുംകൂടി മിശ്രവിവാഹത്തിനു പ്രത്യേകാനുമതി നൽകിയേക്കാമെങ്കിലും, സഭ എല്ലാക്കാലത്തും പ്രതികൂലമനോഭാവത്തോടുകൂടിയാണ് അതിനെ വീക്ഷിച്ചിട്ടുള്ളതു്.

## വിവാഹത്തിനു് എതിരായ പാപങ്ങൾ

വിവാഹത്തിൻെറ തത്ത്വങ്ങൾക്കു് വിരുദ്ധവും തന്മൂലം കുടുംബത്തിൻെറയും രാഷ്ട്രത്തിൻെറയും ക്ഷേമത്തെ ഉന്മൂലനം ചെയ്യുന്നതുമായ വലിയ തിന്മകളിൽ ഒന്നു് ജനനനിയ

ന്ത്രണത്തെ ആദരിക്കുവാൻ ഇന്നു പലരും പ്രദർശിപ്പിക്കുന്ന വാസനയാണു്. തിന്മയുടെ ഈ പ്രവാചകന്മാർ നിർദ്ദേശിക്കുന്ന ഉപാധികൾ തികച്ചും അബദ്ധജടിലങ്ങളും യാതൊരു കത്തോലിക്കനും ഒരുവിധത്തിലും അനുകൂലിക്കുവാൻ പാടില്ലാത്തവയുമാണു്. ഇത്തരം മാർഗ്ഗങ്ങൾ അവലംബിക്കുന്നതു് ഏററം ഗുരുതരമായ പാപങ്ങളിൽ ഒന്നാണു്. മനുഷ്യജീവനെ നശിപ്പിക്കുന്നതിനു് ആർക്കും അധികാരമില്ലെന്നുള്ളതു് കത്തോലിക്കർ ഓർത്തിരിക്കണം. അതുപോലെതന്നെ സന്താനോത്ഭവത്തെ തടയുന്നതും നീചമായ ഒരു പാതകമാണു്. യാതൊരു ന്യായത്തിനും അതു നീതീകരിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ജനനനിയന്ത്രണം ഉൾപ്പെട്ടുത്തിക്കൊണ്ടുള്ള കുടുംബസംവിധാന സിദ്ധാന്തത്തെ സഭ പ്രതികൂലിക്കുന്നു. ഇതിനു നിർദ്ദിഷ്ടങ്ങളായിരിക്കുന്ന പാപകരങ്ങളും ലജ്ജാകരങ്ങളുമായ ഉപാധികളെപ്പററി, ഈ തിന്മയ്ക്കു ഇക്കാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച കണ്ടിട്ടു്, ഈ വിഷയത്തിൽ സഭ സ്വീകരിച്ചിരിക്കുന്ന തത്ത്വം പുനരാവർത്തിച്ചുകൊണ്ടു്, പതിനൊന്നാം പീയൂസ് മാർപ്പാപ്പാ അരുളിച്ചെയ്തിട്ടുള്ള താഴെക്കാണുന്ന സുസ്മരണീയ വാക്കുകൾ കത്തോലിക്കർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്: "കാരണം എത്രതന്നെ ഗൗരവാവഹമായാലും ശരി, സ്വതേ പ്രകൃതിവിരുദ്ധമായുള്ള യാതൊന്നിനേയും പ്രകൃത്യനുരൂപവും നീതിധർമ്മപ്രകാരം നല്ലതും ആക്കിത്തീർക്കുവാൻ ആർക്കും കഴിയുകയില്ല. ആകയാൽ ദാമ്പത്യസംഗം പ്രഥമത പ്രകൃതിയാൽ തന്നെ സന്താനോല്പാദനത്തിനു് നിർദ്ദിഷ്ടമായിരിക്കുന്നതുകൊണ്ടു്, ആ പ്രവൃത്തി അനുഷ്ഠിക്കുന്ന വേളയിൽ അതിൻെറ നൈസർഗ്ഗികമായ ശക്തിയേയും ഉദ്ദേശ്യത്തേയും നിഷ്ഫലമാക്കുന്നവർ പ്രകൃതിക്കു എതിരായ പാപംചെയ്യുകയും, ലജ്ജാവഹവും സ്വഭാവത്താൽത്തന്നെ ദുഷ്ടവുമായ ഒരു കൃത്യം പ്രവർത്തിക്കുകയും ചെയ്യുന്നു."

ഒരു പുതിയ തിന്മയെ എതിരിടുവാൻ സഭ അവലംബിച്ചിരിക്കുന്ന നില പുതിയതൊന്നുമല്ല. തൻെറ കാലത്തു നിലവിലിരുന്ന രൂപത്തിൽ ഈ ദുഷ്കൃത്യത്തെ വി. അഗസ്റ്റിൻ പണ്ടേതന്നെ ശപിച്ചിട്ടുള്ളതാണു്. ഈ ദുരാചാരങ്ങളുടെ— അവയുടെ രൂപം എന്തുതന്നെ ആയിരുന്നാലും— പാപപരമായ

സ്വഭാവത്തെപ്പററി സഭ എല്ലാക്കാലത്തും, "ശാസ്ത്രീയ"മെന്നു വിളിക്കപ്പെടുന്ന വിവിധ രീതികൾ രംഗപ്രവേശം ചെയ്യുന്നതിനു് വളരെ മുമ്പുതന്നെ, ശക്തിയായി ഊന്നിപ്പറഞ്ഞിട്ടുള്ളതാണു്.

വിവാഹത്തിൻെറ തത്വങ്ങൾക്കു് വിരുദ്ധവും തന്മൂലം കുടുംബസ്ഥാപനത്തിനു് ഹാനികരവും സുവിദിതവുമായ മററു പല തിന്മകളുമുണ്ടു്. ഇവയുടെ പുതിയ പുതിയ രൂപങ്ങൾ അനുദിനം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ധാർമ്മികദൃഷ്ട്യാ തെററായിട്ടുള്ളതിനെ ആവശ്യത്തിൻെറ പേരിൽ നീതീകരിക്കുവാൻ പാടുള്ളതല്ല.

ചുരുക്കത്തിൽ, കുടുംബമാണു് സമുദായത്തിൻെറ അടിസ്ഥാനം. കുടുംബത്തെ സൃഷ്ടിക്കുന്നതു് വിവാഹമാണു്. വിവാഹം അതിൻെറ പരിശുദ്ധിയിലും സംപൂർണ്ണതയിലും സംരക്ഷിക്കപ്പെടണം. ആകയാൽ ദൈവത്താൽത്തന്നെ സ്ഥാപിതവും, നമ്മുടെ കർത്താവീശോമിശിഹായാൽ കൂദാശയുടെ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടിരിക്കുന്നതുമായ ഈ മഹത്തായ സ്ഥാപനത്തെ ദുഷിപ്പിക്കുന്ന എല്ലാ ആശയങ്ങൾക്കും സംരംഭങ്ങൾക്കും എതിരായി സഭ നിലകൊള്ളുകയും ചെയ്യുന്നു.

(വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ അട്ടിപ്പേററി തിരുമേനിയുടെ പ്രസ്താവന)

## 3. സൗഹാർദ്ദം

കുടുംബത്തിലെ അംഗങ്ങളുടെ ഐക്യത്തിലാണു് ഐശ്വര്യം സ്ഥിതിചെയ്യുന്നതു്. വിവിധ സംഗീതോപകരണങ്ങളുടെ സ്വരവും ശബ്ദവും യോജിപ്പിച്ചാൽ ഉണ്ടാകുന്ന ആസ്വാദ്യതയും മാധുര്യവുമാണു് യോജിപ്പിലും ഐക്യത്തിലും കഴിയുന്ന കുടുംബാംഗങ്ങളിൽ നമുക്കു് ദൃശ്യമാകുന്നതു്. സംഗീതോപകരണങ്ങളിൽ അപ്രകാരമുള്ള യോജിപ്പുണ്ടാകണമെങ്കിൽ പ്രഥമമായി അവയുടെ കമ്പികൾ ഒന്നുപോലെ വലിച്ചു മുറുക്കുകയും കട്ടകൾ ശരിപ്പെടുത്തുകയും വേണം. ഇപ്രകാരംതന്നെ കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാരുടെ സ്വഭാവപ്പൊരുത്തത്തിൽമാത്ര

മേ യഥാൎത്ഥ ജീവിതസുഖം കരഗതമാകയുള്ളൂ. മിക്ക ഭവനങ്ങളും കമ്പിയില്ലാത്ത വീണപോലെയത്രേ. കമ്പികൾ ഘടിപ്പിച്ചിട്ടില്ലാത്ത വീണയിൽനിന്നും സ്വരം ഉണ്ടാകാത്തതുപോലെ മേൽപ്പറഞ്ഞ കുടുംബങ്ങളിലും സമാധാനമോ സുഖമോ ഉണ്ടാകയില്ല.

സംഗീതപ്പാർട്ടിയിലുള്ള ഒരാളുടെ സ്വരം മററുള്ളവരുടെ സ്വരത്തോടു യോജിക്കാതെവന്നാൽ മററുള്ളവർ ശരിയായി പാടിയാലും സംഗീതം പൊതുവേ മോശമാകും. അതുപോലെ ഒരു കുടുംബത്തിലെ മാതാവോ പിതാവോ, സമാധാനവും സ്നേഹവും പുലത്തേണ്ട സംഗതികളിൽ വിമുഖത പ്രകടിപ്പിച്ചാൽ ആ കുടുംബത്തിലെ പൊതുസമാധാനത്തിനു് ഭംഗം നേരിടുന്നു. ശ്രവണേന്ദ്രിയത്തിനു ആനന്ദം ലഭിക്കാൻ സംഗീതത്തിൻെറ ഓരോ ഭാഗവും ആവശ്യമത്രേ. കണ്ണിനു കുളിർമ നൽകാൻ കർട്ടനിലെ ഓരോ നിറവും ആവശ്യമാണു്. ഒരു ഉപകരണം നിർമ്മിക്കാൻ യന്ത്രത്തിൻെറ ഓരോ ഭാഗവും ജോലി ചെയ്യേണ്ടിയിരിക്കുന്നു. ഇപ്രകാരം ഭാൎയ്യാഭൎത്താക്കന്മാർ തങ്ങളുടെ കടമകളും കൎത്തവ്യങ്ങളും നിറവേററുന്നതിൽ യോജിപ്പും ഐക്യവും പ്രകടിപ്പിക്കുന്നുവെങ്കിൽ കുടുംബത്തിൽ സമാധാനവും സന്തോഷവും വിളയാടും. കുടുംബനായകൻ ചാവടിയിൽ എത്തുമ്പോൾ മക്കൾ ഭയാക്രാന്തരായി മുറിയിലേക്കു ഓടുകയും തൻെറ സംഭാഷണം ഭൎത്താവിനു ഇഷ്ടകരമാകുകയില്ലെന്നു ഭയപ്പെട്ടു ഭാൎയ്യ നിശ്ശബ്ദയായി കഴിഞ്ഞുകൂടുകയും ചെയ്യുന്ന ഭവനം കത്തോലിക്കാകുടുംബമല്ല, പ്രത്യുത കാരാഗൃഹമത്രേ.

കോപം ഉദ്ദീപിപ്പിക്കത്തക്ക സാഹചൎയ്യങ്ങൾ ആവിർഭവിക്കുമ്പോൾ നിശ്ശബ്ദത പാലിക്കുകയെന്നതാണു് ക്ഷമാഭ്യസനത്തിൻെറ പ്രഥമാദ്ധ്യായം. ഒരാൾ തനിയെ കലഹമുണ്ടാക്കുക സാദ്ധ്യമല്ല. അതിനു എപ്പോഴും രണ്ടുപേരെങ്കിലും വേണം. കലഹം ഇല്ലാതാക്കുന്നതിനു് മധുരവാക്കുകളാണു് പ്രതിവിധി. അതു സാധ്യമല്ലെങ്കിൽ മൗനം അവലംബിക്കണം. നമ്മുടെ സ്നേഹനാഥനായ ഈശോ ശത്രുക്കളുടെ ആരോപണങ്ങൾക്കെല്ലാം സൗമ്യതയും മൗനവും മൂലമാണു് പ്രത്യുത്തരം നൽകിയതു്. യൂക്കാലിപ്പ്ററസ് വൃക്ഷത്തിൻെറ ഇല മർദ്ദിക്കപ്പെടുമ്പോൾ

കൂടുതൽ സൗരഭ്യം പുറപ്പെടുവിക്കുന്നു. പരിമള ചന്ദനവൃക്ഷത്തെ വെട്ടിമുറിക്കുന്ന കോടാലിയുടെ വായ്ത്തലയ്ക്കു് സുഗന്ധക്ഷാളനം ലഭിക്കുന്നു. ഇതുപോലെ മനുഷ്യരുടെ നിഷ്ഠുരമായ ക്രൂരതയ്ക്കു ക്രിസ്തുനാഥൻ സമ്മാനിച്ചതു് തേനൊഴുകുന്ന സ്നേഹമായിരുന്നു. ഏതൊരു പ്രതികൂല സാഹചര്യങ്ങളിലും നിശ്ശബ്ദത പാലിക്കുകയെന്നതു് പ്രശംസാർഹമായ ശക്തിയത്രേ. വിജയം കൈവരിക്കുന്നതിനു് അടക്കളത്തിലേയ്ക്കു് സേനയെ നയിക്കുന്ന സേനാനി വലിയവനാണു്. ഒരു പട്ടണത്തെ ആക്രമിക്കുന്നതിനുവേണ്ട ശക്തി വലുതാണു്. എന്നാൽ, ആത്മസംയമനശക്തിയുള്ളവൻ ഇവരിൽ എല്ലാവരെയുംകാൾ ശ്രേഷ്ഠനത്രേ. ഭാര്യാഭർത്താക്കന്മാർ ഉയർന്ന സ്വരത്തിൽ സംസാരിക്കേണ്ട ഏകാവസരം ഭവനം അഗ്നിക്കിരയാകുമ്പോൾ മാത്രമായിരിക്കണമെന്നു ഒരു മഹാൻ പറയുന്നു. പരുഷമായും ഉയർന്ന സ്വരത്തിലും ഉപയോഗിക്കുന്ന വാക്കുകൾ ദാമ്പത്യസ്നേഹത്തിൻെറ മൃത്യുവിനു കാരണമാകുന്നു.

വേനൽക്കാലത്തു് വൃക്ഷങ്ങൾക്കു കേടു ഭവിക്കുന്നു. എന്നാൽ ഒരു വൃക്ഷം പെട്ടെന്നു നശിക്കുന്നില്ല. ആദ്യം ഇലകൾക്കു നിറവ്യത്യാസമുണ്ടാകുന്നു. ക്രമേണ ശിഖരം മുഴുവൻ ശുഷ്കിക്കുന്നു. അവസാനം തായ്മരം ഉണങ്ങുന്നു. അപ്രകാരംതന്നെ, ദൈവാനുഗ്രഹത്താൽ അഭിഷിക്തമായതും, സ്നേഹിതന്മാരുടെ സഹായഹസ്തങ്ങളാൽ പ്രബലപ്പെട്ടതും, സുഖസന്തോഷങ്ങളാൽ തൽക്കാലം ആവരണം ചെയ്യപ്പെട്ടതും, ഭാവിയിലുണ്ടാകുന്ന സുഖത്തെ ആശിച്ചു കഴിയുന്നതുമായ ദാമ്പത്യസ്നേഹവും പെട്ടെന്നു് മൃത്യുവിനിരയാകുന്നില്ല. ത്വരിതവും അവിവേകവുമായി ഉച്ചരിച്ച ഒരു വാക്കു്, ആദ്യമായി ഒരു നിഴൽ, ആ സ്നേഹത്തിൽ പതിക്കുന്നു. ആ നിഴൽ പരുഷമായ മറുപടിമൂലം അന്ധകാരമയമാകുന്നു. അനന്തരം ഭർത്താവിനു ഭാര്യയിൽ സംശയവും അവിശ്വാസവും ജനിക്കുന്നു. ഓരോ വാക്കും വിമർശനത്തിനു വിധേയമാകുന്നു. ഇവിടെ ഇതു അവസാനിക്കുന്നില്ല. ഒരു പടികൂടി മുൻപോട്ടു കടക്കുന്നു. ഇന്നുവരെയും പിതാവു മക്കളുടെ ചുംബനങ്ങൾ സ്വീകരിച്ചശേഷം ഇപ്രകാരം പറയുക പതിവായിരുന്നു: “മക്കളേ, അപ്പച്ചനു ഉമ്മ തന്നതുപോലെ അമ്മച്ചിക്കും കൊണ്ടുപോയി കൊടുക്കുക.” അപ്രകാരം

മാതാവും മക്കളിൽനിന്നു സ്വീകരിച്ചതിനു ശേഷം അവരെ പിതാവിൻെറ പക്കലേയ്ക്കു പറഞ്ഞുവിടുക പതിവായിരുന്നു. അതിന്ന് ഇന്നിതാ ഒരു വിരാമം നേരിട്ടിരിക്കുന്നു. അപ്പച്ചൻ മക്കളിൽനിന്നും "സ്തുതി സ്വീകരിച്ചശേഷം അമ്മച്ചിയുടെ പക്കലേയ്ക്കു അവരെ അയയ്ക്കുന്ന പതിവും ഇല്ലെന്നായി. ഇതുവരെ ഭർത്താവോ ഭാര്യയോ എങ്ങോട്ടു പോയാലും ഒരാൾ മറ്റൊരാളെ വിവരമറിയിച്ചു പോകുകയെന്ന പതിവുണ്ടായിരുന്നു. ഇപ്പോൾ അതും ഇല്ലാതായിത്തീർന്നിരിക്കുന്നു. ഭർത്താവ് എവിടെയെങ്കിലും പോയാൽ പറഞ്ഞ സമയത്തിനുള്ളിൽ തിരിച്ചുവന്നില്ലെങ്കിൽ ഭാര്യ ഭർത്താവിൻെറ വരവും പ്രതീക്ഷിച്ച് നടവാതിൽക്കൽ കാത്തുനില്ക്കുന്ന പതിവുണ്ടായിരുന്നു. അതും ഇല്ലെന്നായിരിക്കുന്നു. മാതാപിതാക്കന്മാരുടെ നീരസവും വെറുപ്പും അസുഖവും കുഞ്ഞുങ്ങൾ മനസ്സിലാക്കിത്തുടങ്ങി. അവരുടെ വിനോദങ്ങൾ അപ്പച്ചനു രസിക്കയില്ലെന്നു കരുതി അവർ നിറുത്തിവച്ചു. വീടിനുള്ളിൽ വച്ചിരിക്കുന്ന സർവ്വസാധനങ്ങളും വെളിയിൽ കൊണ്ടുവന്നു മുററത്തും മററും നിരത്തുക, നനഞ്ഞ മണ്ണു് ചിരട്ടകളിൽ കോരിയെടുത്തു് വരാന്തയിൽ "ചക്കര" നിരത്തിവയ്ക്കുക, അപ്പച്ചൻെറ സ്റ്റീൽപ്പെൻ എടുത്തു് അതിൻെറ നിബ്ബുകൊണ്ടു് വെള്ളയ്ക്കായുടെ കണ്ണുകുത്തി ചുഴന്നുകളയുക, ഇപ്രകാരമുള്ള വിനോദങ്ങളും കളികളും വീട്ടിൽ ഇല്ലെന്നായി. ഇങ്ങനെ ചെറിയ സംഗതികളിൽക്കൂടി കലഹമാകുന്ന പിശാച് കുടുംബത്തിൽ പ്രവേശിക്കയും തദ്വാരാ അവൻെറ അനുചരന്മാർക്കും പ്രവേശനം നിഷ്പ്രയാസം ലഭിക്കുകയും ചെയ്യുന്നു. അവസാനം ഭർത്താവും ഭാര്യയും പെരുമാററത്തിൽ ഈജിപ്തിലെ പട്ടകോണങ്ങൾപോലെ യോജിക്കാതെ കഴിഞ്ഞുകൂടുന്നു.

അനാവശ്യമായി ഒരു പുഴുവിനേയോ എറുമ്പിനേയോ ചവിട്ടുന്നവനെ തൻെറ സ്നേഹിതന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയില്ലെന്നു ആംഗ്ലേയ കവിയായ കൂപ്പർ (Cowper) പറയുന്നു. ഇഴഞ്ഞു ജീവിക്കുന്ന ചെറുജീവിയെ ചവിട്ടാതെ സൂക്ഷിച്ചു നടക്കയും സംസാരശക്തിയില്ലാത്ത മൃഗത്തെ ഉപദ്രവിക്കാതെ കഴിയുകയും ചെയ്യുന്നവർ ധാരാളമുണ്ട്. എന്നാൽ വിവാഹത്തിൽ സ്വീകരിക്കുന്ന ഭാര്യയുടെ ഹൃദയത്തിനു വേദന

നൽകാത്ത ദിവസങ്ങൾ അവരുടെ ജീവിതത്തിൽ ഉണ്ടായിരിക്കയില്ല. സൂൎയ്യരശ്മി വിവിധ കതിരുകളാൽ നിൎമ്മിക്കപ്പെട്ടിരിക്കുന്നതുപോലെ കുടുംബജീവിതം മധുരവചസ്സുകളുടേയും പുഞ്ചിരിയുടേയും സ്നേഹനിർദ്ദേശങ്ങളുടേയും സമ്മേളനഫലമായിരിക്കണം.

## 4. ക്രൈസ്തവാന്തരീക്ഷം

മനുഷ്യനെ ദൈവവുമായി ബന്ധിക്കുന്ന ആദ്ധ്യാത്മിക ശൃംഖലയാണ് മതം. സ്രഷ്ടാവുമായി സൃഷ്ടി സൈ്വരസല്ലാപം നടത്തുന്ന ആരാമമാകുന്നു മതം. ദൈവഭവനത്തിലേയ്ക്കു തുറന്നിരിക്കുന്ന ആത്മാവിൻെറ വാതിലാകുന്നു മതം. മതം അധിവസിക്കുന്ന ഭവനത്തിൽ വസിക്കുന്നതിനു് മാലാഖാമാർ പോലും ആഗ്രഹിക്കുന്നു. മതമില്ലാതെയുള്ള ബുദ്ധിയും ശക്തിയും വീട്ടിൻെറ പുറത്തു വയ്ക്കപ്പെട്ടിരിയ്ക്കുന്ന വിളക്കുപോലെയത്രേ. ഭവനത്തിനു വെളിയിലുള്ളവൎക്കു് ഇതു ചെറിയ പ്രകാശം നൽകുമായിരിക്കാം. എന്നാൽ ഭവനവാസികൾ അന്ധകാരത്തിൽ ഇരിക്കേണ്ടിവരുന്നു. രഹസ്യമായും പരസ്യമായും ദൈവത്തിനു് ആരാധനയും സ്തുതിയും നൽകുവാൻ നമ്മെ നിർബന്ധിക്കുന്ന നീതിപൂൎവ്വമായ ഒരു ഗുണവിശേഷമത്രേ മതം. ഇതു് നമ്മുടെ സ്വഭാവത്തിൻെറ ഒരു വിഭാഗമാകുന്നു. നമ്മിൽ കുടികൊള്ളുന്ന നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനവും; ജീവിതത്തിലെ വിവിധ തരത്തിലുള്ള പോരായ്മകളും, നല്ലതിനെ തേടുന്നതിനുള്ള ഹൃദയത്തിൻെറ നൈസൎഗ്ഗികമായ വാസനയും, നമ്മെ സൃഷ്ടിച്ചവനായ ദൈവത്തിൻെറ പക്കലേയ്ക്കു തിരിയുന്നതിനു് നിർബന്ധിക്കുന്നു. ഒരു മനുഷ്യൻ സത്യമതം അന്വേഷിച്ചില്ലെങ്കിൽത്തന്നെയും ഏതെങ്കിലുമൊരു മതത്തോടു് പററിപ്പിടിച്ചു നില്ക്കുന്നതിനു് ശ്രമിക്കുന്നു.

കുടുംബത്തിൽ മതം എപ്പോഴുമുണ്ടായിരിക്കണം. ഒരു കുടുംബത്തെ ദൈവനിവാസത്തിനു അനുയോജ്യമാക്കുന്നതു് മതമത്രേ. അതിൻെറ അഭാവം എവിടെയുണ്ടോ അവിടം സാത്താൻെറ വിളയാട്ടസ്ഥലമാകുന്നു. ആദിമ ക്രിസ്ത്യാനികളുടെയി

ടയിൽ മതം പ്രധാന ഘടകമായിരുന്നു. അക്കാലത്തുള്ള കുടുംബാംഗങ്ങളെപ്പററി ടെർത്തുലിയൻ ഇപ്രകാരം പറയുന്നു: "ആത്മാവിലും ശരീരത്തിലും അവർ യോജിച്ചിരുന്നു. അവർ ഒരുമിച്ചു് പ്രാർത്ഥിക്കയും ഉപവസിക്കയും പഠിപ്പിക്കയും ഉപദേശിക്കയും ചെയ്തിരുന്നു." ആധുനിക ക്രിസ്ത്യാനികൾ ആദിമ ക്രിസ്ത്യാനികളെ അനുകരിച്ചിരുന്നെങ്കിൽ മതവിമുഖരായ യുവാക്കന്മാർ ഉണ്ടാകുമായിരുന്നില്ല. ഇപ്പോഴത്തെ സന്താനങ്ങൾ ലോകത്തിലേയ്ക്കു് രംഗപ്രവേശം ചെയ്യുമ്പോൾ മതം അവഹേളിക്കപ്പെടുന്നതായും സഭയും അധികാരികളും അവമാനിക്കപ്പെടുന്നതായും അവർക്കനുഭവപ്പെടും. കുടുംബത്തിൽ നല്ല പരിശീലനം അവർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ഏതിനേയും അഭിമുഖീകരിക്കുന്നതിനു് അവർക്ക് വിഷമമുണ്ടാകയില്ല. ഒരു ഭവനത്തെ ആകർഷകവും പരിപൂർണ്ണവുമാക്കുന്നതെന്താണു്? ശില്പിയുടെയും ചിത്രകാരൻേറയും അലങ്കാരവേലകളാണോ? അഥവാ വിവിധ രീതികളിലുള്ള വീട്ടുസാമഗ്രികളാണോ? അവ ഒന്നുകൊണ്ടും ഒരു ഭവനം യഥാർത്ഥ ഭവനമാകുന്നില്ല. ഒരു ക്രിസ്തീയ ഭവനം പരിപൂർണ്ണതയിൽ എത്തിച്ചേരുവാൻ എന്താണു് വേണ്ടതു്? "ദൈവം" എന്ന ഒററവാക്കിൽ അതിൻേറ ഉത്തരം നമുക്ക് ലഭിക്കുന്നില്ലയോ? അവിടുത്തെ നാം പുറംതള്ളുകയാണെങ്കിൽ, നമ്മുടെ ഭവനം ഭംഗിയുള്ളതും ജീവനുള്ളതുമാണെന്നു തോന്നിയേക്കാമെങ്കിലും ജീവനും ഹൃദയവുമില്ലാത്ത മാർബിൾ പ്രതിമപോലെ ആയിരിക്കും. ഏതൊരു സന്ദർശകൻേറയും ഹൃദയത്തെ വിശ്വാസനിർഭരമാക്കുന്ന ഒരു പതിവു് പാശ്ചാത്യരാജ്യത്തിലുണ്ടു്. അതായതു് ഒരു ഭവനത്തിൻേറ പ്രധാന മുറിയിൽ വെൽവെററു്, സിൽക്കു് എന്നീ വിശേഷപ്പെട്ട തുണികൊണ്ടു് അലങ്കരിച്ച ഒരു പീഠമുണ്ടായിരിക്കും. ആ പീഠത്തിൽ ക്രിസ്തുരാജൻേറ പ്രതിമയോ പടമോ സ്ഥാപിച്ചിരിക്കും. ഈ പ്രവൃത്തിമൂലം ആ കുടുംബവാസികൾ ഈശോയെ വീടിൻേറ തലവനായി പ്രഖ്യാപനം ചെയ്യുകയും മററുള്ളവർ അപ്രകാരം ചെയ്യുന്നതിനു് പ്രേരണ നൽകുകയും ചെയ്യുന്നു. ദൈവാനുഗ്രഹമില്ലാത്ത യാതൊന്നും പൂർണ്ണമല്ല. ഏററം നിസ്സാര പ്രവൃത്തികൾക്കുപോലും ദൈവസഹായം ആവശ്യമെങ്കിൽ നമ്മുടെയും മററു പലരുടെയും സുഖാസുഖങ്ങൾ രൂപമെടുക്കേണ്ട ഭവനത്തിൽ അതിൻേറ ആവശ്യം എത്ര വലുതായിരിക്കണം! മനുഷ്യൻേറ പ്രവൃത്തിക

ളിൽനിന്നും മതത്തെ വേർപെടുത്തുവാൻ പാടില്ല. അവൻെറ ചിന്തകളിലും പ്രവൃത്തികളിലും ദൈവസാന്നിദ്ധ്യമുണ്ടായിരിക്കണം. ദൈവപ്രമാണങ്ങൾ പത്തും ഹൃദയത്തിലില്ലാതെ നാവിൽമാത്രം ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ആളുകൾ നിരവധിയുണ്ടു്. ഇപ്രകാരമുള്ളവർ ദൈവാലയത്തിലെ ഗായകസംഘത്തിൽ ദൈവസ്തുതി പാടുന്നുണ്ടെങ്കിലും വീട്ടിൽ വരുമ്പോൾ ദൈവത്തേയും ദൈവത്തിൻെറ സൃഷ്ടിയേയും "പ്രാകുന്നു." ലോകത്തിൽ പ്രശസ്തനാകുന്നതിനു ധർമ്മം ചെയ്യുന്നുണ്ടെങ്കിലും വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കുന്നില്ല. സദസ്സിലും ജനക്കൂട്ടത്തിലും ദൈവദൂതനു സദൃശൻ, എന്നാൽ ഭവനത്തിൽ കഠിനോപദ്രവിയും. ഇപ്രകാരമുള്ളവൻ യഥാർത്ഥ ക്രിസ്ത്യാനിയല്ല.

ആത്മാവിനെ ദൈവത്തിങ്കലേയ്ക്കുയർത്തുന്നതിനും ലോകവ്യാപാരങ്ങളിൽനിന്നു് അതിനെ മാററി നിർത്തുന്നതിനും മതം സഹായിക്കുന്നു. മതത്തിൽ അടിസ്ഥാനമിട്ടിരിക്കുന്ന കുടുംബത്തിൽനിന്നു് ദൈവവിശ്വാസത്തിലും സന്മാതൃകയിലും അടിയുറച്ച വേറെ കുടുംബങ്ങൾ സംജാതമാകുന്നു. ക്രിസ്തുനാഥൻെറ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുന്നതിനുള്ള പ്രേഷിതർ ഇപ്രകാരമുള്ള കുടുംബത്തിൽനിന്നുമുണ്ടാകുന്നു. ചുരുക്കിപ്പറഞ്ഞാൽ മതത്തിൻെറ അഭാവം കുടുംബത്തിനു ശാപകാരണവും അതിൻെറ സാന്നിദ്ധ്യം ദൈവാനുഗ്രഹലബ്ധിക്കു് സഹായകവുമാണു്. ദൈവം തൻെറ അനുഗ്രഹങ്ങളും ദാനങ്ങളും മതകർമ്മങ്ങളിൽ പങ്കുകൊള്ളുകയും അവിടുത്തെ കല്പനകളെ അനുസരിക്കുകയും ചെയ്യുന്നവർക്കു് ധാരാളമായി നൽകുന്നു. മതകർമ്മങ്ങളിൽ പങ്കുകൊള്ളുന്നതിനുള്ള ശുഷ്കാന്തി ഒരുത്തനെ തീക്ഷ്ണതയുള്ള ക്രിസ്ത്യാനിയാക്കുന്നു. ദേവാലയത്തിൽ നടക്കുന്ന ദിവ്യകർമ്മങ്ങളിൽ കുടുംബാംഗങ്ങൾ എല്ലാവരും സംബന്ധിക്കണം. അതിനു തക്ക സൗകര്യങ്ങൾ ഉണ്ടാക്കണം. മരുമകളെ വീട്ടിൽ ഇരുത്തിയിട്ടു് അമ്മായിഅമ്മ എല്ലാ ദിവസവും പള്ളിയിൽ പോകുകയും "നിത്യാരാധന"യുടെ ആദ്യപുറംമുതൽ അവസാനപുറംവരെ വായിക്കുകയും ചെയ്താലും എന്തു പ്രയോജനം? എല്ലാക്കാര്യങ്ങളിലും ഭാര്യയ്ക്കു പങ്കുള്ളതുപോലെ ഇതിലും ഒരു പങ്കു് അവൾക്കു ലഭിക്കാൻ ഭർത്താവും മററുള്ളവരും അവസരമുണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കണം. വീട്ടുകാര്യ

ങ്ങളിൽ ഭാൎയ്യക്കു പങ്കുണ്ടെങ്കിൽ എന്തുകൊണ്ടു് അവൾക്കു് ആത്മീയകാൎയ്യങ്ങളിലും പങ്കു ലഭിച്ചുകൂടാ? ഞായറാഴ്ചദിവസം ഒരു കുർബാന മാത്രമുള്ള പള്ളിയിൽ ഒരുമിച്ചു പോകുന്നതിനു് ഭാൎയ്യാഭൎത്താക്കന്മാരെ സാഹചൎയ്യം അനുവദിക്കുന്നില്ലെങ്കിൽ ഓരോരുത്തരായി പള്ളിയിൽ പോയി ദിവ്യബലിയിൽ സംബന്ധിക്കുക. സാധാരണ ഗൃഹജോലികൾക്കു് വിഘ്നം സംഭവിക്കുമെന്നു കരുതി മാത്രം പുരുഷന്മാർ സ്ത്രീകളെ ദേവാലയത്തിൽ അയയ്ക്കാതിരിക്കരുതു്. ധനികനായ ഭൎത്താവു അന്നു് ഒരു "ഡിഷ്'' കുറച്ചു് മതിയെന്നു നിശ്ചയിക്കണം. ഇവിടെയാണു് യഥാൎത്ഥ ദാമ്പത്യസ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അരൂപി നിലകൊള്ളുന്നതു്.

കത്തോലിക്കാസഭയിൽ അംഗങ്ങളായിത്തീരുന്നതിനുള്ള അവസരം അക്രൈസ്തവൎക്കും അകത്തോലിക്കൎക്കും നൽകുവാൻ ഓരോ കത്തോലിക്കനും കടമയുണ്ടെന്നുള്ള കാൎയ്യം വിസ്മരിക്കരുതു്. മററുള്ളവരെ സത്യസഭയിലേയ്ക്കാകൎഷിക്കേണ്ടതു് വാദങ്ങൾമൂലമോ വിമൎശനങ്ങൾ വഴിയോ അല്ല. പ്രത്യുത, മാതൃകാപരമായ ജീവിതം നയിച്ചും, തീക്ഷ്ണമായി പ്രാൎത്ഥിച്ചും, അവർ ആവശ്യപ്പെടുന്ന ആദ്ധ്യാത്മികവും മതപരവുമായ തത്വങ്ങൾ മനസ്സിലാക്കിക്കൊടുത്തും വായിക്കുന്നതിനു് നല്ല പുസ്തകങ്ങൾ നൽകിയും മതകൎമ്മങ്ങളിൽ സംബന്ധിക്കാൻ അവരെ ക്ഷണിച്ചുമാകുന്നു. ലോകത്തിൽ ഏതെങ്കിലും ഒരാളിനോടു് പിണങ്ങിയാൽ പിന്നീടു് അയാളുമായി രമ്യപ്പെടുന്നതിനു് വളരെ വിഷമമുണ്ടു്. എന്നാൽ മതത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്ത രീതിയാണു് നമുക്കനുഭവപ്പെടുന്നതു്. സ്വന്തം മതത്തെ ഉപേക്ഷിച്ചു്, ദുഷ്ടസംസൎഗ്ഗത്തിൽ ഇടപെട്ടു് ദൈവാസ്തിത്വത്തിൽ അവിശ്വസിച്ചു്, ഒരാൾ ജീവിച്ചുവെന്നുവരികിലും അവൻ മതത്തിലേയ്ക്കു തിരിച്ചുവരികയാണെങ്കിൽ അവൻ ഉപേക്ഷിച്ച സ്ഥിതിയിലും പെരുമാററത്തിലും മതം അവനെ സ്വീകരിക്കും. "Best men are moulded out of faults" തെററുകളിൽനിന്നത്രേ മനുഷ്യർ മഹാന്മാരായതു്. എന്തുകൊണ്ടെന്നാൽ കഠിനപാപികൾ വലിയ വിശുദ്ധരായിട്ടുണ്ടു്. നമ്മുടെ തെററുകൾക്കും അസാന്മാൎഗ്ഗിക ചാച്ചിലുകൾക്കും നന്മയിലേയ്ക്കു നമ്മെ നയിക്കുന്നതിനു ശക്തിയുണ്ടു്. ഇതുകൊണ്ടാണു് മഹാനായ കാർലൈൽ ഇപ്രകാരം പറയുന്നതു്: "The

block of granite which was an obstacle in the pathway of the weak, becomes a stepping stone in the pathway of the strong" "ശേഷിയില്ലാത്ത മനുഷ്യർക്ക് മാർഗ്ഗതടസ്സമായി വഴിമദ്ധ്യേ കിടക്കുന്ന പാറക്കല്ല് ശക്തനായ ഒരുത്തന് ചവിട്ടുപടിയായിത്തീരുന്നു."

## 5. ക്രൈസ്തവഭവനത്തിന് ഒരു മാതൃക

ലോകത്തിന്റെ ഒരററം മുതൽ മറേറ അററംവരെയുള്ള ജനങ്ങൾ ജാതിമതഭേദമെന്യേ ആനന്ദം കൊള്ളുന്ന ഒരു ദിനമാണ് ക്രിസ്മസ്. ക്രിസ്മസ് ദിനത്തിൽ ഉളവാകുന്ന ആനന്ദത്തെ ലോകമഹായുദ്ധങ്ങൾക്ക് നശിപ്പിക്കുവാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ പ്രസ്തുതാനന്ദം ആത്മാവിന്റെ ആനന്ദമാകുന്നു. ആത്മാവിനു നാശവും മരണവുമില്ല. ക്രിസ്മസ് ദിനത്തിലെ സന്തോഷത്തെ ഇല്ലാതാക്കുവാൻ ദാരിദ്ര്യത്തിനു കഴിവില്ല. കാരണം ഭൗമികസമ്പത്തിനു പ്രദാനം ചെയ്യാൻ സാധിക്കുന്ന ആനന്ദമല്ല ഇതു്. ക്രിസ്മസ് സന്തോഷത്തെ കുറയ്ക്കുന്നതിന് യുഗങ്ങൾക്കോ വത്സരങ്ങൾക്കോ സാദ്ധ്യമല്ല. എന്തെന്നാൽ ഈ സന്തോഷം നിത്യതവുമായി അഭേദ്യമായവിധം ബന്ധപ്പെട്ടിരിക്കുന്നു. ലോകത്തിനു ഇതിനെ ഛിന്നഭിന്നമാക്കുവാൻ സാധിക്കുകയില്ല. കാരണം ലോകത്തെ ജയിച്ച് അതിനെ അടക്കി ഭരിക്കുന്നതിൽനിന്നാണ് ഈ ആനന്ദം സംജാതമായിരിക്കുന്നതു്. നസ്രസിലെ ഭവനത്തിൽ ഇപ്രകാരമുള്ള സന്തോഷമുണ്ടാകുവാൻ കാരണമെന്തു്? ഈ ആനന്ദം കത്തോലിക്കാകുടുംബങ്ങളിൽ കൊണ്ടുവരേണ്ടതു് എപ്രകാരമാണ്?

നസ്രസിലെ ഭവനം, തിരുക്കുടുംബാംഗങ്ങൾക്ക് ആനന്ദപ്രദമായ ഒന്നായിരുന്നു. ഈ തിരുക്കുടുംബത്തിലെ മൂന്നംഗങ്ങളിൽ ഓരോരുത്തരും മററുള്ളവരുടെ നന്മ വിചാരിച്ചും അതിനുവേണ്ടി പ്രയത്നിച്ചും സ്വാർത്ഥത കൈവെടിഞ്ഞും പെരുമാറിയിരുന്നു. ഇത്രമാത്രം യോജിപ്പും സമാധാനവും കളിയാടുന്ന ഭവനം അന്ന് ഭൂമിയിൽ വേറെ ഇല്ലായിരുന്നു. അതിനാൽ

സാധുവും ആശാരിപ്പണിക്കാരനുമായ വി. യൗസേപ്പിന്റെ ഭവനം സമീപവാസികൾക്കെല്ലാം ഒരു അഭയകേന്ദ്രം ആയിത്തീന്നതിൽ അത്ഭുതത്തിനവകാശമില്ല. ആ ഭവനത്തിലെ തലവൻ വി. യൗസേപ്പായിരുന്നു. ലോകത്തിന്റെ മുമ്പാകെ അദ്ദേഹം ദിവ്യശിശുവിന്റെ പിതാവുമത്രേ. കുടുംബക്രമീകരണം അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കനുസരണമായിരുന്നു. ഈ നിർദ്ദേശങ്ങളിലും കല്പനകളിലും അഹംഭാവത്തിന്റെ കണികപോലും നിഴലിച്ചിരുന്നില്ല. പരസ്പരം സഹായിക്കുന്നതിനു് ഈ കുടുംബാംഗങ്ങൾ തയ്യാറായിരുന്നു. ആധുനിക ലോകത്തിലേയ്ക്കു് നമ്മുടെ കണ്ണുകളെ തിരിക്കുകയാണെങ്കിൽ ഇപ്രകാരമുള്ള എത്ര ഭവനങ്ങൾ കാണുവാൻ സാധിക്കും? അംഗുലീപരിമിതമായിരിക്കും. ആ തിരുഭവനത്തെ ആവരണം ചെയ്തിരുന്ന സ്വർഗ്ഗീയാന്തരീക്ഷം നമ്മുടെ ഭവനങ്ങളിൽ ഉണ്ടോ? അവിടെ വിലസിയിരുന്ന സുകൃതങ്ങൾ നമ്മുടെ കുടുംബങ്ങളിൽ പ്രശോഭിക്കുന്നുണ്ടോ? നമ്മുടെ ഭവനത്തിൽ നാം ഓരോരുത്തരും എപ്രകാരം വർത്തിക്കുന്നുവെന്നു് ഈ അവസരത്തിൽ പരിശോധിക്കുന്നതു് നന്നായിരിക്കും. പ. കന്യകാമറിയം പൂർണ്ണഗർഭിണിയായിരുന്നപ്പോൾ കിണററിൽനിന്നും വെള്ളംകോരി കുടങ്ങളിൽ നിറച്ചുകൊണ്ടു് ഭവനത്തിലേയ്ക്കു പോയിട്ടുണ്ടായിരിക്കണം. ആ സമയം തന്റെ പതിയ്ക്കു് വി. യൗസേപ്പ് സഹായഹസ്തങ്ങൾ നീട്ടിയിട്ടില്ലെന്നോ? ഗൃഹനായിക പൂർണ്ണഗർഭിണിയായി ഒരു ശിശുവിനെ ഉദരത്തിലും മററൊന്നിനെ എളിയിലും മറേറ എളിയിൽ ഒരു കുടം നിറയെ വെള്ളവും വഹിച്ചുകൊണ്ടു് മലയുടെ അഗ്രഭാഗത്തു സ്ഥിതിചെയ്യുന്ന ഭവനത്തിലേയ്ക്കു് കയറിപ്പോകുക സാധാരണമല്ലേ? അപ്പോൾ സഹായഹസ്തങ്ങൾ നീട്ടിക്കൊടുക്കുവാൻ സന്മനസ്സു കാണിക്കാത്ത ഗൃഹനായകനും ഇല്ലയോ? "നിങ്ങൾ നിങ്ങളുടെ ഭാര്യയെ അവളുടെ ദിനകൃത്യങ്ങളിൽ സഹായിക്കുന്നതായിരിക്കും കൊന്ത എത്തിക്കുന്നതിനേക്കാളും കൂടുതൽ പ്രയോജനപ്രദം. കുട്ടികളെ ഉറക്കുന്നതിനു് ഭാര്യയെ സഹായിക്കുന്നതാണു് അരമണിക്കൂർ പുതിയനിയമം വായിക്കുന്നതിനെക്കാൾ നല്ലതു്" എന്നുള്ള മി. മൈക്കൾ പുത്തുമാന്റെ അഭിപ്രായം ഇത്തരുണത്തിൽ സ്മരണീയമത്രേ. വി. യൗസേപ്പു് ആശാരിപ്പണിയും കഴിഞ്ഞു് സന്ധ്യയോടുകൂടി വീട്ടിലേയ്ക്കു തിരിച്ചുവരുന്നു; വളർത്തുപിതാവു്

തിണ്ണയിൽ കാലുകത്തുന്നതിനോടൊപ്പം 'ഉണ്ണിയീശോ പണി ക്കോപ്പുകൾ ഇളംകൈകളിൽ സ്വീകരിച്ചു യഥാസ്ഥാനം' കൊണ്ടുപോയി വയ്ക്കുന്നു. ക്ഷീണഗാത്രനായ ഭർത്താവിനു് സ്നാനപാനാദികൾക്കു് ജലം നൽകുക, ഭക്ഷണം വിളമ്പുക മുതലായ ജോലികളിൽ പരിശുദ്ധ കന്യകാമറിയം വ്യാപൃതയാകുന്നു. നമ്മുടെ ഭവനങ്ങളിലും ഇപ്രകാരം ഗൃഹനായകൻ പ്രഭാതം മുതൽ പ്രദോഷംവരെ ജോലിചെയ്തതിനുശേഷം ക്ഷീണിച്ചു്. ഒരു കയ്യിൽ പണിക്കോപ്പുകളും മറേറകയ്യിൽ ഭക്ഷണത്തിനു വേണ്ട റേഷൻ അരിയും, ഉപ്പും, മുളകും വഹിച്ചുകൊണ്ടു് വീട്ടിൽ മടങ്ങിയെത്തുന്നില്ലേ? ശക്തി ക്ഷയിച്ച തൻെറ കരങ്ങൾക്കു്, തൂമ്പാ, കലപ്പ, വെട്ടരുവാൾ മുതലായ പണിക്കോപ്പുകൾ അതിൻെറ സ്ഥാനത്തു വയ്ക്കുവാൻ നിവൃത്തിയില്ലാതെ മക്കളോടു പറയുമ്പോൾ എത്രമാത്രം സന്നദ്ധത ഓരോ സന്താനവും പ്രകടിപ്പിക്കുന്നുണ്ടെന്നു് ഓരോരുത്തരും ചിന്തിക്കട്ടെ. ക്ഷീണിച്ചു തളൎന്ന തൻെറ ശരീരത്തിനു ബലമുണ്ടാകുന്നതിനും നീക്കോളു നീങ്ങിക്കിട്ടുന്നതിനുംവേണ്ടി കുളിക്കുവാൻ ചൂടുവെള്ളം ഭാൎയ്യയോടു് ആവശ്യപ്പെട്ടുമ്പോൾ "ആററിൽ പോയി കുളിക്കുക, സന്ധ്യാസമയം ആററിലെ വെള്ളത്തിനു ചൂടുണ്ടു്" എന്നു പറയുന്ന ഗൃഹനായികമാരും കത്തോലിക്കാ കുടുംബങ്ങളിൽ ഇല്ലേ? ഒരു തുള്ളി സുഗന്ധദ്രവ്യത്തിനു് എത്രമാത്രം സൌരഭ്യം പരത്തുവാൻ സാധിക്കുന്നു? സൂൎയ്യരശ്മിയുടെ ഒരു കതിരിനും പ്രകാശം നൽകുവാൻ സാധിക്കുന്നില്ലേ? സഹോദരസ്നേഹമാകുന്ന ഒരു തുള്ളി സുഗന്ധദ്രവ്യവും സഹായഹസ്തമാകുന്ന ഒരു പ്രകാശരശ്മിയും നമ്മുടെ ഭവനത്തിൽ വിതറിയിട്ടു് അതിൻെറ അനന്തരഫലം നമുക്കു് ഒന്നു പരീക്ഷിച്ചു നോക്കാം.

നമ്മുടെ ചില കത്തോലിക്കാ കുടുംബങ്ങളിൽ സംതൃപ്തിയും സമാധാനവും ഇല്ലാത്തതു് എന്തുകൊണ്ടാണു്? നസ്രസ്സിലെ ഭവനത്തിൻെറ ഗുണവിശേഷങ്ങളെ ത്യാജ്യകോടിയിൽ തള്ളിക്കളയുന്നതാണു് ഇതിനു കാരണം. നസ്രസ്സിലെ ആശാരിയുടെ പണിപ്പുരയിലും സംതൃപ്തി ഓളംതല്ലിയില്ലയോ? അവിടെ നിലവിലിരുന്ന അരൂപിയും ഇന്നത്തെ അരൂപിയും തമ്മിൽ അജഗജാന്തരമുണ്ടു്. വി. യൗസേപ്പു് ജോലി ചെയ്തിരുന്നതും ദിവ്യയുണ്ണി ജോലി അഭ്യസിച്ചിരുന്നതുമായ ആ പണിപ്പുരയിൽ നിൎമ്മിക്കപ്പെട്ടിരുന്ന വീട്ടുസാമാനങ്ങൾ കരിഞ്ചന്തയിൽ

 13993

വില്പനയ്ക്കു് അയച്ചിരുന്നില്ല. അവയുടെ വില്പനകൊണ്ടു് പ്രധാനമായി ഉദ്ദേശിച്ചിരുന്നതു് ദൈനംദിനജീവസന്ധാരണവും ദൈവസ്തുതിയുമായിരുന്നു. ഭാവിയിലേയ്ക്കു സമ്പാദിച്ചു ശേഖരിക്കുന്ന പതിവു് ആ ഭവനത്തിലില്ലായിരുന്നു. കാരണം, വയലിലെ പുഷ്പങ്ങളെയും ആകാശത്തിലെ പറവകളെയും തീററിപ്പോററുന്ന ദൈവപരിപാലനയിൽ ആ കുടുംബാംഗങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നു. ചിലർ ഇപ്പോൾ ഇപ്രകാരം പറയുമായിരിക്കും: മേൽപ്പറഞ്ഞവയെല്ലാം വാസ്തവംതന്നെ. എന്നാൽ ഇന്നു് ദൈനംദിനഭോജനത്തിനുവേണ്ടി വേലചെയ്യുന്നവൻെറ സമീപേ ക്രിസ്തു സന്നിഹിതനാകുന്നില്ല. അതിനാൽ അപ്പഴപ്പോഴുള്ള ആവശ്യത്തിനു വി. യൗസേപ്പു് ഉണ്ണിയീശോയുടെ പക്കലേയ്ക്കു് തിരിഞ്ഞു ചോദിച്ചതുപോലെ ഇപ്പോൾ സാദ്ധ്യമല്ലല്ലോ?" എന്നാൽ മനുഷ്യർക്കു ഇതു സാദ്ധ്യമാണു്, എന്തുകൊണ്ടെന്നാൽ നാഥൻെറ വാഗ്ദാനം നമുക്കില്ലേ? "ദൈവരാജ്യത്തേയും അവിടുത്തെ നീതിയേയും നിങ്ങൾ ആദ്യമായി അന്വേഷിക്കുക. അപ്പോൾ നിങ്ങൾക്കു് എല്ലാം നൽകപ്പെടും." മനുഷ്യർ സകല വ്യാപാരങ്ങളിൽനിന്നും ദൈവത്തെ അകററിനിർത്തിയിരിക്കുന്നതാണു് എല്ലാ അസുഖങ്ങൾക്കും കാരണം. ദൈവവരപ്രസാദസ്ഥിതിയിൽ ഇരിക്കുന്ന ഒരാളിനു ദൈവസഹായം സുനിശ്ചിതമാണു്.

ക്രിസ്മസ്സു് രാത്രിയിൽ പുൽത്തൊട്ടിയിൽ കിടന്നുറങ്ങുന്ന ദിവ്യയുണ്ണിയുടെ സവിധത്തിലേയ്ക്കു് വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് ഈ അദ്ധ്യായം സമാപിപ്പിച്ചുകൊള്ളാം. ഓരോ ക്രിസ്ത്യാനിയും തൻെറ ജീവിതാന്തസ്സിൽ ക്രിസ്തുവിൻെറ ജീവിതത്തിലെ ഓരോ ഭാഗം അഭിനയിക്കുന്നു. മിശിഹായുടെ മരുഭൂമിയിലെ ധ്യാനത്തിൻെറ തനിച്ഛായയത്രേ ആശ്രമത്തിലെ കനത്ത ഭിത്തികൾക്കുള്ളിൽ സന്യാസികൾ നയിക്കുന്ന ജീവിതം. ഒരു കുടുംബത്തിലെ അംഗമായും ആശാരിപ്പണിക്കാരനായും നസ്രസ്സിലെ ഭവനത്തിൽ ഉണ്ണിയീശോ ചെലവഴിച്ച ദിവസങ്ങളുടെ പ്രതിബിംബനമാണു് കുടുംബജീവിതത്തിൽ ദൃശ്യമാകുന്നതു്. ഉപദേശിച്ചും പ്രസംഗിച്ചും നടന്ന മൂന്നു കൊല്ലത്തെ ഈശോയുടെ പരസ്യജീവിതമാണു് വൈദികർ അനുകരിക്കുന്നതു്. ജനനംമുതൽ മരണംവരെ രോഗികളായി, നിരാശ്രയരായി കഴിഞ്ഞുകൂടുന്നവരും മിശിഹാ

യുടെ ജീവിതനാടകത്തിലെ ചില രംഗങ്ങൾ അഭിനയിക്കുന്നുണ്ട്. അവ, അവിടുത്തെ ശൈശവം, ബാല്യം, പീഡാനുഭവകാലം, ദിവ്യകാരുണ്യവാസം എന്നിവയത്രേ. ഒരു കണ്ണാടിയിലെന്നപോലെ അവിടുത്തെ പരാധീനത ശൈശവകാലത്തു പ്രത്യക്ഷപ്പെടുന്നു. ആകാശപ്പരപ്പിലെ സൂര്യചന്ദ്രനക്ഷത്രാദികളെ ക്രമീകരിക്കുന്ന ആ സർവ്വശക്തൻ ഇതാ ഒരു ശിശുവായി ("Infant with no other language than a cry") പുൽത്തൊട്ടിയിൽ കിടക്കുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരത്തിനേയും ഏഴപ്പംകൊണ്ട് നാലായിരത്തിനേയും തീററിപ്പോററിയ ദൈവസുതൻ ഇതാ ശിശുവായി, സ്തന്യപാനത്തിന് തന്റെ സൃഷ്ടിയായ ഒരു സ്ത്രീയെ ആശ്രയിക്കുന്നു. മിശിഹായുടെ ഈവിധമുള്ള ക്ലേശങ്ങളേയും ത്യാഗങ്ങളേയും അനുസ്മരിച്ചുകൊണ്ടാണ് കത്തോലിക്കാ കുടുംബാംഗങ്ങൾ തങ്ങളുടെ വിഷമഘട്ടങ്ങളെ അഭിമുഖീകരിക്കേണ്ടതും തരണം ചെയ്യേണ്ടതും.

## 6. കുടുംബവും ആഗമനകാലവും

"കർത്താവിനു വഴി ഒരുക്കുവിൻ" (ലൂക്കാ. III. 5.)

വെയിൽസു രാജകുമാരൻ ഇൻഡ്യാ സന്ദർശിച്ച ദിവസം ഇൻഡ്യൻ ജനതയ്ക്ക് ഏററവും ആഹ്ലാദജനകമായ ഒരവസരമായിരുന്നു. അദ്ദേഹത്തിന്റെ ഇൻഡ്യൻ സന്ദർശനവാർത്ത ഒരു കൊല്ലം മുൻപുതന്നെ ബ്രി. പാർലമെന്റ് വെളിപ്പെടുത്തിയിരുന്നു. ഈ വാർത്ത ശ്രവിച്ച ഉടനെ ഓരോരുത്തരും അവരവരുടെ കഴിവുകൾ അനുസരിച്ച് ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. രാജകുമാരനു രാജോചിതമായ സ്വീകരണം നൽകുന്നതിനു ഒരു മാസം മുമ്പുതന്നെ പണിയെല്ലാം പൂർത്തിയായി. ഇൻഡ്യയിൽ അക്കാലത്തുണ്ടായിരുന്നതിലേയ്ക്കും മനോഹരമായ ഒരു കെട്ടിടമാണ് രാജകുമാരന്റെ വാസത്തിനു നിശ്ചയിച്ചിരുന്നതു്. അന്നത്തെ വൈസ്രോയി ആയിരുന്ന കേഴ്സൺ പ്രഭുവിന്റെ കല്പനയാൽ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളെല്ലാം അലങ്കരിക്കപ്പെട്ടു. റോഡിന്റെ ഇരുവശങ്ങളിലും

സ്ഥിതിചെയ്തിരുന്ന കെട്ടിടങ്ങൾ എല്ലാം വെള്ള പൂശി വൃത്തിയാക്കി. ഇൻഡ്യാസാമ്രാജ്യത്തിലെ 560–ൽപരം നാട്ടുരാജ്യങ്ങളിൽനിന്നും രാജാക്കന്മാരും പ്രതിനിധികളും ഹാജരായി. രാജകുമാരൻ തീവണ്ടിയിൽനിന്നും ഇറങ്ങിയ ഉടനെ വൈസ്രോയി അദ്ദേഹത്തെ ഹാരമണിയിച്ചു. സ്വീകരണാനന്തരമുള്ള വിവിധ ചടങ്ങുകൾക്കുശേഷം നാട്ടുരാജാക്കന്മാരും, വണിക്ശ്രേഷ്ഠന്മാരും, വ്യവസായപ്രമുഖന്മാരും തങ്ങളോടുകൂടി കുറച്ചുദിവസം വസിക്കുന്നതിനു അദ്ദേഹത്തെ ക്ഷണിച്ചു. ഇൻഡ്യയിലെ തൻെറ പരിമിത വാസത്തിനുള്ളിൽ സാദ്ധ്യമാവുന്നിടത്തോളം ആതിഥ്യം സ്വീകരിച്ച് അവരുടെ വിനോദങ്ങളിലും വിഭവസമൃദ്ധമായ സദ്യകളിലും പങ്കുകൊണ്ട് ഒരു മാസത്തെ താമസത്തിനുശേഷം വെയിൽസു രാജകുമാരൻ ഇംഗ്ലണ്ടിലേയ്ക്ക് മടങ്ങി.

നാലായിരം കൊല്ലക്കാലം പ്രവാചകന്മാരും പിതാക്കന്മാരും അക്ഷമതയോടെ പ്രതീക്ഷിച്ചിരുന്ന ചക്രവർത്തികളുടെ ചക്രവർത്തിയും രാജാക്കന്മാരുടെ രാജാവുമായ മിശിഹാ ഈ ലോകത്തിലേയ്ക്ക് വരുവാൻ ഇനി കുറച്ചുദിവസം മാത്രമേയുള്ളു. അവിടുത്തെ വത്സലപ്രജകളായ കത്തോലിക്കാ കുടുംബാംഗങ്ങൾ അവിടുത്തെ സ്വീകരിക്കുന്നതിന് എന്തെല്ലാം ഒരുക്കങ്ങൾ ചെയ്യണമെന്നുള്ളതാണ് കത്തോലിക്കരുടെ ചിന്തയ്ക്കു വിഷയമാക്കേണ്ടതു്. വെയിൽസ് രാജകുമാരൻെറ ആഗമനത്തിൽ ഉള്ളതിലേയ്ക്കും മനോഹരമായ കെട്ടിടം അദ്ദേഹത്തിൻെറ വാസത്തിനായി ഒരുക്കിയെങ്കിൽ ദൈവമാകുന്ന ശില്പിയാൽ നിർമ്മിതവും ലോകത്തിലെ എല്ലാ വസതികളിൽവച്ച് മനോഹരവുമായ നമ്മുടെ ഹൃദയം എന്തുകൊണ്ട് അവിടുത്തേയ്ക്ക് വാസസ്ഥാനമായി നൽകിക്കൂടാ? ബ്രിട്ടീഷ് രാജകുമാരൻെറ സന്ദർശനത്തിനു കെട്ടിടങ്ങളൊക്കെ വെള്ള പൂശിയെങ്കിൽ ക്രിസ്തുമസ് ദിവസമെങ്കിലും നമ്മുടെ കുടുംബത്തിലുള്ള എല്ലാ അംഗങ്ങളും പാപസങ്കീർത്തനത്താൽ ദൈവവരപ്രസാദമാകുന്ന വെള്ളവസ്ത്രംകൊണ്ട് തങ്ങളുടെ ഹൃദയങ്ങളെ അലങ്കരിക്കുന്നതിനു ശ്രമിക്കട്ടെ. ആ യുവരാജാവിൻെറ എതിരേല്പിന് എല്ലാ നാട്ടുരാജാക്കന്മാരും ഉദ്യോഗസ്ഥന്മാരും ഡൽഹിയിൽ സന്നിഹിതരായിരുന്നുവെങ്കിൽ രാജാധിരാജനായ ഈശോ നിർമ്മലശിശുവായി ക്രിസ്തുമസ് ദിവസം ദൈവാലയത്തിൽ എഴുന്നള്ളുമ്പോൾ ന

മ്മുടെ കുടുംബങ്ങളിലെ എല്ലാ അംഗങ്ങളും അവിടെ നടക്കുന്ന ദിവ്യകർമ്മങ്ങളിൽ പങ്കുകൊള്ളുന്നതിനു് ശ്രമിക്കട്ടെ. ഉദ്യോഗസ്ഥന്മാരും വ്യവസായപ്രമുഖരും വെയിൽസു രാജകുമാരനെ തങ്ങളുടെ വസതിയിൽ സ്വീകരിച്ചതുപോലെ കത്തോലിക്കാ കുടുംബാംഗങ്ങൾ ഏവരും ക്രിസ്മസ് ദിവസം ദിവ്യകാരുണ്യം വഴി ഈശോയെ ഹൃദയമാകുന്ന ഭവനത്തിൽ സ്വീകരിക്കട്ടെ. നമ്മുടെ ഹൃദയകവാടത്തിൽ നമുക്കു് ഒരു "Welcome" (സ്വാഗതം) എഴുതി ഒട്ടിക്കാം. മുൻകാലങ്ങളിൽ ഭവനത്തിന്റെ പ്രവേശനദ്വാരത്തിങ്കൽ "സ്വാഗതം" എന്നു് എഴുതപ്പെട്ടിരിക്കുന്ന ചകിരിമെത്ത വിരിക്കുന്ന പതിവുണ്ടായിരുന്നു. ഈ മെത്തയിൽ എഴുതപ്പെട്ടിരിക്കുന്ന അക്ഷരങ്ങൾ ആതിഥേയന്റെ ആത്മാർത്ഥമനസ്ഥിതിയെ വിളിച്ചറിയിക്കുന്നതല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ കുറേ അകലെയായി "അന്യർ അകത്തു പ്രവേശിക്കരുതു്" "പട്ടിയെ സൂക്ഷിച്ചുകൊള്ളണം." എന്നെഴുതി വയ്ക്കുകയും സാധാരണമായിരുന്നു. എന്നാൽ ഇതു വകവയ്ക്കാതെ അകത്തു കടന്നു മെത്തയിൽ രേഖപ്പെടുത്തിയിരിക്കുന്ന "Welcome" മാത്രം കണക്കാക്കി ഉള്ളിലേയ്ക്കു കടക്കുന്നവരുമുണ്ടു്. ഇപ്രകാരമുള്ള ഒരു ചകിരിമെത്തയാണോ നമ്മുടെ ഹൃദയത്തിന്റെ വാതിൽക്കൽ ഈശോയുടെ പ്രവേശനത്തിനു് ആഗമനകാലത്തിൽ സ്ഥാപിക്കേണ്ടതു്? അല്ല, അവിടുത്തേയ്ക്കു് സദാനേരവും ഹൃദയത്തിൽ പ്രവേശനം നൽകണം. എല്ലാ ഭവനത്തിന്റെയും വാതിലിന്റെ പുറമേ കൊളുത്തുണ്ടു്. ആ പൂട്ടു തുറന്നാൽ ചിലപ്പോൾ അകത്തു് പ്രവേശിക്കാം. എന്നാൽ നമ്മുടെ ഹൃദയമാകുന്ന ഭവനത്തിന്റെ വാതിലിനു് നാം അകത്തുനിന്നും "സാക്ഷാ" ഇട്ടിരിക്കയാണ്. ആ സാക്ഷായെടുത്താൽ മാത്രമേ ഈശോ അകത്തു പ്രവേശിക്കയുള്ളു. ഇല്ലായ്മയിൽനിന്നു നമ്മേ സൃഷ്ടിക്കാൻ അവിടുത്തേയ്ക്കു് കഴിയുമെങ്കിലും നമ്മുടെ അനുവാദം കൂടാതെ അവിടുന്നു അകത്തു പ്രവേശിക്കയില്ല.

പ്രാർത്ഥനയാലും തപശ്ചര്യകളാലും ആഗമനകാലം നാം പരിശുദ്ധമാക്കണം. ഇപ്രകാരം വിശുദ്ധീകരിക്കുന്നതിന്റെ ആവശ്യകതയെ സഭാമാതാവു് തന്റെ വിശുദ്ധ കർമ്മങ്ങളിലും വിശുദ്ധ ലിഖിതങ്ങളിലും തെളിവായി കാണിച്ചിട്ടുണ്ടു്. വിശ്വാസികളിൽ അനുതാപത്തിന്റെയും തപസ്സിന്റെയും വി

കാരങ്ങൾ ആഗമനകാലത്തിൽ ഉളവാക്കുവാൻ പഴയനിയമത്തിലെ പ്രവാചകന്മാരുടെ ഹൃദയസ്പൃക്കുകളായ പ്രാർത്ഥനകൾ ദിവ്യകർമ്മങ്ങളിൽ കൂട്ടിച്ചേർക്കുന്നു. പാട്ടുകളുടെ കുന്നാനന്ദകരമായ രാഗം മാററി സങ്കടം ഉളവാക്കുന്ന രീതി അനുകരിക്കുന്നു. പശ്ചാത്താപവികാരം പ്രകടിപ്പിക്കുവാനായി അൾത്താരയിൽ ഉപയോഗിക്കുന്ന വസ്ത്രങ്ങളും ദിവ്യബലിസമയം കാർമ്മികൻ ധരിക്കുന്ന തിരുവസ്ത്രങ്ങളും ധൂമ്രവർണ്ണമാക്കുന്നു. സാധാരണ ദിവസങ്ങളിൽ ലത്തീൻ കർബാനയുടെ അവസാനം കാർമ്മികൻ ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് "Ite Missa est" (കർബാന തീർന്നു, നിങ്ങൾക്ക് പോകാം) എന്നു പറയുന്നതിനു പകരം ആഗമനദിവസങ്ങളിലെ കർബാനയുടെ അവസാനം കാർമ്മികൻ അൾത്താരയിലേയ്ക്കു തിരിഞ്ഞുനിന്നുകൊണ്ട് "Benedicamus Domino" (നമുക്ക് ദൈവത്തെ സ്തുതിക്കാം) എന്നു പറയുന്നു. ആദിമ ക്രിസ്ത്യാനികൾ നോമ്പുകാലങ്ങളിൽ ദേവാലയത്തിലെ തിരുകർമ്മങ്ങൾ തീർന്നാലും അവിടെ കുറേ സമയംകൂടി പ്രാർത്ഥനാനിരതരായി കഴിഞ്ഞുകൂടിയിരുന്ന പതിവിനെയാണ് സഭാമാതാവ് ഈ പ്രത്യേക പ്രാർത്ഥനമൂലം അനുസ്മരിപ്പിക്കുന്നത്. അതിനാൽ ആഗമനകാലത്ത് കത്തോലിക്കാ കുടുംബാംഗങ്ങൾ ഭക്തിയോടും തീക്ഷ്ണതയോടുംകൂടെ പ്രാർത്ഥിക്കട്ടെ. രാവിലെയും സന്ധ്യയ്ക്കുമുള്ള പ്രാർത്ഥനകളിൽ അശ്രദ്ധ കാണിച്ചിട്ടുണ്ടെങ്കിൽ ഈ ആഗമനദിവസങ്ങളിലുള്ള പ്രാർത്ഥനകളിൽ കുറേക്കൂടി ഉണർവ്വും ശ്രദ്ധയും പ്രകടിപ്പിക്കാൻ ശ്രമിക്കട്ടെ.

ആഗമനകാലത്തെ തപശ്ചര്യകൾ ബാഹ്യമായിരിക്കുന്നതിനോടൊപ്പം ആന്തരികവുമായിരിക്കണം. ആദ്യമായി നമ്മുടെ ഹൃദയം ശുദ്ധമാക്കണം. ക്രമരഹിതമായ വിചാരങ്ങൾക്കൊന്നിനും അതിൽ സ്ഥാനം അനുവദിക്കരുത്. ആദ്യത്തെ ലോകമഹായുദ്ധത്തിനു മുമ്പ് പവനും ഷില്ലിങ്ങും ഇന്നത്തെപ്പോലെ കറൻസിരൂപത്തിൽ ഇല്ലായിരുന്നു. നാണയങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളു. ബാങ്കുകളിൽ വലിയ തുകകൾ എണ്ണിതിട്ടപ്പെടുത്തുന്നതിനും നാണയങ്ങൾ നല്ലതോ ചീത്തയോ എന്നു പരിശോധിക്കുന്നതിനും ഒരു പ്രത്യേകതരം യന്ത്രം ഉണ്ടായിരുന്നു. കണ്ണാടിക്കുഴലിന്മേൽ ഇഞ്ചുകൾ അടയാളപ്പെടുത്തി യന്ത്രത്തിൽ ഘടിപ്പിച്ചിരുന്നു. ഇത്ര ഇഞ്ചിനുള്ളിൽ ഇത്ര നാണ

യങ്ങൾ കൊള്ളുമെന്നു് അവക്കു് അറിയാമായിരുന്നതിനാൽ കുഴലിന്റെ അളവനുസരിച്ചാണു് നാണയത്തിന്റെ എണ്ണം നിശ്ചയിച്ചിരുന്നതു്. അപ്രകാരംതന്നെ നാണയങ്ങൾ വേറൊരു കുഴലിലേക്കു് വീഴുമ്പോൾ അവിടെയുള്ള ഒരു പ്രത്യേകതരം കമ്പിയുടെ തിരിച്ചിൽകൊണ്ടു് നല്ല നാണയങ്ങളെല്ലാം യന്ത്രത്തിനകത്തുള്ള ഒരു പെട്ടിയിൽ സൂക്ഷിക്കപ്പെടുകയും ചീത്ത നാണയങ്ങളെല്ലാം ആ കമ്പി അടിച്ചു ദൂരത്തെറിയുകയും ചെയ്യുമായിരുന്നു. ഈ യന്ത്രം നമ്മുടെ മനസ്സിനു സദൃശമാണു്. യന്ത്രത്തിൽ നാണയമെന്നപോലെ മനസ്സിൽകൂടി തുടരെത്തുടരെ വിചാരങ്ങൾ പാഞ്ഞുകൊണ്ടിരിക്കുന്നു. യന്ത്രത്തിലെ നാണയങ്ങൾപോലെ, ഈ വിചാരങ്ങൾ നല്ലതോ ചീത്തയോ, ശരിയോ തെറ്റോ ആയിരിക്കാം. ചീത്ത നാണയങ്ങൾ നാണയപരിശോധക യന്ത്രത്തിൽ വീഴുമ്പോൾ, അവ ചീത്തയാകാനുള്ള കാരണമെന്തു്, നന്നാകാനുള്ള വഴികൾ ഏവ, എന്നിവയെപ്പറ്റി യാതൊന്നും ചിന്തിക്കാതെ ആ യന്ത്രം അവയെ ദൂരത്തെറിയുന്നു. ഇപ്രകാരംതന്നെ ഈ ആഗമനദിവസങ്ങളിൽ നമ്മുടെ ഹൃദയത്തിൽ ദുഷ്ടവിചാരങ്ങൾ കയറിപ്പററുവാൻ ശ്രമിച്ചാൽ അവയെ ദൈവവിചാരമാകുന്ന കമ്പികൊണ്ടു് അടിച്ചകററുന്നതിനു ശ്രമിക്കാം.

പ്രാർത്ഥനയ്ക്കും തപസ്സിനും നാം നൽകുന്ന പ്രാധാന്യം തന്നെ പരസ്നേഹപ്രവൃത്തികൾക്കും ആഗമനദിവസങ്ങളിൽ നൽകേണ്ടിയിരിക്കുന്നു. ക്രിസ്തുനാഥൻ ദരിദ്രനായി ജനിച്ചു. മുപ്പത്തിമൂന്നു വത്സരം ദാരിദ്ര്യത്തിലും അരിഷ്ടതയിലും ജീവിച്ചു. കുരിശിന്മേൽ മരിച്ചു. നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനും പാപികളായ നമ്മെ ദൈവത്തോടു് രമ്യതപ്പെടുത്തുന്നതിനുമത്രേ ഇവയെല്ലാം അവിടുന്നു സഹിച്ചതു്. അവിടുത്തെ സ്നേഹവും കരുണയും എന്തുകൊണ്ടു് പരസ്നേഹപ്രവൃത്തികൾക്കു് നമ്മെ പ്രേരിപ്പിക്കുന്നില്ല? സാധുക്കളോടും അഗതികളോടും നാം ദയയുള്ളവരാണെങ്കിൽ അവിടുന്നു നമ്മോടും കരുണ കാണിക്കും. ഇതിനാലത്രേ മുഖ്യദൂതനായ റാഫേൽ, തോബിയാസിനോടിപ്രകാരം പറഞ്ഞതു്. "ഉപവാസവും ദാനവും ചേർന്ന പ്രാർത്ഥന ധനസമ്പാദനത്തേക്കാൾ ശ്രേഷ്ഠമാണു്. എന്തുകൊണ്ടെന്നാൽ ഇവ നമ്മെ ആത്മീയമരണത്തിൽ നിന്നു രക്ഷിക്ക

യും നമുക്കു പാപമോചനം പ്രദാനം ചെയ്യുകയും സ്വർഗ്ഗപ്രാപ്തിക്ക് നമ്മെ യോഗ്യരാക്കുകയും ചെയ്യും."

## 7. ദിവ്യകാരുണ്യം

"എല്ലാ അംഗങ്ങളും കൂടെക്കൂടെ പരിശുദ്ധ കർബ്ബാന സ്വീകരിക്കുന്ന കുടുംബം അനുഗൃഹീതമാകുന്നു. കാരണം അതു് യഥാർത്ഥത്തിൽ ഭൂമിയിലെ സ്വർഗ്ഗമാണു്." (M. S. H.)

സ്വാഭാവികമായി പരിശുദ്ധ കർബ്ബാന ക്രിസ്തീയ കുടുംബവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ദിവ്യകാരുണ്യനാഥൻ പിള്ളത്തൊട്ടിലിലെ വാസം മുതൽ 33-ാമത്തെ തിരുവയസ്സുവരെയും കുടുംബത്തിലാണു് കഴിഞ്ഞുകൂടിയതു്. അന്നുമുതൽ ദിവ്യകാരുണ്യം ക്രിസ്തീയ കുടുംബങ്ങൾക്കു് അനുഗ്രഹത്തിന്റെ വറ്റാത്ത ഉറവയായിത്തീർന്നിട്ടുണ്ടു്. നിർമ്മലനായ ബാലൻ ഈ അമൂല്യഭക്ഷണം "ആദ്യകർബ്ബാന കൈക്കൊള്ളൽ" വഴി സ്വീകരിക്കുമ്പോഴും മാതാപിതാക്കന്മാർ തൃപ്പാഥേയമായി കൈക്കൊള്ളുമ്പോഴും നിരവധി അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നു സ്വീകരിക്കുന്നു. ദൈവത്തെ മറന്നും കടമകൾ ശരിയായി നിർവ്വഹിക്കാതെയും നടക്കുന്ന മാതാപിതാക്കന്മാർ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിൽ ലഭിച്ച അനുഗ്രഹംമൂലം അവർ തമ്മിലും, പ്രത്യേകിച്ചു ദൈവത്തോടും രമ്യപ്പെടുന്നു. അപ്രകാരംതന്നെ തൃപ്പാഥേയം സ്വീകരിക്കുന്ന മാതാപിതാക്കന്മാരുടെ ഭക്തിയും തീക്ഷ്ണതയും സന്മാർഗ്ഗഭ്രംശം ഭവിച്ച മക്കൾക്കു നല്ല വഴി തെളിച്ചിട്ടുണ്ടു്. മാതാപിതാക്കളും മക്കളും ഭവനത്തിലെ മേശയ്ക്കു ചുറ്റും ഒരേ മനസ്സോടും സംതൃപ്തിയോടുംകൂടെ ഭക്ഷണത്തിനിരിക്കുന്നതുപോലെ ദിവ്യകാരുണ്യ സ്വീകരണത്തിനു് അവർ ദേവാലയത്തിലെ അഴിക്കാലുങ്കൽ മുട്ടുകുത്തുമ്പോൾ അവരിൽ യോജിപ്പും ഐക്യവുമുണ്ടാകുന്നു. കാന്തത്തിനു സമീപം ഇരുമ്പു സ്ഥിതിചെയ്യുന്നുവെങ്കിൽ ആ ഇരുമ്പു് കാന്തത്തിലേയ്ക്കു് ആകർഷിക്കപ്പെടുന്നു. എന്നാൽ ഇപ്രകാരമുള്ള ആകർഷണമുണ്ടാകാതിരിക്കുന്നതിനു പ്രകൃതിശാസ്ത്രജ്ഞന്മാർ ഒരു പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ടെന്നു

കേൾക്കുന്നു. അതായതു് ആട്ടിൻരക്തം ഈ രണ്ടു ലോഹങ്ങളുടെയും ഇടയ്ക്കു വയ്ക്കുന്നതായാൽ ആകർഷണമുണ്ടാകയില്ലെന്നു്. ഇതുപോലെതന്നെ ലോകവ്യാമോഹങ്ങളും ജഡികാഭിലാഷങ്ങളുമാകുന്ന ഇരുമ്പുകഷണം ശരീരമാകുന്ന കാന്തത്തിലേയ്ക്കു എപ്പോഴും ആകർഷിക്കപ്പെടുന്നു, ഈ ആകർഷണംമൂലം ശരീരത്തിനു ക്ഷീണവും ആത്മാവിനു മരണവും ഭവിക്കുന്നു. ഈ ആത്മനാശത്തിനു് ഒരു പ്രതിവിധി ദിവ്യരക്ഷകൻതന്നെ പ്രദാനം ചെയ്തിട്ടുണ്ടു്. അതേ, അവിടുത്തെ തിരുരക്തം, ദിവ്യകുഞ്ഞാടിൻെറ രക്തം, നമ്മുടെ ആത്മാവിൻെറയും, ജഡികാസക്തികളുടെ ഇരിപ്പിടമാകുന്ന ശരീരത്തിൻെറയും ഇടയ്ക്കു് ദിവ്യകാരുണ്യസ്വീകരണംവഴി വയ്ക്കുകയെന്നതത്രേ. മാതാപിതാക്കന്മാരുടെ ദിവ്യകാരുണ്യസ്വീകരണം കുട്ടികളുടെ സ്വഭാവരൂപവത്ക്കരണത്തിലും വളർത്തലിലും വലുതായ സ്വാധീനശക്തി ചെലുത്തുന്നു. സാംസൻ ഗർഭസ്ഥിതനായിരുന്നപ്പോൾ അവൻെറ അമ്മ യാതൊരു വിധത്തിലുള്ള ലഹരിസാധനങ്ങളും ഉപയോഗിക്കാതിരിക്കുന്നതിനു ദൈവദൂതൻ പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. കാരണം അവൾ വഹിച്ചിരുന്ന ശിശു ദൈവത്താൽ അനുഗ്രഹിക്കപ്പെടേണ്ടവനായിരുന്നു. അപ്രകാരമെങ്കിൽ സാധാരണ മാതാക്കൾ ദിവ്യകാരുണ്യം സ്വീകരിക്കുമ്പോൾ അവരുടെ ഹൃദയത്തിനു സമീപേ ഗർഭത്തിൽ സ്ഥിതിചെയ്യുന്ന ശിശുവിനു് എത്രമാത്രം അനുഗ്രഹം ആ അനുഗ്രഹദായകൻ പ്രദാനം ചെയ്യും? പാസിയിലെ മേരി മഗ്ദലേനാ ബാലികയായിരുന്നപ്പോൾ ദിവ്യകാരുണ്യസ്വീകരണാനന്തരം വീട്ടിൽ തിരിച്ചെത്തിയ മാതാവിനോടു ചേർന്നിരുന്നുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "പ്രിയ അമ്മേ, അമ്മയോടു ഞാൻ തൊട്ടിരുന്നുകൊള്ളട്ടെയോ, ആ പ്രവൃത്തിമൂലം ഞാൻ ഈശോയോടു കൂടുതൽ ചേർന്നിരിക്കും." എന്നാൽ ആധുനികകാലത്തു് ദിവ്യകാരുണ്യസ്വീകരണവും കഴിഞ്ഞു വീട്ടിലേയ്ക്കു മടങ്ങുന്ന മാതാവിനെ സമീപിക്കുന്നതിനുപോലും മക്കൾ തുനിയുന്നില്ല. ഇതിനു കാരണം എന്തെന്നു് ഓരോ മാതാവും മനസ്സിലാക്കട്ടെ. ദിവ്യകാരുണ്യസ്വീകരണസമയം ദുഃഖിതനു ആശ്വാസവും, നിരാശനു ധൈര്യവും, സമാധാനചിത്തനു കൂടുതൽ സമാധാനവും ലഭിക്കുന്നു. ഇപ്രകാരമെങ്കിൽ തങ്ങളുടെ പുത്രനായ വൈദികനിൽനിന്നും ദിവ്യകാരുണ്യം സ്വീകരിക്കുന്ന മാതാ

പിതാക്കന്മാർക്ക് എത്രമാത്രം സന്തോഷവും സംതൃപ്തിയും ലഭിക്കുമെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. ആ വൈദികൻ ജനിച്ചതുമുതൽ ബാല്യകാലംവരെയും തന്റെ ശരീരസംരക്ഷണത്തിന്ന് ഭക്ഷണമായി അമ്മയുടെ മുലപ്പാൽ ഉപയോഗിച്ചു. എന്നാൽ അമ്മയുടെ ആത്മസംരക്ഷണത്തിനു ദിവ്യനാഥനെ ദിവ്യകാരുണ്യം വഴി മകൻ നൽകുക അദ്ദേഹത്തിന്റെ കർത്തവ്യമല്ലേ? അപ്രകാരംതന്നെ മകന്റെ ജനനം മുതൽ ബാല്യം, കൌമാരം, യൗവ്വനം എന്നീ ദശകൾവരെ അവന്റെ ശാരീരികവളർച്ചയ്ക്ക് വേണ്ടി ഭക്ഷണം നൽകുന്നതിന്ന് ഒരു പിതാവ് അദ്ധ്വാനിക്കുന്നു. അപ്പോൾ ആ പിതാവിന്റെ ആത്മീയവളർച്ചയ്ക്കുവേണ്ടി വൈദികനായ പുത്രൻ ദിവ്യകാരുണ്യം നൽകുന്നതു് അദ്ദേഹത്തിന്റെ കടമകളിൽ ഉൾപ്പെടുന്നതല്ലേ? ലോകത്തിലേയ്ക്കു പിറന്നതിനുശേഷം സൂതികർമ്മിണി ശിശുവിനെ അതിന്റെ പിതാവിന്റെ പക്കലേയ്ക്കു കൊണ്ടുവരുന്നു. നശ്വരമായ ലോകസുഖങ്ങളുടെ രുചി മനസ്സിലാക്കിക്കൊടുക്കുന്നതിനും അതിന്റെ ക്ഷണഭംഗുരത്വം ലോകത്തെ വിളിച്ചറിയിക്കുന്നതിനുംവേണ്ടി പിതാവു ശിശുവിന്റെ നാവിൽ പൊന്നും തേനും തൊട്ടുപുരട്ടുന്നു. അപ്പോൾ, ഈ പിതാവ് ലോകത്തോടു യാത്ര പറയുന്ന അവസരം സ്വർഗ്ഗസുഖത്തിന്റെ അനശ്വരതയേയും നിത്യത്വത്തേയും വിളിച്ചറിയിക്കുന്ന തൃപ്പാഥേയമാകുന്ന പൊന്നും തേനും പുത്രനായ വൈദികൻ തന്റെ പിതാവിന്റെ നാവിൽ വയ്ക്കുമ്പോൾ ആ പിതാവിനുണ്ടാകുന്ന സന്തോഷവും ചാരിതാർത്ഥ്യവും എത്രമാത്രമായിരിക്കുമെന്ന് രേഖപ്പെടുത്തുവാൻ ഈ ഗ്രന്ഥകർത്താവിന്റെ തൂലികയ്ക്കു് സാധിക്കുകയില്ല. മരണാസന്നനായിക്കിടക്കുന്ന പിതാവിന്റെ ഉണങ്ങി വരണ്ട നാവിൽ ഒരു പ്ലാവില കഞ്ഞിവെള്ളം ഒഴിക്കുന്ന അത്മേയപുത്രനും സ്വപിതാവിന്റെ ഹൃദയം കുളുർപ്പിക്കുന്നുണ്ടെന്നുള്ള വസ്തുത സ്മരണീയമത്രേ.

ഇത്ര മാഹാത്മ്യമേറിയ ദിവ്യകാരുണ്യസ്വീകരണത്തിനു വിശ്വാസികൾ എപ്രകാരം ഒരുങ്ങണമെന്നുള്ളതാണ് ഇതിനു പരിചിന്തിക്കേണ്ടതു്. ദിവ്യകാരുണ്യസ്വീകരണത്തിനു വിശ്വാസികൾ ദേവാലയത്തിൽ രണ്ടു വരികളിലായി മുട്ടുകുത്തുകയെന്നതു് വളരെ നല്ലതുതന്നെ. എന്നാൽ ഈപ്രകാരമുള്ള ഭക്ത

കൃത്യത്തിൽ ഇടയിട്ട മുട്ടുകത്തുന്നവരുമുണ്ട്. ഇപ്പോൾ വി. ചെറുപുഷ്പത്തിൻെറ ബാല്യകാലത്തെ ഒരു സംഭവം ഓമ്മയിൽ വരുന്നു. ചെറുപുഷ്പത്തിൻെറ പിതാവു് ഒരു ചുംബനം സ്വീകരിക്കുന്നതിനു കൊച്ചുറാണിയെ വിളിച്ചു. "സാധിക്കയില്ല. അപ്പച്ചനു് ഉമ്മ വേണമെങ്കിൽ ഇങ്ങോട്ടു വരണം" എന്നു പറഞ്ഞു് പുഞ്ചിരി തൂകി അവൾ നടന്നുതുടങ്ങി. കുറേ നടന്നപ്പോൾ പിതാവിനെ വേദനപ്പെടുത്തിയതിൽ സങ്കടം തോന്നി കണ്ണുനീർ വീഴ്ത്തിക്കൊണ്ടു് തിരികെ വന്നു് ആയിരം ചുംബനങ്ങൾ പിതാവിനു നൽകി. ഇതുപോലെ തോന്നും ചിലർ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു മുട്ടുകത്തി നില്ക്കുന്നതു കണ്ടാൽ. അതേ, ഈശോ തങ്ങളുടെ പക്കലേയ്ക്കു വരട്ടെ എന്നു് അവർ പറയുന്നതുപോലെ. സീയന്നായിലെ വി. കത്രീനായുടെ വാക്കുകളിൽ പറഞ്ഞാൽ "പാവപ്പെട്ട ഈശോ" വൈദികൻെറ കരങ്ങളിൽ ഇരുന്നുകൊണ്ടു് അവിടത്തെ സ്വീകരിക്കുന്നതിനു വത്സലമക്കളെ മാടിവിളിക്കുന്നു. എന്നാൽ അവരുടെ അശ്രദ്ധയും വിനയരാഹിത്യവും മൂലം വൈദികൻെറ കരങ്ങളിൽ മക്കളെ പ്രതീക്ഷിച്ചു് അവിടുന്നു വളരെ സമയം ഇരിക്കേണ്ടിവരുന്നു.

ദിവ്യകാരുണ്യനാഥൻ നമ്മുടെ അധരങ്ങളിൽ മുട്ടുമ്പോൾ നാമൊന്നു വിചാരിക്കണം ആ അധരങ്ങൾ ഏതെല്ലാം വിധത്തിലുള്ള പാപങ്ങൾക്കു കാരണമായിട്ടുണ്ടെന്നു്. ആ തിരുശ്ശരീരം നമ്മുടെ നാവിൽ വിശ്രമിക്കുമ്പോൾ നാമൊന്നു് ചിന്തിക്കണം ഏതെല്ലാം വ്യർത്ഥഭാഷണത്തിനും പരദൂഷണത്തിനും അതു ഹേതുവായിത്തീർന്നിട്ടുണ്ടെന്നു്. ദിവ്യബലി അർപ്പിച്ച വൈദികൻ പതിനഞ്ചു മിനിട്ടു സമയമെങ്കിലും ഉപകാരസ്മരണ നടത്തേണ്ടതു് എത്രമാത്രം അത്യാവശ്യമാണോ അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണു് ദിവ്യകാരുണ്യസ്വീകരണാനന്തരം വിശ്വാസികൾ നടത്തേണ്ട ഉപകാരസ്മരണയും. ദൈവത്തോടു് അഭിമുഖസംഭാഷണം നടത്തിയ മോശയുടെ മുഖം ദിവ്യപ്രകാശത്താൽ മൂടപ്പെട്ടുവെങ്കിൽ ദിവ്യകാരുണ്യസ്വീകരണാനന്തരം ദേവാലയത്തിൽനിന്നു് ഇറങ്ങിവരുന്ന ഒരാളിൻെറ ഹൃദയം ദിവ്യസ്നേഹമാകുന്ന പ്രകാശത്താൽ ശോഭിക്കുമെന്നുള്ളതിനു സംശയമില്ല. നഗരങ്ങളിലും വഴികളിലുംകൂടി തൃപ്പാഥേയമായി ഈശോ എഴുന്നള്ളുമ്പോൾ മുട്ടുമടക്കുന്ന

തിന്നെങ്കിലും സമ്മതം പ്രകടിപ്പിക്കാത്തവരും ഇല്ലേ? പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി രക്ഷകനെ മററുള്ളവരുടെ മുമ്പിൽ നിരാകരിക്കുവാൻ പ്രേരിപ്പിക്കുന്ന മനുഷ്യപ്രീതി അഥവാ ലോകപ്രശംസ ആയിരിക്കാം ഇതിനു കാരണം. ഒൻപതാം പീയൂസ് മാർപ്പാപ്പാ രാജകീയാതിഥികളോടുകൂടി ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ അൾത്താരയുടേയും അവരുടേയും ഇടയിക്കൂടി ഒരാൾ അൾത്താരയ്ക്കു് മുട്ടുമടക്കാതെ കടന്നുപോയി. അവർ പുറത്തിറങ്ങിയപ്പോൾ പരിശുദ്ധ പിതാവു് പറഞ്ഞു, "ഒന്നുകിൽ അയാൾ ഒരു ദേവാലയശുശ്രൂഷി അഥവാ ഒരു അജ്ഞാനി ആയിരിക്കണം.''

അക്രൈസ്തവരേയും അതുപോലെ അകത്തോലിക്കാസഹോദരങ്ങളേയും അമ്പരപ്പിക്കുന്ന, വിസ്മയഭരിതരാക്കുന്ന, മൂന്നു സനാതനസത്യങ്ങൾ കത്തോലിക്കാസഭയിൽ യാതൊരു വാട്ടവും കോട്ടവും ഭവിക്കാതെ നിലനിന്നു പോരുന്നു. സഭയുടെ കാണപ്പെട്ട തലവനായ പരി. പാപ്പായ്ക്കു് എല്ലാ വിശ്വാസികളും കീഴ്‌വഴങ്ങുക, കുമ്പസാരരഹസ്യം പരസ്യമാക്കാതിരിക്കുക, വൈദികർ ബ്രഹ്മചര്യം കാക്കുക എന്നിവയത്രേ അവ. ഇവയെല്ലാം ഇത്ര ക്രമമായി പരിപാലിക്കുന്നതിൻെറ കാരണം വിശ്വാസികളുടെയും വൈദികരുടെയും ദിവ്യകാരുണ്യസ്വീകരണം മാത്രമാണു്. കുറേനാൾ മുമ്പു് പേരും പെരുമയും സമ്പാദിച്ചിട്ടുള്ള കുറേ ഹിന്ദുസഹോദരങ്ങൾ, വടക്കേ ഇൻഡ്യയിൽ ഈശോസഭാവൈദികർ നടത്തുന്ന ഒരു സെമിനാരി സന്ദർശിച്ചു. റെക്ടർ കെട്ടിടത്തിൻെറ എല്ലാ ഭാഗങ്ങളും അവരെ കാണിച്ചുകൊണ്ടു നടക്കവേ, അവരിൽ ഒരാൾ "ഇവിടെ സ്ത്രീകൾ താമസമില്ലേ? കത്തനാരന്മാർ വിവാഹിതരല്ലേ?" എന്നു സഗൗരവം ചോദിച്ചു. അതിനുത്തരമായി റെക്ടർ പറഞ്ഞു: "ഞങ്ങൾ, കത്തോലിക്കാവൈദികർ വിവാഹം കഴിക്കയില്ല. ഞങ്ങൾ ബ്രഹ്മചര്യം പാലിക്കുന്നവരാണു്.'' "എന്താണീ പറയുന്നതു്! മനുഷ്യർക്കു് ഇതു സാദ്ധ്യമോ? എന്നാൽ ഇതിനു പ്രതിവിധിയായി നിങ്ങൾ എന്തെങ്കിലും ഔഷധം ഉപയോഗിക്കുന്നുണ്ടാവാം" എന്നു ഹിന്ദുസഹോദരന്മാർ പ്രതിവചിച്ചു. "താങ്കളുടെ അഭിപ്രായത്തിലെ അവസാനഭാഗത്തോടു ഞാൻ യോജിക്കുന്നു. ഞങ്ങൾ ദിനംപ്രതി ഔഷധം ഉപയോഗിക്കുന്നുണ്ടു്. അതു നിങ്ങൾക്കു കാണിച്ചുതരാം'' എന്നു പറഞ്ഞു

കൊണ്ടു് റെക്ടറച്ചൻ ഹിന്ദുസഹോദരങ്ങളെ സെമ്മിനാരിക്ക പ്പേളയിലേയ്ക്കു കൊണ്ടുപോയി. സക്രാരിയെ ചൂണ്ടിക്കാണിച്ചു കൊണ്ടു പറഞ്ഞു: "ആ പെട്ടിയിൽ ആണു് ഞങ്ങൾ ഉപ യോഗിക്കുന്ന ഔഷധം സൂക്ഷിക്കുന്നതു്. ആ ദിവ്യ ഔഷധമാ ണു് ബ്രഹ്മചാരികളായി ജീവിക്കാൻ ഞങ്ങൾക്കു് ശക്തിയും ഉത്തേജനവും നൽകുന്നതു്." ഹിന്ദുസഹോദരന്മാക്കു് കാര്യമെ ല്ലാം മനസ്സിലായി. വേറേ വിഷയത്തിലേയ്ക്കു് അവർ പ്രവേശി ച്ചു. വൈവാഹികജീവിതം നയിക്കുന്നവരും അല്ലാത്തവരുമാ യ കുടുംബാംഗങ്ങൾ പൈശാചിക പ്രലോഭനങ്ങൾക്കു വിധേ യരാകാതിരിപ്പാൻ ഈ ദിവ്യൗഷധം കൂടെക്കൂടെ സേവിക്കട്ടെ!

## 8. ആ അമൂല്യമാല്യം

"ഏതൊരു ഭവനത്തിൽ ദിവസവും കൊന്തനമസ്കാരം നടത്തു ന്നുവോ അവിടെ കുടുംബജീവിതത്തിന്റെ വിജയം സുനിശ്ചി തമത്രേ." (പന്ത്രണ്ടാം പീയൂസ് പാപ്പാ.)

കൊന്തനമസ്കാരത്തിലും ദേവാലയത്തിലെ ഇതര ദി വ്യകർമ്മങ്ങളിലും പങ്കുകൊണ്ടു് നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തോടു കൂടുതൽ സമീപിച്ചിരിക്കുന്ന കത്തോ ലിക്കാ വിശ്വാസികൾക്കു്, പ്രാർത്ഥനയിൽ കൂടുതൽ ഉണർവ്വുണ്ടാ കുന്നതിനും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെ പ്രാർത്ഥന വഴി സഹായിക്കുന്നതിനു് വിശ്വാസികൾക്കു പ്രേരണയും പ്ര ചോദനവും നൽകുന്നതിനും ഈ അദ്ധ്യായം ഉപകരിക്കുമെന്നു വിശ്വസിക്കുന്നു. മാതൃകാപരമായ ജീവിതം കഴിച്ചു് ഈ ലോ കത്തോടു് മരണംമൂലം എന്നെന്നേയ്ക്കുമായി യാത്രപറയുന്ന ഭാ ര്യാഭർത്താക്കന്മാരുടെയും സകലവിധ ഭൗമികസന്തോഷങ്ങളും പരിത്യജിച്ചു് നാലു ഭിത്തികൾക്കുള്ളിൽ അജ്ഞാതജീവിതം നയിച്ചു് പ്രാർത്ഥനാനിരതയായി കഴിഞ്ഞുകൂടി മോക്ഷപ്രവേശ നത്തിനു ഒരുങ്ങിയിരിക്കുന്ന കന്യാസ്ത്രീയുടേയും, മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുകയും അവിടുത്തെ തിരുശ്ശ രീരവും തിരുരക്തവും ദിനംതോറും ഭക്ഷിക്കയും പാനം ചെ യ്യുകയും ചെയ്യുന്ന വൈദികന്റെയും ശവസംസ്കാരത്തോടു്

അനുബന്ധിച്ചുള്ള ചരമപ്രസംഗത്തിൽ, മേൽപറഞ്ഞവരുടെ നാനാവിധത്തിലുള്ള ഗുണവിശേഷങ്ങളെയും വ്യക്തിമാഹാത്മ്യത്തെയും മോക്ഷപ്രാപ്തിക്കുള്ള യോഗ്യതയേയുംപററി ഹൃദയഭേദകമായ രീതിയിൽ പ്രതിപാദിച്ചതിനുശേഷം ചരമപ്രസംഗകനായ വൈദികൻ അവസാനഭാഗത്തിൽ, "എങ്കിലും മനുഷ്യസഹജമായ തെററുകൾക്ക് ഇയാളും വിധേയനായിരിക്കാം. ആകയാൽ നിങ്ങളുടെ വിലയേറിയ പ്രാത്ഥനകളിൽ ഇയാളിനേയും സ്മരിക്കണമേ" എന്നഭ്യത്ഥിക്കുന്നു. ഇവിടെയാണ് മരണകവാടത്തിൽ എത്തിച്ചേരുന്ന മനുഷ്യൻെറ ശവകുടീരത്തെ സമീപിക്കുന്ന മനുഷ്യശരീരത്തിൻെറ കഴിവില്ലായ്മ സ്ഫടികസ്ഫുടം തെളിഞ്ഞുകാണുന്നതു്. ഈ അവസരത്തിലാണ് കൊന്തനമസ്കാരത്തിൻെറ ഉപയോഗവും അതുവഴി മരിച്ചവരെ സഹായിക്കുന്നതിനുള്ള ആവശ്യകതയും കത്തോലിക്കാവിശ്വാസികൾ മനസ്സിലാക്കേണ്ടതു്.

കൊന്തനമസ്കാരം അഥവാ കുടുംബപ്രാത്ഥന ഒരു വ്യക്തിയുടെ പ്രാത്ഥന മാത്രമല്ല, പ്രത്യുത, കുടുംബാംഗങ്ങൾ എല്ലാവരും ഒരു ഹൃദയത്തോടും ശരണത്തോടുംകൂടി ദൈവകൃപ യാചിച്ചുകൊണ്ടു് അപേക്ഷിക്കുന്നതത്രേ. ഭവനം ഒരു മനുഷ്യൻെറ ആദ്യത്തെ വിദ്യാലയവും ദേവാലയവുമാകുന്നു. വലിയ ജനക്കൂട്ടം ദേവാലയത്തിൽ ആരാധിക്കുന്നതുപോലെ കുറച്ചു അംഗങ്ങൾ മാത്രം ചേൎന്നു ദൈവത്തെ സ്തുതിക്കുന്ന ദേവാലയമത്രേ ഭവനം. ഈ ചെറു ഭക്തസദസ്സിൽ മാതാപിതാക്കന്മാർ മക്കൾക്കും, മക്കൾ മാതാപിതാക്കന്മാൎക്കും, ഭാൎയ്യ ഭൎത്താവിനും, ഭൎത്താവു ഭാൎയ്യക്കുംവേണ്ടി പ്രാത്ഥിക്കുന്നു. ഒരു കുടുംബത്തിൽ ആവശ്യങ്ങൾ പൊതുവായിരിക്കുന്നതുപോലെ പ്രാത്ഥനയും പൊതുവായിരിക്കണം. വത്സലമക്കളാൽ ചുററപ്പെട്ട മാതാപിതാക്കന്മാർ ഭവനത്തിലെ ക്രൂശുരൂപത്തിൻമുമ്പാകെ നമ്റശിരസ്കരായി, പ്രാത്ഥനാനിരതരായി, മുട്ടിന്മേൽ നിന്നുകൊണ്ടു് ചെലവഴിക്കുന്ന ആ വിനാഴികകളെക്കാൾ സുഖപ്രദമായ ഒരവസരം ഭൂമിയിൽ ലഭ്യമാണോ? ഈ പ്രവൃത്തിയാണു് ഭവനത്തെ സാൎഗ്ഗസമാനമാക്കുന്നതു്. ഈ ചെറുസദസ്സിനു ചുററും ദൈവം മാലാഖാമാരോടുകൂടി സന്നിഹിതനാകുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു പറഞ്ഞിട്ടുണ്ടു്: "എൻെറ നാമത്തിൽ രണ്ടോ അതിലധികമോ ആളുകൾ എവിടെ സമ്മേളിക്കുന്നുവോ അവ

ളുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും" എന്ന്. കൊന്തനമസ്കാരത്തിനു കുടുംബജീവിതത്തെ മധുരതമമാക്കാവുന്നതുപോലെ വേറേ യാതൊന്നിനും സാദ്ധ്യമല്ല. ഇതു് വിചാരങ്ങളെ പരിശുദ്ധമാക്കുന്നു. കോപത്തെ ഇല്ലാതാക്കുന്നു. ദൈവത്തപ്രസാദത്തിങ്കലേയ്ക്കു ഒന്നിച്ചു തിരിഞ്ഞിരിക്കുന്ന ഹൃദയങ്ങളിൽ എതിരഭിപ്രായങ്ങൾ ഉണ്ടാകുക അസംഭവ്യമാണു്. തദ്വാരാ ഹൃദയസമാധാനം ഉദയം ചെയ്യുന്നു. ഇതിനാലത്രേ ഒൻപതാം പീയൂസ് തിരുമേനി പറഞ്ഞതു്: "നിങ്ങളുടെ രാജ്യത്തിലും ഭവനത്തിലും ഹൃദയത്തിലും സമാധാനം വസിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാ സന്ധ്യാസമയത്തും കൊന്തനമസ്കാരം ചൊല്ലുന്നതിന് ഒരുമിച്ചുകൂടുവിൻ" എന്ന്.

പുരാതന പുറജാതികൾ തങ്ങളുടെ ഭവനം ദേവാലയമായും ഉപയോഗിച്ചിരുന്നു. യോജിപ്പിലും ഐക്യത്തിലും എല്ലാദിവസവും പ്രാർത്ഥന കുടുംബത്തിൽ ഇവർ നടത്തിയിരുന്നു. ക്രിസ്തീയഭവനങ്ങളും ഇപ്രകാരമാകേണ്ടതല്ലയോ? ആധുനികകാലത്തു് വിശ്വാസസംരക്ഷണത്തിനും സഭയുടെ ഭദ്രതയ്ക്കും മറ്റുള്ള കാലങ്ങളെ അപേക്ഷിച്ചു പ്രാർത്ഥന കൂടുതൽ ആവശ്യമാണു്. മതമർദ്ദനത്തിന് വിധേയമായ രാജ്യത്തു ഇപ്പോഴും കത്തോലിക്കാസഭ ഭാസുരമായി നിലകൊള്ളുന്നതിൻെറ കാരണം പ്രാർത്ഥനാനിരതരായി കഴിഞ്ഞുകൂടുന്ന കത്തോലിക്കാകുടുംബങ്ങൾ അവിടെയുള്ളതാണു്. മരണഭീതിയും വിഷമഘട്ടങ്ങളും ഭവനത്തിലുണ്ടാകുമ്പോൾ ഇപ്രകാരമുള്ള പ്രാർത്ഥനയല്ലയോ ആശ്വാസവും സമാധാനവും നൽകുന്നതു്. നമ്മുടെ കുരിശുകളും വ്യഥകളും ഭാരമേറിയവയാണെങ്കിൽ അവയെ ഇല്ലാതാക്കുവാൻ കുടുംബപ്രാർത്ഥനയ്ക്കു കഴിയും. സന്തോഷത്തിലും സൗഭാഗ്യത്തിലും കഴിഞ്ഞുകൂടുന്നുവെങ്കിൽ കൂടുതൽ സന്തോഷവും സൗഭാഗ്യവും പ്രദാനം ചെയ്യാൻ ഇതിനു സാദ്ധ്യതയുണ്ടു്. അപകടസന്ധിയിലാണു നാം ചരിക്കുന്നതെങ്കിൽ നമ്മുടെ വലത്തുഭാഗത്തു് ഒരു മാലാഖായെ നിറുത്തുന്നതിന് പ്രാർത്ഥനയ്ക്കു ശക്തിയുണ്ടു്.

നമ്മുടെ ജീവിതത്തിൽ ഇത്രമാത്രം അത്യാവശ്യമായിരിക്കുന്ന കുടുംബപ്രാർത്ഥന നടത്തേണ്ടതു എപ്രകാരമാണ് എന്നത്രേ ഇതിനുപരി ചിന്തിക്കേണ്ടതു്. ഈശ്വരസ്തോത്രങ്ങൾ എഴുതി, കറങ്ങുന്ന ഒരു ചക്രത്തിന്മേൽ വച്ചു് കറക്കിയാൽ അ

ചക്രം എത്ര പ്രാവശ്യം തിരിയുമോ അത്രയും പ്രാവശ്യം ആ കടലാസ് ചക്രത്തിന്മേൽവച്ച മനുഷ്യൻ പ്രാൎത്ഥിച്ചതായി ടിബററിലെ ജനങ്ങൾ വിശ്വസിക്കുന്നത്രേ. നമ്മുടെ പ്രാർത്ഥന ഇപ്രകാരമാണോ വേണ്ടതു്? അല്ല. നേരേമറിച്ചു് ശ്രദ്ധയും എളിമയും ആത്മാർത്ഥതയും നമ്മുടെ പ്രാർത്ഥനയിൽ ഉണ്ടായിരിക്കണം. സന്ധ്യാസമയത്തു് നമ്മുടെ കുഞ്ഞുങ്ങൾ വീട്ടിൽ വന്നിട്ടുണ്ടോ എന്നന്വേഷിക്കണം. വന്നിട്ടുണ്ടെങ്കിൽ സന്ധ്യാനമസ്കാരത്തിൽ സംബന്ധിക്കുന്നതിനു് അവരെ നിർബന്ധിക്കണം. വന്നിട്ടില്ലെങ്കിൽ അവരെ അന്വേഷിക്കണം. നമ്മുടെ ആടുമാടുകൾ സന്ധ്യാസമയത്തു് വീട്ടിൽ വന്നില്ലെങ്കിൽ അവയെ അന്വേഷിക്കുന്നതിനു് വേലക്കാരെ എരിയുന്ന ചൂട്ടുകററയും കൊടുത്തു് നാനാവശത്തേയ്ക്കും പറഞ്ഞയയ്ക്കുന്നില്ലേ? എന്നാൽ നമ്മുടെ കുഞ്ഞുങ്ങൾ സന്ധ്യാസമയത്തു് വീട്ടിൽ വന്നിട്ടില്ലെങ്കിൽ അവരെ അന്വേഷിക്കുവാൻ ആരെയെങ്കിലും അയയ്ക്കാറുണ്ടോ? വീട്ടിൽ സന്ധ്യാസമയം കൊന്തനമസ്കാരം നടത്തുമ്പോൾ പിതാവിൻെറ മുമ്പിൽ പുത്രന്മാരും മാതാവിൻെറ മുമ്പിൽ പുത്രികളും രണ്ടുവരികൾ ചേൎന്നു പ്രാർത്ഥിക്കുകയാണെങ്കിൽ ആ പ്രാർത്ഥന പ്രയോജനകരമാകുകയും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു് കാരണമാകുകയും ചെയ്യും. അതുപോലെതന്നെ വളരെനാൾ പ്രാൎത്ഥിച്ചിട്ടും മക്കൾ എല്ലാവരും നല്ലവരാകുന്നില്ലെന്നു് ചിലർ പരാതി പറയാറുണ്ടു്. മാതാപിതാക്കന്മാരും ഒരു പുത്രനൊഴികെ ബാക്കിയുള്ള മക്കളും ഒരുമിച്ചു് പ്രാൎത്ഥിക്കുന്നുവെന്നു വിചാരിക്കുക. ഈ പുത്രൻ എന്താണു ചെയ്യുന്നതു്? വഴിപിഴച്ച സംസൎഗ്ഗംമൂലം ദൈവാസ്തിത്വത്തിൽ ഉണ്ടായിരുന്ന അവൻെറ വിശ്വാസം പാടേ ഇല്ലെന്നായി. മാതാപിതാക്കന്മാരും സഹോദരങ്ങളും ഇതാ ദൈവത്തിൻെറ പക്കലേയ്ക്കു തിരിഞ്ഞു തങ്ങളുടെ ആവശ്യങ്ങൾ അറിയിക്കുകയും ചെയ്യുന്നു. എന്നാൽ ഈ പുത്രൻ ഇതാ ഭവനത്തിൻെറ ഒരു മൂലയിൽ ലൗകികവും ആത്മീയവുമായ അന്ധകാരത്തിൽ തപ്പിത്തിരിയുന്നു. എല്ലാവരുടേയും സ്നേഹബഹുമാനാദരങ്ങൾ സ്വീകരിക്കുന്നതിനു് ജഗന്നിയന്താവുണ്ടു്. എന്നാൽ ഇവനു അപ്രകാരമുള്ള ഒരു സത്തയിൽ വിശ്വാസമേ ഇല്ല. ഇതിനു കാരണമെന്താണു്? വല്ല നിവാരണമാൎഗ്ഗവുമുണ്ടോ? ഉണ്ടു്. നിശ്ചയമായും മേല്പറഞ്ഞ മാതാപിതാക്കളും

മക്കളും തീക്ഷ്ണതാപൂർവ്വം, ആത്മാർത്ഥമായി, ഇവന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ ദൈവം കേൾക്കും. ഇവരുടെ പ്രാർത്ഥന അനുസ്യൂതം തുടരുകയാണെങ്കിൽ അതിന്റെ സ്വരം ആ മുറിയുടെ നാലു ഭിത്തികളിൽ ചെന്നു പതിക്കുകയും അതു മാറ്റൊലിക്കൊള്ളുകയും ചെയ്യും. ആത്മീയാന്ധനായിരിക്കുന്ന പുത്രനിൽ വലുതായ ഒരു മാററം ഈ പ്രാർത്ഥനയുടെ സ്വരത്തിന് ഉളവാക്കുവാൻ സാധിക്കും. അപ്രകാരം ആ ഭവനാംഗങ്ങളെല്ലാവരും ദൈവത്തിന്റെ വത്സലമക്കളായിത്തീരും.

ജോലിത്തിരക്കും ക്ഷീണാധിക്യവും ജപമാലാർപ്പണത്തിനു വിഘാതമായി എടുത്തുപറയുന്നവരില്ലാതില്ല. എത്രയധികം കായക്ലേശത്തോടെയാണെങ്കിലും ശരി, കിടക്കാൻ പോകുന്ന സമയത്ത് ജപമാല കൈയിലേന്തിക്കൊണ്ടു പോകുക. ശാന്തമായി ദിവ്യരഹസ്യങ്ങളെ സ്മരിച്ചുകൊണ്ടു ദിവ്യമായ ഈ പ്രാർത്ഥന ആരംഭിക്കുക. കൊന്ത പൂർത്തിയാക്കാൻ സാധിച്ചില്ലെന്നുതന്നെയിരിക്കട്ടെ. അവിചാരിതമായി അന്നു രാത്രി നിങ്ങൾക്കു ജീവിതത്തിനു വിരാമമിടുന്ന സന്ദർഭം ഉണ്ടായാൽത്തന്നെയും നിങ്ങളുടെ മൃതദേഹം കൊന്ത വഹിച്ചുകൊണ്ടു ജപമാല ഭക്തിയെപ്പററി പ്രസംഗിക്കുകയല്ലയോ ചെയ്യുന്നതു്?

നാശഗർത്തത്തിലേയ്ക്കു പാഞ്ഞു്കൊണ്ടിരിക്കുന്ന ആധുനികകാലത്തിനു് രക്ഷ കരഗതമാകുമെന്നു് ആശിക്കാവുന്ന ഏകവഴി കൊന്തനമസ്കാരം നടത്തുന്നതിൽ കത്തോലിക്കാജനതയ്ക്കുള്ള ഉത്സാഹവും ഉണർവുമത്രേ. നമ്മുടെ അമ്മയുടെ ഫാത്തിമായിലെ ദർശനം ആപത്തിന്റെ വക്കിൽ എത്തിച്ചേർന്നിരിക്കുന്ന ലോകത്തിന്റെ കണ്ണു തുറപ്പിച്ചിട്ടുണ്ട്. നമ്മുടെ ഭാഗത്തുനിന്നും ചെയ്യാനുള്ളതു് ചെയ്യാമെങ്കിൽ ലോകത്തെ രക്ഷിക്കാൻ സന്നദ്ധയാണെന്നു് ആ വത്സലമാതാവു് അറിയിച്ചു. ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനം 1917-ൽ ലെനിൻ, ട്രോട്സ്ക്കി എന്ന രണ്ടു കിങ്കരന്മാർ റഷ്യയുടെ തലസ്ഥാനനഗരമായ സെൻറ്പീറേറഴ്സ്ബർഗ്ഗിലേയ്ക്കു് ഇരച്ചുകയറുകയും അതിന്റെ പേരു മാററി "ലെനിൻഗ്രാഡു്" എന്ന എന്ന പുതിയ സംജ്ഞ പട്ടണത്തിനു നൽകുകയും ചെയ്തു. സഭയ്ക്കും ദൈവത്തിനും എതിരായിട്ടുള്ള പ്രചരണവേലകൾ അവർ നടത്തി. അവർ "ലെനിൻഗ്രാഡി"ൽ എത്തിച്ചേർന്നതി

ൻെറ കൃത്യം 27–ാം ദിവസം, ഫാത്തിമായിൽ പരിശുദ്ധ കന്യകാമറിയം മൂന്നു പൈതങ്ങൾക്കു പ്രത്യക്ഷയായി. ലോകത്തിൻെറയും റഷ്യയുടെയും മാനസാന്തരത്തിനായി വത്സലമാതാവ് ആ കുഞ്ഞുങ്ങൾക്കു് നിർദ്ദേശിച്ച പ്രതിവിധി കുടുംബത്തിലെ ദിനംപ്രതിയുള്ള കൊന്തനമസ്കാരമാണ്. പോർട്ടുഗൽരാജ്യത്തെ രക്ഷിച്ചതും മററു രാജ്യങ്ങൾക്കു് മാതൃകയായി അതിനെ തീർത്തതും കൊന്തനമസ്കാരം ഒന്നു മാത്രമാണ്. പരിശുദ്ധ കന്യകാമറിയത്തിൻെറ ജീവചരിത്രം മുഴുവനും ജപമാലയുടെ പതിനഞ്ചു് രഹസ്യങ്ങളിലായി അടങ്ങിയിരിക്കുന്നു. മിക്കവരും കൊന്തയുടെ ബാഹ്യമായ ഭംഗിയിലും ആകൃതിയിലും ശ്രദ്ധ പതിക്കുന്നു. എന്നാൽ ഓരോ രഹസ്യത്തേയുംകുറിച്ചുള്ള ധ്യാനത്തിൻെറ ഫലവും മാഹാത്മ്യവും പലരും മനസ്സിലാക്കുന്നില്ല. "അൽമായരുടെ കാനോനാ നമസ്ക്കാര"മെന്നത്രേ ജപമാലയുടെ അപരനാമം. കാനോനാ നമസ്ക്കാരത്തിൽ അടങ്ങിയിരിക്കുന്ന സങ്കീർത്തനങ്ങളുടെയും പ്രാർത്ഥനകളുടെയും അർത്ഥം ധ്യാനിച്ചു വൈദികരും സന്യാസികളും പ്രാർത്ഥിക്കുന്നതുപോലെ അൽമായർ ജപമാല ചൊല്ലുമ്പോൾ ആ ദിവ്യാംബികയുടെ ജീവിതത്തെപ്പററി ധ്യാനിക്കണം.

വിദേശത്തു വിദ്യാഭ്യാസം നടത്തുന്ന പുത്രനിൽനിന്നോ പുത്രിയിൽനിന്നോ ഒരു മാതാവിനു കത്തു ലഭിക്കുന്നുവെന്നു വിചാരിക്കുക. ആ കത്തു് എപ്രകാരമായിരിക്കും അവൾ വായിക്കുക? ഒരു പത്രമോ പരസ്യമോ വായിക്കുന്നതുപോലെയാണോ? അല്ല. പ്രത്യുത, അവൾ അതു പല പ്രാവശ്യം വായിക്കുന്നു. ഓരോ വാചകത്തിൻെറയും ഇടയ്ക്കിടയ്ക്കു് അല്പവിരാമമിട്ടു വായിക്കുന്നു. ഇതുതന്നെയാണ് ജപമാല ചൊല്ലുമ്പോഴും മരിയയുടെ വത്സലമക്കൾ ചെയ്യേണ്ടതു്. ജപമാലരാജ്ഞി നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ!

## 9. ഗ്രന്ഥപാരായണം

"സ്രഷ്ടാവിനെപ്പററിയുള്ള സാക്ഷാൽ അറിവും അവിടുത്തെ യഥാർത്ഥമായി ആരാധിക്കുന്നതും കഴിഞ്ഞാൽ ഗ്രന്ഥങ്ങളെപ്പോലെ മനുഷ്യവർഗ്ഗത്തിനു് കൂടുതൽ ഉപയോഗപ്രദമായി മററൊന്നില്ലെന്നു് നമുക്കു് നല്ലവണ്ണം ബോദ്ധ്യമായിരിക്കുന്നു."

(പാപ്പാ ലെയോ പത്താമൻ.)

നല്ല പുസ്തകങ്ങൾ വായിക്കുന്നതിനും അവ സ്നേഹിതന്മാരുടേയും പരിചയക്കാരുടേയും ഇടയിൽ വിതരണം ചെയ്യുന്നതിനും വിശുദ്ധ ജോൺബോസ്കോ തൻെറ കീഴിലുള്ളവരെ ഉപദേശിച്ചിരുന്നു. ഒരു വൈദികനു പ്രവേശനമില്ലാത്ത ഭവനത്തിൽ പുസ്തകങ്ങൾക്കു് പ്രവേശനം നിഷ്പ്രയാസം ലഭിക്കുന്നു. ദുർമ്മാർഗ്ഗജീവിതം കഴിക്കുന്നവർപോലും ചിലപ്പോൾ സ്മാരകവസ്തുവായും സമ്മാനമായും അന്യരിൽനിന്നു പുസ്തകങ്ങൾ സ്വീകരിക്കാറുണ്ടു്. ഒരു മനുഷ്യനെപ്പോലെ പ്രതികൂലസാഹചര്യങ്ങളിൽ ഒരിടത്തു പ്രവേശിച്ചതിനാൽ ഒരു പുസ്തകത്തിനു് ഇളിഭ്യത നേരിടുകയോ അവഗണിക്കപ്പെട്ടതിനാൽ അതു് ദുഃഖിക്കുകയോ ചെയ്യുന്നില്ല. മററു ചില അവസരങ്ങളിൽ ചില പുസ്തകങ്ങൾ മഹാന്മാരുടെ കരങ്ങളിൽ എത്തിച്ചേരുന്നതിനോടൊപ്പം അതിൻെറ ഉടമസ്ഥനു മേല്പറഞ്ഞ മഹാനുമായി സംസാരിക്കുന്നതിനു അവസരമുണ്ടാക്കിക്കൊടുക്കുന്നു. മേൽപറഞ്ഞ വിധത്തിലുള്ള ഒരു സന്ദർഭം ഈ ഗ്രന്ഥകാരനും ലഭിച്ചു. 1950-ലെ ജൂബിലിവർഷം ഇൻഡ്യയിൽനിന്നു് റോമ്മായിലേയ്ക്കു പുറപ്പെട്ട തീർത്ഥകരിൽ ഈയുള്ളവനും ഉൾപ്പെട്ടിരുന്നു. അമ്പതുകോടി ജനത്തിൻെറ സമ്രാട്ടായ പരിശുദ്ധ പിതാവിനെ കാണുകയും അദ്ദേഹവുമായി സംസാരിക്കുകയും ചെയ്യുക എന്നതിൽ കവിഞ്ഞു് ഒരു നേട്ടം എനിക്കു ലഭിക്കണമെന്നില്ലായിരുന്നു. എന്നാൽ കൈക്കൂലി, കോഴ മുതലായവയ്ക്കു് ഒരാളെ ആ പിതാവിൻെറ സന്നിധിയിലേയ്ക്കു് അടുപ്പിക്കുന്നതിനു് സാദ്ധ്യതയില്ലെന്നു് നമുക്കറിയാമല്ലോ. പാശ്ചാത്യഭാഷകൾ സംസാരിക്കുന്നതിനോ ഇററാല്യൻഭാഷയിൽ ആശയവിനിമയം ചെയ്യുന്നതിനോ വേണ്ട പാണ്ഡിത്യമില്ലാത്ത ഈയുള്ളവനു് പരി-

പിതാവിനോടു സംസാരിക്കുന്നതിന് എപ്രകാരം സാധിക്കും? ഈവിധ ചിന്തകളാൽ ഹൃദയം കലങ്ങി; അപ്പോൾ പ്രൊപ്പഗാന്ത കോളജിൽ ഉന്നതപഠനം നടത്തിയിരുന്നവനും ഇപ്പോൾ സ്വദേശത്തു് എത്തിച്ചേർന്നിരിക്കുന്നവനുമായ ബ. പീററർ തെക്കേവിളയിലച്ചനെ കണ്ടു് എൻെറ ആഗ്രഹം അറിയിച്ചു. പരിശുദ്ധ പിതാവിനു ഇന്നുവരേയും ലഭിച്ചിട്ടില്ലാത്ത ഒരു സമ്മാനം കൊടുക്കാനുണ്ടെങ്കിൽ ആ വന്ദ്യതിരുമേനിയുമായി സംസാരിക്കുന്നതിനു അവസരമുണ്ടാക്കാമെന്നു അദ്ദേഹം പറഞ്ഞു. സ്വർണ്ണമോ വെള്ളിയോ എൻെറ കൈവശമില്ലെന്നും പ്രത്യുത, ഒരു വൈദികനു എപ്പോഴും മിത്രമായി ആശ്വാസദായകമായി, കഴിഞ്ഞുകൂടുന്ന ഒരു സുറിയാനി കാനോനാ നമസ്കാരപുസ്തകം മാത്രമേ കൈവശമുള്ളു എന്നും ഞാൻ അറിയിച്ചു. പരിശുദ്ധ പിതാവിനു സമ്മാനിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ പ്രത്യേക രീതിയിൽ ബയണ്ടുചെയ്യിട്ടുള്ളതായിരുന്നു ആ പുസ്തകം. ഈ പുസ്തകംകൊണ്ടു് ഞങ്ങൾ പരിശുദ്ധ പിതാവിൻെറ സെക്രട്ടറിയായ അത്യുന്നത കർദ്ദിനാളിനെ സമീപിച്ചു് കാര്യമുണർത്തിച്ചു. "സുറിയാനിപ്പുസ്തകംകൊണ്ടു് പരിശുദ്ധ പിതാവിനു എന്തു പ്രയോജനം?" എന്നു അദ്ദേഹം ഗൗരവപൂർവ്വം ചോദിച്ചു. ഞങ്ങൾ ഇരുവരും കുറച്ചുനേരം നിശ്ശബ്ദരായി നിന്നതിനു ശേഷം സംഗതിക്കു തീരുമാനമുണ്ടാക്കുന്നതിനു വേണ്ടി ഞാൻ ആ തിരുമേനിയോടു് ലത്തീൻഭാഷയിൽ ഇപ്രകാരം ചോദിച്ചു: "അപ്പോൾ സുറിയാനിറീത്തിലുള്ള പുസ്തകം പരിശുദ്ധ പിതാവിനു വെറുപ്പാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?" അദ്ദേഹം പുഞ്ചിരി തൂകി. പരിശുദ്ധ പിതാവുമായുള്ള സന്ദർശനത്തിനു് അനുമതി നൽകി. വിശുദ്ധ പത്രോസിൻെറ ബസ്സിലിക്കായിലും അതിൻെറ അങ്കണത്തിലും തടിച്ചുകൂടിയ മൂന്നുലക്ഷം ജനത്തിൻെറ ഇടയിൽക്കൂടി ഞാൻ നടന്നു പ. പിതാവിനെ സമീപിക്കയും അവിടുത്തെ തൃക്കരങ്ങളിൽ എൻെറ ചെറിയ സമ്മാനം സമർപ്പിക്കയും തൃക്കരങ്ങളിൽ പിടിച്ചുകൊണ്ടു് മൂന്നു മിനിട്ടുസമയം സംസാരിക്കയും ചെയ്തു. നോക്കുക, ഒരു പുസ്തകത്തിൻെറ ശക്തി! വത്തിക്കാനിലെ വലിയ ഗ്രന്ഥശാലയിൽ ഈ ചെറിയ ഗ്രന്ഥത്തിനും സ്ഥാനം ലഭിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

ഒരു നല്ല ഗ്രന്ഥശാല ഏതൊരു ഭവനത്തിൽ ഉണ്ടോ

ആ ഭവനത്തിലെ അംഗങ്ങൾക്ക് സന്താപത്തിലും സന്തോഷ ത്തിലും സംഭാഷിക്കുന്നതിനു യഥാൎത്ഥത്തിൽ വളരെ സ്നേഹി തന്മാരാണുള്ളതു്. അപ്രകാരമെങ്കിൽ വത്തിക്കാൻ ഗ്രന്ഥശാല യെപ്പററി എന്താണു് പറയേണ്ടതു്? തീൎത്ഥകരായ ഞങ്ങൾ വള രെസമയം വത്തിക്കാൻ ഗ്രന്ഥശാലയിൽ ചെലവഴിച്ചു. പ്രാ ധാന്യമർഹിക്കുന്ന എല്ലാ സ്ഥലങ്ങളും സന്ദശിക്കുന്നതിനു സ മയവും സൗകൎയ്യവും എല്ലാവൎക്കും ലഭിച്ചെന്നു വരികയില്ല. ലോ കത്തിലെ അത്ഭുത വസ്തുക്കളും മനോഹരസാധനങ്ങളും കാണാൻ സാധിച്ചില്ലെന്നു വരാം. എന്നാൽ ഗ്രന്ഥപാരായണംമൂലം ഇ തെല്ലാം മനുഷ്യനു ലഭ്യമാകുന്നു. ഒരു ഗ്രന്ഥശാലയില്ലാത്ത ഭവ നം ആത്മാവില്ലാത്ത ശരീരംപോലെയാകുന്നുവെന്നു സിസറോ പറയുന്നു. ഗ്രന്ഥശാലയില്ലാത്ത ഭവനം പൂൎണ്ണഭവനമല്ല. അവി ടെ ദൈവം നിശ്ശബ്ദനായിരിക്കുന്നു. വിദ്യാഭ്യാസം മുൻപോട്ടു പോകുന്നില്ല. ഈ ഭവനം ഒരു ഹോട്ടലിനു തുല്യമത്രേ. പെ ട്ടിയിൽ പൊതിയപ്പെട്ടതായി ഒരു പുസ്തകം വളരെനാൾ മേ ശമേൽ കിടന്നെന്നു വരാം. ആരും അതിനെ ഗണിച്ചില്ലെന്നും വരാം. എന്നാൽ ആ ഭവനത്തിലെ ഏതെങ്കിലും ഒരംഗത്തെ ക്ലേശമോ നിരാശയോ അധൈൎയ്യമോ സംശയമോ ആക്രമിക്കു മ്പോൾ പുസ്തകമാകുന്ന സ്നേഹിതൻ പൊടി തുടച്ചെഴുന്നേററു് അതിൻെറ താളുകൾ തുറന്നു കാണിച്ചു് വി. അഗസ്റ്റീനോസി നെയും ഇഗ്നേഷ്യസിനേയും മാനസാന്തരപ്പെടുത്തിയതുപോലെ ഒരു ധീരപ്രവൃത്തി ചെയ്യുന്നു വരാം. എത്രയോ ആളുകൾ തെററിൽനിന്നും പിടഞ്ഞെഴുന്നേററു് സുകൃതജീവിതം നയിക്കു ന്നതിനു പുസ്തകങ്ങൾ ഉപകരിച്ചിട്ടുണ്ടു്. ഇതുകൊണ്ടല്ലയോ 1513-ൽ മാർപ്പാപ്പായായ ലെയോ പത്താമൻ ഇപ്രകാരം പറ ഞ്ഞിരിക്കുന്നതു്: "നല്ല ഗ്രന്ഥങ്ങൾ മനുഷ്യജീവിതത്തിൻെറ മാ നദണ്ഡവും പുരോഗതിയുമാണെന്നു മാത്രമല്ല, എല്ലാ പരിത സ്ഥിതികളിലും ഉപയോഗപ്രദങ്ങളുമാകുന്നു. നിർഭാഗ്യങ്ങളിൽ ഗ്രന്ഥങ്ങൾ നമ്മെ സമാശ്വസിപ്പിക്കുന്നു. സൗഭാഗ്യങ്ങളിൽ അവ നമുക്കു് ആനന്ദവും ആദരവും പ്രദാനം ചെയ്യുന്നു, അവ ഇല്ലെങ്കിൽ മനുഷ്യൻെറ സകല സാമൂഹ്യനിലയും സംസ്കാരവും അപഹൃതമായിത്തീരുന്നതാണു്." ഗ്രന്ഥശാലയിലെ ഓരോ പു സ്തകവും ചില മനുഷ്യരുടെ വ്യക്തിമാഹാത്മ്യത്തിൻെറ രേഖ യാണു്. അപ്രകാരമെങ്കിൽ ഒരു പുസ്തകം നാം വായിക്കുമ്പോൾ

ഒരു മനുഷ്യനെ നാം വായിക്കുന്നു. മനുഷ്യർ വ്യത്യസ്തരായതു
പോലെ പുസ്തകങ്ങളും വിഭിന്നരീതിയിൽ കാണപ്പെടുന്നു.
ചില ഗ്രന്ഥങ്ങൾ നൽകുന്ന നല്ല ഉത്തേജനം ലോകത്തിനു
പ്രസംഗകരേയും വിശുദ്ധരേയും നൽകിയിട്ടുണ്ട്. ചില ഗ്രന്ഥ
ങ്ങളുടെ ദുഷിച്ച സ്വാധീനതമൂലം നിരീശ്വരനും കൊലപാ
തകിയും വ്യഭിചാരിയും ലോകത്തിൽ ഉണ്ടായിട്ടുണ്ട്. ലോക
യവനികയ്ക്കുള്ളിൽ മറഞ്ഞവരുടെയും ജീവിച്ചിരിക്കുന്നവരുടെയും
വിചാരം, പ്രവൃത്തി എന്നിവയെപ്പററി നമ്മോടു സംസാരിക്കുന്ന
ലോകത്തിൻെറ സ്വരലേഖകയന്ത്രമത്രേ ഗ്രന്ഥങ്ങൾ. ഒരു ഗ്ര
ന്ഥത്തിൻെറ രണ്ടു പുറംതാളുകൾക്കുള്ളിൽ നിന്നുകൊണ്ടു് ഷേ
ക്സ്പീയർ നമ്മോടു സംസാരിക്കുന്നു. സ്കോട്ടു് കുശലപ്രശ്നം
ചെയ്യുന്നു. വി. ഫ്രാൻസീസ് അസ്സീസി ഉപദേശിക്കുന്നു. നമ്മു
ടെ ദിവ്യനാഥൻ പ്രഭാഷിക്കുന്നു. ഇതുകൊണ്ടാണ് ഫെനലോൺ
എന്ന മഹാൻ ഇപ്രകാരം പറയുവാനിടയായതു്: "എൻെറ
ഗ്രന്ഥപാരായണത്തിലുള്ള ആസക്തിയ്ക്കു പകരമായി അമേരി
ക്കയിലെ സമ്പത്തു മുഴുവനും പാശ്ചാത്യരാജ്യങ്ങളിലെ കിരീട
ങ്ങൾ എല്ലാംതന്നെയും തന്നാലും അവയെ ഞാൻ തിരസ്കരിക്ക
യേയുള്ളു." യാതൊരു മനുഷ്യനും ഒരു ജനാല മാത്രമുള്ള വ
ലിയ ഒരു മന്ദിരം പണിയിക്കുവാൻ ഇഷ്ടപ്പെടുന്നില്ല, എന്നാൽ
ഗ്രന്ഥശാലയില്ലാത്ത ഭവനം വർത്തമാനകാലമാകുന്ന ഒരു വശ
ത്തേയ്ക്കു മാത്രം തുറക്കുന്ന ജനാലയോടുകൂടിയ ഒരു കെട്ടിടമാ
ണ്. ഭൂതകാലമാകുന്ന ഭാഗത്തേയ്ക്കു നോക്കുന്നതിന് അതിനു
മാർഗ്ഗമില്ല.

## നാം എന്തു വായിക്കണം?

കത്തോലിക്കാ കുടുംബാംഗങ്ങളുടെ പാരായണത്തിനു
ഏററവും ഉപകരിക്കുന്ന ഗ്രന്ഥം വിശുദ്ധ ലിഖിതങ്ങൾ ആ
ണെന്നുള്ളതിനു സംശയമില്ല. അതിലെ ഒരദ്ധ്യായമെങ്കിലും
ദിനംപ്രതിയുള്ള വായനയ്ക്കു കുടുംബാംഗങ്ങൾ ഉപയോഗിക്കുമെ
ങ്കിൽ ദൈവാനുഗ്രഹം ആ ഭവനത്തിൽ ഉണ്ടാകും. ചീത്ത
പുസ്തകങ്ങൾ വർജ്ജിക്കുകയും നല്ല പുസ്തകങ്ങൾ വായിക്കുകയും
ചെയ്യണമെന്നു പറയേണ്ട ആവശ്യമില്ല: വായനക്കാരൻെറ
സമയം അല്പം മാത്രം അപഹരിക്കുകയും അതേസമയം അ

യാൾക്ക് വലുതായ അറിവും ആദ്ധ്യാത്മികോത്തേജനവും നൽകുകയും ചെയ്യുന്നവയാണ് നല്ല ഗ്രന്ഥങ്ങൾ. ഗ്രന്ഥങ്ങൾ രചിക്കുന്നവർ ഓരോരുത്തരും സുപ്രസിദ്ധ നോവൽ സാഹിത്യകാരനായ സ്ക്കോട്ടിന്റെ വാക്കുകൾ ഓർത്തിരിക്കേണ്ടതാണ്. അദ്ദേഹം പറയുന്നു: "ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ഒരാളാണ് ഞാൻ. എന്നാൽ യാതൊരു മനുഷ്യന്റെ ഹൃദയത്തെയോ വിചാരത്തെയോ എന്റെ ഗ്രന്ഥങ്ങളുടെ പാരായണം മൂലം മലിനമാക്കുന്നതിനുള്ള നിർഭാഗ്യം എനിക്കുണ്ടായിട്ടില്ലെന്നും, ഞാൻ എഴുതിയിരിക്കുന്നവയെ എന്റെ മരണക്കിടക്കയിൽവച്ച് മായിച്ചുകളയണമെന്നുള്ള ആഗ്രഹം എനിക്കുണ്ടാകത്തക്കവിധം യാതൊന്നും എഴുതിയിട്ടില്ലെന്നുമുള്ളതു് ചാരിതാർത്ഥ്യജനകമത്രേ."

നല്ല സാഹിത്യരസമുൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ വായിക്കുകയെന്നതു് സ്വാഭാവികമത്രേ. പക്ഷേ സാഹിത്യരസം നിറഞ്ഞ കുറേ ഭാഗങ്ങൾ ഒരു മലിനഗ്രന്ഥത്തിലുണ്ടെന്നു വിചാരിച്ച് അതു് കൈകാര്യം ചെയ്യുന്നതു് കൊലപാതകിയായ ഒരു ദുഷ്ടന്റെ വിരലിൽ ഒരു മോതിരമുണ്ടെന്നു കരുതി അയാളുടെ ഇഷ്ടം സമ്പാദിക്കുന്നതിനു തുല്യമാണ്. അത്തിപ്പഴം അന്വേഷിച്ച് മുൾച്ചെടികളുടെയിടയിൽക്കൂടി നടന്നാൽ കുറേ പഴങ്ങൾ കിട്ടുമെങ്കിലും ശരീരം മുഴുവൻ മുള്ളുകൊണ്ടു് മുറിപ്പെട്ടുമെങ്കിൽ നാമതിനു ഉദ്യമിക്കുമോ? ഇതുതന്നെയാണ് മേല്പറഞ്ഞ വിധത്തിലുള്ള ഗ്രന്ഥങ്ങളെപ്പററിയും പറയുവാനുള്ളതു്. തങ്കപ്പട്ടികനത്തു പൊതിഞ്ഞ ചില ഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്നതു്, സന്മാർഗ്ഗഭ്രംശം ഉളവാക്കുന്ന പ്രതിപാദനമാണ്. പുസ്തകത്തെ ആകർഷകമാക്കത്തക്ക വിധത്തിൽ ദുഷ്ടത, താളുകളുടെയുള്ളിൽ ഗോപനം ചെയ്തിരിക്കുന്നു. പുസ്തകത്തിന്റെ പുറംചട്ട സുവർണ്ണോജ്ജ്വലമാണ്. എന്തുഫലം! അതിന്റെ ഉള്ളടക്കം മധുരമയമായിരിക്കാം. സർപ്പത്തിന്റെ ഫണവും തിളങ്ങുന്നില്ലയോ? ചിലയിനം വിഷദ്രവ്യങ്ങൾക്കും ആസ്വാദ്യമായ രുചയില്ലയോ? ഒരു പുസ്തകം വായിക്കുന്ന ആളിന്റെ മുഖത്തു് ലജ്ജമൂലമുളവാകുന്ന ചുവപ്പുനിറം വ്യാപിക്കുകയും അതോടൊപ്പം ആ ഗ്രന്ഥം മതത്തെയും ദൈവത്തെയും പുച്ഛഭാവത്തിൽ വീക്ഷിക്കയും ചെയ്യുന്നുവെങ്കിൽ അതു പാരായണത്തിനു് അനുയോജ്യമല്ലെന്നും പൈശാചികമായ അംഗീകാരം

സിദ്ധിച്ചിട്ടുണ്ടെന്നും ഉള്ളതു് അവിതക്കിതമത്രേ. ഒരു ചെറിയ തോടിൻെറ ഉത്ഭവസ്ഥാനത്തു സ്ഥിതിചെയ്യുന്ന കരിങ്കൽക്കഷ്ണം പിന്നീട്ട് ഒരു വലിയ നദിയുടെ ഗതി നിശ്ചയിക്കുന്നതു പോലെ ഗ്രന്ഥപാരായണത്തിനു് ഒരാളിൻെറ സ്വഭാവത്തെ നിശ്ചയിക്കാൻ സാധിക്കും. പ്രസിദ്ധനായ ഒരു ചിത്രകാരൻ ഒരിക്കലും ചീത്ത പടത്തിന്മേൽ നോക്കിയിരുന്നില്ല. കാരണം, മോശമായ പടങ്ങൾ യഥാൎത്ഥ സൗന്ദര്യത്തെപ്പററിയുള്ള അയാളുടെ അഭിപ്രായത്തെ മലീമസമാക്കിയിരുന്നുവത്രേ. ഒരൊററ നോട്ടം ഇത്ര വലുതായ ഉപദ്രവം വരുത്താമെങ്കിൽ മോശമായ ഗ്രന്ഥങ്ങളുടെ പാരായണം ആത്മാവിനു എത്രമാത്രം വിപത്തു വരുത്തിവയ്ക്കും. ശരീരത്തിനു ഭക്ഷണം എപ്രകാരമോ അപ്രകാരമാകുന്നു ഹൃദയത്തിനു ഗ്രന്ഥപാരായണം. കുട്ടികളുടെ ഭാവി ഭവനത്തിലെ ഗ്രന്ഥശാലയേയും മാതാപിതാക്കന്മാരേയും ആശ്രയിച്ചിരിക്കുന്നു. തങ്ങളുടെ സന്താനങ്ങൾക്കുവേണ്ടി നല്ല ഗ്രന്ഥങ്ങൾ ശേഖരിക്കുന്ന മാതാപിതാക്കന്മാർ ഭാഗ്യവാന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ മഹാന്മാരിൽ വസിച്ചിരുന്ന നല്ല അരുചി ഈ സന്താനങ്ങളിൽ ഉണ്ടാകുകയും അവരുടെ സൽപ്രവൃത്തികളെ ഇവർ അനുകരിക്കുകയും ചെയ്യും. ഇവയാണു് സൽഗ്രന്ഥങ്ങളുടെ പ്രയോജനങ്ങൾ.

## 10. ആദരണീയമായ വാൎദ്ധക്യം

ഫാത്തിമായിൽവച്ചു് പരിശുദ്ധ കന്യകമറിയം പ്രത്യക്ഷപ്പെട്ട ആ മൂന്നു കുഞ്ഞുങ്ങളുടെ ഭവനം 1950 മേയ് 20-ാം തീയതി സന്ധ്യാസമയം ഞാൻ സന്ദശിച്ചു. അവരിൽ രണ്ടുപേർ കാലയവനികയ്ക്കുള്ളിലും മൂന്നാമത്തവൾ കന്യകാമഠത്തിൻെറ കനത്ത ഭിത്തികൾക്കുള്ളിലും മറഞ്ഞുവെങ്കിലും ആ ഭവനം ഇന്നും ശൂന്യമല്ല. അവരുടെ വൃദ്ധമാതാപിതാക്കന്മാർ അവിടെ വസിക്കുന്നുണ്ടു്. ഞങ്ങൾ അവിടെ എത്തിയ സമയം വൃദ്ധനായ പിതാവു് വയലിൽ ഉഴുന്നതിനു പോയിട്ടു തിരിച്ചെത്തിയിരുന്നില്ല. വൃദ്ധയായ ഗൃഹനായിക ആടുകളെ തൊഴുത്തിൽ കെട്ടുന്നതിലും മററു ഗൃഹജോലികളിലും വ്യാപൃതയാ

യിരുന്നു. ഈ സമയം സുപ്രസിദ്ധ ആംഗ്ലേയ സാഹിത്യകാരനായ റസ്കിൻെറ ഒരഭിപ്രായം എൻെറ ഓർമ്മയിൽ വരുന്നു. "A happy nation is one in which the husband is engaged in tilling the soil and the wife in domestic pursuits" ഭർത്താവിൻെറ അഭാവത്തിൽ ആ വൃദ്ധസ്ത്രീ ആതിഥേയക്ക് വേണ്ട ഉപചാരങ്ങളോടുകൂടി ഞങ്ങളെ സ്വീകരിച്ചു. തത്സമയം വൃദ്ധനായ ഗൃഹനായകനും വന്നുചേർന്നു. മുണ്ടും ഷർട്ടും ഉപയോഗിച്ചിരുന്ന കേരളീയ പുരുഷന്മാരെയും ഫുൾസാരി ഉപയോഗിച്ചിരുന്ന സ്ത്രീകളെയും കണ്ടപ്പോൾ ആ വൃദ്ധദമ്പതികൾക്കുണ്ടായ സന്തോഷവും അത്ഭുതവും അവർണ്ണനീയമത്രേ. പന്തീരായിരത്തിൽ ചില്വാനം മൈൽ വിമാനത്തിലും അത്രയും ദൂരം തീവണ്ടിയിലും ബസ്സിലും യാത്രചെയ്തിട്ട് ഇതുപോലെ മാതൃകാപരമായ ജീവിതം നയിക്കുന്ന വൃദ്ധമാതാപിതാക്കന്മാരെ ഞങ്ങൾ കണ്ടുമുട്ടിയില്ല. ഇവരുടെ ഭവനം സാധാരണ രീതിയിലുള്ളതാണ്. യൂറോപ്യൻ രാജ്യങ്ങളിൽ പല സ്ഥലങ്ങൾ സന്ദർശിച്ചെങ്കിലും എണ്ണ ഒഴിച്ചു വിളക്കുപയോഗിക്കുന്നതു് ഇവിടെ മാത്രമേ കണ്ടൊള്ളു. ഇതു് അവരുടെ നിർദ്ധനാവസ്ഥയെ വിളിച്ചറിയിക്കുന്നു. ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കവേ, സ്ത്രീകൾക്കു സഹജമായുള്ള ജിജ്ഞാസയ്ക്കു് വിധേയരായി, ഞങ്ങളുടെ തീർത്ഥകസംഘത്തിൽപ്പെട്ട നമ്മുടെ ചില സ്ത്രീകൾ അടുക്കളയിലേയ്ക്കു പോകുകയും അവിടെ പാകം ചെയ്തിരിക്കുന്ന ഭക്ഷണം പരിശോധിക്കുകയും ചെയ്തു. കുറേ കൊക്കോയും റൊട്ടിയും മാത്രമേ പാകം ചെയ്തിട്ടുണ്ടായിരുന്നുള്ളു. പരിശുദ്ധ കന്യകമറിയത്തിൻെറ ഫാത്തിമായിലെ ദർശനത്തെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ള പല സാധനങ്ങൾ വില്പന നടത്തിയാണ് ഈ വൃദ്ധദമ്പതികൾ ചെലവു കഴിയുന്നതു്. ഞങ്ങൾ കുറേ സാധനങ്ങൾ വാങ്ങി അവരോടു യാത്രയും പറഞ്ഞു് ലൂസിയുടെ ഭവനത്തിലേയ്ക്കു പോയി. ഫാത്തിമായിൽനിന്നും ഒരു മൈൽ അകലെയുള്ള "അൽജസ്ട്രൂർ" എന്ന സ്ഥലത്തു ജനിച്ചവളും ഒരു ചെറു കൃഷകപുത്രിയാണ് ലൂസി. അവളുടെ ചിററപ്പൻെറ മക്കളാണ് ഫ്രാൻസീസും ജസീന്തയും. ലൂസി ഒരു നിർദ്ധനകുടുംബത്തിലെ ഏഴു സന്താനങ്ങളിൽ ഒരാളാണ്. ചെറുപ്പത്തിൽ ഫ്രാൻസീസിൻെറയും ജസീന്തയുടെയുംകൂടെ ആടു തീററി നടന്നപ്പോഴാണ്

ദശ്നമുണ്ടായതു്. ഇപ്പോൾ അവൾ ഒരു കർമ്മലീത്താ സന്യാസിനിയാണു്. ലൂസിയുടെ മാതാപിതാക്കന്മാർ ഇപ്പോൾ ജീവിച്ചിരിപ്പില്ല. വിധവയായ ഒരു സഹോദരിയാണു് ആ ഭവനത്തിൽ ഇപ്പോൾ താമസിക്കുന്നതു്. ഈ വിധവയുടെ ഏക പുത്രൻ 1950–ൽ വൈദികനായി. പല കാൎയ്യങ്ങളെപ്പററി സംസാരിച്ചതിനുശേഷം ഞങ്ങൾ ഹോട്ടലിലേയ്ക്കു പോയി.

പിറേറ ദിവസം രാവിലെ നാലരമണിക്കു്, മൂന്നു പൈതങ്ങൾക്കു ദിവ്യാംബിക പ്രത്യക്ഷപ്പെട്ട സ്ഥലത്തേയ്ക്കു്, ജപമാലയും കൈയിലേന്തി പ്രാത്ഥനാനിരതരായി ഞങ്ങൾ യാത്രതിരിച്ചു. പ്രസ്തുത സ്ഥലം പരിശുദ്ധമായി സൂക്ഷിക്കുന്നതിനുവേണ്ടി ഒരു ദേവാലയം താൽക്കാലികമായി പണിതീത്തിട്ടുണ്ടു്. ഞാനും ബ. കുഴിക്കാട്ടച്ചനും അഞ്ചരമണിക്കു് അവിടെ ദിവ്യബലി അപ്പിച്ചു. ആറരമണിക്കു് മോൺ. കാക്കശ്ശേരി ആഘോഷമായ ഗാനപൂജ ചൊല്ലി. പാട്ടുകർബാനയ്ക്കു വേണ്ട പാട്ടുകൾ പാടിയതു് ഞാനും ബ. കുഴിക്കാട്ടച്ചനും കൂടിയാണു്. സെമ്മിനാരിയിൽവച്ചു് ഞങ്ങളെ സംഗീതം അഭ്യസിപ്പിച്ച പെ ബ. വടക്കേൽ മത്തായി അച്ചനേയും ബ. പുത്തൻപുരഗീവറുഗീസച്ചനേയും ആ സമയം ഞങ്ങൾ സ്മരിക്കയും ആ വന്ദ്യഗുരുക്കന്മാക്കുവേണ്ടി പ്രത്യേകം പ്രാത്ഥിക്കുകയും ചെയ്തു. ഫാത്തിമായിൽ ദശ്നമുണ്ടായിട്ടു് 33 കൊല്ലമായെങ്കിലും ആദ്യമായി കൽദായ സുറിയാനി റീത്തിൽ ആഘോഷമായ ദിവ്യബലി അപ്പിച്ചതു് ഇപ്പോഴാണെന്നുള്ളതു് സ്മരണീയമത്രേ. കർബാനയ്ക്കുശേഷം ഞങ്ങൾ ജസീന്തയേയും ഫ്രാൻസീസിനെയും സംസ്കരിച്ചിരിക്കുന്ന ശ്മശാനത്തിലേയ്ക്കു് പോയി. ഫ്രാൻസീസു് 1919 ഏപ്രിൽ 19–ാം തീയതിയും ജസീന്ത 1920 ഫെബ്രുവരി 2–ാം തീയതിയും മരിച്ചതിനാൽ രണ്ടുപേരേയും ഒരു കബറിടത്തിലാണു് സംസ്കരിച്ചിരിക്കുന്നതു്. ആ രണ്ടു കുഞ്ഞുങ്ങളും വിശുദ്ധരായിത്തീന്നിട്ടുണ്ടെന്നുള്ള ധാരണയിൽ കല്ലും കുമ്മായവും കൊണ്ടുണ്ടാക്കിയ ആ കബറിൻെറ പല ഭാഗങ്ങളും തിരുശ്ശേഷിപ്പുകളായി സന്ദശ്കർ അടത്തിക്കൊണ്ടു പോകുന്നുണ്ടു്. പ. കന്യകമറിയം ഏതൊരു വൃക്ഷത്തിൻെറ ഇലകൾക്കിടയിൽ പ്രത്യക്ഷപ്പെട്ടുവോ ആ വൃക്ഷം ഇപ്പോൾ അവിടെ ഇല്ല. വൃക്ഷത്തിൻെറ ഓരോ

ഭാഗവും തിരുശ്ശേഷിപ്പായി ഉപയോഗിക്കുന്നതിനുവേണ്ടി ജനങ്ങൾ വേരോടെ പിഴുതുകൊണ്ടുപോയിയെന്നാണ് അവിടുത്തെ ബ. വികാരിയച്ചൻ ഞങ്ങളോടു പറഞ്ഞതു്. ദർശനത്തിൻെറ സമയം ആ കുട്ടികൾ നിന്ന സ്ഥലത്തു് കല്ലും കുമ്മായവും കൊണ്ടുണ്ടാക്കിയ ഒരു സ്തംഭം സ്ഥാപിച്ചിട്ടുണ്ട്. ദർശനവേളയിൽ ആകാശത്തിൽനിന്നു റോസപ്പുഷ്പങ്ങൾ വർഷിക്കപ്പെട്ട വസ്തുത അനുസ്മരിപ്പിക്കുന്നതിനു ഈ തൂണിൻെറ അടിഭാഗത്തു, കുറേ റോസപ്പുഷ്പങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആ ദേവാലയാങ്കണത്തിൽ മാതാവു പ്രത്യക്ഷപ്പെട്ട സ്ഥലത്തുനിന്നും ഒരു അരുവി പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. ധാരാളം ആളുകൾ ഈ അരുവിയിൽനിന്നു വെള്ളം കോരിക്കുടിക്കുകയും രോഗശാന്തി പ്രാപിക്കുകയും ചെയ്യുന്നുണ്ട്.

സൂര്യോദയത്തേക്കാൾ കൂടുതൽ നിറവും പ്രകാശവും അസ്തമനസമയത്തു് ചക്രവാളത്തിൽ പ്രത്യക്ഷപ്പെടുന്നതുപോലെ, ദൈവസ്നേഹത്തിൽ ജീവിക്കുന്ന മനുഷ്യർ ബാല്യം, കൌമാരം, യൗവനം എന്നീ ദശകളിൽ ജീവിച്ചതിനേക്കാൾ കൂടുതൽ പ്രസരിപ്പോടും പരസ്നേഹചൈതന്യത്തോടുംകൂടി വാർദ്ധക്യത്തിൽ കഴിയുന്നുവെന്ന തത്വം ഫാത്തിമായിലെ ആ വൃദ്ധമാതാപിതാക്കളെ സംബന്ധിച്ചിടത്തോളം അന്വർത്ഥമത്രേ. അതുകൊണ്ടല്ലയോ ഒരു മഹാൻ പറയുന്നതു്, "As a white candle in a holy place; so is the beauty of an old face" ഒരാൾ ജീവിച്ചുകഴിഞ്ഞിട്ടുള്ള എല്ലാ വത്സരങ്ങളുടെയും കൊയ്ത്തുകാലമാകുന്നു വാർദ്ധക്യദശ. ബാല്യം, കൌമാരം, യൗവനം എന്നീ ദശകളിൽ സമ്പാദിച്ച പുണ്യപ്രവൃത്തികളാകുന്ന കററകൾ അടുക്കുന്നതിനുള്ള കളപ്പുരയാണ് വാർദ്ധക്യം. ബാല്യം, യൗവനം മുതലായ കുന്നുകളിൽനിന്നു പുറപ്പെട്ടു മന്ദം മന്ദം ഗമിക്കുന്ന ജീവിതമാകുന്ന അരുവി ചെന്നവസാനിക്കുന്ന സമുദ്രമാകുന്നു വാർദ്ധക്യം. ജീവിതയാത്രയിൽ സമ്പാദിച്ച അമൂല്യരത്നങ്ങൾ സൂക്ഷിക്കുന്ന ഭണ്ഡാഗാരവും വാർദ്ധക്യമത്രേ! ജീവിതോഷസ്സ് അദ്ധ്വാനത്തിലും പരിശ്രമത്തിലും മധുരമായിരുന്നിരിക്കാം. എന്നാൽ ജീവിതസായാഹ്നം സുഷുപ്തിയിലും ധ്യാനത്തിലും കൂടുതൽ സമാധാനവും സന്തോഷവും കണ്ടെത്തുന്നു.

ഇത്ര മാഹാത്മ്യമേറിയ വാൎദ്ധക്യത്തിൽ സുന്ദരമായും പ്രസന്നമായും പ്രസാദത്തോടുകൂടിയും എത്തിച്ചേരുന്നതു് എല്ലാപ്രകാരമാണു്. ഈ പാഠം ജീവിതഗ്രന്ഥത്തിലേയ്ക്കും വിഷമമേറിയ ഒന്നാണു്. മനുഷ്യർ വാൎദ്ധക്യദശയെ പൊതുവേ ഭയപ്പെടുന്നു. എന്നാൽ ഇതിനെ ഇഷ്ടപ്പെടുന്നതിനും സ്വാഗതം ചെയ്യുന്നതിനുമുള്ള വഴികൾ ഉണ്ടു്. ദൈവം മനുഷ്യനു നൽകുന്ന ഏതൊരു ദാനത്തിന്റെയും മധുരതരമായ ഭാഗം അതിന്റെ അവസാനത്തേതായിരിക്കും. അപ്രകാരമെങ്കിൽ ജീവിതത്തിലെ ഏററവും മാധുൎയ്യമുള്ള വശം കാണണമെങ്കിൽ വാൎദ്ധക്യദശയെ സമീപിക്കാതെ നിവൃത്തിയില്ല. ജരാനരാദികളെ യാതൊരു പ്രകാരത്തിലും നമുക്കു തടഞ്ഞുനിൎത്തുക സാദ്ധ്യമല്ല. എന്നാൽ നമ്മുടെ മനഃസ്ഥിതി എപ്പോഴും ചെറുപ്പമായിരിക്കണം. അതിനാൽ പ്രായം ചെന്നവർ പെരുമാററത്തിലും സ്വഭാവത്തിലും യൗവനത്തിൽ വൎത്തിക്കണം. ചുരുങ്ങിയ കാലത്തിനുള്ളിൽ സ്വൎഗ്ഗത്തിൽ മാലാഖാമാരായി പ്രശോഭിക്കാനുള്ള വൃദ്ധന്മാൎക്കും വൃദ്ധകൾക്കും പ്രായം എന്നു് ഒരു കീറാമുട്ടിയില്ലെന്നതന്നെ അവർ വിചാരിക്കണം. സംഗീതവിദഗ്ദ്ധനായ പഗനീനി (Paganini) ഒരു ദിവസം വീണ മീട്ടുന്നതിനുവേണ്ടി ഒരു വലിയ സദസ്സിനെ അഭിമുഖീകരിച്ചുനിന്നു. സംഗീതം തുടങ്ങുന്നതിനുമുമ്പു് വീണയുടെ ചരടുകൾ പൊട്ടിത്തുടങ്ങി. ആദ്യത്തെ ചരടു പൊട്ടിയപ്പോൾ സദസ്യർ പുച്ഛരസത്തിൽ മന്ദഹസിച്ചു. രണ്ടാമത്തേതിനു അവർ പൊട്ടിച്ചിരിച്ചു. മൂന്നാമത്തേതിനു് അട്ടഹാസമായി. അവസാനം ഒരു ചരടുമാത്രം യാതൊരു കേടും കൂടാതെ അവശേഷിച്ചു. തത്സമയം പഗനീനിയുടെ മനസ്സിൽ ഒരു പഴഞ്ചൊല്ലിന്റെ ഓൎമ്മയുണ്ടായി. അതായതു് "Out of what you have in life make music" "നിനക്കു ശേഷിച്ചിരിക്കുന്നതിൽനിന്നും ജീവിതസമരത്തിൽ സംഗീതം പുടപ്പെടുവിക്കുക" എന്നു്. ധൈൎയ്യസമേതം അയാൾ ആ ഒരു ചരടിന്മേൽ അംഗുലി ചലിപ്പിച്ചു സദസ്യരെ ആഹ്ലാദിപ്പിക്കയും അത്ഭുതപരതന്ത്രരാക്കുകയും ചെയ്തു. അയാൾക്കുണ്ടായിരുന്നതിൽനിന്നും അയാൾ സംഗീതം പുറപ്പെടുവിച്ചു. ഇതാണു് ഓരോ വൃദ്ധനും മനസ്സിലാക്കേണ്ടതു്. ഉള്ളതുകൊണ്ടു തൃപ്തിയടയണം. ശാരീരികമായി വാൎദ്ധക്യം പ്രാപിച്ചെങ്കിലും അരൂപിയിൽ ചെറുപ്പമായിരിക്കണം.

ചെറുപ്പകാലത്തു സുഭിക്ഷതയുടെയും സംതൃപ്തിയുടെയും പ്രകാശത്തിൽ ജീവിതയാത്ര കഴിച്ചതിനുശേഷം വാർദ്ധക്യത്തിൽ അസുഖകരമായുള്ള ആ വിനാഴികയെ സമീപിക്കുമ്പോൾ, അതേ, മൃത്യുവിനോടടുക്കുമ്പോൾ, വേണ്ടപോലെ ഒരുങ്ങിയിട്ടില്ലാത്ത ആളാണു് മഠയൻ. മൂന്നു സന്ന്യാസികളെ സംബന്ധി ഒരു പേർഷ്യൻ കഥയുണ്ടു്. “വൃദ്ധനായ ഒരാളിനു് അഭിമുഖീകരിക്കേണ്ടതിൽ ഏററം ശോചനീയമായ അവസ്ഥ ഏതാണു്?” എന്നതിനെപ്പററി പേർഷ്യൻ ചക്രവർത്തിയുടെ സന്നിധിയിൽ വച്ചു് അവർ തമ്മിൽ തർക്കമുണ്ടായി. “ദാരിദ്ര്യത്തിന്റെ മർദ്ദനത്തിനു വിധേയമായ വാർദ്ധക്യമാണു്” എന്നു് ഒരാൾ പറഞ്ഞു. “അസ്വസ്ഥതയിലും അശാന്തിയിലും കഴിഞ്ഞുകൂട്ടുന്ന വാർദ്ധക്യമാണു്” എന്നു് മററൊരാൾ അഭിപ്രായപ്പെട്ടു. “ഇടുങ്ങിയതും അന്ധകാരാവൃതവുമായ നിത്യത്വത്തിലേക്കുള്ള യാത്രയ്ക്കു് യാതൊരു ഒരുക്കവും ചെയ്യാതെ മരണക്കിടക്കയെ സമീപിച്ചിരിക്കുന്ന വാർദ്ധക്യമാണു്” എന്നു് അപരൻ ഉത്തരം പറഞ്ഞു. ചക്രവർത്തി മൂന്നാമത്തെ അഭിപ്രായത്തെയാണു് ശരിവച്ചതു്.

മനുഷ്യജീവിതമാകുന്ന കാസായിലെ മാധുര്യമേറിയ തുള്ളികൾ വാർദ്ധക്യമാകുന്ന അടിത്തട്ടിലാണു് സ്ഥിതിചെയ്യുന്നതെന്നുള്ള വസ്തുത മിക്കവരും മനസ്സിലാക്കുന്നില്ല. വാർദ്ധക്യം വരെയും ദൈവസ്നേഹത്തിൽ ജീവിച്ചിരുന്ന ഒരാൾ പറഞ്ഞു: “പാനപാത്രത്തിന്റെ അടിഭാഗത്തു് പഞ്ചസാര മുഴുവൻ ഉറഞ്ഞുകിടക്കുന്നതായി ഞാൻ കാണുന്നു” എന്നു്. സാഹിത്യകാരന്മാരും മഹാന്മാരും ഇത്ര കാര്യമായി ഗണിക്കുന്ന വാർദ്ധക്യത്തെ നാം എപ്രകാരം ബഹുമാനിക്കണമെന്നുള്ളതാണു് ഇതിനുപരി ചിന്തിക്കേണ്ടതു്. ഏതൊന്നിൽ പുരാതനത്വം കാണുന്നുവോ അതിനെ ബഹുമാനിക്കയെന്നതു് മനുഷ്യസ്വഭാവമാണു്. കാലങ്ങളെ അതിലംഘിച്ചു നിലനിൽക്കുന്ന മന്ദിരങ്ങളേയും വസ്തുക്കളേയും നാം പൂജ്യമായി കരുതുന്നു. കാലപ്പഴക്കം കൊണ്ടു് തുരുമ്പിനു് ഇരയായിത്തീന്നിരിക്കുന്ന നാണയങ്ങൾ ശേഖരിക്കുന്നതിൽ മനുഷ്യർ തത്രപ്പെടുന്നു. എന്നാൽ സുസ്മരണയ്ക്കു നിദാനമായ സൽപ്രവൃത്തികൾ ലോകത്തിനു് പ്രദാനം ചെയ്തിരിക്കുന്ന വാർദ്ധക്യത്തെ എന്തുകൊണ്ടാണു് ത്യാജ്യകോ

ടിയിൽ നാം തള്ളിക്കളയുന്നതു്? ഇതുകൊണ്ടല്ലയോ കവി ഇപ്രകാരം പറയുന്നതു്:

"Let others hail the rising Sun
I bow to that whose course is run."

അതിനാൽ വൃദ്ധമാതാപിതാക്കളെ നമുക്കു ബഹുമാനിക്കാം. അവരെ എപ്പോഴും സന്തുഷ്ടചിത്തരാക്കുന്നതിനു ശ്രമിക്കാം. മാതാപിതാക്കന്മാർ ആകാലികമായ ജരാനരകൾക്കധീനരാകാതിരിക്കാൻ സ്നേഹശുശ്രൂഷകൾ നമുക്കനുഷ്ഠിക്കാം. വൃദ്ധരെ സ്നേഹിച്ചു ബഹുമാനിക്കുന്നവക്കു് ഈ വൃദ്ധർതന്നെ ഉപകാരികളായിത്തീരുന്ന ഒരു സ്ഥലമുണ്ടെന്നു് നാം മനസ്സിലാക്കണം. അവരുടെ എളിയ സേവനങ്ങൾക്കു് നമുക്കു് സ്വാഗതമരുളാം. അവർ മുറികൾ തൂത്തു വൃത്തിയാക്കുമ്പോൾ ശക്തി ക്ഷയിച്ച അവരുടെ നയനങ്ങൾക്കു് അദൃശ്യമായി കിടക്കുന്ന പൊടിശകലങ്ങളെ അവരുടെ കൺമുമ്പാകെ നമുക്കു് അടിച്ചു മാററാതിരിക്കാം. അവരുടെ വിറയ്ക്കുന്ന കരങ്ങൾ വഹിച്ചിരിക്കുന്ന കാപ്പിപ്പാത്രത്തിൽനിന്നു ഏതാനും തുള്ളികൾ താഴെ വീണു നമ്മുടെ ചകരിമെത്ത വൃത്തികേടാക്കിയെങ്കിൽ അവജ്ഞ പ്രകടിപ്പിക്കാതിരിക്കാം. വൃദ്ധമാതാപിതാക്കന്മാർ അവരുടെ ആചാരങ്ങളിൽ നിലനിന്നുകൊള്ളട്ടെ. കപ്പും സാസറും ഉപയോഗിച്ചു് അവർ ചായ കുടിക്കുമ്പോൾ സാസറിൽ ഒഴിച്ചു കുടിക്കുന്നതാണു് അവക്കു് ഇഷ്ടമെങ്കിൽ "കാലത്തിനു ചേർന്നതല്ല ഈ പ്രവൃത്തി" എന്നു പറഞ്ഞു് അവഹേളിക്കാതിരിക്കാം. വൃദ്ധപിതാവിനു വിളമ്പിയിരിക്കുന്ന ഭക്ഷണംകൊണ്ടു് അയാൾ പൌത്രന്മാരെയും പൌത്രികളേയും തീററി തൃപ്തിപ്പെടുത്തുന്നെങ്കിൽ അതിൽ നാം അതൃപ്തി പ്രകടിപ്പിക്കരുതു്.

ആരോഗ്യദൃഢഗാത്രനായിരുന്ന കാലത്തു് താൻ കൃഷി ചെയ്ത പുഞ്ചപ്പാടത്തുനിന്നും ഇപ്പോൾ മകൻെറ പ്രയത്നത്താൽ എത്ര പറ നെല്ലു കിട്ടിയെന്നും കപ്പക്കാലായിൽനിന്നു എത്ര വണ്ടി കപ്പ കിട്ടിയെന്നും അന്വേഷിക്കാനായി വൃദ്ധപിതാവു് മകനെ സമീപിക്കുമ്പോൾ "അപ്പനു് വേറെ ജോലിയൊന്നും ഇല്ലേ? തരുന്നതു കഴിച്ചുകൊണ്ടു് വല്ലയിടത്തും ഇരിക്കാൻ വയ്യേ?" എന്നു പറഞ്ഞു വിമുഖത പ്രകടിപ്പിക്കാതെ മകൻ ശരിയായ കണക്കു് നൽകട്ടെ. പൌത്രന്മാരും പൌത്രികളും ഉന്നതവിദ്യാഭ്യാ

സാത്ഥം ദൂരദേശത്തേയ്ക്കു പോകുമ്പോൾ വല്യപ്പൻെറയും വല്യമ്മയുടെയും ആശിസ്സുകൾ സ്വീകരിക്കുന്നതിനു് അവരെ സമീപിക്കട്ടെ. വൃദ്ധമാതാപിതാക്കന്മാർ മരണഹേതുകമായ രോഗങ്ങൾക്കു് അടിമകളായി ശയിക്കുമ്പോൾ അവൎക്കു വേണ്ട സ്നേഹശുശ്രൂഷകൾ നടത്തുന്നതിനു് മക്കൾ ഉൽസുകരാകട്ടെ. ഇത്രയും കാൎയ്യങ്ങളിൽ നാം ശ്രദ്ധയുള്ളവരായിരുന്നാൽ "നല്ല പ്രായത്തോളം ഭൂമിയിൽ ഇരിപ്പാൻ" നമുക്കും "സൎവ്വനാഥാ അവിടുത്തെ ദാസനെ (ദാസിയെ) ഇപ്പോൾ സമാധാനത്തിൽ വിട്ടയച്ചാലും" എന്നു അന്ത്യസമയത്തു പറയുവാൻ വൃദ്ധമാതാപിതാക്കന്മാൎക്കും സാധിക്കും.

## 11 വ്യഥയിലെ മധു

"ക്ഷമയും നിശ്ശബ്ദതയുമാകുന്ന യന്ത്രത്തിൽ വ്യഥകളാകുന്ന ധാന്യം പൊടിച്ചു് മിശിഹായുടെ പാടുപീഡകളാകുന്ന തേൻ ചേൎത്തു് ഗുളികകളാക്കി വിശ്വാസമാകുന്ന ജലത്തോടുകൂടി ഉപയോഗിക്കുക. സ്നേഹാഗ്നി ആ ഭക്ഷണത്തെ ദഹിപ്പിക്കും." (Little Rose) മിക്ക മാതാപിതാക്കന്മാരും തങ്ങളുടെ വിവാഹദിവസത്തിലേയ്ക്കു ഒന്നു കണ്ണോടിക്കുകയാണെങ്കിൽ അവൎക്കു് മനസ്സിലാകും, വൈവാഹികജീവിതമാകുന്ന കപ്പലിൽ ദാമ്പത്യസ്നേഹമാകുന്ന നിധിയും വഹിച്ചു് പ്രത്യാശകളുടെയും പ്രതീക്ഷകളുടെയും തിരമാലകളിൽക്കൂടി മുന്നോട്ടു ഗമിച്ചിട്ടുണ്ടെന്നു്. പ്രത്യാശക്കതിരുകളുടെയിടയിൽ കുടുംബജീവിതം മഴവില്ലണിഞ്ഞതായിത്തോന്നി. എന്നാൽ കാലം കഴിയുന്തോറും അവൎക്കു മനസ്സിലായി, മഴവില്ലുണ്ടാകുന്നതിനു് കാർമേഘവും സൂൎയ്യപ്രകാശവും ഇടകലരണമെന്നു്. മനുഷ്യസ്വഭാവം ഒരാളിൽ സ്ഥിതിചെയ്യുന്നിടത്തോളംകാലം പരീക്ഷകളും വ്യഥകളും അയാൾക്കുണ്ടായേ തീരൂ. ഇവ രണ്ടുമില്ലാത്ത ജീവിതം മനുഷ്യജീവിതമാകയില്ല. ഇതുതന്നെയാണു് കുടുംബജീവിതത്തെപ്പററിയും പറയുവാനുള്ളതു്.

ക്രിസ്തുമതം "മംഗളവാർത്തയുടെ സുവിശേഷം" (Gospel of glad tidings) ആണെന്നു വരികിലും വ്യഥ

കളുടേയും കരിശ്ശുകളുടെയും മതമാണ്. അതു ബീജാവാപം ചെയ്യപ്പെട്ടതും പരീക്ഷണഘട്ടങ്ങൾ തരണം ചെയ്യുന്നതും പരിപൂൎണ്ണതയിൽ എത്തിച്ചേൎന്നതും കരിശുവഴിയത്രേ. ദൈവം അയയ്ക്കുന്ന കരിശുകളിൽ അടങ്ങിയിരിക്കുന്ന മധുരവശം നാം കാണുന്നുവെങ്കിൽ ഇപ്പോൾ നമുക്ക് സങ്കടം വരുത്തിവയ്ക്കുന്ന സാഹചര്യങ്ങളെ നാം ഇഷ്ടപ്പെട്ടും. കപ്പൽനാശം സമുദ്രത്തിൻെറ മനോഹാരിതയെ തീൎത്തും നശിപ്പിക്കുന്നുവെന്നു നമുക്കു തോന്നുന്നു. എന്നാൽ സമുദ്രത്തേയും അതിൻെറ ശക്തികളെയും നിയന്ത്രിക്കുന്ന ഉടയവൻ അറിയുന്നു കപ്പൽനാശം സമുദ്രത്തിൻെറ മാററുകൂട്ടുന്നതിനു അത്യാവശ്യമാണെന്നു്. ക്ലേശങ്ങളിൽനിന്നു ഒഴിഞ്ഞുമാറുകയെന്നതു് മനുഷ്യസഹജമാണ്. ക്ലേശമാകുന്ന കാസായിൽ കയ്പുരസമാണ് അടങ്ങിയിരിക്കുന്നതെങ്കിലും ആത്മാവിനു ആരോഗ്യം പ്രദാനംചെയ്‌വാൻ ആ തിക്തകത്തിനു ശക്തിയുണ്ട്. മുൾക്കിരീടമാണ് അതു് ശിരസ്സിൽ താൽക്കാലികമായി ചൂടിക്കുന്നതെങ്കിലും മുറിവേല്പിക്കപ്പെട്ട ആ സ്ഥലത്തു് വിശുദ്ധർ ചൂടുന്ന ദീപ്തിമാല (Halo) സ്ഥാപിക്കുന്നതിനു അതിനു ത്രാണിയുണ്ട്. യാതൊന്നും സ്ഥിരമായി നില്ക്കാത്തതുപോലെ ക്ലേശങ്ങളും കടന്നുപോകുന്നു.

ഈ ലോകത്തിൽ യാതൊന്നിനും സ്ഥിരമായിട്ടുള്ള ടിക്കററ് നാം വാങ്ങിയിട്ടില്ല. കരിശിനെ മാറോടു ചേൎത്തു് ആലിംഗനം ചെയ്ത ഈശോയുടെ പക്കലേയ്ക്കു് നമ്മുടെ കണ്ണുകളെ തിരിക്കുകയാണെങ്കിൽ ഏതു വ്യഥകളിലും നമുക്ക് ആശ്വാസം ലഭിക്കും. അവിടുത്തേയ്ക്കുറിയാം ഹൃദയംതകൎന്നവനെ സുഖപ്പെടുത്തുവാൻ. ഭൗമിക ഡോക്ടർമാൎക്ക് അജ്ഞാതമായിരിക്കുന്ന ഹൃദയസ്തംഭന (heart failure) മെന്ന രോഗം ഭേദപ്പെടുത്തുന്നതിനു അവിടുത്തേയ്ക്കു് അന്യാദൃശമായ വൈഭവമുണ്ട്. ജീവിതത്തിൻെറ ഏതു വശത്തേയ്ക്കു പോയാലും കരിശുകളും ക്ലേശങ്ങളും കണ്ടു മുട്ടാതിരിയ്ക്കുക സാദ്ധ്യമല്ല. ഭൗമികാന്തരീക്ഷത്തിൽ സന്തോഷസന്താപങ്ങളുടെ തരംഗങ്ങൾ ഒരുമിച്ചു് ഓളംതല്ലുന്നു. ഒരു വിവാഹഘോഷയാത്ര സന്തോഷപൂൎവ്വം ദേവാലയത്തിൽ നിന്നിറങ്ങുമ്പോൾ ക്ലേശസമ്പൂൎണ്ണമായ ഒരു ശവസംസ്കാരപാർട്ടി ദേവാലയത്തിലേയ്ക്കു വരുന്നില്ലേ? കരച്ചിലും പുഞ്ചിരിയും ഇരു സന്താനങ്ങളാണ്. ഒരു തൊട്ടിലിൻെറ രണ്ടു മുറികളിൽ കിടന്നുറങ്ങുന്ന ഈ സന്താനങ്ങളിൽ ഒരു ശിശു

കരച്ചിലോടുകൂടി ഉണരുമ്പോൾ മററു പുഞ്ചിരിയോടുകൂടി ഉണ ന്നെഴല്ക്കന്നില്ലേ? ദൈവം കരിശ്ശുകൾ അയയ്ക്കുമ്പോൾ നാം അധൈര്യപ്പെടരുതു്. നമ്മുടെ നന്മയ്ക്കുവേണ്ടി അയയ്ക്കുന്നതാണെന്നു വിചാരിച്ചു് കൈകൾ നീട്ടി അവ സ്വീകരിക്കണം. വി. യൗ സേപ്പിൻെറ കരങ്ങളിൽ ഇരിയ്ക്കുന്ന ഉണ്ണിയീശോയ്ക്കു് പണിതീ ത്ത ഒരു ചെറിയ മരക്കരിശ്ശു് ഒരു കൊച്ചു മാലാഖാ ഉയത്തി പ്പിടിച്ചുകൊടുക്കുന്നതായും ഉണ്ണിയീശോ, കളിപ്പാട്ടം സ്വീക രിക്കുന്ന മനോഭാവത്തോടെ അതു സ്വീകരിക്കുന്നതായും ചിത്ര ത്തിലും പ്രതിമകളിലും നാം കണ്ടിട്ടില്ലേ? ഇതുപോലെ ആയി രിക്കണം കരിശ്ശുകളും ക്ലേശങ്ങളും സ്വീകരിക്കുന്നതിനുള്ള നമ്മുടെ മനസ്ഥിതിയും. പ്രായംകൂടുന്തോറും കരിശ്ശു വഹിക്കു ന്നതിനുള്ള കൂടുതൽ സന്നദ്ധത ഭൂരിപക്ഷം ക്രൈസ്തവരിലുമു ണ്ടെന്നുള്ളതു് ആശ്വാസകരമത്രേ. ശിശുപ്രായത്തിൽ നാം അമ്മയുടെ കൊന്തയിൽ കിടക്കുന്ന കരിശ്ശുരൂപം കൈക്കലാക്കു ന്നതിനു ശ്രമിക്കുന്നു. യൗവ്വനപ്രായത്തിൽ മററുള്ളവർ കരിശി നെപ്പററി പ്രസംഗിക്കയും മററും ചെയ്യുമ്പോൾ നമുക്കു് ആ ദിവ്യസാധനത്തെപ്പററി ഒരു മതിപ്പും ബഹുമാനവുമുണ്ടാകുന്നു. വാദ്ധക്യത്തിൽ നാം എപ്പോഴും അതുപയോഗിക്കുന്നു. പ്രായം വ ദ്ധിച്ചു് രോഗശയ്യയെ അഭയംപ്രാപിക്കുമ്പോൾ കരിശ്ശു് എപ്പോ ഴം നമ്മുടെ കരങ്ങളിലും തലയിണയിലും വിശ്രമിക്കുന്നു. ലോക ജീവിതത്തിൻെറ അവസാനവിനാഴികയിലെ നമ്മുടെ ചുംബന വസ്തുവും ഇതുതന്നെ. ചിലപ്പോൾ ശരീരം മണ്ണോടു ചേരുന്ന തുവരെയും നമ്മുടെ ശരീരത്തോടു കരിശ്ശു ഒട്ടിപ്പിടിച്ചിരിക്കുന്നു. ഇപ്രകാരം ഇളംപ്രായംമുതൽ ശ്മശാനംവരെ നമ്മോടുകൂടി വസിക്കുവാൻ ഇഷ്ടപ്പെടുന്ന കരിശിനെ, ക്ലേശത്തെ, നാം സ്നേഹിക്കാതിരിക്കുന്നതു് ഉചിതമാണോ? ദൈവത്തിൽനിന്നു പ്രത്യേക ദാനങ്ങൾ സ്വീകരിച്ച വിശുദ്ധർപോലും ഈ ഭൂമി യിൽ കരിശ്ശുകൾ വഹിക്കേണ്ടിയിരുന്നു. അനുഗ്രഹീതനായ "ഹെൻറീ സൂസോ" പറയുന്നു: "ആകാശപ്പരപ്പു എനിക്കു് കട ലാസ്സായും, സമുദ്രജലം മുഴുവൻ മഷിയായും ഇലകളും പുല്ലുകളും പേനയായായും, ആരെങ്കിലും നൽകുകയാണെങ്കിൽപോലും എ ൻെറ ജീവിതക്ലേശങ്ങൾ എഴുതിത്തീർക്കുവാൻ സാദ്ധ്യമല്ല."

റോസച്ചെടികൾ സൗരഭ്യം വീശുന്ന പുഷ്പങ്ങളാലും കൂത്തു മൂർച്ചയുള്ള മുള്ളുകളാലും നിറയപ്പെട്ടിരിക്കുന്നതുപോലെ ലോ

കജീവിതം പ്രത്യാശകളാലും ഭീതിയാലും സന്താപസന്തോഷങ്ങളാലും മിശ്രമത്രേ. ലോകജീവിതത്തിന്റെ മഹത്വവും രഹസ്യവും ശരിയായി അറിഞ്ഞിരിക്കുന്ന ഒരാൾ മാത്രമേ ക്ലേശങ്ങൾ സഹിക്കുന്നതിനു സന്നദ്ധത പ്രകടിപ്പിക്കയുള്ളൂ. റോസപുഷ്പങ്ങളുടെയിടയ്ക്കു് മുള്ളുകൾ നിരത്തിയിരിക്കുന്ന ദൈവത്തെ നാം ചിലപ്പോൾ പഴിച്ചേക്കാമെങ്കിലും മുള്ളുകളുടെ മദ്ധ്യേ റോസപുഷ്പം സ്ഥാപിച്ചിരിക്കുന്ന അവിടത്തേയ്ക്കു് ചിലപ്പോൾ നന്ദി പ്രകടിപ്പിക്കണമെന്നുള്ള വസ്തുതയും നാം വിസ്മരിക്കരുതു്. ക്ലേശം ഒരുത്തനു് വിഷപാനീയമെങ്കിൽ അപരനു് മധുരരസമാകുന്നു. ക്ലേശങ്ങൾക്കു്, അതേ മുള്ളുകൾക്കു്, സംഗീതം പുറപ്പെടുവിക്കാനുള്ള ശക്തിയുണ്ടു്. ഗ്രാമഫോൺ വാങ്ങിച്ച ഒരാളിനോടു വില്പനക്കാരൻ ഇപ്രകാരം പറഞ്ഞു: "ഇരുമ്പുസൂചികൾക്കു പകരം കാരമുള്ളു് നിങ്ങൾ ഗ്രാമഫോൺ പ്ലേറ്റിൽ ഉപയോഗിക്കണം. കാരണം ഇരുമ്പുസൂചി പ്ലേററിനെ പെട്ടെന്നു കുഴിക്കയും തദ്വാരാ നശിപ്പിക്കുകയും ചെയ്യുന്നു." കാരമുള്ളോ? ഇതു വാസ്തവമാണോ? ക്രൂരത്തും മൂർച്ചയുള്ളതും രക്തച്ചൊരിച്ചിലിനു കാരണമായിട്ടുള്ളതുമായ കാരമുള്ളിനു് സംഗീതം പുറപ്പെടുവിക്കുവാൻ സാദ്ധ്യതയുണ്ടെന്നോ? അപ്രകാരമെങ്കിൽ ജീവിതത്തിലെ മുള്ളുകളെപ്പററി എന്താണു പറയേണ്ടതു്?

ലോകത്തിൽ ഏതെങ്കിലും ക്ലേശങ്ങൾ സഹിക്കാനില്ലാത്തവരെ കണ്ടുകിട്ടുക പ്രയാസമാണു്. ക്ലേശങ്ങൾ എല്ലാം എപ്പോഴും ശാരീരികമായിരിക്കയില്ല. ചിലപ്പോൾ ആത്മീയവും മാനസികവുമായിരിക്കും. അതുകൊണ്ടു് ചിലർ ക്ലേശങ്ങൾ സഹിക്കുന്നതു് നമുക്കു് കാണാൻ സാധിക്കാതെ വരികയും, തദ്വാരാ ചിലർക്കു മാത്രമേ ദൈവം കുരിശുകളും ക്ലേശങ്ങളും അയയ്ക്കുന്നുള്ളുവെന്ന തെററിദ്ധാരണയ്ക്കു നാം വിധേയരാവുകയും ചെയ്യുന്നു. ഒരാൾക്കു് ശാരീരികവേദനകളാണെങ്കിൽ വേറൊരാൾക്കു് ദാരിദ്ര്യക്ലേശമായിരിക്കും. അപരനെ മനോവേദന വലയം ചെയ്യുമ്പോൾ നാലാമനു മററുള്ളവർ ആദ്ധ്യാത്മികമായും ശാരീരികമായും ഉയർന്നുവരുന്നതിൽ അസൂയമൂലമുള്ള ക്ലേശമായിരിക്കും.

മേൽപ്പറഞ്ഞവ പൊതുവായിട്ടുള്ള ക്ലേശകാരണങ്ങളാണു്. എന്നാൽ ഒരു കുടുംബത്തിൽ പ്രത്യേകമായി രണ്ടു പ്രകാ

രത്തിലാണ് ക്ലേശമുണ്ടാകുന്നത്. ഒന്ന്, കുടുംബാംഗങ്ങളിൽ ചിലർക്ക് നിരന്തരമുണ്ടാകുന്ന രോഗംമൂലവും മററത്, ഒരു കുടുംബാംഗം കാലയവനികയ്ക്കുള്ളിൽ മറയുമ്പോൾ ഇതരാംഗങ്ങൾക്കുണ്ടാകുന്ന വിരഹതാപം മൂലവും. രോഗം എപ്പോഴും അതിൻെറകൂടെ ദൈവാനുഗ്രഹത്തെയും കൊണ്ടുവരുന്നുണ്ട്. ശാന്തശീലവും ഹൃദയാലുത്വവുമുള്ള ഈശോയുടെ പക്കൽ തനിച്ചിരിക്കുന്നതിന്ന് രോഗം ഒരു മനുഷ്യന്ന അവസരം നൽകുന്നില്ലേ? അവിടുത്തെ വിശ്രമമുറിയിൽ പ്രവേശിച്ച് രോഗി പ്രാർത്ഥനവഴി ദൈവവുമായി നർമ്മസംഭാഷണത്തിലേപ്പെടുന്നില്ലേ? കരിങ്കൽപ്പാറയ്ക്കുള്ളിൽ മറയ്ക്കപ്പെട്ടിരിക്കുന്ന വജ്റക്കല്ലാണ് മനുഷ്യൻ. ക്ലേശമാകുന്ന ചുററികകൊണ്ട് ദൈവം ഈ വജ്റക്കല്ലിനെ പുറത്താക്കുന്നു. ദൈവം നമുക്കെന്തെങ്കിലും തരുമ്പോൾ നാം അവിടുത്തെ സ്തുതിക്കുന്നതുപോലെ ഇഷ്ടപ്പെട്ടതിനെ നമ്മിൽനിന്ന് അകററുമ്പോഴും നാം അവിടുത്തേ സ്തുതിക്കണം.

എന്നാൽ ദൈവം തരുന്നവയെ ധൂളിയിലും അവിടുന്ന നമ്മിൽനിന്ന എടുക്കുന്നവയെ മാർബിൾക്കല്ലിലും ഉല്ലേഖനം ചെയ്യുന്നത് ശരിയാണോ? ക്രിസ്ത്യാനിക്കു യോജിച്ചതാണോ? മൺകട്ടയെ കട്ടിയാക്കുന്ന അഗ്നിതന്നെയല്ലേ സ്വർണ്ണത്തെ ശുദ്ധീകരിക്കുന്നതും? അപ്രകാരം ഒരുതരം ക്ലേശംതന്നെ ഒരുവനെ കഠിനമാനസനാക്കുകയും അപരനെ സംസ്കൃതചിത്തനാക്കുകയും ചെയ്യുന്നു. ഇതെല്ലാം സ്വീകരിക്കുന്ന വിധത്തെ ആശ്രയിച്ചിരിക്കുന്നു. ലോകത്തിൻെറ ദൃഷ്ടിയിൽ കുടുംബജീവിതത്തിൻെറ സുഖശൃംഖലയുടെ കണ്ണികൾ അറുക്കുന്ന വേറൊരു ശത്രു മരണമത്രേ. രോഗത്തിൻെറയോ മരണത്തിൻെറയോ ഭീതി തീണ്ടിയിട്ടില്ലാത്ത ഒരു ഭവനം നാം സന്ദർശിക്കുകയാണെങ്കിൽ അത് ഭൗമികപറുദീസായായാണെന്ന് നമുക്കു തോന്നും. എന്നാൽ മരണം അവിടെ കാൽ കുത്തുമ്പോൾ അവിടെയുള്ള ആഹ്ളാദപ്രകടനങ്ങൾക്കെല്ലാം താൽക്കാലികവിരാമമുണ്ടാകുന്നു. ഏതെങ്കിലും ഒരാളിൻെറ നിത്യവിയോഗം വിളിച്ചറിയിക്കുന്ന സ്മാരകവസ്തുവില്ലാത്ത ഭവനം ഭൂമിയിൽ ഉണ്ടോ! ആ സ്മാരകവസ്തു ഒരു പിള്ളത്തൊട്ടിലോ, കളിപ്പാട്ടമോ, പുസ്തകസഞ്ചിയോ, സിഗററ് കെയ്സോ, ശൂന്യമായ കസേരയോ, മുറുക്കാൻചെല്ലമോ ആയിരിക്കും. റോസച്ചെടിയിലെ

മനോഹരപുഷ്പം ഓരോന്നാ നിലംപതിച്ച്, അതിൻെറ ദള ങ്ങൾ മന്ദമാരുതനാൽ നാനാവശത്തേയ്ക്കും വിതറപ്പെടുന്നതു പോലെ ഒരു കുടുംബവും അംഗങ്ങളുടെ മരണംമൂലം ഛിന്ന ഭിന്നമാകുന്നു. താഴെ വീണ പുഷ്പങ്ങൾ തിരിച്ചുചെന്ന് ശിഖ രങ്ങളിൽ ഒട്ടിപ്പിടിച്ച് റോസച്ചെടിയെ പൂർവ്വസ്ഥിതിയിലാക്കാ ത്തതുപോലെ മൃത്യുവിനിരയായ അംഗങ്ങളും ഭവനത്തിൽ തി രിച്ചുവന്ന് അതിനെ വീണ്ടും പൂർണ്ണഭവനമാക്കുന്നില്ല. അതി നാൽ സന്താനവിരഹത്താൽ ക്ലേശിക്കുന്ന മാതാപിതാക്കൾ ഇപ്രകാരം പ്രാർത്ഥിക്കട്ടെ: "എൻെറ ദൈവമേ, എൻെറ നിധി അവിടുന്നു സൂക്ഷിച്ചുകൊൾക. അതിനു പകരമായി അവിടു ന്നു എനിക്കു ധൈര്യം തരിക. എൻെറ കുഞ്ഞു ഒരു പക്ഷേ എൻെറ രക്ഷയ്ക്കു കാരണമായിരിക്കാം"

## 12. അനുകമ്പ

കുടുംബവ്യഥകൾ ലഘൂകരിക്കുന്നതിനും ഇല്ലാതാക്കുന്നതിനും ദൈവം എന്തെങ്കിലും പോംവഴി ലോകത്തിനു പ്രദാനം ചെ യ്തിട്ടുണ്ടോ? ഉണ്ട്. അതാണ് കുടുംബാംഗങ്ങൾ തമ്മിലുള്ള അ നുകമ്പയും സ്നേഹവും. അനുകമ്പ സ്നേഹത്തിൽ അധിഷ്ഠിതമാ യിരിക്കണം. കുടുംബാംഗങ്ങളെ എല്ലാവരേയും സ്നേഹത്തിലും ഐക്യത്തിലും യോജിപ്പിക്കുന്ന ഒരു ശൃംഖലയത്രേ അനുകമ്പ. മനുഷ്യസ്വഭാവത്തിൽ അനുകമ്പയുടെ അഭാവം എപ്പോൾ ദൃശ്യമാകുന്നുവോ അപ്പോൾ ലോകം വിരസവും ശാപഗ്രസ്തവു മായ സ്ഥലമായിത്തീരുന്നു. മൃഗജാതിയിൽപ്പോലും അനുകമ്പ കാണാവുന്നതാണ്. കങ്കാരുമൃഗം (Kangaroo) നായാട്ടുകാ രാൽ അനുധാവനം ചെയ്യപ്പെടുമ്പോൾ അവരുടെ അനുകമ്പ യെ ഇളക്കുന്നതിനുവേണ്ടി തള്ളമൃഗം അതിൻെറ കുഞ്ഞിനെ ഉയർത്തിപ്പിടിച്ചു നായാട്ടുകാരെ കാണിക്കുന്നു.

പാപം ഒഴിച്ചു എല്ലാ സംഗതികളിലും ക്രിസ്തു നമ്മെ പ്പോലെ ഒരു മനുഷ്യനായിരുന്നു. അസൂയ, വിരോധം, കാഠി ന്യം എന്നിവ അവിടുത്തെ ഹൃദയത്തിൽ ഉണ്ടായിരുന്നില്ല. അ വിടുത്തെ ഹൃദയം അനുകമ്പാപൂർണ്ണമായിരുന്നു. ലാസറിൻെറ

കബറിടത്തിൽ അവിടുന്നു കരഞ്ഞുവെന്നും ജറുസലത്തെ നോക്കി വിലപിച്ചുവെന്നും നാം വായിക്കുന്നു. അവിടുന്നു ശിശുക്കളെ തൻെറ സവിധത്തിൽ വിളിച്ചുവരുത്തി സന്തുഷ്ടചിത്തരാക്കി. പാപിയുടെ നേരെയും അവിടുന്നു അനുകമ്പയുള്ളവനായിരുന്നു. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കയും ദുഃഖിക്കുന്നവരോടു കൂടെ ദുഃഖിക്കയും ചെയ്യുന്ന ഒരാളായിരുന്നു ക്രിസ്തുനാഥൻ. നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ഗുണവിശേഷങ്ങളിൽ അനുകമ്പയ്ക്കു പ്രധാനസ്ഥാനമുണ്ടായിരുന്നു. അതു് അചേതനവും സചേതനവുമായ വസ്തുക്കളിൽ വസിക്കുന്നുണ്ടെന്നു് അവർ വിശ്വസിച്ചിരുന്നു. അവരുടെ തത്വശാസ്ത്രത്തിലും മതതത്വങ്ങളിലും ഈ വിശിഷ്ടഗുണം പ്രകാശിച്ചിരുന്നു. ഇതിനെ ആസ്പദമാക്കി വളരെ ധാത്രീകഥകളും ഐതിഹ്യങ്ങളും അവർ രചിച്ചിട്ടുണ്ടു്. അതു് അചേതനവസ്തുക്കളിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു് അവർ വിചാരിച്ചിരുന്നു. അതുകൊണ്ടാണു് വജ്റക്കല്ലുകൾ ചില ശരീരത്തിൽ അനുകമ്പ പ്രദർശിപ്പിച്ചിരുന്നുവെന്നും ചില ആളുകളോടു് നക്ഷത്രങ്ങൾക്കു് അനുകമ്പയുണ്ടായിരുന്നുവെന്നും ചിലരോടു് എണ്ണയ്ക്കുള്ള അനുകമ്പ അനുസരിച്ചാണു് അതുപയോഗിക്കുന്നവർക്കു് ആരോഗ്യമുണ്ടാകുന്നതെന്നും കവികൾ പാടുക പതിവായിരുന്നതു്. കുടുംബജീവിതത്തിൽ വേണ്ടതായ അനുകമ്പ ക്രിസ്തീയവിശ്വാസത്താലും സ്നേഹത്താലും പവിത്രീകരിക്കപ്പെടുകയും വികസിതമാകയും ചെയ്യുമ്പോൾ അതു് അപകടത്തിൽനിന്നു് കുടുംബാംഗങ്ങളെ രക്ഷിക്കുന്ന കോട്ടയായിത്തീരുന്നു. "ഏതൊരു കാർമേഘത്തിനും ഒരു വെള്ളിരേഖയുണ്ടു്" എന്ന തത്വം ജീവിതവ്യഥകൾ ഭയങ്കരമായി നമ്മെ തുറിച്ചു നോക്കുമ്പോൾ നമുക്കൊരാശ്വാസം നൽകുന്നു. ഈ തത്വത്തിനൊരുദാഹരണമാണു് കവിയായ Hawthorns-ൻെറ ഭാര്യ നമുക്കു തരുന്നതു്.

ഒരു ദിവസം സായാഹ്നത്തിൽ Hawthorns-നു ആഫീസിൽവച്ചു് ഒരെഴുത്തു കിട്ടി. അദ്ദേഹം ഇനിയും ജോലി തുടരേണ്ടതില്ലെന്നായിരുന്നു അതിൻെറ സാരം. ഇതു കണ്ട മാത്രയിൽ അദ്ദേഹത്തിനു കുണ്ഠിതവും നിരാശതയും മ്ലാനതയുമുണ്ടായി. ഭർത്താവിൻെറ മ്ലാനമുഖം ദർശിച്ച ഭാര്യ അദ്ദേഹത്തെ സമീപിച്ചു വിവരം ചോദിച്ചറിഞ്ഞു. ഉടനേതന്നെ ആ ധീരവനിത ശൈത്യത്തിൻെറ കാഠിന്യം കുറയ്ക്കുന്നതിനു് തീ ഒരു

ക്കിയശേഷം കുറെ മഷിയും പേനയും കടലാസും ഭർത്താവിനെ ഏല്പിച്ചു. അനന്തരം അദ്ദേഹത്തിൻെറ തോളിൽ തടവിക്കൊണ്ടു പറഞ്ഞു: "ഇനിയും നിങ്ങൾക്കു ഗ്രന്ഥരചന ആരംഭിക്കാം" പെട്ടെന്നു നിരാശയും മ്ലാനതയുമാകുന്ന കാർമേഘപടലം അപ്രത്യക്ഷമായി. വിശ്വവിഖ്യാതമായ അദ്ദേഹത്തിൻെറ കൃതികൾ നിർമ്മിക്കുന്നതിൽ അദ്ദേഹം ഉദ്യുക്തനായി. അവ ലോകത്തിൻെറ ആദരത്തിനും പ്രീതിക്കും വിഷയമായി. ഇതിനെല്ലാം കാരണം അദ്ദേഹത്തിൻെറ പ്രിയതമയുടെ അനുകമ്പാനിർഭരമായ വചസ്സുകളായിരുന്നു. ഇപ്രകാരമുള്ള അവസരങ്ങൾ കത്തോലിക്കാകുടുംബങ്ങളിലും ധാരാളമായി ഉണ്ടാകുന്നില്ലേ? പ്രഭാതംമുതൽ പ്രദോഷംവരെയുള്ള ആഫീസ്ജോലിയും കഴിഞ്ഞ് ഒരു ഗൃഹനായകൻ ക്ഷീണിച്ചു ഭവനത്തിൻെറ ഒരു കോണിൽ ഇരിക്കുന്നുവെന്നു വിചാരിക്കുക. കുളിക്കുന്നതിനും ഭക്ഷിക്കുന്നതിനുമുള്ള സമയമായിട്ടും ഭർത്താവു ചിന്തയിൽനിന്നും ഉണരുന്നെഴുന്നേൽക്കാഞ്ഞിട്ട് ഭാര്യ കുപിതയായി ഭർത്താവിനെ സമീച്ച് ഇപ്രകാരം പറയുന്നു: "ഇയാൾക്ക് കുളിയും ഊണും ഒന്നും വേണ്ടേ? എനിക്കുപോയി കിടന്നുറങ്ങണമല്ലോ'' എന്ന്. ഇപ്രകാരം ശകാരവാക്കുകൾ ചൊരിഞ്ഞതിനുശേഷം ഭർത്താവിനെ നിരാശാഗർത്തത്തിൻെറ അടിവരെയും താഴ്ത്തിയിട്ടുപോകുന്ന ഭാര്യമാരും ഇല്ലേ?

ദൃഢനിശ്ചയം, സൂക്ഷ്മബുദ്ധി, ശുദ്ധഹൃദയം, സൗമ്യശീലം എന്നീ ഗുണവിശേഷങ്ങൾ ഉള്ള മനുഷ്യനെയത്രേ ലോകം മാതൃകാപുരുഷനായി കണക്കാക്കുന്നത്. ഇതെല്ലാമുണ്ടെങ്കിലും അനുകമ്പയില്ലെങ്കിൽ അവൻ പൂർണ്ണനല്ല. ഒരു ചിറകൊടിഞ്ഞ് കൂട്ടിലേയ്ക്കു വലിഞ്ഞിഴഞ്ഞു കയറുന്ന പക്ഷിയേയോ തണുപ്പിൻെറ ഉഗ്രതമൂലം അടിമുതൽ മുടിവരെ വിറയ്ക്കുന്ന ബാലനേയോ, സഹായഹസ്തം നീട്ടി ആശ്വസിപ്പിക്കാതെ ഒരു മനുഷ്യനും നോക്കി നിൽക്കുവാൻ സാധിക്കയില്ല. മനുഷ്യരുടെയിടയിൽ സ്വാധീനശക്തിയും നിലയും വിലയുമുള്ള വ്യക്തികളെ അന്വേഷിക്കുക. അപ്പോൾ നമുക്കു മനസ്സിലാകും അവർ സഹോദരങ്ങളോട് അനുകമ്പയുള്ളവരാണെന്ന്. നമ്മുടെ ജീവിതത്തിലെ വിലയേറിയ വിനാഴികകൾ ഏവയാണ്? സ്വാർത്ഥതയിൽ കഴിഞ്ഞുകൂടിയ വിനാഴികകളോ, അതോ സഹോദരനിൽ അനുകമ്പ പ്രദർശിപ്പിക്കുന്നതിൽ വിനിയോഗിച്ച

വയോ? രണ്ടാമത്തേതാണെന്നുള്ളതിനു സംശയമില്ല. ഒരു യോദ്ധാവു് യുദ്ധത്തിൽ തനിക്കു ലഭിച്ച ഘോരമായ മുറിവിനേപ്പറ്റി സ്നേഹിതനോടു പറഞ്ഞു: "മുറിവേററയുടൻ താങ്കൾ വീണില്ലയോ?" എന്നു് സ്നേഹിതൻ ചോദിച്ചു: "ഇല്ല. എന്തുകൊണ്ടെന്നാൽ ആ സമയം സഹചാരികൾ എൻെറ ചുററും കൂടിയതിനാൽ ഞാൻ വീഴാനിടയായില്ല" എന്നു് അയാൾ പറഞ്ഞു. എത്രയോ പ്രാവശ്യം നമ്മുടെ സഹോദരങ്ങൾ വീഴുന്നു. എന്നാൽ അവരെ വീഴിക്കാതെ നാം രക്ഷിക്കുന്നുണ്ടോ?

പാത്രം കഴുകി വെടിപ്പാക്കുന്നതിനു കിണററിൻെറ ചുററും കെട്ടിയുണ്ടാക്കിയിരിക്കുന്ന കോൺക്രീററുതറയിൽ പായൽ ഉണ്ടാകുക കാരണം ഗർഭിണിയായ ഭാര്യയുടെ കാൽവഴുതി അവൾ വീഴുന്നില്ലേ? അതു നോക്കിക്കൊണ്ടു നിൽക്കുന്ന ഭർത്താവു് സഹായത്തിനു് ഓടിയെത്തേണ്ടതിനു പകരം അകലെനിന്നു്, "പായൽ പിടിക്കാതെ സൂക്ഷിച്ചില്ലെങ്കിൽ ഇതും ഇതിലധികവും വരും" എന്നു പറയുക സാധാരണസംഭവമല്ലേ? പക്ഷിമൃഗാദികളുടെ പ്രവൃത്തികൾ ചിലപ്പോൾ അനുകമ്പാരഹിതമായിരിക്കും. ഒരു പ്രത്യേകതരം പക്ഷികളിൽ ഒന്നിനു അപഘാതം സംഭവിച്ചു നിലംപതിക്കുകയാണെങ്കിൽ മററുള്ളവയെല്ലാം അതിനു ചുററുംകൂടി അതിനെ കൊല്ലുന്നു. ഇപ്രകാരമുള്ള മൃഗീയപ്രവൃത്തികൾ ആധുനികകാലത്തു് മനുഷ്യനിലും കണ്ടുവരുന്നുണ്ടു്. നിർഭാഗ്യവശാൽ ഒരു പെൺകുട്ടി "പാപത്തിൽ" നിപതിക്കുന്നുവെങ്കിൽ ബാക്കിയുള്ളവരെല്ലാം അവൾക്കു ചുററുംകൂടി ആക്ഷേപിക്കുകയും പാപകാരണനായ പുരുഷനെ അവഹേളിക്കുകയും ക്രൂവുകയും ചെയ്യും. എന്നാൽ അവൾക്കു് അഭയം നൽകേണ്ട ഒരു സ്ഥലം ലോകത്തിലുണ്ടു്. അതു് പിതാവിൻെറ ഹൃദയമത്രേ. അവൾ നിരാശതയുടെ അന്ധകാരത്തിൽ തപ്പിത്തടയുമ്പോൾ ആശ്വാസമാകുന്ന പന്തം ഉയർത്തിപ്പിടിക്കുന്ന ഒരു ഹസ്തമുണ്ടു്. അതു് പിതാവിൻെറ കരങ്ങളല്ലാതെ മറെറാന്നുമല്ല. പ്രകൃതിയിലെ നക്ഷത്രങ്ങൾ എല്ലാം മങ്ങുമ്പോൾ അവൾക്കു പ്രകാശം നൽകുവാൻ രണ്ടു നക്ഷത്രങ്ങൾ ഉണ്ടായിരിക്കണം. ഒന്നു മാതാവിൻെറ സ്നേഹവും മററതു് പിതാവിൻെറ അനുകമ്പയും.

## 13. സംതൃപ്തി

ഒരിക്കൽ ഒരു രാജാവ് സായാഹ്നസമയം ഉദ്യാനത്തിൽ ലാത്തിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ആ ഉദ്യാനത്തിലുള്ള ചില വൃക്ഷലതാദികൾ അദ്ദേഹത്തെ ചില സങ്കടങ്ങൾ ബോധിപ്പിക്കാൻ തുടങ്ങിയത്രേ. റോസച്ചെടികളെപ്പോലെ മനോഹരവും സൗരഭ്യം വീശുന്നതുമായ പുഷ്പങ്ങൾ പുറപ്പെടുവിക്കുവാൻ തനിക്കു സാധിക്കുന്നില്ലല്ലോയെന്നു് ഓക്കുവൃക്ഷം രാജാവിൻെറ പക്കൽ പരാതി സമർപ്പിച്ചു. മുന്തിരിച്ചെടികളെപ്പോലെ ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള സാദ്ധ്യത തനിക്കില്ലാത്തതിനാൽ റോസച്ചെടി പരിഭവിച്ചു. ക്ഷീണിച്ചവരും സൂര്യാതപം സഹിക്കുന്നവരുമായ അഭയാർത്ഥികൾക്കു് ഓക്കുവൃക്ഷത്തെപ്പോലെ തണൽനൽകുന്നതിനു തനിക്കു സാധിക്കുന്നില്ലായെന്നു് മുന്തിരിച്ചെടി സങ്കടപൂർവ്വം ഉണർത്തിച്ചു. ശിരസ്സുകുലുക്കി പുഞ്ചിരിതൂകി രാജാവു യാത്രതുടർന്നു. ശുഭ്രവസ്ത്രംപോലെ വെണ്മയുള്ള സൗരഭ്യവാഹിയായ പുഷ്പങ്ങൾ ആകാശത്തിലേയ്ക്കുയർത്തിപ്പിടിച്ചുകൊണ്ടു നിൽക്കുന്ന ലില്ലിച്ചെടിക്കഭിമുഖമായിനിന്നു് രാജാവു് ഇപ്രകാരം ചോദിച്ചു. "മററുള്ള വൃക്ഷങ്ങളും ചെടികളും സങ്കടങ്ങൾ ഉണർത്തിച്ചും പരാതികൾ ബോധിപ്പിച്ചും കഴിഞ്ഞുകൂടവേ, നീ ഇത്ര സന്തുഷ്ടചിത്തയായി കാണുന്നതിൻെറ കാരണമെന്താണു്?" ഉത്തരമായി ലില്ലിച്ചെടി പറഞ്ഞു: "സകലത്തേയും അടക്കിഭരിക്കുന്ന ദൈവം എന്നെയും പരിപാലിക്കുന്നുണ്ടെന്നു് എനിക്കറിയാം. അതിനാൽ ഉള്ളതുകൊണ്ടു് സംതൃപ്തയായി കഴിയുന്നതിനു ഞാൻ ശ്രമിക്കുന്നു."

ഇക്കാലത്തു് യാതൊന്നുകൊണ്ടും സംതൃപ്തിയടയാത്ത വ്യക്തികൾക്കും കുടുംബങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഇതിനേക്കാൾ മഹത്തായ ഒരു പാഠം ലഭിക്കുവാനില്ല. ഒരു സൂക്ഷ്മാവലോകനം നടത്തുകയാണെങ്കിൽ നമുക്കു് മനസ്സിലാക്കാൻ സാധിക്കും, സംതൃപ്തി എന്ന വിശിഷ്ടഗുണം നമ്മിൽനിന്നു വളരെ അകലെയല്ല സ്ഥിതിചെയ്യുന്നതെന്നു്. ബാഹ്യമായ സാഹചര്യങ്ങളെക്കാൾ കൂടുതലായി ആന്തരികസ്ഥിതിയിലാണു് ഇതു് നിലകൊള്ളുന്നതു്. നല്ല സമ്പത്തോ നിധിയോ ഒരാൾക്കു് കൈവശമുണ്ടെങ്കിൽത്തന്നെയും അതിനാൽ അയാൾ സംതൃപ്തി കണ്ടെത്തിയെന്നു പറയാൻ സാധിക്കുകയില്ല. തൻെറ ശരീര

ത്തെ ഉൾക്കൊള്ളുന്ന ആറടി വലിപ്പമുള്ള തൊട്ടി (tub) ഡയോജിനസ് എന്ന തത്വശാസ്ത്രജ്ഞന്ന് വലിപ്പമുള്ളതായി അനുഭവപ്പെട്ടുവെങ്കിലും മഹാനായ അലക്സാണ്ടറിന്ന് ഭൂലോകം മുഴുവൻ അല്പമാത്രമായിത്തോന്നി. പൂർണ്ണതൃപ്തനായ ഒരു ആളെയും കണ്ടുമുട്ടുക സാദ്ധ്യമല്ല. അതിനാൽ ഏതൊരു മനുഷ്യൻ തന്റെ ആവശ്യമനുസരിച്ച് ആഗ്രഹം ക്രമീകരിക്കുന്നുവോ, അയാൾ ഭാഗ്യവാനാകുന്നു. ലോകത്തിലുള്ളവർ എല്ലാവരും അവരവർക്കുള്ള നിർഭാഗ്യങ്ങൾ ഒരുമിച്ച് ഒരു സ്ഥലത്തു കൂട്ടുന്നുവെന്ന് വിചാരിക്കുക. അനന്തരം അവനവന്ന് ഇഷ്ടപ്പെട്ട ഭാഗം തിരിച്ചുകൊണ്ടുപോകുവാൻ അവസരം ലഭിക്കുന്നപക്ഷം ഓരോരുത്തനും അന്യന്റേതു് കൊണ്ടുപോകാതെ, സ്വന്തമായിട്ടുള്ളതു് തിരിച്ചുകൊണ്ടുപോകുമെന്നതിനു സംശയമില്ല.

തങ്ങൾക്കു് ആവശ്യമുള്ളതു എന്താണെന്നുതന്നെ ചിലർക്കു് അറിഞ്ഞുകൂടാ. അവർ താഴെപ്പറയുന്ന സ്ത്രീയെപ്പോലെയുള്ളവരാണു്. ഒരു ദിവസം ഒരു സ്ത്രീ തന്റെ മുറിയുടെ ഭിത്തികൾ പെയിൻറു ചെയ്യുന്നതിന്ന് ഒരാൾക്കു് ഓർഡർ കൊടുത്തു. വളരെ വിശിഷ്ടമായ നിറത്തിലുള്ള തന്റെ ചാമ്പൽപ്പാത്രത്തിന്റെ (ash-tray) നിറത്തിൽ ചുവരുകൾ പെയിൻറു ചെയ്യണമെന്നു അവൾ നിഷ്കർഷിച്ചു. എത്രതന്നെ ശ്രമിച്ചിട്ടും ആ സ്ത്രീ നിർദ്ദേശിച്ച തരത്തിലുള്ള ചായം നിർമ്മിക്കാൻ പെയിൻറർക്കു് സാധിച്ചില്ല. അതിനാൽ അയാൾ വേറൊരുതരം ചായമുണ്ടാക്കി ആദ്യംതന്നെ ചാമ്പൽപെട്ടി പെയിൻറുചെയ്തു. അനന്തരം അതിന്റെ നിറമനുസരിച്ചു് ഭിത്തികളും പെയിൻറു ചെയ്തു. പ്രസ്തുത സ്ത്രീ യാത്ര കഴിഞ്ഞു് തിരിച്ചുവന്നു് പരിശോധിച്ചതിൽ ചാമ്പൽപെട്ടിയുടെ നിറമനുസരിച്ചു് ഭിത്തികൾ പെയിൻറു ചെയ്തിരുന്നതിനാൽ സംതൃപ്തയായി നല്ല സമ്മാനവും അയാൾക്കു കൊടുത്തു.

ദാരിദ്ര്യത്തിൽ സംതൃപ്തി കണ്ടെത്തുകയെന്നതു് വളരെ വിഷമമേറിയ പ്രശ്നമാണു്. എന്നാൽ അപ്രകാരം കഴിഞ്ഞുകൂടുന്ന കുടുംബങ്ങളും ധാരാളമുണ്ടു്. ഉദാഹരണമായി റേഷൻകാലത്തു് നടന്ന ഒരു സംഭവം പറയാം. റേഷൻതുണി വാങ്ങുന്നതിനു മത്തായിച്ചേട്ടൻ കടയിലേയ്ക്കു പോയി. അയാൾ കടയിൽ ചെല്ലുന്നതിന്നുമുമ്പുതന്നെ നല്ല തുണികൾ എല്ലാം

ധനികന്മാരുടെ അലമാരികളിൽ "ഡബിൾ" ആയും സാരിക ളായും സ്ഥലം പിടിച്ചുകഴിഞ്ഞിരുന്നു. മത്തായിച്ചേട്ടനു കിട്ടി യതു് വിളമ്പിൽ മുന്നിഞ്ചുവീതിയിൽ ചുവന്ന കരയുള്ള അതി ലോലമായ 16 മുഴം സാരിയാണ്. കിട്ടിയതുകൊണ്ടു് തൃപ്തനാ യി മത്തായിച്ചേട്ടൻ വീട്ടിൽവന്നു് അതു മൂന്നായി മുറിച്ചു. 8 മുഴം ഭാര്യയ്ക്കു ഒരു സാരി, 4 മുഴം മത്തായിച്ചേട്ടനു് ഒരു മുണ്ടു്, ബാക്കി 4 മുഴം മകൾ കത്രിപ്പെണ്ണിനു ഒരു ബ്ളൗസി നും പാവാടയ്ക്കും. ന്യായമായ ഈ പങ്കുവയ്പ്പിലാണ് ആ കുടും ബാംഗങ്ങളെ സംതൃപ്തരാക്കിയതു്. അതുപോലെ നാഴിയരിയിട്ടു കഞ്ഞിവയ്ക്കുന്ന വീട്ടിലെ ഗൃഹനായിക പാകപ്പെടുത്തിയ കഞ്ഞി ഗൃഹനായകനും മക്കൾക്കും വീതിച്ചു് ബാക്കിയുള്ള കഞ്ഞിവെള്ളം കുടിച്ചു് തൃപ്തിയടയുന്നതായുള്ള ദൃഷ്ടാന്തങ്ങൾ നാം കണ്ടിട്ടില്ലേ? ഒരു ദിവസം ധനികനായ ഒരു മനുഷ്യൻ റോഡിൽക്കൂടി നടക്കവേ കന്നുകാലിത്തൊഴുത്തിന്റെ വാതി ല്ക്കൽ നില്ക്കുന്ന ഒരു ബാലനോടു ചോദിച്ചു: "കുഞ്ഞേ നീ എന്തു ജോലിയാണ് ചെയ്യുന്നതു്? ചെയ്യുന്ന ജോലിക്കു പ്രതി ഫലമായി നിനക്കെന്തു ലഭിക്കുന്നു?"

"ഞാൻ ഈ തൊഴുത്തിൽ ജോലിചെയ്യുന്നു. പ്രതിഫ ലമായി ഉടുക്കാനും കഴിക്കാനും ഉള്ളവ കിട്ടുന്നു." എന്നു് അവൻ മറുപടി പറഞ്ഞു.

ഇതുകേട്ടു ആ ധനികൻ വീണ്ടും പറഞ്ഞു: "തൃപ്തിയട യുക. ഇതുതന്നെയാണ് എനിക്കും കിട്ടുന്നതു്. ഇതിനുവേണ്ടി ഞാനും ജോലിചെയ്യുന്നു."

ഈ ധനികന്റെ ഉപദേശത്തിൽനിന്നു നാം മനസ്സി ലാക്കേണ്ടതു്, ഓരോരുത്തനും അവനവനു ലഭിച്ചിരിക്കുന്ന ജീ വിതസ്ഥിതികൊണ്ടു് തൃപ്തിപ്പെടണമെന്നാണ്. വളരെ വിസ്തൃ തമായ മേച്ചിൽസ്ഥലത്തു് ജീവിക്കുന്ന മലയാടു് പുഷ്പത്തിന്റെ മീതെ പറന്നു തേൻ ശേഖരിക്കുന്ന ശലഭത്തേക്കാൾ കൂടുതൽ തൃപ്തി കണ്ടെത്തുന്നുണ്ടോ? ഇല്ല. മാർബിൾക്കുഴലിൽക്കൂടി പ്ര വഹിക്കുന്ന ജലത്തിനു പുൽപ്പരപ്പിൽക്കൂടി ഒഴുകുന്ന വെള്ള ത്തേക്കാൾ കൂടുതൽ രുചിയുണ്ടോ? ഇല്ല. സാധാരണ മാംസം കൊണ്ടുണ്ടാക്കിയ ഭക്ഷണത്തേക്കാൾ കൂടുതൽ രുചി ശ്രവണ സുന്ദരമായ സംഗീതം പുറപ്പെടുവിക്കുന്ന രാപ്പാടിക്കുരുവിയുടെ

(nightingale) നാവിലെ മാംസമെടുത്തു പാകപ്പെടുത്തിയ ഭക്ഷണത്തിനുണ്ടോ? ഇല്ല. ദാരിദ്ര്യദേവതയ്ക്കടിമപ്പെട്ടകയാൽ സംതൃപ്തിയുടെ നിഴൽ ഒരിക്കലും പതിക്കാത്ത കുടുംബങ്ങളിൽ നിവസിക്കുന്ന അംഗങ്ങൾ ഒരു സംഗതി മനസ്സിലാക്കണം. അവരെക്കാൾ കൂടുതൽ ദാരിദ്ര്യദുഃഖമനുഭവിക്കുന്നവർ ലോകത്തിലുണ്ടെന്നു്.

കഠിനശൈത്യമുള്ള ഒരു രാത്രിയിൽ തന്റെ പ്രിയ പുത്രന്റെ ശരീരം മൂടുന്നിനു് ഒരു പഴന്തുണിക്കഷണം കിട്ടായ്കയാൽ ഒരു സാധുവിധവ ഒരു കടലാസുകൊണ്ടു് തണുപ്പിന്റെ ഉഗ്രതയെ തെല്ലൊന്നു ശമിപ്പിച്ചു. അപ്പോൾ ആ കുഞ്ഞു് മന്ദസ്മിതം തൂകി, സംതൃപ്തിയുടെ കണ്ണുനീർ ചൊരിഞ്ഞുകൊണ്ടു് പറഞ്ഞു: "അമ്മേ, മഞ്ഞു കഠിനമായി വീശുന്ന ഈ രാത്രിയിൽ തങ്ങളുടെ കുഞ്ഞുങ്ങളുടെ ശരീരത്തിൽ ഒരു കടലാസുപോലും ഇടുവാൻ നിവൃത്തിയില്ലാത്ത തള്ളമാർ ഇപ്പോൾ എന്തു ചെയ്യും?"

അസംതൃപ്തിക്കു് വഴി തെളിക്കുന്നതു് എപ്പോഴും ബുദ്ധിമുട്ടുകൾ (worries) ആണു്. ബുദ്ധിമുട്ടുകൾക്കു് വിധേയനാകാത്ത യാതൊരു വ്യക്തിയും ലോകത്തിലില്ല. സായാഹ്നസമയം ഉദ്യാനത്തിലെ ബഞ്ചിൽ ഇരുന്നു് ഭാഗ്യവാനെന്ന മട്ടിൽ വിശ്രമസുഖമനുഭവിക്കുന്നവനും ബുദ്ധിമുട്ടുകൾ കാണും. അവനെ ക്ലേശിപ്പിക്കുന്നതു് നാളെയും സായാഹ്നസമയമുണ്ടാകുമോ? ആ ബഞ്ചിൽ തനിക്കു മുമ്പായി ആരെങ്കിലും നാളെ സായാഹ്നത്തിൽ ഇരിപ്പുറപ്പിക്കുമോ, എന്നു തുടങ്ങിയ ചിന്തകളായിരിക്കും. അതിനാൽ വിചാരക്ലേശങ്ങളാകുന്ന ആ അപ്രിയനായ അതിഥി വരാതെ സൂക്ഷിക്കുവാൻ നമുക്കു് നിവൃത്തിയില്ല. വന്നാൽ ഇരിക്കുന്നതിനു ഇരിപ്പിടം കൊടുക്കാതെയിരിക്കയാണു് കരണീയമായിട്ടുള്ളതു്.

നമ്മുടെ ഏതു പ്രവൃത്തികളിലും പരിതസ്ഥിതികളിലും സംതൃപ്തി കണ്ടെത്തുവാനുള്ള പോംവഴി, നമ്മുടെ ഇഷ്ടം എപ്പോഴും ദൈവേഷ്ടത്തിനു വിധേയമാക്കുക, നസ്രസ്സിലെ ഭവനത്തിലെ കുടുംപട്ടിണിക്കുള്ളിൽ കിടന്നുകൊണ്ടു് ആ കുടുംബാംഗങ്ങൾ സംതൃപ്തി കണ്ടെത്തിയതിനുള്ള കാരണങ്ങൾ മനസ്സിലാക്കുക, എന്നിവയത്രേ. രത്നഖചിതമായ സ്വർണ്ണസിംഹാസ

നവും പബ്ളിക്കറോഡും വൃത്തിയാക്കുന്നതിനു ദൈവം രണ്ടു മാലാഖാമാരെ അയയ്ക്കുകയാണെങ്കിൽ രണ്ടുപേരും അവരുടെ കൃത്യം ശ്രേഷ്ഠമായി കരുതും. രണ്ടുപേരും കൃത്യനിർവ്വഹണത്തിൽ സംതൃപ്തി കണ്ടെത്തുന്നു. കാരണം ദൈവാഭീഷ്ടപൂർത്തീകരണമാണ് തങ്ങളുടെ ഉദ്ദേശമെന്ന് അവർ മനസ്സിലാക്കുന്നു. സുസ്ഥിരമായ ആത്മസംയമനത്താലും, അചഞ്ചലമായ ധൈര്യത്താലും, അവികലമായ ക്ഷമയാലും, അനുസ്യൂതമായ പ്രാർത്ഥനയാലും ഏതൊരു കുടുംബം കഴിഞ്ഞുകൂടുന്നുവോ അവിടെ സംതൃപ്തിയുടെ പ്രകാശക്കതിർ വീശുമെന്നുള്ളതിനു പക്ഷാന്തരമില്ല.

## 14. മാതാപിതാക്കന്മാരുടെ കടമകൾ

ഒരു പിതാവ് ഞായറാഴ്ചദിവസം പത്രം വായിച്ചുകൊണ്ടിരിക്കയായിരുന്നു. ആ പത്രത്തിലെ ആശയങ്ങൾ ഗ്രഹിക്കാൻ നിവൃത്തിയില്ലാത്ത ഒരു കുസൃതിമകൻ വന്ന് പിതാവിനെ തടസ്സപ്പെടുത്തി. കുട്ടിയുടെ ഉപദ്രവം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഭൂഗോളത്തിൻെറ പടമുള്ള ഒരു ഭാഗം കീറിയെടുത്ത് കത്രികകൊണ്ട് തുണ്ടുതുണ്ടായി മുറിച്ചതിനുശേഷം അവനോടും പറഞ്ഞു: "മകനേ, നീ ഇതെല്ലാം ശരിയായി അടുക്കിക്കൊണ്ടു വന്നാൽ നിനക്ക് അപ്പച്ചൻ ഒരു സമ്മാനം തരാം."

ചുരുങ്ങിയ സമയത്തിനുള്ളിൽ അവൻ ആ കടലാസുകഷണങ്ങൾ അടുക്കി ഭൂഗോളത്തിൻെറ ചിത്രവുംകൊണ്ട് അപ്പച്ചൻെറ അടുക്കൽ വന്നു പറഞ്ഞു:

"സൂത്രം ഞാൻ കണ്ടുപിടിച്ചു. ഈ കടലാസിൻെറ മറുവശത്ത് ഒരു പിതാവിൻെറയും മാതാവിൻെറയും പടമുണ്ടായിരുന്നു. അതു് അടുക്കി ശരിപ്പെടുത്തിയപ്പോൾ ഭൂഗോളത്തിൻെറ പടവും കിട്ടി."

ഇതു കേട്ടപ്പോൾ പിതാവ് ഉപദേശരൂപേണ പറഞ്ഞു: "മകനേ, ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു് മാതാപിതാക്കന്മാർ നല്ലവരായാൽ ലോകവും നന്നാകുമെന്നത്രേ."

ലോകത്തിൽ ഏററം ചുമതലയുള്ള സ്ഥാനം മാതാപിതാക്കന്മാരുടേതാണു്. കുഞ്ഞുങ്ങളുടെ ആത്മസ്ഥിതി മാതാപിതാക്കന്മാരെ ആശ്രയിച്ചിരിക്കുന്നു. മാതാപിതാക്കന്മാർ തരണം ചെയ്യേണ്ട ജീവിതസമുദ്രം പാറക്കെട്ടുകളാലും കൊടുങ്കാററിനാലും ഭീകരമത്രേ. അതേസമയം അവർ കൊണ്ടുപോകേണ്ട ചരക്ക് വിലയുള്ളതുമത്രേ. എന്തുകൊണ്ടെന്നാൽ രാജാക്കന്മാരുടെ രാജാവായ ഈശോയുടെ സിംഹാസനം അലങ്കരിക്കേണ്ട രത്നക്കല്ലുകൾ ആകുന്നു കുഞ്ഞുങ്ങൾ. ദൈവം മാതാപിതാക്കന്മാരെ ഏല്പിച്ചിട്ടുള്ള ഈ നിധി എന്താണു്? നശ്വരമായ ശരീരത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന അനശ്വരവും അമൂല്യവുമായ ഒരാത്മാവു്. ഈ ആത്മാവോ, മാമ്മോദീസാവഴി സകലവിധ തിന്മകളിൽനിന്നും ഒഴിവാക്കപ്പെട്ടതും ദൈവപ്രസാദത്തിൽ പ്രകാശിക്കുന്നതും സ്വർഗ്ഗപ്രവേശനത്തിനും മാലാഖാമാരൊപ്പം ഇരിക്കുന്നതിനു യോഗ്യതയുള്ളതുമായ ഒരു സൃഷ്ടി. ഒരു പടികൂടി നമുക്ക് കടക്കാം. എന്നന്നേയ്ക്കും ജീവിക്കുന്നതിനു് സാധ്യതയുള്ള ഒരു സൃഷ്ടിയത്രേ പൈതൽ. സാമ്രാജ്യങ്ങളും രാജ്യങ്ങളും വളരുകയും അധഃപതിക്കയും ചെയ്യും. ആകാശവും ഭൂമിയും ഒരിക്കൽ ഇല്ലെന്നാകും. നക്ഷത്രങ്ങൾ മങ്ങിപ്പോകും. സൂര്യൻ പ്രകാശം നൽകാതെ വരുന്ന ദിവസം ഉദയം ചെയ്യും. എന്നാൽ ഒരു പൈതലോ എന്നെന്നേയ്ക്കും ജീവിക്കുന്നു. ഒന്നുകിൽ സർവ്വാലങ്കാരഭൂഷിതനായി സ്വർഗ്ഗത്തിൽ, അല്ലെങ്കിൽ ശിക്ഷിക്കപ്പെട്ടവനായി നരകത്തിൽ. മേല്പറഞ്ഞ ഏതൊരവസ്ഥയിലാണു് തങ്ങളുടെ കുഞ്ഞു് എത്തിച്ചേരുക എന്നതു മാതാപിതാക്കന്മാരെ ആശ്രയിച്ചിരിക്കുന്നു. അവിടുത്തെ സാദൃശ്യത്തിലും ആകൃതിയിലും സൃഷ്ടിക്കപ്പെട്ട കുഞ്ഞിനേക്കാൾ വിലയുള്ളതായി എന്താണ് ഒരു കുടുംബം സമ്മാനമായി പരമപിതാവായ ദൈവത്തിനു കൊടുക്കുന്നതു്?

ഓരോ മനുഷ്യൻെറയും കഴിവുകൾ അനുസരിച്ചാണ് അവൻെറ കടമകളും സ്ഥിതിചെയ്യുന്നതു്. ദൈവം, കൃഷിചെയ്യുന്നതിനു് സ്ഥലവും വിതയ്ക്കുന്നതിനു് വിത്തും നമ്മെ ഏല്പിച്ചിട്ടുണ്ടെങ്കിൽ വിളവിൻെറ ഫലം നാഥനെ ഏല്പിക്കുന്നതിനു നമുക്കു കടമയുണ്ടു്. ഭവനത്തെയും മാതാപിതാക്കന്മാരെയും കുഞ്ഞുങ്ങളെയുംപററി പറയാവുന്നതും ഇതുതന്നെയാണു്. ഒരു ലത സഹായമഭ്യർത്ഥിച്ചുകൊണ്ടു് ഒരു വൃക്ഷത്തിൽ പാറി

പ്പിടിച്ചു നില്ക്കുന്നതുപോലെ ഒരു ശിശു മാതാപിതാക്കന്മാരെ ആശ്രയിക്കുന്നു. മാതാപിതാക്കന്മാരുടെ വാക്കുകൾ ദൈവത്തിന്റെ കല്പനപോലെയും അവരുടെ കാൽച്ചുവടുകൾ സൗഭാഗ്യത്തിലേയ്ക്കുള്ള പാതയായും കുഞ്ഞുങ്ങൾ കരുതുന്നു.

ഒരു പിതാവും പുത്രനുംകൂടി ഒരു താഴ്വരയിലുള്ള മഞ്ഞുകട്ടകളിൽക്കൂടി മന്ദം മന്ദം ഗമിച്ചുതുടങ്ങി. മകന്റെ നടപ്പിനു പ്രയാസം കുറയ്ക്കുന്നതിനുവേണ്ടി പുത്രനോടു പിറകിൽ നടക്കുവാൻ ഉപദേശിക്കയും പുത്രനുവേണ്ടി വഴിതെളിച്ചുകൊടുക്കുകയും ചെയ്തു. കുറച്ചു സമയം ഇപ്രകാരം നടന്നതിനുശേഷം പിതാവു ചോദിച്ചു: "മകനേ, നീ എപ്രകാരമാണ് എന്നെ പിന്തുടരുന്നതു്?"

മകൻ പറഞ്ഞു: "അപ്പാ, അവിടുന്നു നടന്ന ചാലിൽക്കൂടി, കാൽച്ചുവടുകളിൽക്കൂടി ഞാൻ നടക്കുന്നതുകൊണ്ട് എനിക്കു പ്രയാസം തോന്നുന്നില്ല." ഓരോ പിതാവും ഇപ്രകാരം മക്കൾക്ക് നടക്കുന്നതിനു വഴി തെളിക്കുന്നുണ്ട്. എന്നാൽ തെറ്റായ വഴി തെളിക്കുന്നവനു ദുരിതം. ആ പിതാവു തന്റെ കടമകൾ അറിയുന്നില്ല, നിർവ്വഹിക്കുന്നില്ല.

മാതാപിതാക്കന്മാരുടെ കടമകളിൽ പ്രധാനമായിട്ടുള്ളതു് തങ്ങളുടെ കുഞ്ഞുങ്ങൾക്ക് സന്മാതൃക പ്രദാനം ചെയ്യുകയെന്നതാണ്. ഒരു കത്തോലിക്കന്റെ സർവ്വപ്രധാനമായ കൃത്യവും ഇതുതന്നെ. അതിനാലത്രേ വി. പത്രോസ് തന്റെ ഒന്നാം ലേഖനത്തിൽ ക്രിസ്ത്യേതരരെപ്പററി വിശ്വാസികളോടു ഇപ്രകാരം പറഞ്ഞതു്:

"നിങ്ങളെപ്പററി അവർ ദൂഷണം പറയുമെങ്കിലും നിങ്ങളുടെ സൽപ്രവൃത്തികളെ വിലമതിച്ചുകൊണ്ട് അവർ ദൈവസ്തുതി ചെയ്യും. ആരെല്ലാം സന്മാതൃക പ്രദശിപ്പിക്കുന്നുവോ അവർ അതിനാൽത്തന്നെ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പും നിത്യസൗഭാഗ്യത്തിനു അവകാശികളുമായിത്തീരുന്നു." "നല്ല ദൃഷ്ടാന്തം ദൈവത്തിനനുയോജ്യമായ ദൈവാലയം പണിചെയ്യുന്നു" എന്നു വേറൊരു മഹാൻ പറയുന്നു. ഒരു ശില്പിക്ക് മാർബിൾക്കഷണത്തിൽനിന്നും ഒരു വിശുദ്ധന്റെയോ ഒരു പിശാചിന്റെയോ പ്രതിമ നിർമ്മിക്കാൻ സാധിക്കുന്നു. അപ്രകാരംതന്നെ ഒരു പിതാവിനും മാതാവിനും തങ്ങളുടെ സന്താനങ്ങളിൽനിന്നും പുണ്യവാനെയോ പാപിയെ

യോ ലോകത്തിനു പ്രദാനംചെയ്‌വാൻ കഴിയും. സൗഭാഗ്യം അനുഭവിക്കുന്ന സ്വർഗ്ഗവാസികളോടും, നിരന്തരമായി വേദന അനുഭവിക്കുന്ന നരകവാസികളോടും, അപ്രകാരമുള്ള അവസ്ഥകളിൽ ചെന്നുചേരുവാൻ കാരണക്കാർ ആരെന്നു ചോദിച്ചാൽ അവർ പറയും തങ്ങളുടെ മാതാപിതാക്കന്മാരാണെന്ന്. ലോകത്തിനു പ്രദാനം ചെയ്യുവാൻ സാധിച്ചിട്ടുള്ളതിലേയ്ക്കും ദുഷ്ടനും അക്രമിയുമായ ഒരു തസ്കരനെ നിങ്ങൾ നോക്കുക; അപ്പോൾ നിങ്ങൾക്കു മനസ്സിലാകും അയാൾ കുറേ വർഷങ്ങൾക്കു മുമ്പ് നിഷ്ക്കളങ്കനും സുസ്മേരവദനനും നിരപരാധിയുമായ ഒരു ബാലനായിരുന്നുവെന്ന്. ഒരേ പട്ടണത്തിൽ ഒരേ ദിവസം പിറന്ന രണ്ടു കുഞ്ഞുങ്ങളിൽ ഒരാൾ എന്തുകൊണ്ട് ഒരു വിശുദ്ധനും അപരൻ രാക്ഷസനും വികടനും ദുഷ്ടനുമായ നീറോചക്രവർത്തിയുമായിത്തീന്നു? പ്രതികൂല സാഹചര്യങ്ങൾക്ക് രണ്ടു വ്യക്തികളിൽ ഇപ്രകാരമുള്ള വ്യത്യാസങ്ങൾ വരുത്തിവെക്കാമെങ്കിലും മാതാപിതാക്കന്മാരുടെ പരിശീലനവും വളർത്തലുമാണു പ്രധാനമായി ഇവയ്ക്കു കാരണമായിട്ടുള്ളത്. പറുദീസായുടെ വാതില്ക്കൽ കാവൽനില്ക്കുന്നതിനായി ദൈവം രണ്ടു മാലാഖാമാരെ നിർത്തിയിരുന്നതുപോലെ മാതാപിതാക്കന്മാർ കുഞ്ഞുങ്ങളുടെ കാണപ്പെട്ട കാവൽക്കാരാണ്. മാമ്മോദീസാക്കല്ലിൽവച്ച് എപ്രകാരം ആത്മനൈർമ്മല്യത്തോടുകൂടി മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞിനെ സ്വീകരിച്ചുവോ, അതേ പരിശുദ്ധിയോടുകൂടി അതിനെ ദൈവത്തിന്റെ പക്കൽ സമർപ്പിക്കുന്നതിനുള്ള കടമയും ചുമതലയും അവർക്കുണ്ടെന്നു അവർ മനസ്സിലാക്കണം. ദൈവത്തിന്റെ ലില്ലികളും റോസപുഷ്പങ്ങളുമാകുന്ന കുഞ്ഞുങ്ങളെ മാതാപിതാക്കന്മാർ സൂക്ഷിക്കുക അത്യന്താപേക്ഷിതമാണ്. മദ്യപനായ പിതാവ് അഞ്ചുവയസ്സുമാത്രം പ്രായമുള്ള തന്റെ മകനെ മദ്യം വാങ്ങിക്കുന്നതിനു കുപ്പിയുമായി ഷാപ്പിലേക്ക് അയയ്ക്കുന്നു. നിഷ്കളങ്കനായ ഈ മാലാഖാക്കുഞ്ഞിനെ വഴിമദ്ധ്യേ ഒരു വൈദികൻ കാണുകയും "കള്ള്" എന്തിനാണെന്ന് ചോദിക്കുകയും ചെയ്യുമ്പോൾ "വട്ടേപ്പം ഉണ്ടാക്കാനാണ്" എന്ന് കുഞ്ഞ് പറയുകയും ചെയ്യുന്നു. ഇപ്രകാരം പറയണമെന്നു പിതാവു പഠിപ്പിച്ചിട്ടുണ്ട്. ഒരുനേരം കഞ്ഞിവയ്ക്കാൻപോലും നിവൃത്തിയില്ലാത്ത ഗൃഹത്തിലാണോ "വട്ടേപ്പം" ഉണ്ടാക്കുന്നത്! നാം ഒന്നു ചിന്തിക്കുക. ഇതാണോ

യഥാർത്ഥ ക്രിസ്തീയത്വം. ഇപ്രകാരമാണോ കുഞ്ഞുങ്ങളെ വളർത്തേണ്ടതെന്നു് ഓരോ മാതാപിതാക്കന്മാരും ചിന്തിച്ചുനോക്കട്ടെ. ഇതുകൊണ്ടും ദുഷ്ടത അവസാനിക്കുന്നില്ല. പിതാവു് മദ്യം കോപ്പയിൽ ഒഴിച്ചു കുടിക്കുമ്പോൾ പിഞ്ചുകുഞ്ഞും, ബാലനായ പുത്രനും സവിധത്തിൽ നില്ക്കുന്നുണ്ടു്. കോപ്പയിൽനിന്നു കുടിക്കുമ്പോൾ ചുണ്ടുകളുടെയും കോപ്പയുടെ വക്കിൻെറയും ഇടയ്ക്കുനിന്നു ഓരോ തുള്ളി നിലംപതിക്കുന്നുണ്ടു്. ബാലനും ശിശുവും ആ തുള്ളികൾ കൈവിരലിന്മേൽ തൊട്ടിട്ടു് രുചിച്ചറിയുന്നു. ദിവസങ്ങൾ കഴിയുമ്പോൾ ആ കുഞ്ഞുങ്ങളിലും മദ്യപാനാസക്തി ഉണ്ടാകുകയും മദ്യപന്മാരായിത്തീരുകയും ചെയ്യുന്നു.

ഒരു ശിശുവിൻെറ കണ്ണു കാണുന്നതും ചെവി കേൾക്കുന്നതും അതിൻെറ മൃദുലഹൃദയത്തിൽ ഗാഢമായി പതിയുന്നു. ബസ്സിൽ യാത്ര ചെയ്യുന്ന മാതാപിതാക്കന്മാർ അര ടിക്കററിനു അർഹതയില്ലാത്ത കുഞ്ഞിൻെറ പ്രായം കുറച്ചു പറയുന്ന അവസരം ആ കുഞ്ഞിനെ അസത്യഭാഷണം പഠിപ്പിക്കുകയാണെന്നുള്ള കാര്യം മനസ്സിലാക്കണം. നമ്മുടെ കുഞ്ഞുങ്ങളിൽ സത്യസന്ധത കുറയാനുള്ള കാരണം ഇപ്രകാരമുള്ള പ്രവൃത്തികളാണു്. 1951–1952-ൽ ഇൻഡ്യൻ റെയിൽവേകളിൽ ടിക്കററില്ലാതെ യാത്ര ചെയ്യവരുടെ സംഖ്യ 79 ലക്ഷം ആണെന്നും അതിനെ അടിസ്ഥാനമാക്കി ഈടാക്കപ്പെട്ട പിഴയും മററും 15 ലക്ഷം ഉറുപ്പികയാണെന്നും ഒരു ചോദ്യത്തിനു മറുപടിയായി റയിൽവേമന്ത്രി ജനസഭയിൽ പ്രസ്താവിച്ചു. ലണ്ടൻ, പാരീസ്, റോമ മുതലായ പട്ടണങ്ങളിൽ ധാരാളം പുസ്തകശാലകൾ ഉണ്ടു്. പുസ്തകം വാങ്ങിക്കേണ്ടവർ വിലപേശേണ്ട ആവശ്യമില്ല. പ്രത്യുത പുസ്തകത്തിൻെറ പുറംചട്ടയിൽ കൊടുത്തിരിക്കുന്ന വില നോക്കിയിട്ടു് ആ വിലയ്ക്കുള്ള നാണയം അവിടെ വെച്ചിരിക്കുന്ന പെട്ടിയിൽ ഇട്ടേച്ചാൽ മതി. 1950-ൽ നടത്തിയ പാശ്ചാത്യ പര്യടനത്തിൽ ഈ ഗ്രന്ഥകാരൻ ഇപ്രകാരമുള്ള സംഭവങ്ങൾക്കു ദൃക്സാക്ഷിയാണു്. നമ്മുടെ രാജ്യത്താണു് ഇപ്രകാരമുള്ള പുസ്തകവില്പന നടക്കുന്നതെങ്കിൽ ആദ്യദിവസംതന്നെ ഉടമസ്ഥനു വില ലഭിക്കാതെ പുസ്തകങ്ങൾ അപ്രത്യക്ഷമാകുകയും പിറേറദിവസം അവ സൂക്ഷിച്ചിരുന്ന അൽമേരകൾ കാണാതാവുകയും ചെയ്യുമെന്നുള്ളതിൽ പക്ഷാന്തരമില്ല.

## 15. മാതാപിതാക്കന്മാരോടുള്ള ഒരു ഉൽബോധനം

മാതാപിതാക്കന്മാൎക്ക് തങ്ങളുടെ മക്കളെ ശരിയായ പരിശീലനം നൽകി വളൎത്തുവാൻ അതിപ്രധാനവും അത്യന്തം ഗൌരവാവഹവുമായ കടമയുണ്ട്. ഇതിനെ വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നതു് കഠിനമായ പാപമാണ്. ഇന്നത്തെ പ്രത്യേക പരിതസ്ഥിതികളിൽ ചില മാതാപിതാക്കന്മാർ തങ്ങളുടെ ദൈവദത്തമായ അവകാശത്തേയും ചുമതലകളേയും അഗണ്യകോടിയിൽ തള്ളുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആകയാൽ അവർ ഗാഢമായി പരിചിന്തനം ചെയ്തു പ്രവൃത്തിയിൽ വരുത്തുന്നതിലേയ്ക്കായി ഏതാനും ചില കാൎയ്യങ്ങൾ ഈ ഇടയലേഖനം വഴി നാം അറിയിക്കുന്നു.

മാതാപിതാക്കന്മാൎക്ക് ദൈവം നൽകിയിരിക്കുന്ന അമൂല്യദാനമാണ് കുഞ്ഞുങ്ങൾ. അവർ അവരുടെ അംശംതന്നെയാണ്. സ്വത്തുക്കളെയും മററു സമ്പാദ്യങ്ങളെയുംകാൾ പ്രിയതരമായി കുഞ്ഞുങ്ങളെ വിലമതിക്കണം. അവരുടെ ശരീരത്തെയും ആത്മാവിനെയും പരിരക്ഷിച്ച് പുഷ്ടിപ്പെടുത്തുന്നതിനു് കഴിയുന്നതെല്ലാം മാതാപിതാക്കന്മാർ ചെയ്യണം. ശരീരത്തെക്കാൾ ആത്മാവിനു് പ്രാധാന്യമുണ്ടെന്നുള്ള വസ്തുതയും ക്രൈസ്തവമാതാപിതാക്കന്മാർ ഒരിക്കലും വിസ്മരിക്കരുതു്. അതിനാൽ ശിശുക്കളെ സംബന്ധിച്ചും അവരുടെ പരിപാലനം സംബന്ധിച്ചും ആദ്ധ്യാത്മികകാൎയ്യങ്ങൾക്കു പ്രഥമസ്ഥാനം നൽകേണ്ടതാണ്.

ശിശു ഒരു കുടുംബത്തിൻെറ അംഗമായി ജനിക്കുന്നു. രാഷ്ട്രത്തിൻെറ അംഗമാകുന്നതിനു മുമ്പുതന്നെ അവൻ കുടുംബത്തിൻെറ അംഗമാണ്. ശിശുക്കളെ സംബന്ധിച്ച് മാതാപിതാക്കന്മാരുടെ അവകാശത്തിനും അധികാരത്തിനും ഇങ്ങനെ മുൻഗണന ലഭിച്ചിരിക്കുന്നു. ഇതു് ആൎക്കും ചോദ്യംചെയ്യാവുന്നതല്ല. പ്രകൃതിദത്തമായ ഈ അവകാശാധികാരങ്ങളെ മുൻനിറുത്തി മാതാപിതാക്കന്മാർ തങ്ങളുടെ കൎത്തവ്യങ്ങൾ നിൎവ്വഹിക്കണം. ശിശുക്കൾ ദൈവത്തിൻെറ വിശിഷ്ടദാനമാണ്. അവർ ലോകത്തിൽ ജീവിച്ച് പല ധൎമ്മങ്ങളും അനുഷ്ഠിച്ച

ശേഷം ദൈവത്തിന്റെ പക്കൽ മടങ്ങിച്ചെല്ലേണ്ടവരാണ്. തന്നിമിത്തം അവരെ ദൈവത്തിനിഷ്ടമുള്ള പൗരന്മാരാക്കിത്തീർക്കുകയാണ് മാതാപിതാക്കന്മാരുടെ ചുമതല. അതു് എങ്ങനെ നിർവ്വഹിക്കാം?

ശിശുക്കൾ ജനിക്കുമ്പോൾ തുടങ്ങി അവരുടെ പരിശീലനവും ആരംഭിക്കണം. കുടുംബമാണ് ആദ്യത്തെ പരിശീലനരംഗം. ഏററം പരിശുദ്ധമായ രംഗവും അതുതന്നെ. മാതാപിതാക്കന്മാരാണ് ശിശുക്കളുടെ ഒന്നാമത്തെ ഗുരുഭൂതന്മാർ. മാത്രമല്ല അവർ കുഞ്ഞുങ്ങളുടെ പഠനവിഷയവും കൂടിയാണ്. അവരുടെ വാക്കും, നോക്കും, അവരുടെ ഉടുപ്പും നടപ്പും, അവരുടെ തീനും, കുടിയും, എന്നുവേണ്ട അവരുടെ സകല നടപടികളും കുട്ടികൾ കണ്ടുപഠിക്കുന്നു. ബാലമനസ്സുകളിൽ മാതാപിതാക്കന്മാരുടെ സകല വ്യാപാരങ്ങളും ഗാഢമായി പതിയുന്നു. ഈ പരമാർത്ഥം ഗ്രഹിച്ചുകൊണ്ടു് മാതാപിതാക്കന്മാർ മാതൃകാപരമായ ജീവിതം നയിക്കണം. അവരുടെ സന്മാതൃക കുട്ടികൾക്കു ലഭിക്കാവുന്ന ഏററം വിശിഷ്ടമായ പാഠമാണ്. അവരുടെ ദുർമ്മാതൃകയെക്കാൾ നിന്ദ്യതരമായ ഒരു പാഠം അവർക്കു ലഭിക്കുവാനില്ല. ശിശുക്കൾക്കു ദുർമ്മാതൃക നൽകുന്നവർ, തങ്ങളുടെ കഴുത്തിൽ തിരികല്ലുകെട്ടിക്കൊണ്ടു് സമുദ്രത്തിന്റെ ആഴത്തിലേയ്ക്കു താഴുകയാണു ഭേദം എന്നുള്ള ദിവ്യഗുരുവിന്റെ ഭയാനകമായ വാക്യം മാതാപിതാക്കന്മാർ ഓർമ്മിച്ചുകൊള്ളട്ടെ.

കുട്ടികൾ വളർന്നുവരുംതോറും മതപരമായ ജ്ഞാനത്തിലും അനുഷ്ഠാനങ്ങളിലും ഉയർന്നുവരുവാൻ മാതാപിതാക്കന്മാർ ശ്രദ്ധിക്കണം. ഈശോ, മറിയം, യൗസേപ്പ് എന്നീ പാവനനാമങ്ങൾ ഭക്ത്യാദരപുരസ്സരം ഉരുവിടുവാൻ ഏററം ഇളംപ്രായത്തിൽത്തന്നെ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കണം. ദിവ്യഗുരുവായ ഈശോയെപ്പററി കൂടുതൽ കൂടുതലായി അറിയുന്നതിനുള്ള ഔത്സുക്യവും അവിടുത്തെ അധികമധികമായി സ്നേഹിക്കുന്നതിനുള്ള ആകാംക്ഷയും അവരിൽ ക്രമേണ വികസിപ്പിക്കണം. മാതാപിതാക്കന്മാർ പടിപടിയായി പ്രാർത്ഥനകൾ ചൊല്ലിക്കൊടുത്തു് അവരെ പഠിപ്പിക്കയും, തങ്ങളോടൊപ്പം കുടുംബപ്രാർത്ഥനകളിൽ പങ്കുകൊള്ളുവാൻ അവരെ പ്രേരിപ്പി

ക്കയും ചെയ്യണം. ദേവാലയങ്ങളിൽ അവരേയും കൂട്ടിക്കൊണ്ടു പോകയും ദിവ്യബലിയിലും മററു ഭക്തകർമ്മങ്ങളിലും സംബന്ധിപ്പിക്കയും ചെയ്യണം. ഇങ്ങനെയുള്ള ഭക്താഭ്യാസങ്ങളിൽ വിരസത തോന്നാതിരിക്കുന്നതിനും അവയിൽ സന്തോഷവും ആദരവും അവക്ക് അനുഭവപ്പെടുന്നതിനും ഇടയാകത്തക്കവണ്ണം മാതാപിതാക്കന്മാർ വിവേകപൂർവ്വം ഈ പരിപാടികൾ സജ്ജീകരിക്കേണ്ടതാണ്.

സത്യസന്ധത, പരസ്നേഹം, അനുസരണം, ആത്മശരീരവിശുദ്ധി തുടങ്ങിയ അമൂല്യസദ്ഗുണങ്ങൾ നട്ടുവളർത്തേണ്ടതും കുടുംബത്തിൽവച്ചു തന്നെയാണ്. സദ്ഗുണങ്ങൾ നല്ല നല്ല ശീലങ്ങളുടെ ഉത്തമഫലങ്ങളാണ്. ശീലങ്ങളാവട്ടെ അഭ്യാസംകൊണ്ടാണ് സമ്പാദിക്കേണ്ടതു്. സൽപ്രവൃത്തികൾ പല ആവൃത്തി ചെയ്തുകഴിയുമ്പോൾ അത്തരം പ്രവൃത്തികൾ പിന്നീടു ചെയ്യുക വളരെ എളുപ്പമായിത്തീരും. എളുപ്പമായിത്തീരുന്ന സൽപ്രവൃത്തികൾ വീണ്ടും വീണ്ടും ചെയ്യുന്നതിന് ആഗ്രഹവും അതിൽ സംതൃപ്തിയും അനുഭവപ്പെടും. നല്ല ശീലങ്ങൾ യഥാകാലം സമ്പാദിച്ചില്ലെങ്കിൽ ദുഷ്പ്രവൃത്തികൾ ആവർത്തിച്ചു ചെയ്തു ദുശ്ശീലം സമ്പാദിക്കാനിടയാകും. ദൃഷ്ടാന്തങ്ങൾ വഴിയായും സാരോപദേശങ്ങൾ മുഖേനയും നല്ല ശീലങ്ങൾ സമ്പാദിക്കുവാനുള്ള പ്രചോദനം മാതാപിതാക്കന്മാരിൽനിന്നു കുട്ടികൾക്കു ലഭിക്കണം. ഇങ്ങനെ ഒരു പ്രചോദനം ലഭിച്ചില്ലെങ്കിൽ അവരിൽനിന്നോ മററുള്ളവരിൽനിന്നോ ദുശ്ശീലങ്ങൾക്കു പ്രേരണ അവർക്കു കിട്ടിയെന്നു വരാം. അനേകം നല്ല ശീലങ്ങൾ സമ്പാദിച്ചിട്ടുള്ള ഒരു വ്യക്തി സദ്ഗുണവാനാണെന്നു പറയാം. സൽസ്വഭാവം സുശീലങ്ങളുടെ ഫലമാണ്. ആകയാൽ മാതാപിതാക്കന്മാർ കുട്ടികളിൽ നല്ല ശീലങ്ങൾ തഴച്ചു വളരുവാനുള്ള സൗകര്യങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും അങ്ങനെ അവരുടെ സ്വഭാവം ശുദ്ധവും സുദൃഢവുമാക്കുന്നതിനു ശ്രദ്ധിക്കയും വേണം.

കുഞ്ഞുങ്ങൾ ബാല്യദശയിലേയ്ക്കു പ്രവേശിക്കുന്നതോടുകൂടി മഹത്തായ ആദർശങ്ങളെ ഗ്രഹിക്കുന്നതിനുള്ള ശക്തി അവരിൽ ക്രമേണ വികസിച്ചുവരുന്നു. മഹാപുരുഷന്മാർ, സാഹസികയത്നങ്ങൾ, ത്യാഗാത്മകമായ ജീവിതം എന്നിവയെല്ലാം

ബാലികാബാലന്മാരുടെ മനസ്സിനെ ഹഠാദാകർഷിക്കുന്നു. സ്വാർത്ഥം വെടിഞ്ഞുപോലും ആദർശം പാലിക്കുവാനുള്ള സന്നദ്ധത അവരിൽ വികസിക്കുന്നു. ഈ സുവർണ്ണാവസരം മാതാപിതാക്കന്മാർ പാഴാക്കരുതു്. മഹത്തായ ആദർശങ്ങളും ഉൽകൃഷ്ടമായ മാർഗ്ഗങ്ങളും പാവനമായ ആശയങ്ങളും ബാലമനസ്സുകളിൽ അവതരിപ്പിക്കുവാൻ ഈ അവസരം നന്നായി ഉപയോഗിക്കണം. സർവ്വാദരണീയനായ ക്രിസ്തുനാഥനെത്തന്നെ അവരുടെ ആദർശപുരുഷനായി അവരുടെ മുമ്പിൽ അവതരിപ്പിക്കണം. അവിടുത്തെ ജീവിതനൈർമ്മല്യവും ആദർശബുദ്ധിയും സ്നേഹപാരമ്യവും ത്യാഗമഹിമാവുമെല്ലാം അവസരാനുസൃതം പല കഥകൾ മുഖേനയും മററും ഹൃദയാവർജ്ജകമായി വിശദീകരിച്ചു് അവരെ കേൾപ്പിക്കണം. ഈ ദിവ്യഗുരുവിനെ അനുധാവനം ചെയ്യുവാൻ ഉന്മേഷപൂർവ്വം മുമ്പോട്ടു വന്നിട്ടുള്ള അസംഖ്യം മഹാപുരുഷന്മാരിൽ ചിലരെയെങ്കിലും അവർക്കു പരിചയപ്പെടുത്തിക്കൊടുക്കണം. ഫ്രാൻസീസ് അസ്സീസി, തോമസ്മൂർ, കൊച്ചുത്രേസ്യാ, ഫാദർ ഡാമിയൻ, ഫിലോമിനാ, ഡോൺബോസ്കോ തുടങ്ങിയ മഹാത്മാക്കൾ എങ്ങിനെ ക്രിസ്തുനാഥനെ അനുകരിച്ചു എന്നറിയുന്നതു് കുട്ടികൾക്കു് രസകരവും ഉത്തേജകവുമായിരിക്കും. ഇങ്ങനെയുള്ള വിശിഷ്ടവ്യക്തികളെപ്പററി സ്നേഹാദരങ്ങൾ മനസ്സിൽ ഉൽഭൂതമായാൽ അവരുടെ ആദർശം സ്വീകരിക്കുവാനുള്ള ഒരു പ്രചോദനവും അവർക്കു സിദ്ധിക്കും. സ്വഭാവരൂപവൽക്കരണത്തിൽ ഇതു വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സംഗതിയാണു്.

കുട്ടികൾ അപക്വബുദ്ധികളാണല്ലോ. ചാപല്യങ്ങൾ അവരിൽ ധാരാളമായിക്കാണും. അറിഞ്ഞും അറിയാതെയും കുററങ്ങൾ അവർ വളരെ ചെയ്തുകൂട്ടും. തന്മൂലം അമ്മാതിരി കുററങ്ങളുടെ തിരുത്തലും അവ ആവർത്തിക്കപ്പെടാതെയുള്ള കരുതലുകളും ആവശ്യമായി വരുന്നു. വളരെ വിവേകത്തോടുകൂടി നിർവ്വഹിക്കേണ്ട ഒരു ചുമതലയാണിതു്. കുട്ടികളുടെ നേർക്കു തോന്നുന്ന സഹജമായ വാത്സല്യം നിമിത്തം കുററങ്ങളെ ലഘൂകരിക്കുകയോ തിരുത്തിക്കൊടുക്കാതിരിക്കുകയോ ചെയ്യുന്നതു് അബദ്ധമാണു്. കുട്ടികൾ നന്നായി വരുവാനുള്ള ആകാംക്ഷകൊണ്ടു് അതികർശനമായ ശിക്ഷണനടപടികൾ സ്വീകരി

കുന്നതും അനാശാസ്യംതന്നെ. ഇവിടെയാണ് മാതാപിതാക്കന്മാർ ഔചിത്യവും വിവേകവും പ്രദശിപ്പിക്കേണ്ടതു്. സന്ദർഭത്തിനു യോജിച്ച വിധത്തിൽ ഗുണദോഷിക്കുകയും ശാസിക്കുകയും ചിലപ്പോൾ ശിക്ഷിക്കുകതന്നെയും ചെയ്യണം. വാത്സല്യം കൈവെടിയാതെയും എന്നാൽ മാനസികദാർഢ്യം പാലിച്ചും പ്രവത്തിക്കുവാൻ മാതാപിതാക്കന്മാർ ശ്രദ്ധിക്കണം. സ്നേഹവും ഗൗരവവും കലന്ന ഒരു മനോഭാവമാണ് അവർ അവലംബിക്കേണ്ടതു്.

മാതാപിതാക്കന്മാരുടെ ശ്രദ്ധയും യത്നവും കുട്ടികളുടെ പരിശീലനത്തിൽ എത്രമാത്രം ചെലുത്തിയാലും അധികമായി എന്നു വരുന്നതല്ല. എത്രയായാലും അവക്ക് ചെയ്യുവാൻ കഴിയുന്നതിനു് ഒരു പരിമിതിയുണ്ടു്. അവരുടെ സകല യത്നങ്ങളും ശിഥിലീകരിക്കുമാറു് കുട്ടികളുടെമേൽ അനഭിലഷണീയമായ പ്രേരണയും സമ്മർദ്ദവും ചെലുത്തുന്ന പല ഘടകങ്ങളും ഇക്കാലത്തു പ്രവത്തിക്കുന്നുണ്ടു്. മാത്രമല്ല, മാതാപിതാക്കന്മാരോടു് അനുഭാവപൂവ്വം സഹകരിച്ചു പ്രവത്തിക്കേണ്ട ഘടകങ്ങളും പലതുണ്ടു്. അദ്ധ്യാപകർ, വൈദികർ, രാഷ്ട്രം എന്നീ ഘടകങ്ങൾ മാതാപിതാക്കന്മാരുടെ കൃത്യനിവ്വഹണത്തിൽ സവിശേഷം സഹകരിക്കേണ്ടവരാണ്. തൽസംബന്ധമായി ഇപ്പോൾ ഇവിടെ കൂടുതൽ പ്രതിപാദിക്കുന്നില്ല. എന്നാൽ തങ്ങളുടെ പരിമിതികളെ നന്നായി മനസ്സിലാക്കിക്കൊണ്ടു മാതാപിതാക്കന്മാർ അവരുടെ സകല യത്നങ്ങളുടേയും വിജയത്തിനു് സവ്വശക്തനിൽ ആശ്രയിക്കണം. തീവ്രമായ പ്രാത്ഥന—ഹൃദയം ഉരുകിയുള്ള പ്രാത്ഥന— ദൈവസന്നിധിയിൽ അപ്പിക്കുക. തങ്ങൾക്കു് കുഞ്ഞുങ്ങളെ തന്നു് അനുഗ്രഹിച്ച പരമകാരുണികൻ തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവത്തിനിഷ്ടമുള്ളവരും വീടിനും നാടിനും ഉപകാരികളും ആക്കിത്തീക്കുന്നതിനു് മാതാപിതാക്കന്മാർ നിരന്തരം പ്രാത്ഥിക്കണം. ദിവ്യബലിയും മററു് ഭക്തകമ്മങ്ങളും കുട്ടികൾക്കുവേണ്ടി അവർ സമപ്പിക്കണം. ഉണ്ണിയീശോയെ ഐഹികജീവിതത്തിൽ പരിപാലിച്ച കന്യകാമറിയവും ഭാഗ്യപ്പെട്ട യൗസേപ്പും തങ്ങളുടെ കുഞ്ഞുങ്ങളേയും സവിശേഷം കാത്തുകൊള്ളുമാറു് അവരുടെ മാദ്ധ്യസ്ഥവും അപേക്ഷിക്കണം.

മാതാപിതാക്കന്മാർ അതിപ്രധാനമായ ഒരു സേവനമാണ് അനുഷ്ഠിക്കുന്നത്. കർത്തവ്യനിരതരായ മാതാപിതാക്കന്മാർ ദൈവത്തിന്റെ ആശീർവ്വാദത്തിനും സമുദായത്തിന്റെ കൃതജ്ഞതയ്ക്കും അർഹരാണ്. "അനേകരെ പഠിപ്പിച്ച നീതിയിലേയ്ക്കു ആനയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ അനവരതം പ്രശോഭിക്കും" എന്നുള്ള വേദവാക്യം ക്ലേശാവഹമായ കൃത്യനിർവ്വഹണത്തിൽ മാതാപിതാക്കന്മാർക്ക് ആശ്വാസപ്രദമായിരിക്കട്ടെ! ദൈവത്തിനുവേണ്ടി പ്രിയ കുഞ്ഞുങ്ങളെ കഷ്ടതകൾ സഹിച്ചു വളർത്തുന്ന മാതാപിതാക്കന്മാരെ പരമപിതാവായ ദൈവം സമൃദ്ധിയായി അനുഗ്രഹിക്കും. നിങ്ങളേയും നിങ്ങളുടെ കുടുംബങ്ങളേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

(പാലാ രൂപതയുടെ മെത്രാൻ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ ഇടയലേഖനം.)

## 16. ഇവർ ശിൽപികളല്ലേ?

എട്ടു വയസ്സു പ്രായമുള്ള ഒരു പെൺകുട്ടിയെ ഒരിക്കൽ ശസ്ത്രക്രിയ ചെയ്യുന്നതിനു മേശമേൽ കിടത്തിയതിനുശേഷം ഡോക്ടർ അവളുടെ മുഖത്തിനു തൊട്ടടുത്തു നിന്നുകൊണ്ടു പറഞ്ഞു: "കുഞ്ഞേ, ഭയപ്പെടേണ്ടാ. കുഞ്ഞിനെ ഡോക്ടർ ഉറക്കുവാൻ പോകയാണ്." ഉടനെ ആ ചെറുബാലിക പറഞ്ഞു, "ഞാൻ ഉറങ്ങുവാൻ പോകയാണെങ്കിൽ എനിക്കു പ്രാർത്ഥിക്കണം. ഉറങ്ങുന്നതിനു മുമ്പു ഞാൻ എന്നും പ്രാർത്ഥിക്കയാണ് പതിവ്." ഡോക്ടരും നേഴ്സുകളും നോക്കിക്കൊണ്ടിരിക്കവേ ആ പെൺകുട്ടി മേശമേൽ മുട്ടുകുത്തി കുരിശു വരച്ചതിനുശേഷം അവളുടെ അമ്മ പഠിപ്പിച്ച പ്രാർത്ഥന ചൊല്ലുവാൻ തുടങ്ങി. അതു കഴിഞ്ഞപ്പോൾ മേശമേൽക്കിടന്നു ക്ലോറോഫോം വലിച്ചു ശ്വസിച്ചു ഉറങ്ങി.

മാതാപിതാക്കന്മാർ മക്കളെ പ്രാർത്ഥനാരൂപിയുള്ളവരാക്കിത്തീർക്കേണ്ടതിന്റെ ആവശ്യകത മേല്പറഞ്ഞ സംഭവം നമ്മെ മനസ്സിലാക്കുന്നു. ഇപ്രകാരം ചുമതലാബോധത്തിലും ക്രൈ

സുവാത്രപ്പിയിലും മക്കളെ വളർത്തുന്ന മാതാപിതാക്കന്മാരുടെ സ്ഥാനം എത്രയോ മാഹാത്മ്യമേറിയതാകുന്നു. കത്തോലിക്കാ മാതാപിതാക്കന്മാരെപ്പററി ഫ്രഡറിക്ക് ഷാനോൺ ഇപ്രകാരം പ്രസ്താവിക്കുന്നു: "മാർബ്ബിൾ ശിലയിൽനിന്നും അവർ പ്രതിമ നിർമ്മിക്കുന്നില്ല. പണ്ഡിതോചിതമായ വിധം അവർ ഗ്രന്ഥങ്ങൾ രചിക്കുന്നില്ല. ഇമ്പമുള്ള ഗാനങ്ങൾ എഴുതുന്നില്ല. ഉജ്ജ്വലപ്രസംഗങ്ങൾ മുഖേന പ്രസംഗവേദിയെ അവർ അലങ്കരിക്കുന്നില്ല. എന്നാൽ അവർ ഇതിനേക്കാൾ വലിയ സേവനം ചെയ്യുന്നു. അവർ ശില്പികളാണ്. സിരകളടങ്ങിയിരിക്കുന്ന മനുഷ്യരൂപം കൊത്തിയെടുക്കുന്ന ശില്പികളല്ലേ അവർ? അവർ ചിത്രകാരന്മാരാണ്. എന്തുകൊണ്ടെന്നാൽ അനശ്വരാത്മാവിൽ പവിത്രമായ സദാചാരത്തിൻെറയും ദൈവഭക്തിയുടെയും സുവർണ്ണരേഖകൾ അവർ ഉല്ലേഖനം ചെയ്യുന്നില്ലേ? അവർ ഗ്രന്ഥകാരന്മാരുമാണ്. കാരണം ഈശ്വരഭക്തി കവിഞ്ഞൊഴുകുന്ന സാഹിത്യം അവർ സന്താനങ്ങളുടെ ഹൃദയമാകുന്ന അമൂല്യഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നില്ലേ? അവർ സംഗീതവിദഗ്ദ്ധന്മാരുമാണ്. അതുകൊണ്ടല്ലയോ ചാരിത്ര്യത്തിൻെറ മാഹാത്മ്യത്തെ ഉച്ചൈസ്സരം വിളിച്ചറിയിക്കുന്ന ഗാനങ്ങൾ സന്താനങ്ങളുടെ ശ്രവണേന്ദ്രിയങ്ങളിൽ പതിയത്തക്കവിധം അവർ ചൊല്ലിക്കൊടുക്കുന്നതു്. അവർ പ്രസിദ്ധ വാഗ്മികളുമാണ്. കാരണം, മാതൃകാപരമായ ജീവിതം ലോകത്തിനു കാണിച്ചും ദൈവമഹത്വത്തെ പ്രകീർത്തിച്ചും ലോകയവനികയ്ക്കുള്ളിൽ മറഞ്ഞുകൊണ്ടു അവർ പ്രസംഗിക്കുന്നു."

ചില മാതാപിതാക്കന്മാർ ജീവിതനാടകത്തിൽ അഭിനയിക്കേണ്ട ഭാഗം സ്തുത്യർഹമാംവിധം നിറവേററുന്നു. തങ്ങളുടെ ജീവിതശുദ്ധിയിൽ വത്സലസന്താനങ്ങളുടെ സ്വഭാവം കരുപ്പിടിപ്പിക്കുന്നു. ഇപ്രകാരമുള്ള മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾ പാപംചെയ്തു കാണുന്നതിനേക്കാൾ ഇഷ്ടപ്പെടുന്നതു അവർ മൃത്യുവിനിരയാകുന്നതാണ്. സ്വഭാവത്തിലും പെരുമാററത്തിലും ഉണ്ണിയീശോയെ അനുകരിക്കുന്ന ഒരു ബാലനെ കാണുകയാണെങ്കിൽ, നിങ്ങൾ മനസ്സിലാക്കണം, ഒരു ആധുനിക "യൗസേപ്പും" "മറിയവും" അവൻെറ പിറകിൽ നിൽപ്പുണ്ടെന്നു്. ഉദാഹരണത്തിനു് ഒരു സംഭവം ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ.

ടോമിയുടെ ജ്യേഷ്ഠസഹോദരനായ ജോണിക്കു ഭയങ്കരമായ ഒരു മുറിവുണ്ടായി. രക്തം നഷ്ടപ്പെട്ട ജോണിക്കു ജീവിക്കുന്നതിനു മററുള്ളവരുടെ രക്തം ആവശ്യമായിത്തീൎന്നു. സഹോദരൻെറ ജീവനെ രക്ഷിക്കുന്നതിനു സ്വന്തം ശരീരത്തിൽനിന്നും രക്തം നൽകാമെന്നു സമ്മതിച്ച്, ടോമി ഡോക്ടരെ സമീപിച്ചു പതിനാറ് ഔൺസ് രക്തം നൽകി. എട്ടുവയസ്സു മാത്രം പ്രായമുള്ള ഈ ടോമി പിന്നീടു അമ്മയെ സമീപിച്ചു അവളുടെ ശിരസ്സുയൎത്തി താടിയിൽ പിടിച്ചുകൊണ്ടിപ്രകാരം പറഞ്ഞു. "അമ്മേ, ഈ പ്രവൃത്തിമൂലം ഞാൻ ഈശോയെ അനുകരിക്കയും അവിടുത്തെ സന്തോഷിപ്പിക്കയും ചെയ്തില്ലേ?"

മാന്യവായനക്കാരേ, ആ കുട്ടിയുടെ മഹാമനസ്കതയുടെ– പൗരുഷത്തിൻെറ– ആഴം നിങ്ങൾ മനസ്സിലാക്കുന്നില്ലേ? ക്രിസ്തുസമാനമായ അവൻെറ ആത്മലാവണ്യം നിങ്ങൾ കാണുന്നില്ലേ? ഈ മഹാകൃത്യത്തിനു ആ ബാലനെ പ്രേരിപ്പിച്ചതെന്തായിരിക്കാം? അവൻെറ മാതാപിതാക്കന്മാർ അവനെ പഠിപ്പിച്ചിട്ടുണ്ടായിരുന്നു, മനുഷ്യഗണത്തെ രക്ഷിക്കുന്നതിനു ഈശോ രക്തം ചൊരിഞ്ഞു മരണം കൈവരിച്ച കഥ. Book of Proverbs–ൽ ഇപ്രകാരമെഴുതപ്പെട്ടിരിക്കുന്നു.

"ഒരു ശിശുവിനെ അതു വളരേണ്ട വഴിയിൽക്കൂടി നടത്തുക. എന്നാൽ വളർച്ച പ്രാപിക്കുമ്പോൾ അതു അതിൽനിന്നും വ്യതിചലിക്കയില്ല'' എന്ന്.

ഇന്നുവരെ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽവച്ചേററം മഹനീയമായ ആ ഗ്രന്ഥത്തിലെ വാചകം മരിയ ഗൊരേത്തി എന്ന ബാലികയുടേയും അലക്സാണ്ടർ എന്ന ബാലൻേറയും ജീവിതത്തിലേക്കു എൻെറ ശ്രദ്ധ വലിച്ചുകൊണ്ടുപോകുന്നു. പ്രലോഭനങ്ങൾക്കു വിധേയനായ അലക്സാണ്ടരോടു പരിശുദ്ധിയുടെ ഇരിപ്പിടമായ ആ ബാലിക പറഞ്ഞ വാക്കുകൾ എൻെറ ചെവികളിൽ മാറെറാലിക്കൊള്ളുന്നു. "ഇല്ല, ഇല്ല. ദൈവത്തിനു് അതു ഇഷ്ടമല്ല. നീ അതു ചെയ്യുകയാണെങ്കിൽ നരകത്തിൽപ്പോകും. എന്നെ തൊടരുത്. അതു പാപമാകുന്നു. ഈശോ അതിഷ്ടപ്പെടുന്നില്ല.'' എനിക്കു സധൈൎയ്യം പറയാൻ സാധിക്കും, ശുദ്ധതയുടെ ആ ലില്ലിയെ ഉദരത്തിൽ വഹിച്ചിരുന്ന മാതാവു ഒരിക്കൽ അതിനോടു പറഞ്ഞിട്ടുണ്ടായിരിക്കണം; നന്മ ചെയ്യേണ്ടതു അത്യാവശ്യമാണെന്നും, അതു

ദൈവത്തെ സന്തോഷിപ്പിക്കുമെന്നും, പാപം ചെയ്യരുതെന്നും, അതു ഈശോയെ ഉപദ്രവിക്കുമെന്നും, തന്മൂലം നരകത്തിനവകാശിനിയായിത്തീരുമെന്നും.

അശുദ്ധപാപത്തിന്റെ കറ തീണ്ടിയിട്ടില്ലാത്ത മരിയ ഗൊരേത്തിയുടെ ശക്തി വലുതായിരുന്നു. ത്രിത്വൈകദൈവം വസിക്കുന്ന അവളുടെ ശരീരം മലിനമാക്കാതിരിക്കുന്നതിനു് അവളുടെ മാതാവു് ഉപദേശിച്ചിരുന്നു. പ്രലോഭനങ്ങൾക്കടിമപ്പെട്ട അലക്സാണ്ടറിന്റെ പരാക്രമം പെട്ടെന്നുണ്ടായ ഒന്നല്ല. ദുഷ്ടതയുടെ പണിപ്പുരയായ അവന്റെ പിതാവിന്റെ തലച്ചോറിൽ അതു രൂപമെടുത്തതാണു്. അശ്ലീലചിത്രങ്ങൾ അടക്കം ചെയ്തിട്ടുള്ള മാസികകൾ പിതാവു് പുത്രന്റെ പാരായണത്തിനായി മുറിയിൽ കുന്നുകുന്നായി സൂക്ഷിച്ചിരുന്നു. ചിത്രങ്ങൾ വെട്ടിയെടുത്തു് അവൻ ഭിത്തിയിൽ പതിച്ചു. ഈ ചിത്രങ്ങളിന്മേലുള്ള നിരന്തരമായ നോട്ടമാണു് ആ ക്രൂരകൃത്യത്തിനു് പ്രചോദനം നൽകിയതെന്നു അവൻ പില്ക്കാലങ്ങളിൽ പറയുകയുണ്ടായി.

ഭാവിതലമുറയുടെ പരിശീലനത്തിനും സ്വഭാവരൂപവൽക്കരണത്തിനുമുള്ള പ്രാഥമികവിദ്യാലയം കുടുംബമാണെന്നുള്ളതിനു സംശയമില്ല. ഈ കുടുംബത്തിന്റെ പരിശുദ്ധ പരിസരപ്രദേശങ്ങളിൽ മാതാപിതാക്കന്മാർ സത്യത്തിന്റെയും ആഭിജാത്യത്തിന്റെയും ചെടികൾ നട്ടുവളർത്തി അവയുടെ ഫലങ്ങൾ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും ആത്മീയഭക്ഷണമാക്കിത്തീർക്കണം. സ്വഭാവത്തിന്റെ ശില്പികളായ മാതാപിതാക്കന്മാർക്കു കുട്ടികളിൽ അദ്ധ്യാപകന്മാരേയും പുരോഹിതന്മാരേയുംകാൾ കൂടുതൽ സ്വാധീനശക്തി ചെലുത്തുവാൻ സാധിക്കും. അദ്ധ്യാപകന്മാർക്കു് മാതാപിതാക്കന്മാരുടെ യഥാർത്ഥ പ്രതിപുരുഷരാകുവാൻ സാദ്ധ്യമല്ല. കാരണം വിതച്ച വിത്തിനു് നനയ്ക്കാനേ അദ്ധ്യാപകനു സാധിക്കയുള്ളു. പ്രത്യുത, വിതയ്ക്കേണ്ടതു് മാതാപിതാക്കന്മാരാണു്. തൊട്ടിലാട്ടുന്ന മാതാവിന്റെ കരം, പിഞ്ചുപൈതലിന്റെ ഇളംകൈകളിൽ പിടിച്ചു് നെററിത്തടത്തിൽനിന്നു നെഞ്ചിലേയ്ക്കും അവിടെനിന്നു് തോൾതലത്തിലേയ്ക്കും കുരിശിന്റെ അടയാളം വരപ്പിക്കുന്നതിനു്, വൈമനസ്യം പ്രകടിപ്പിക്കുന്നുവെങ്കിൽ, പ്രാഥമികവിദ്യാലയത്തിൽനിന്നു യൂണിവേഴ്സിററി കോളേജിലേയ്ക്കു് ഒരു കുട്ടിയെ

നയിക്കുന്ന അദ്ധ്യാപകന്റെ പ്രയത്നം വിഫലമാകുമെന്നു നാം മനസ്സിലാക്കണം.

അല്ലയോ ക്രൈസ്തവമാതാപിതാക്കന്മാരേ, നിങ്ങളുണരുവിൻ. നിങ്ങളുടെ കത്തവ്യവും ചുമതലയും മനസ്സിലാക്കുവിൻ. നിങ്ങളുടെ മഹനീയാന്തസ്സിന്റെ പരിശുദ്ധിയെ താറുമാറാക്കുന്നതിനു് നരകീയശക്തികൾ വെമ്പൽകൊള്ളുന്നു. ലോകത്തിന്റെ രക്ഷ നിങ്ങളുടെ കരങ്ങളിലാണു് സ്ഥിതിചെയ്യുന്നതു്. ബത്ലഹേമിലെ കുന്നിൻചെരുവുകളിലേയ്ക്കു് അല്ല, നസ്രസ്സിലേയ്ക്കു് നിങ്ങളുടെ കണ്ണുകളെ തിരിക്കുക. അവിടെ നിങ്ങൾക്കു കാണുവാൻ സാധിക്കും. ദൈവാഭീഷ്ടത്തിനനുസരണമായി യൗസേപ്പും മറിയവും ഈശോയും നയിക്കുന്ന കുടുംബജീവിതം.

## 17. മക്കളെ വളത്തേണ്ട വിധം

1950 ജൂൺ 24-ാം തീയതി റോമ്മായിൽ വി. പത്രോസിന്റെ ബസിലിക്കായിൽ ഒരു മഹാ കമ്മം നടന്നു. വിശുദ്ധ വത്സരം സംബന്ധിച്ചു നടത്തിയ തീത്ഥാടനത്തിനിടയിൽ ഈ ഗ്രന്ഥകാരനും പ്രസ്തുത കമ്മത്തിൽ പങ്കുകൊള്ളുവാനുള്ള മഹാഭാഗ്യമുണ്ടായി. പന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ള മരിയ ഗൊരേത്തി എന്ന പെൺകുട്ടിയെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേക്കുകയെന്നതായിരുന്നു ആ പരിപാവനകമ്മം. പ്രസ്തുത കമ്മം പരിശുദ്ധ പിതാവു് അപ്പിക്കുന്ന ദിവ്യബലിയോടനുബന്ധിച്ചാണു നടന്നതു്. ഏകദേശം നാലരമണിക്കൂറോളം ദീഘിച്ച ആ ദിവ്യകമ്മത്തിന്റെ അവസാനത്തിൽ നടന്ന ഒരു രംഗം ഏററവും ഹൃദയസ്പൃക്കമായിരുന്നു. വിശുദ്ധയെന്നു നാമകരണം ചെയ്യപ്പെടാൻ പോകുന്ന ആ പെൺകുട്ടിയുടെ വൃദ്ധമാതാവു് ഒരു വെള്ളപ്രാവിനെയും വിശുദ്ധയുടെ തിരുശരീരത്തിൽ ഒരംശവും കയ്യിലേന്തി പ. പിതാവിനെ സമീപിച്ചു. അവ അവിടുത്തേയ്ക്കു സമ്മാനമായി നൽകി. അവിടുന്നു് അതു സ്വീകരിക്കുകയും ആ തിരുശ്ലേഷിപ്പു് അൾത്താരമേൽവച്ചു അതിന്റെ

മുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിക്കയും ചെയ്തു. അമ്പതുകോടി ജനത്തിൻെറ ആദ്ധ്യാത്മിക പിതാവായ പാപ്പായെ തൻെറ കുഞ്ഞിൻെറ ശരീരാവശിഷ്ടത്തിൻെറ മുൻപിൽ മുട്ടുകുത്തിക്കാൻ ഏതൊരു മാതാവിനു സാധിച്ചുവോ അവളാണ് സാക്ഷാൽ ഭാഗ്യവതി എന്നതിനു സംശയമില്ല. ദൈവത്തിൻെറ മറവുള്ള വിശുദ്ധന്മാൎക്കും വിശുദ്ധകൾക്കും നൽകുന്നതായ വണക്കം തങ്ങളുടെ കുഞ്ഞിനും ലഭിക്കാൻ ഭാഗ്യമുണ്ടായ മരിയഗൊരേത്തിയുടെ മാതാപിതാക്കന്മാർ ആ കുഞ്ഞ് പുണ്യവതിയാകാൻ പ്രകൃത്യതീതമായി എന്തെങ്കിലും ചെയ്തിരുന്നുവോ? ഇല്ല, ഒരു കത്തോലിക്കാ കുഞ്ഞു ചെയ്യേണ്ട പ്രവൃത്തികൾ ഏവയെന്ന് അവർ അറിഞ്ഞിരുന്നു. അതനുസരിച്ച് അവർ ആ കുഞ്ഞിനെ വളൎത്തി. ശുദ്ധത എന്ന പുണ്യത്തിൽ കൂടുതൽ ശ്രദ്ധ പതിക്കുവാൻ കുഞ്ഞിനെ അവർ ഉപദേശിച്ചിരുന്നതിനാൽ പ്രസ്തുത പുണ്യം സംരക്ഷിക്കുന്നതിനുവേണ്ടി അവൾ മരണം കൈവരിച്ചു. എന്തുകൊണ്ടാണ് നമ്മുടെ കുഞ്ഞുങ്ങൾക്ക് ഇപ്രകാരമുള്ള മഹാ ഭാഗ്യം സംസിദ്ധമാകാത്തതു്? നല്ല വളൎത്തലിൻെറ അഭാവം ഒന്നുമാത്രമാണ്.

പൈതലായ മോസസിനെ ഫറവോൻെറ മകൾ ആററിൽനിന്നു രക്ഷിച്ചു. ആ ശിശുവിനെ വളൎത്തുന്നതിന് ഒരാളെ നിയോഗിച്ചശേഷം പറഞ്ഞു: "ഈ കുഞ്ഞിനെ എനിക്കായി വളൎത്തിത്തരിക." ഈ വാക്കുകൾ തന്നെയാണ് ദൈവം ഒരു ശിശുവിനെ മാതാപിതാക്കന്മാൎക്കു നൽകുമ്പോൾ കല്പിക്കുന്നതും. അവൎക്ക് ഇഷ്ടപ്പെട്ടതുപോലെ ഈ കുഞ്ഞിനോടു ചെയ്യാൻ പാടില്ല. അവർ ദൈവത്തിൻെറ കാൎയ്യസ്ഥന്മാർ മാത്രമേ ആകുന്നുള്ളു. കാൎയ്യവിചാരിപ്പിൻെറ ശരിയായ കണക്ക് ദൈവം ഇവരോടു വിധിദിവസം ചോദിക്കുകയും ചെയ്യും.

ശരൽക്കാലദിവസം ഒരു യാത്രക്കാരൻ ഒരു മലയുടെ അടിവാരത്തിൽ നില്ക്കുയായിരുന്നു. അസ്തമനാൎക്കൻെറ ചെങ്കതിരുകൾ വൃക്ഷലതാദികളിൽ തട്ടി അവയെല്ലാം പ്രകാശിക്കുന്നു. പ്രകൃതിസൌന്ദൎയ്യം, ആസ്വദിച്ചുകൊണ്ട് അയാൾ നില്ക്കുമ്പോൾ ഒരു ആട്ടിടയൻ കുറേ ആടുകളെ ആ മലയുടെ മറുഭാഗത്തേയ്ക്കു നയിക്കുന്നതായി കണ്ടു് യാത്രക്കാരൻ ആട്ടിടയനോടു വിളിച്ചു പറഞ്ഞു: "നിങ്ങൾ ആടുകളുടെ സമീപത്തുനിന്ന് എൻെറ അടുത്തേയ്ക്കു വരിക. നമുക്ക് ഈ പാറയിൽ നില്ക്കാം." അതി

നുത്തരമായി ആട്ടിടയൻ പറഞ്ഞു: ''അതു സാദ്ധ്യമല്ല. എന്റെ ആടുകൾക്കു് പാറയിൽ കയറുവാൻ കഴിവില്ല. എനിക്കു് എന്റെ ആടുകളുടെ സമീപേതന്നെ വസിക്കണം." ആടുകളെ തനിയെ വിട്ടു സ്വന്തം വഴിക്കുപോകാതെ ആടുകളുടെ സമീപത്തു സ്ഥിതിചെയ്യുകയെന്നതാണു് യഥാർത്ഥമായ അജപാലകത്വം. പല മാതാപിതാക്കന്മാരും തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നില്ല. തങ്ങളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അന്വേഷണത്തിനും വേലക്കാരെയും ധാത്രിമാരെയും നിയമിച്ചിട്ടു് എത്രയോ മാതാപിതാക്കന്മാർ വ്യർത്ഥഭാഷണത്തിനും സ്വതന്ത്രവിഹാരങ്ങൾക്കും സമയം ചെലവഴിക്കുന്നു.

മാർബിൾശിലകൊണ്ടു് പ്രതിമകൾ നിർമ്മിക്കുന്ന ഒരു ശില്പിയുടെ വേല കണ്ടു് ഒരിക്കൽ ഒരു കുട്ടി അത്ഭുതം പ്രകടിപ്പിച്ചു. പരുപരുത്ത മാർബിൾക്കഷണത്തിൽനിന്നും സുന്ദരമായ മാലാഖാ എപ്രകാരമാണുണ്ടാകുന്നതു് എന്നു് അവൻ ചോദിച്ചു. മാലാഖാ മാർബിൾക്കല്ലിന്റെ ഉള്ളിൽ ഉണ്ടായിരുന്നതാണെന്നും ആ വാനാരൂപി പുറത്തുവരുന്നതിനു അതിന്റെ ചുററുമുള്ള മാർബിൾക്കഷണം മാററുക മാത്രമേ ചെയ്യുള്ളുവെന്നും ശില്പി ഉത്തരം പറഞ്ഞു. ഒരു പിഞ്ചുകുഞ്ഞിൽനിന്നു ഒരു മാലാഖായെ പുറത്തു വരുത്തുന്ന മാതാപിതാക്കന്മാർ. അതേ, തങ്ങളുടെ ഓമനസന്താനത്തെ ഒരു മാലാഖായായി രൂപാന്തരപ്പെടുത്തുന്ന മാതാപിതാക്കന്മാർ ഭാഗ്യവാന്മാർ തന്നെ.

കുഞ്ഞുങ്ങൾ നല്ലവരാകണമെന്നു് ഉദ്ദേശിക്കുന്ന മാതാപിതാക്കന്മാർ കുററം ചെയ്യുന്ന കുഞ്ഞുങ്ങളെ ശാസിക്കയും ശിക്ഷിക്കയും ചെയ്യണം. എന്നാൽ കുഞ്ഞുങ്ങൾ തെററു ചെയ്താൽ ചില മാതാപിതാക്കന്മാർ അവരെ ശാസിക്കാറില്ല. ശാസിച്ചാൽ അവക്കു സങ്കടമുണ്ടാകുംപോലും. മകൻ ആററിൽ വീണു മുങ്ങിപ്പോകുന്നതു് അപ്പൻ കാണുകയിൽ; മുടിക്കുപിടിച്ചു അവനെ പൊക്കിയെടുപ്പാൻ പാടുണ്ടായിരുന്നിട്ടും അപ്രകാരം ചെയ്താൽ അവനു വേദനയുണ്ടാകുമെന്നു് വിചാരിച്ചു് ഒന്നും ചെയ്യാതെ മകൻ മുങ്ങിമരിക്കുന്നതിനു് അനുവദിച്ചാൽ അതെന്തു ക്രൂരതയായിരിക്കും. അതുതന്നെയാണു് മേല്പറഞ്ഞ മാതാപിതാക്കന്മാരെപ്പററി പറയുവാനുള്ളതു്. അടുത്തകാലത്തു് ഹോളണ്ടിന്റെ തലസ്ഥാനനഗരിയിൽനിന്നു് ഒരുയന്ന പോലീസുദ്യോഗസ്ഥൻ അവിടത്തെ മഹാരാജ്ഞിയോടു ഫോണിൽക്കൂടെ

ഇപ്രകാരം സംസാരിച്ചു. "തിരുമനസ്സിലെ പുത്രിമാരായ രണ്ടു രാജകുമാരികൾ ഇന്നു സ്കൂളിലെ പഠനം കഴിഞ്ഞു, കാൽനടയായി മററു പെൺകുട്ടികളുമൊരുമിച്ചു കൊട്ടാരത്തിലേയ്ക്കു മടങ്ങുമ്പോൾ ഓരോരോ വിനോദങ്ങളിലേർപ്പെട്ടുകയും കുട്ടികൾ എല്ലാവരുംകൂടി ഒരു പഴക്കച്ചവടക്കാരൻെറ കടയിൽ കയറി ഉടമസ്ഥൻ കാണാതെ കുറേ മുന്തിരിപ്പഴങ്ങൾ എടുക്കുകയും ചെയ്തു. ഈ കുററത്തിനു പെൺകുട്ടികളെല്ലാവരെയും പിടിച്ചു പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നിരിക്കയാണ്." ഉടനെ മഹാരാജ്ഞി ചോദിച്ചു: "ഇങ്ങനെയുള്ള കുററത്തിനു് എന്തു ശിക്ഷയാണ് സാധാരണ നൽകാറുള്ളതു്." പോലീസ് മേധാവി പറഞ്ഞു: "രണ്ടുമണിക്കൂർനേരം കുററക്കാരെ സ്റ്റേഷനിൽ താമസിപ്പിച്ചതിനുശേഷം അവരുടെ മാതാപിതാക്കന്മാരെ ഏല്പിക്കും." ഇതു കേട്ടപ്പോൾ രാജ്ഞി പറഞ്ഞു: "എൻെറ കുട്ടികളൊഴികെയുള്ളവക്കു് ആ ശിക്ഷ നൽകിക്കൊള്ളൂ. എൻെറ കുട്ടികൾക്കു രണ്ടു മണിക്കൂറല്ല മൂന്നു മണിക്കൂർ നേരത്തെ ശിക്ഷ നൽകണം." കുഞ്ഞുങ്ങൾ കുററം ചെയ്യുമ്പോൾ ശാസിക്കാതെയും ശിക്ഷിക്കാതെയും തങ്ങളുടെ കുഞ്ഞുങ്ങളുടെ പക്ഷം പിടിച്ചു വാദിക്കുന്ന മാതാപിതാക്കന്മാക്കു് ഇതൊരു നല്ല ദൃഷ്ടാന്തമാണ്.

---

# 18. യുവജനങ്ങൾക്കു് ഒരു പുതിയ ആദർശം

(1950 ജൂൺ 24-ാം തീയതി XII-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വി. പത്രോസിൻെറ ബസിലിക്കായുടെ അങ്കണത്തിൽവച്ചു് മരിയ ഗൊരേത്തിയെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തതിനുശേഷം ചെയ്ത പ്രസംഗം.)

ദൈവത്തിൻെറ സ്നേഹനിർഭരമായ പരിപാലനയാൽ ഇന്നു സായംകാലത്തു് ഒരു വിനീത കന്യകയെ വിശുദ്ധരുടെ മഹനീയസ്ഥാനത്തേയ്ക്കുയർത്തുകയെന്ന മംഗളകർമ്മം നാം നിർവ്വഹിച്ചിരിക്കുന്നു. തത്സംബന്ധമായി നടത്തിയ ആഘോഷങ്ങളുടെ ഗംഭീരതയും പ്രതാപവും തിരുസ്സഭാചരിത്രത്തിൽ അഭൂതപൂർവ്വം തന്നെയായിരുന്നു. എന്തുകൊണ്ടെന്നാൽ, ഇന്നത്തെ ചടങ്ങുകൾ നിങ്ങളുടെ അഭിലാഷമനുസരിച്ചു്, വിശാലവും സമാകർഷവും ദിവ്യരഹസ്യസംയുക്തവുമായ ഈ അങ്കണത്തിൽവച്ചാണു്– സർവ്വശക്തനായ ദൈവത്തിൻെറ മഹത്വങ്ങളെ പ്രകീർത്തിക്കുന്ന ആകാശവിതാനം മേൽക്കട്ടിയാക്കി ഒരു വിശുദ്ധാലയമായി രൂപാന്തരപ്പെടുത്തിയ ഈ അങ്കണത്തിൽ വച്ചാണു്– അനുഷ്ഠിച്ചിരിക്കുന്നതു്.

ഈ അവസരത്തിൽ ഇവിടെ സമ്മേളിച്ചിരിക്കുന്ന ഈ മഹാജനസഞ്ചയം, ഇതിനു മുമ്പു നടന്നിട്ടുള്ള ഏതൊരു വിശുദ്ധപദാരോപണകർമ്മവും ദർശിച്ചിട്ടുള്ള ആൾപ്പെരുപ്പത്തെ അനേകമടങ്ങു് അതിശയിക്കുന്നതു തന്നെയാണു്. ചേതോഹരമായ സൌന്ദര്യം വഴിഞ്ഞൊഴുകുന്നതും ഉത്തേജകമായ സൌരഭ്യം നാലുപാടും വിതറുന്നതും രക്തവർണ്ണമായ മുദ്രകൾ അണിഞ്ഞിരിക്കുന്നതുമായ ഈ ലില്ലിപുഷ്പത്താൽ– അതേ, ഇപ്പോൾത്തന്നെ വിശുദ്ധരുടെ ഗണത്തിൽ അത്യാഹ്ളാദപൂർവ്വം നാം ചേർത്തുകഴിഞ്ഞ വിരക്തിയുടെ ഈ രക്തസാക്ഷിണിയാൽ– മഞ്ജുളയായ മരിയഗൊരേത്തിയാൽ– ആകൃഷ്ടരായിട്ടാണു് നിങ്ങൾ ഇവിടെ കൂടിയിരിക്കുന്നതു്.

എന്നാൽ, വത്സലതനയരേ, ഈ സുകൃതനിയുടെ മഹത്വപ്രഖ്യാപനത്തിൽ പങ്കെടുക്കുവാൻ, എണ്ണിയാൽ തീരാത്ത

വിധം ആളുകൾ പ്രേരിതരായതിന്റെ യഥാൎത്ഥരഹസ്യമെന്തു്? വാൎത്തകളുടെ സരളതയിലും സാഹചൎയ്യങ്ങളുടെ സ്പഷ്ടതയിലും ബലാൽകൃതമായ മരണത്തിന്റെ ആകസ്മികതയിലും സുവിശേഷവിവരണങ്ങളോടു സാധൎമ്മ്യം വഹിക്കുന്ന ആ ഹ്രസ്വജീവിതം വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ അശ്രുകണങ്ങൾ കവിൾത്തടങ്ങളിലൂടേ ഒഴുകത്തക്കവിധം നിങ്ങൾ വികാരാകുലരാകുന്നതിന്റെ കാരണമെന്തു്? എന്തുകൊണ്ടാണു് മരിയഗൊരേത്തി നിങ്ങളുടെ ഹൃദയങ്ങളെ കവൎന്നെടുക്കുകയും നിങ്ങളുടെ പ്രമുഖ സ്നേഹവിഷയമാവുകയും ചെയ്തിരിക്കുന്നതു്?

കാരണം മറ്റൊന്നുമല്ല. സുഖാസക്തിയുടെ സന്തൎപ്പണത്തിൽ ആമഗ്നമായിരിക്കുന്നുവെന്നു തോന്നിപ്പോകുന്ന ഈ ലോകത്തിൽ, സ്വൎഗ്ഗത്തേയും അതിന്റെ നിൎമ്മലതയേയും സ്നേഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ടവരുടെ സംഖ്യ ചെറുതൊന്നുമല്ല. അതേ, ക്രിസ്തീയ വിശുദ്ധിയുടെ അതിസ്വാഭാവികമായ സൗരഭ്യത്താൽ അപ്രതിരോധ്യവും പ്രത്യാശാജനകവും, ഭാവിയെ സംബന്ധിച്ചിടത്തോളം ശുഭസൂചകമായവിധം ആകൃഷ്ടരാകുന്നവരുടെ ഗണം അതിവിപുലംതന്നെ.

## മരിയയുടെ വിശുദ്ധി

മരിയഗൊരേത്തിയുടെ രക്തസാക്ഷിത്വത്തിൽ പ്രധാനമായി പ്രശോഭിക്കുന്നതു് അവളുടെ ശുദ്ധതയാണെങ്കിലും അവളിലും അവളോടുകൂടെയും ഇതരക്രിസ്തീയ സുകൃതങ്ങളും മഹനീയമാക്കപ്പെട്ടിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ, അവളുടെ ശുദ്ധതയെന്ന സുകൃതത്തിൽ, അവളുടെ ആത്മാവിനു ശരീരത്തിന്മേലുള്ള പരിപൂൎണ്ണമായ ആധിപത്യത്തിന്റെ സ്ഥിരീകരണം ദൃശ്യമാകുന്നു, പരമോൽകൃഷ്ടമായ ആ വീരകൃത്യത്തിനു അവൾ സജ്ജീകൃതയായിരുന്നതിനാൽ അതിൽ മാതാപിതാക്കന്മാരോടുള്ള അനുസരണാത്മകവും പ്രായോഗികവുമായ മൃദുലസ്നേഹവും സ്പഷ്ടമാകാതിരിക്കുന്നില്ല. ദിനംപ്രതിയുള്ള കഠിനമായ ശാരീരികാധ്വാനങ്ങളിൽ തന്റെ പരിത്യാഗശീലത്തേയും അവൾ വ്യക്തമാക്കി. സുവിശേഷോപദിഷ്ടമായ ദാരിദ്ര്യത്തിനു അവൾ സ്വമേധയാ കീഴ്‌വഴങ്ങി. സ്വൎഗ്ഗീയപരിപാലനയിലുള്ള ദൃഢമായ പ്രത്യാശ ഇക്കാൎയ്യത്തിൽ അവൾക്കു് അവലം

ബവുമായിരുന്നു. മരിയയുടെ മതഭക്തിയെപ്പററി എന്തു പറയട്ടെ. മതത്തോട്ട് അഭേദ്യമാംവിധം അവൾ ഒട്ടിച്ചേന്നു. അനുദിനം അതിനെക്കുറിച്ചു കൂടുതൽ കൂടുതൽ പഠിക്കുവാൻ അവൾ ശ്രമിക്കുകയും സ്വജീവിതത്തിൽ അവൾക്ക് അമൂല്യനിക്ഷേപമായിത്തീന്ന പ്രാത്ഥനാരൂപിയാൽ അതിനെ പരിപുഷ്ടിപ്പെടുത്തുകയും ചെയ്തു. അതിതീവ്രമായിരുന്നു, ഈശോയെ ദിവ്യകാരുണ്യംവഴി സ്വീകരിക്കുവാൻ അവൾക്കുണ്ടായിരുന്ന ആഗ്രഹം. അവസാനമായി, അവളുടെ ഉപവിക്ക് മകുടം ചാത്തുന്ന ആ ശത്രുസ്നേഹം– സ്വഘാതകനു മാപ്പു നൽകിയ ആ ക്ഷമാശീലം– എത്ര വിസ്മയാവഹമായിരിക്കുന്നു! പ്രഥമദിവ്യകാരുണ്യസ്വീകരണത്തിൽ അവൾ ധരിച്ച ശുഭ്രമായ ആ ശിരോവസ്ത്രത്തിനും അനന്തരം അവൾ കൈവരിച്ച രക്തസാക്ഷിത്വത്തിനും വിശിഷ്ടഭൂഷണമായിത്തീന്ന ഈ സുകൃതഹാരം ദൈവത്തിനു് എത്ര പ്രിയംകരമായിരിക്കുന്നു!

ഇന്നത്തെ ചടങ്ങുകൾ യഥാത്ഥത്തിൽ ശുദ്ധതയ്ക്കനുകൂലമായി നടന്ന സ്വേച്ഛാപ്രേരിതമായ ഒരു ജനകീയ പ്രകടനമായി പരിണമിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, ഏതൊരു രക്തസാക്ഷിത്വത്തിൻെറയും ദീപ്തിയുടെ പിന്നിൽ ഏതെങ്കിലുമൊരു ദുഷ്ടതയുടെ വിരൂപമായ കരിനിഴൽ കാണുമെങ്കിലും മരിയഗൊരേത്തിയുടെ മരണത്തിനു പിന്നിൽ, ഈ ശതകത്തിൻെറ ആരംഭത്തിൽ കേട്ടുകേൾവിപോലുമില്ലാതിരുന്ന ഒരു ഉതപ്പിൻെറ ചരിത്രമാണ് നാം കാണുന്നതു്.

കഴിഞ്ഞ അമ്പതുകൊല്ലങ്ങൾക്കിടയിൽ, അനവധി ദുഷിച്ച സമ്പ്രദായങ്ങൾ, സംഘടിതമായ പ്രവത്തനങ്ങളുടെ ഫലമായിട്ടെന്നോണം, സത്യതാത്സ്നേഹികളുടെ ദുർബലമായ എതിപ്പിനെ ഉല്ലംഘിച്ച്, ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ, നാടകവേദകൾ, റേഡിയോപരിപാടികൾ, വേഷവിധാനങ്ങൾ, ക്ലബ്ബുകൾ മുതലായവവഴി പ്രചരിച്ചുപോന്നു. ഇവ കുടുംബത്തിൻെറയും സമുദായത്തിൻെറയും ഹൃദയത്തിലേയ്ക്കുതന്നെ നുഴഞ്ഞുകയറുവാൻ ശ്രമിച്ചുകൊണ്ടു്, യുവതീയുവാക്കന്മാരിൽ . മാത്രമല്ല, സുകൃതസമ്പന്നത നൈസഗ്ഗികാവകാശമാക്കിയിരിക്കുന്ന കുഞ്ഞുകുട്ടികളിൽപ്പോലും വിനാശങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു.

## യുവജനമാതൃക

വാത്സല്യഭാജനങ്ങളായ യുവതീയുവാക്കന്മാരേ, ഈശോയുടേയും നമ്മുടേയും സവിശേഷസ്നേഹത്തിനു വിഷയമായ നിങ്ങളോടു നാം ചോദിക്കുന്നു, നിങ്ങളുടെ ശുദ്ധതയെ നശിപ്പിക്കുന്നതിനുള്ള ഏതൊരുദ്യമത്തേയും ചെറുത്തു നില്ക്കുവാൻ നിങ്ങൾ സന്നദ്ധരാണോ? ⁕

അല്ലയോ മാതാപിതാക്കന്മാരേ, ഈ വമ്പിച്ച ജനതതിയുടേയും തന്റെ അഭംഗമായ നിഷ്കളങ്കതയാൽ നിങ്ങളുടെ ഹൃദയങ്ങളെ വശീകരിച്ചു കഴിഞ്ഞിരിക്കുന്ന ഈ യുവകന്യകയുടേയും അവളുടെ ധന്യയായ ജനനിയുടേയും, അതേ, ഒരു രക്തസാക്ഷിണിയാകുവാൻ തക്കവണ്ണം ഈ ബാലികയെ പരിശീലിപ്പിക്കയും ദാരുണമായ ആ ദ്രോഹത്തിന്റെ ദുഃഖം അനുഭവിച്ചെങ്കിലും അവളുടെ മരണത്തെക്കുറിച്ചു ആവലാതിപ്പെടാതിരിക്കുകയും ചെയ്തു— സ്വപുത്രിയുടെ മാദ്ധ്യസ്ഥ്യം അഭ്യർത്ഥിക്കുന്ന ഈ വേളയിൽ വികാരവിവശയായിരിക്കുന്ന— ആ മാതാവിന്റേയും സാന്നിദ്ധ്യത്തിൽ നാം നിങ്ങളോടു ചോദിക്കുന്നു, നിങ്ങളുടെ പുത്രിമാരുടേയും പുത്രന്മാരുടേയും കാര്യത്തിൽ ശ്രദ്ധാലുക്കളായിരിക്കുവാൻ നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന മഹനീയ കർത്തവ്യം കഴിവുപോലെ നിർവഹിക്കുവാൻ നിങ്ങൾ സന്നദ്ധരാണോ? അവരെ വലയം ചെയ്തിരിക്കുന്ന നിരവധി വിപത്തുകളിൽനിന്നു് അവരെ സംരക്ഷിക്കുവാനും, സാന്മാർഗ്ഗികാധഃപതനത്തിനും വിശ്വാസനാശത്തിനും ഹേതുവാകുന്ന ദുശ്ശീലങ്ങൾ പഠിക്കുവാനിടയുള്ള സാഹചര്യങ്ങളിൽനിന്നു് അവരെ അകററിനിറുത്തുവാനും നിങ്ങൾ തയ്യാറാണോ?

അടുത്തതായി, നമ്മെ ശ്രവിച്ചുകൊണ്ടിരിക്കുന്ന എല്ലാവരോടുമായി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഈ ലോകത്തിലെ അനാരോഗ്യകരങ്ങളായ ചെളിസ്ഥലങ്ങൾക്കും മലിനതകൾക്കും ഉപരിയായി സൗന്ദര്യസങ്കേതമായ സ്വർഗ്ഗരാജ്യം നീണ്ടുകിടക്കുന്നു. കൊച്ചുമരിയയെ സമാകർഷിച്ചതു് ഈ സ്വർഗ്ഗമാണു്. അതിലേയ്ക്കുള്ള ഏകമാർഗ്ഗമാണു് മതം, അഥവാ, ക്രിസ്തുവി

---

⁕ വികാരഭരിതരായ ജനാവലി, പരിശുദ്ധ പിതാവിന്റെ ഓരോ ചോദ്യത്തിനും, "ഞങ്ങൾ തയ്യാറാണു്" എന്നു് അത്യുച്ചത്തിൽ മറുപടി നൽകിക്കൊണ്ടിരുന്നു.

നോടുള്ള സ്നേഹവുംഅവിടുത്തേ ആജ്ഞകളോടുള്ള വീരോചിതമായ വിധേയത്വവും. ഈ ഏക മാർഗ്ഗത്തിലൂടെ സ്വർഗ്ഗത്തിൽ ചെന്നുചേരുവാനാണ് മരിയ ആഗ്രഹിച്ചതു്.

അല്ലയോ, സൗന്ദര്യവതിയും സ്നേഹയോഗ്യയുമായ പുണ്യവതീ, ഞങ്ങൾ നിനക്ക് അഭിവാദനങ്ങൾ അരുളുന്നു. ലോകത്തിൽ രക്തസാക്ഷിണിയും സ്വർഗ്ഗത്തിൽ മാലാഖായും ആയവളേ, മഹത്വത്തിന്റെ സിംഹാസനത്തിൽനിന്നു് ഈ ജനത്തെ– നിന്നെ സ്നേഹിക്കുകയും വണങ്ങുകയും വാഴ്ത്തുകയും ചെയ്യുന്ന ഈ ജനത്തെ– വീക്ഷിക്കുക. നിന്റെ നെറിത്തടത്തിൽ ക്രിസ്തുവിന്റെ വിജയസമന്വിതവും ശോഭാപൂർണ്ണവുമായ നാമം നീ വഹിക്കുന്നു. കന്യാത്വനിർമ്മലമായ നിന്റെ വദനത്തിൽ ദിവ്യമണവാളനോടുള്ള നിന്റെ സ്നേഹത്തിന്റെ ശക്തിയും വിശ്വസ്തതയുടെ സ്ഥിരതയും പ്രസ്പഷ്ടമായിക്കാണാം. രക്തത്താൽ മുദ്രിതമായ ആ മംഗല്യത്താൽ മിശിഹായുടെ മണവാട്ടിയായിത്തീർന്ന നീ, ആ ദിവ്യവരന്റെ പ്രതിച്ഛായ നിന്നിൽ പകർത്തിയിരിക്കുന്നു. ദിവ്യചെമ്മരിയാടിന്റെ മുമ്പിൽ ഫലപ്രദമായി മാദ്ധ്യസ്ഥ്യം വഹിക്കുവാൻ ശക്തയായ നിന്റെ സംരക്ഷണത്തിനു്, ഇവിടെ സന്നിഹിതരായിരിക്കുന്ന ഈ പുത്രീപുത്രന്മാരെയും, ആത്മനാ നമ്മോടു യോജിച്ചിരിക്കുന്ന സംഖ്യാതീതരായ വിശ്വാസികളുടെ ഗണത്തേയും നാം ഭരമേല്പിക്കുന്നു. അവർ നിന്റെ വീരോചിതമായ പ്രവൃത്തിയെ അഭിനന്ദിക്കുന്നെങ്കിൽ, അതിൽക്കൂടുതലായ നിന്റെ വിശ്വാസസ്ഥിരതയേയും സ്വഭാവനൈർമ്മല്യത്തേയും അനുകരിക്കുവാൻ ആഗ്രഹിക്കുന്നു. മാതാപിതാക്കന്മാർ സന്താനങ്ങളുടെ ശിക്ഷണം യഥായോഗ്യം നിർവ്വഹിക്കുവാൻ നിന്റെ സാഹായ്യമഭ്യർത്ഥിക്കുന്നു. ബാലികാബാലന്മാരും യുവതീയുവാക്കന്മാരും നമ്മുടെ കരങ്ങൾവഴി നിന്റെ പക്കൽ അഭയം തേടുന്നു. സകലവിധ മാലിന്യങ്ങളിൽനിന്നും സംരക്ഷിതരായി, ജീവിതമാകുന്ന രാജവീഥിയിലൂടെ, നിർമ്മലമാനസക്ക് ജന്മാവകാശമായ ആത്മപ്രസന്നതയോടും ഹൃദയാനന്ദത്തോടുംകൂടെ യാത്രചെയ്യുന്നതിനുള്ള വരം അവർ നിന്നിൽനിന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ആമ്മേൻ.

("സത്യദീപ"ത്തിൽനിന്നു്)

വിവർത്തകൻ: റവ. ഫാ. ജോൺ, കുന്നപ്പള്ളി, വിദ്വാൻ.)

## 19. കുടുംബത്തിന്റെ സ്വാധീനശക്തി

നമ്മുടെ വിചാരം, വചനം, പ്രവൃത്തി – ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ജീവിതംമുഖേന മറ്റൊരാളിൽ നാം ചെലുത്തുന്ന പ്രേരണയത്രേ സ്വാധീനശക്തിയെന്നു പറയുന്നത്. അന്തരീക്ഷത്തിനു സൗരഭ്യം നൽകുന്ന പുഷ്പങ്ങളിലും, ലതകളെയും ചെടികളെയും നൃത്തംവയ്പിക്കുന്ന ഇളംകാറ്റിലും, നദികളെയും അരുവികളെയും ആ രൂപത്തിൽ ആക്കിത്തീർക്കുന്ന മഴത്തുള്ളികളിലും, ഭൂമിയെ സന്തോഷിപ്പിക്കയും ചൂടുപിടിപ്പിക്കയും ചെയ്യുന്ന സൂര്യനിലും ഈ ശക്തിവിശേഷമുണ്ട്. എല്ലാ വസ്തുക്കളും തങ്ങളുടെ ചരിത്രവും സ്വാധീനശക്തിയും ലോകത്തിനു നൽകിയിട്ടുമാത്രമേ അപ്രത്യക്ഷമാകുന്നുള്ളു. ചെറിയ കല്ലുകൾക്കും ഭൂമിക്കും അവയെ പിഞ്ചെല്ലുവാൻ നിഴൽ ഉണ്ട്. പർവ്വതശൃംഗത്തിൽനിന്നും താഴത്തേയ്ക്കുരുളുന്ന പാറക്കഷണങ്ങൾ, പോറലുകൾ പർവ്വതത്തിനു കൊടുക്കുന്നു. നദികളും അരുവികളും ഭൂമിക്കു ചാലുകൾ പ്രദാനം ചെയ്യുന്നു. മൃഗങ്ങൾ ചത്തതിനുശേഷം അസ്ഥികൾ അവശേഷിക്കുന്നു. നമ്മുടെ ഓരോ കാൽച്ചുവടുകളും നമ്മുടെ ഗതിയെ തറയിൽ കുറിക്കുന്നതുപോലെ നമ്മുടെ ഓരോ പ്രവൃത്തിയും മരണാനന്തരം സ്മരണയാകുന്ന കടലാസിൽ കുറിക്കപ്പെടുന്നു. നാം ജീവിക്കയും മരിക്കയും ചെയ്യുന്നു. എന്നാൽ നാം ചെയ്യുന്ന നന്മയോ തിന്മയോ നാം മരിച്ചാലും ജീവിക്കുന്നു. അവ നമ്മുടെ അസ്ഥികളോടുകൂടി മൂടപ്പെടുന്നില്ല. നമ്മുടെ ചുറ്റുപാടുകൾ ഒന്നുകിൽ നമ്മെ ഉയർത്തുന്നു. അഥവാ നമ്മെ താഴ്ത്തുന്നു. സൗരഭ്യം വീശുന്ന പുഷ്പങ്ങളുടെ സമീപേക്കൂടി നാം പോവുകയാണെങ്കിൽ ആ സൗരഭ്യം നമ്മുടെ വസ്ത്രത്തിൽ ഒട്ടിപ്പിടിക്കുന്നു. ധൂളി നിറഞ്ഞിരിക്കുന്ന സ്ഥലത്തുക്കൂടി നാം കടന്നുപോകുന്നുവെങ്കിൽ നമ്മുടെ ശരീരത്തിൽ അതു പറ്റിപ്പിടിക്കുന്നു. ഇപ്രകാരം നന്മയോ തിന്മയോ നിലകൊള്ളുന്ന അന്തരീക്ഷത്തിൽ നാം വസിക്കുമ്പോൾ നാം നല്ലവരാകയോ മോശമാകുകയോ ചെയ്യുന്നു. പക്ഷികൾ വിശ്രമിക്കുന്ന ഇലകളുടെ നിറം അതിന്റെ ചിറകിനുണ്ടാകുക സാധാരണമാണല്ലോ.

മെഴുകിനു സദൃശമായ ബാലഹൃദയത്തിൽ കുടുംബത്തിന്റെ സ്വാധീനശക്തി മുദ്രിതമാകുന്നു. ബാല്യകാലം നല്ലതോ ചീത്തയോ അല്ല. അതു് നിർമ്മലമത്രേ. നല്ലതും ചീത്തയുമായിട്ടുള്ളതിനെ സ്വീകരിക്കുന്നതിനു് എപ്പോഴും തയ്യാറായി നില്ക്കുന്നു. ബാല്യദശയുടെ സുരക്ഷിതത്വം സ്ഥിതിചെയ്യുന്നതു് മാതാപിതാക്കന്മാരുടെ കാവലിലാണു്. കാരാഗൃഹത്തിലെ കാവൽക്കാരനുപോലും നിശ്ചിതസമയം കാവൽകാത്തു നിന്നാൽ മതി. എന്നാൽ കുഞ്ഞുങ്ങളുടെ അനശ്വരാത്മാക്കളുടെ രക്ഷാകർത്തൃത്വം സ്വീകരിക്കുന്ന മാതാപിതാക്കന്മാർക്കു ഒരിക്കലും വിശ്രമത്തിനവകാശമില്ല. ഒരു കുഞ്ഞു് ഉറങ്ങിക്കിടക്കുമ്പോൾ അതിന്റെ നിദ്രയ്ക്കു ഭംഗം വരുത്തരുതെന്നുള്ള വിചാരത്തിന്മേൽ മാതാപിതാക്കന്മാർ നിശ്ശബ്ദരായി നടക്കുന്നു. എന്നാൽ ആ കുഞ്ഞു് ഉണരുമ്പോൾ മാതാപിതാക്കന്മാർ സംസാരത്തിലും നടപ്പിലും കുറേക്കൂടി സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ പ്രവൃത്തികൾ കുഞ്ഞിനെ ആത്മീയനിദ്രയിലേയ്ക്കു് അയയ്ക്കുന്നതിനു കാരണമായേക്കാം.

ലോകത്തിൽ നിലവിലിരിക്കുന്ന അനീതികൾക്കും അരിഷ്ടതകൾക്കും കാരണം കുഞ്ഞുങ്ങളുടെമേൽ ഭവനത്തിനുള്ള സ്വാധീനശക്തിയാണു്. നിസ്സാരമായ സംഗതികൾപോലും കുഞ്ഞിന്റെ സാന്മാർഗ്ഗികാധഃപതനത്തിനു കാരണമായേക്കാം. സഹപാഠിയുടെ സ്ലേററുപെൻസിൽ മോഷ്ടിച്ചുകൊണ്ടുവന്ന മകനെ പിതാവു് തിരുത്താതിരുന്നാൽ അനന്തരകാലത്തു് സഹോദരന്റെ അതിരുകയ്യാല വെട്ടിയെടുത്തു സ്വാധീനമാക്കുന്നതിനു് അവനു പ്രേരണ നൽകിയെന്നു വരാം. ഗുരുനാഥനെ കുററം പറഞ്ഞ മകനോടു ദാക്ഷിണ്യപൂർവ്വം പെരുമാറിയാൽ യൗവനത്തിലപ്പിൽ മാതാപിതാക്കന്മാരെ ചീത്ത പറയാനും പ്രഹരിക്കാനും അവൻ മുതിർന്നേക്കാം. നാം തറയിൽ പതിക്കുന്ന ഓരോ കാൽച്ചുവടും സൂര്യനിൽ പോലും, സമുദ്രത്തിലേയ്ക്കു എറിയപ്പെടുന്ന ചെറിയ കൽക്കഷണങ്ങൾ ഓരോന്നും ഭൂമിക്കു് ദ്രുതചലനവും ഉണ്ടാക്കുന്നുവെന്നു് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഇത്ര നിസ്സാരകാര്യങ്ങൾ പ്രകൃതിയിൽ അവാച്യമായ വ്യത്യാസങ്ങൾ വരുത്തുന്നുവെങ്കിൽ ദുർമ്മാതൃകയാകുന്ന വിഷം കുഞ്ഞുങ്ങൾക്കു് കുടുംബം നൽകുമ്പോൾ ഉണ്ടാകുന്ന ഭവിഷ്യത്തിനെപ്പററി എന്തു പറയണം? നിരന്തരമായി പാറയിൽ

കൂടി ഒഴുകുന്ന വെള്ളം വളരെ കട്ടിയുള്ള പാറക്കല്ലിനെ നശിപ്പിക്കുന്നതുപോലെ കുടുംബത്തിന്റെ സ്വാധീനശക്തി തിന്മയിലേക്കോ നന്മയിലേക്കോ രാജ്യത്തെ വലിച്ചിഴയ്ക്കുന്നു. ഈ ശക്തിയാണ് നല്ല പൗരനെ പ്രദാനം ചെയ്യുന്നതും സത്യസന്ധതയ്ക്ക് അടിസ്ഥാനമിടുന്നതും രാജ്യത്തിന്റെ അഭിവൃദ്ധിയേയും അധഃപതനത്തേയും അളക്കുന്നതും. നല്ല രാജ്യവും പ്രശസ്തവ്യക്തികളും ഉണ്ടാകുന്നതിനു കാരണം കുടുംബമത്രേ. വിശ്വവിഖ്യാതരായ യോദ്ധാക്കളും, രാജ്യസേവാപ്രവീണന്മാരും, പ്രസിദ്ധ വാഗ്മികളും, ലോകോപകാരികളും, തങ്ങളുടെ സ്ഥാനമാഹാത്മ്യത്തിനു കാരണം കുടുംബസ്വാധീനശക്തിയാണെന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു. രാജ്യത്തിന്റെ ചരിത്രമാകുന്ന വലിയ ഗ്രന്ഥത്തിന്റെ മുഖവുര മാതാപിതാക്കൾ ഇപ്പോൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഹൃദയങ്ങളാകുന്ന കടലാസിൽ കുറിച്ചിടുന്നു. വക്രതയും വഞ്ചനയും നിറഞ്ഞ രാജ്യതന്ത്രജ്ഞന്മാരുടെ ദുരാലോചനകളെക്കാൾ കൂടുതലായി രാജ്യം ഭയപ്പെടേണ്ടതു് കുടുംബത്തിൽ പൊട്ടിക്കിളുക്കുന്ന രാജ്യഭക്തിയില്ലായ്മയും കലഹങ്ങളുമത്രേ. മാതാപിതാക്കന്മാരുടെ സ്വാധീനശക്തി അനന്തരതലമുറകളിലും പ്രതിബിംബിച്ചുകാണുന്നു. മന്ദമാരുതനിൽ അലിഞ്ഞുചേർന്ന സൗരഭ്യത്തിനു എന്തു സംഭവിച്ചുവെന്നു പറയുവാൻ പുഷ്പത്തിനു സാദ്ധ്യമാവാത്തതുപോലെ മാതാപിതാക്കന്മാരുടെ മാതൃകാപരമായ ജീവിതത്തിൽ നിന്നും പുറപ്പെടുന്ന ശക്തിക്ക് എന്തു സംഭവിച്ചുവെന്നു പറയുവാൻ അവർക്കു നിവൃത്തിയില്ല. നല്ല ഭക്ഷണം, ശുദ്ധവായു, മിതമായ വ്യായാമം, ആത്മശരീരശുചിത്വം എന്നിവ ഒരുവനെ അരോഗദൃഢഗാത്രനാക്കുന്നതുപോലെ നല്ല മാതാപിതാക്കന്മാരിൽ നിന്നും ലഭിക്കുന്ന മാതൃക ഒരു ശിശുവിനെ മാതൃകാപുരുഷനോ സ്ത്രീയോ ആക്കിത്തീർക്കുന്നു. സന്മാതൃക, ജനത്തെ ദൈവത്തിങ്കലേയ്ക്കും ദുർമ്മാതൃക അശുദ്ധാത്മാവിയിലേയ്ക്കും ആനയിക്കുന്നു. ജഡികപാപം, അക്രമം, കൊലപാതകം മുതലായ ദുഷ്കൃത്യങ്ങൾ ചെയ്യുന്നവർ ആരാണ്? അവരുടെ ചരിത്രമെന്താണ്? നല്ല ക്രിസ്തീയകുടുംബങ്ങളിൽ വളർന്നവരാണോ അവർ? നാം ഒരു സൂക്ഷ്മാവലോകനം നടത്തുകയാണെങ്കിൽ നമുക്കു മനസ്സിലാകും അവരുടെ നല്ല വളർത്തലിന്റെ അഭാവവും മാതാപിതാക്കന്മാരുടെ ദുർമ്മാതൃകാപരമായ ജീവിതവുമാണ്, ഇപ്രകാരമുള്ള

ദുഷ്പേരിനു കാരണമെന്നു്. നിത്യശിക്ഷ അനുഭവിക്കുന്ന ആത്മാക്കളോട്ട്, അവരുടെ നാശത്തിനു കാരണമെന്തെന്നു് ചോദിച്ചാൽ അവർ പറയും മാതാപിതാക്കന്മാരുടെ അശ്രദ്ധയും സൂക്ഷക്കുറവുമാണെന്നു്. നേരേമറിച്ചു്, സ്വർഗ്ഗവാസികളോട്ട് ഈ ചോദ്യംതന്നെ ചോദിക്കുകയാണെങ്കിൽ അവർ പറയും ഇതിനു കാരണം മാതാപിതാക്കന്മാരുടെ പ്രാർത്ഥനയും ഉപദേശവുമാണെന്നു്.

ആത്മാവിന്റെ നിത്യരക്ഷയെ നല്ല വളർത്തലാകുന്ന മൂശയിൽ വാർത്തെടുക്കുന്ന നല്ല മാതാപിതാക്കന്മാരുടെ മുമ്പാകെ സശിരഃകമ്പം നാം ബഹുമാനമർപ്പിക്കുന്നു. റോസപ്പുഷ്പത്തിനു മദ്ധ്യേ ചെളി കിടന്നതിനാൽ അതിനും സൗരഭ്യമുണ്ടായെന്നു പേർഷ്യാക്കാർ പറയുന്നു. മാതാപിതാക്കന്മാരുടെ ജീവിതശുദ്ധിയും ഈ റോസപ്പുഷ്പത്തിനു സമാനമായിരിക്കട്ടെ. എങ്കിൽ അവരുടെ ജീവിതസൗരഭ്യം മാറിൽ ചാരിക്കിടക്കുന്ന ഓമനക്കുഞ്ഞു് ആസ്വദിക്കയും ദൈവത്തിനിഷ്ടമുള്ളവനായി അവൻ ജീവിക്കയും ചെയ്യും.

## 20. കത്തോലിക്കാക്കുടുംബം ചെറിയ ദേവാലയം

കത്തോലിക്കാസഭയും കത്തോലിക്കാഭവനവും തമ്മിൽ വളരെ സാമ്യമുണ്ടു്. പല കുടുംബങ്ങൾ ചേർന്നതാണു് തിരുസ്സഭ. യഥാർത്ഥ ക്രിസ്തീയാരൂപിയിൽ ഭവനങ്ങൾ കഴിഞ്ഞുകൂടുമ്പോൾ സഭയുടെ ശക്തിയും വലുതാകുന്നു. സഭയ്ക്കും ഭവനത്തിനും ദൈവത്തിൽനിന്നു പ്രത്യേക നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടു്. പഠിപ്പിക്കയും ശുദ്ധീകരിക്കയും ചെയ്കയെന്നുള്ളതാണു് സഭയുടെ കടമ. ഇതുതന്നെയാണു് കത്തോലിക്കാഭവനത്തിനും ദൈവം നൽകിയിരിക്കുന്നതു്. അതിനാൽ ഭവനം എപ്പോഴും സഭയുടെ ഒരു ചെറുപ്രതി അഥവാ പകർപ്പത്രേ. സഭ പരിശുദ്ധമായിരിക്കുന്നതുപോലെ ഭവനവും പരിശുദ്ധമായിരിക്കണം. ഇതിനായി ദൈവം പല പ്രതിവിധികളും നൽകിയിട്ടുണ്ടു്. ഭവനനിർമ്മാണത്തിനുശേഷം ദൈവം ഒരു പടത്തിന്റെ ആകൃതിയിൽ

ഭവനത്തിൽ എഴുന്നെള്ളി 'കുടുംബപ്രതിഷ്ഠ' എന്ന കർമ്മംവഴി അതിനെ പവിത്രീകരിക്കുന്നു. ഈ പരിശുദ്ധകർമ്മം ഭവനത്തിൽ നടത്തുമ്പോൾ, വൈദികൻ രൂപം വെഞ്ചരിച്ചതിനു ശേഷം ഭിത്തിയിൽ സ്ഥാപിക്കുന്നതിന് ഗൃഹനായകൻെറ കൈവശം കൊടുക്കുന്നു. അയാൾ അതു ഭിത്തിയിൽ ഉറപ്പിക്കുന്നു. ഇതിൻെറ അർത്ഥമെന്താണ്? ഏതു കാര്യമായി ഗൃഹനായകൻ ആ തിരുസ്വരൂപം ഭിത്തിയിൽ സ്ഥാപിച്ചുവോ അതുപോലെതന്നെ ലോകാവസാനംവരെയും ആ ഭവനത്തിൽ ക്രിസ്തുനാഥന് വാസം അനുവദിക്കണമെന്നത്രേ, സഭയുടെ താൽപര്യവും ആഗ്രഹവും. എന്നാൽ, ഏതു കരംകൊണ്ട് ആ തിരുസ്വരൂപം ഭിത്തിയിൽ സ്ഥാപിക്കപ്പെട്ടുവോ ആ കരംതന്നെ ചുരുങ്ങിയ കാലയളവിൽ ആ ദിവ്യസാധനത്തെ നശിപ്പിക്കുയും സ്നേഹനാഥനെ ആ ഭവനത്തിൽനിന്നും ബഹിഷ്കൃതനാക്കുകയും ചെയ്യുന്നില്ലേ? അന്നുവരെ ആ ഭവനത്തിൽ വിലസിയിരുന്ന ഐശ്വര്യത്തിൻെറയും ക്ഷേമത്തിൻെറയും ദാതാവ് പരമകാരുണികനാണെന്ന് ആ മനുഷ്യൻ മനസ്സിലാക്കുന്നില്ല. കൂദാശകൾ കുടുംബാംഗങ്ങൾ സ്വീകരിക്കുമ്പോൾ അവവഴി പ്രത്യേകവരം അവിടുന്നു നൽകുന്നു. സഭ നൽകുന്ന ആനുകൂല്യങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടാതെ മാതാപിതാക്കന്മാർ കുടുംബത്തിൻെറ ആത്മീയഭദ്രതയ്ക്കും വളർച്ചയ്ക്കുംവേണ്ടി ദൈവത്തോടു സഹകരിച്ചു പ്രവർത്തിക്കണം. അപ്രകാരം ചെയ്യുകയാണെങ്കിൽ ഭവനം ഒരു ചെറിയ ദേവാലയമായിത്തീരും. സഭാമാതാവ് പ്രാർത്ഥിക്കുന്നതുപോലെ ഭവനാംഗങ്ങളും പ്രാർത്ഥിക്കണം. സഭ പഠിപ്പിക്കുന്നതോടൊപ്പം കത്തോലിക്കാകുടുംബവും പഠിപ്പിക്കണം. സഭ വിശ്വാസികളെ അനുഗ്രഹിക്കുന്നു. മാതാപിതാക്കന്മാരും മക്കളെ അനുഗ്രഹിക്കണം. ക്രിസ്തുവിൻെറ പരിത്രാണകർമ്മത്താൽ രക്ഷിക്കപ്പെട്ട വിശ്വാസിയെ സഭാമാതാവ് കാര്യമായി അന്വേഷിക്കുന്നതുപോലെയായിരിക്കണം കുടുംബങ്ങളുടെമേൽ കുടുംബനായകനുണ്ടാകേണ്ട അന്വേഷണവും. ബാഹ്യമായി ദൈവത്തിനു ആരാധനാസ്തോത്രങ്ങൾ സമർപ്പിക്കുന്നതിനു സഭ പ്രാർത്ഥനാമാർഗ്ഗം (liturgy) സ്വീകരിക്കുന്നതുപോലെ കത്തോലിക്കാഭവനവും പ്രാർത്ഥനാമാർഗ്ഗം അനുകരിക്കണം. വിശപ്പടക്കുന്നതിനും ശരീരസുഖമനുഭവിക്കുന്നതിനും വേണ്ടി നാം ഉദ്ദേശിച്ചിരിക്കുന്ന 'ഭക്ഷിക്കുക' എന്ന പ്രവൃത്തി മത

പരമായ കമ്മമായും അതേസമയം ദൈവാനുഗ്രമൊഴുകുന്ന നീർച്ചാലായും രൂപാന്തരപ്പെട്ടത്താവുന്നതാണ്. മനുഷ്യസഹോദരങ്ങളെ ഭിന്നിപ്പിൽനിന്നും വേർപെടുത്തി യോജിപ്പിക്കുന്നതിനു ഭക്ഷണത്തിനു് അസാമാന്യമായ മാന്ത്രികശക്തിയുണ്ട്. ഭക്ഷണസമയം കുടുംബാംഗങ്ങൾ രുചിയിലും ഭക്ഷിക്കുന്ന രീതിയിലും സാധമ്മ്യം പാലിക്കുന്നതുപോലെ ദൈവവും കുടുംബവും തമ്മിലുള്ള ബന്ധവും അവർ അപ്പോൾ മനസ്സിലാക്കണം. ഭക്ഷണത്തിനു മുമ്പും പിമ്പും പ്രാത്ഥന ചൊല്ലുകയെന്നതു് മിക്ക ഭവനങ്ങളിലും സാധാരണ കമ്മമാണെങ്കിലും അതിനേക്കാൾ ഗുണപ്രദമായ വിധം അതു നിവ്വഹിക്കാവുന്നതത്രേ. ഭക്ഷണം കഴിഞ്ഞു് ഒരു കൊന്ത ജപിക്കുന്നതു് സാധാരണമല്ലെങ്കിലും ശ്ലാഘനീയമാണ്. ദിവസവും ദിവ്യബലിയിൽ സംബന്ധിക്കുവാൻ സാധിക്കാത്ത കുടുംബാംഗങ്ങൾ ഭക്ഷണസമയം അതാതു ദിവസത്തെ ദിവ്യബലിയിൽ വായിക്കപ്പെടുന്ന സുവിശേഷഭാഗം വായിക്കുന്നതു നന്നായിരിക്കും. നോമ്പുകാലത്തു ജ്ഞാനവായന ഈ സമയം കൂടുതൽ പ്രയോജനകരമാണ്. നമ്മുടെ നാട്ടിലെ നടപ്പനുസരിച്ചാണെങ്കിൽ ഭക്ഷണസമയത്തു് കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടുകയെന്നതു സാദ്ധ്യമല്ല. ഞായറാഴ്ചദിവസമെങ്കിലും മേൽപറഞ്ഞവ പ്രായോഗികമാക്കാവുന്നതാണ്. എന്നാൽ പരിഷ്കാരം വദ്ധിച്ചതോടുകൂടി, ഭക്ഷണസമയത്തു് ജ്ഞാനവായനമൂലം ക്രിസ്തീയാരൂപി കുടുംബാംഗങ്ങളിൽ ചെലുത്തേണ്ടതിനു പകരം, റേഡിയോ, ഗ്രാമഫോൺ മുതലായവയുടെ പ്രവത്തനം മൂലം ആ സമയം മലീമസമാകുന്നു. ഇതിനു സൗകയ്യമില്ലാത്ത സ്ഥലങ്ങളിൽ വൈദികരേയും മേലധികാരികളേയും ദൂഷിച്ചുള്ള സംസാരമായിരിക്കും സ്ഥാനം പിടിക്കുന്നതു്.

പാശ്ചാത്യരാജ്യങ്ങളിൽ മാതൃദിനവും പിതൃദിനവും കത്തോലിക്കാ കുടുംബങ്ങളിൽ ആഘോഷിക്കുന്ന പതിവുണ്ട്. എന്നാൽ ഇന്നു് പ്രസ്തുതാഘോഷങ്ങൾ അനാത്മകവും ഭൗതികവുമായ ചടങ്ങുകളുടെ സമ്മേളനമായിത്തീന്നിട്ടുള്ളതു് വേദനാജനകമാണ്. മതാത്മകമായ രീതിയിൽ ഈ ദിനങ്ങൾ വി. യൗസേപ്പിന്റെ തിരുനാളായ മാർച്ചു പത്തൊൻപതാം തീയതിയിലും നമ്മുടെ സ്വഗ്ഗീയമാതാവിന്റെ പിറവിത്തിരുനാളായ സെപ്റ്റംബർ എട്ടാം തീയതിയിലും ആഘോഷിക്കുന്നതു് സന്ദർഭോചിതമായിരിക്കും. സഭയുടെ പ്രാത്ഥനാമാഗ്ഗമനു

സരിച്ച് (liturgy) കുടുംബപരിപാടികൾ ക്രമപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നവർ ഇടവകയിലെ ബ. വികാരിയുടെ അഭിപ്രായവും ഉപദേശവും ആരായുന്നതു നല്ലതാണ്. ജൂൺമാസത്തിൽ കർത്താവിന്റെ തിരുഹൃദയത്തിന് നമ്മുടെ കുടുംബത്തെ പ്രതിഷ്ഠിക്കുന്നതിൽ ഉദാസീനത പ്രകടിപ്പിക്കരുതു്. കർത്താവിന്റെ പ്രതിമയോ പടമോ സ്ഥാപിക്കുന്നതു ഭവനത്തിന്റെ പ്രധാന മുറിയിലായിരിക്കണം. ഈ മുറി ഭവനത്തിലെ ചെറു ദേവാലയമായിരിക്കണം. ഇവിടെയാണ് കുടുംബാംഗങ്ങളുടെ ജപമാലകളും പ്രാർത്ഥനപ്പുസ്തകങ്ങളും വെയ്ക്കേണ്ടതു്. മാതാപിതാക്കന്മാർ ലോകയവനികയ്ക്കുള്ളിൽ മറയുമ്പോൾ അവരുടെ സുസ്മരണ മക്കൾ നിലനിർത്തേണ്ടതു് ഈ പരിശുദ്ധസ്ഥലത്തായിരിക്കണം. ഈ സ്ഥലത്തിന്റെ പ്രധാന കവാടത്തിങ്കൽ ഒരു പാത്രത്തിൽ ഹന്നാൻവെള്ളം സൂക്ഷിച്ചിരിക്കണം. പ്രാർത്ഥനയ്ക്കായി കുടുംബാംഗങ്ങൾ ഈ മുറിയിൽ പ്രവേശിക്കുമ്പോൾ വെള്ളം വിരലിൽതൊട്ടു് നെററിയിൽ കുരിശടയാളം വരയ്ക്കണം. നാം വെള്ളം വിരൽകൊണ്ടെടുക്കുമ്പോൾ ശുദ്ധീകരണസ്ഥലത്തിൽ വേദനയനുഭവിക്കുന്ന ആത്മാക്കളുടെ ആശ്വാസത്തിനായി ഒരു തുള്ളി തറയിൽ വീഴുവാൻ അനുവദിക്കുന്നതും ശ്ലാഘനീയമത്രേ. രാത്രിയിൽ ഉറങ്ങുവാൻ ശയനമുറിയിലേയ്ക്കു പോകുമ്പോഴും ഈ ജലം നെററിയിന്മേൽ പുരട്ടുന്നതു് പൈശാചികപരീക്ഷകളിൽനിന്നു വിമോചനം ലഭിക്കുന്നതിന് ഉപകാരപ്രദമാണ്. വാർദ്ധക്യകാലത്തു് ദേവാലയത്തിൽപോയി ദിവ്യകർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ സാധിക്കാത്തവർക്ക് മേല്പറഞ്ഞവിധത്തിലുള്ള മുറി ഒരു ദേവാലയത്തിന്റെ പ്രതീതി നൽകും. ദേവാലയത്തിൽ ഒരാളിനു ലഭിക്കുന്ന മനസ്സുഖവും സമാധാനവും ഇവിടെ കാണുവാൻ സാധിക്കും.

---

## കത്തോലിക്കാഭവനം
## അതൊരു ദേവാലയമാകുന്നു

വിവാഹമെന്ന കൂദാശ നിർമ്മിക്കയും രൂപവൽക്കരിക്കയും ചെയ്യുന്ന കത്തോലിക്കാകുടുംബം, ഈശോമിശിഹായുടെ ആഗോളവ്യാപകമായ തിരുസ്സഭയുടെ ഒരു ചെറിയ അംശമാണ്. അതു് കത്തോലിക്കാതിരുസഭയെന്ന സ്വാഭാവാതീതമായ മഹാസമുദായത്തിൻെറ ഒരു സജീവ ഉള്ളറയാണ്. ഏതെങ്കിലും ഒരു കത്തോലിക്കാ ഇടവകയുടെ ഒരംശമാണ്, ഒരു കത്തോലിക്കാ കുടുംബം. ആ ഇടവകയോ എന്നാൽ, ഒരു കത്തോലിക്കാരൂപതയുടെ വിഭാഗവുമാണ്. കത്തോലിക്കാകുടുംബാംഗങ്ങൾ ഈശോമിശിഹായുടെ വികാരിയായ മാർപ്പാപ്പായുടെ വികാരിയായ മെത്രാൻെറ വികാരിയായ ഇടവക വൈദികനെ അനുസരിച്ചു ജീവിക്കുന്നു. മാർപ്പാപ്പാ ഈശോമിശിഹായേയും, മെത്രാൻ മാർപ്പാപ്പായേയും, ഇടവകവൈദികൻ മെത്രാനേയും, ഇടവകയിലെ വിവിധകുടുംബാംഗങ്ങൾ വൈദികനേയും അനുസരിക്കുന്നു.

കത്തോലിക്കാഭവനം തിരുസഭയുടെ ഒരംശം മാത്രമല്ല, അതു ദൈവത്താൽ നേരിട്ടു സ്ഥാപിതമാണ്. ഒരു പുരുഷനും സ്ത്രീയും വിവാഹമെന്ന കൂദാശയിൽ ബന്ധിതരാകുമ്പോൾ, ദൈവം നേരിട്ടു കത്തോലിക്കാകുടുംബത്തെ സ്ഥാപിക്കുന്നു. വിശുദ്ധ ക്രിസോസ്തോം കത്തോലിക്കാഭവനത്തെപ്പററി പറയുന്നതു ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "പള്ളിയിലെ പ്രാർത്ഥനയും പ്രസംഗവും മാത്രം പോരാ," അദ്ദേഹം എഴുതിയിരിക്കുന്നു: "അവയോടു ഒത്തുചേർന്നു പോകണം, കുടുംബത്തിലെ പ്രാർത്ഥനയും വായനയും. എന്തുകൊണ്ടെന്നാൽ, കത്തോലിക്കാഭവനം ഒരു കുടുംബദേവാലയമാണ്."

ക്രൈസ്തവഭവനം ഒരു കുടുംബദേവാലയമാണ് എന്നു പറയുന്നതു് അതു് അപ്പനും അമ്മയും മക്കളും ഒരുമിച്ചു ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്ന ഒരു സ്ഥലമാകുന്നതുകൊണ്ടാണ്. ദൈവത്തിൻെറ ഭാവി വിശുദ്ധന്മാരെ

ഗർഭം ധരിക്കയും, പ്രസവിക്കുകയും, വളൎത്തുകയും, പഠിപ്പിക്കുകയും ചെയ്യുന്നതു ഒരു ഭവനത്തിലാകുന്നു. ഇവിടെയാണു് ഒരു ഭൎത്താവിനേയും ഭാൎയ്യയേയും എത്രയും ഗാഢമായ ഒരു ഐക്യത്തിൽ ആത്മാവിലും ശരീരത്തിലും ഒന്നാക്കിത്തീൎക്കുന്നതു്. "എന്തുകൊണ്ടെന്നാൽ ഒരു പുരുഷൻ അപ്പനേയും അമ്മയേയും വിട്ടു അവന്റെ ഭാൎയ്യയോടു ചേരുകയും, അവർ ഒരു ശരീരത്തിൽ ഇരുവരായിരിക്കയും ചെയ്യും." (ഉൽപത്തി 2. 24.)

ഈ കുടുംബപ്പള്ളി അതിന്റെ വിശുദ്ധീകരണം അഥവാ "വെഞ്ചരിപ്പു്" (Consecration) ദൈവത്തിന്റെ ബലിപീഠത്തിൽ വച്ചത്രേ സ്വീകരിക്കുന്നതു്; അവിടെവച്ചാണല്ലോ ഭൎത്താവും ഭാൎയ്യയും അന്യോന്യം സ്നേഹവും വിശ്വാസവും വാഗ്ദാനം ചെയ്യുതു്. വിവാഹമെന്ന കൂദാശയുടെ സ്വീകരണത്തിൽ ഉത്ഭവിക്കുന്ന ഭാൎയ്യാഭൎത്താക്കന്മാരുടെ ഐക്യം, സഭയുമായുള്ള ക്രിസ്തുവിന്റെ ഐക്യത്തിനു സമമാണു്. സഭ മിശിഹായുമായുള്ള ഐക്യത്തിൽനിന്നു വിശുദ്ധയായിത്തീരുന്നതുപോലെതന്നെ, ഭൎത്താവിന്റേയും ഭാൎയ്യയുടേയും ആത്മാക്കൾ, വിവാഹമെന്ന കൂദാശയിൽ ബന്ധിക്കപ്പെട്ടു, മരണം അവരെ വേർപെടുത്തുന്നതുവരെ അന്യോന്യം വിശ്വസ്തരായിരിക്കുവാൻ അവൎക്കു് ആവശ്യമായ വരപ്രസാദം കൂദാശ വഴിയായി സ്വീകരിക്കുന്നു.

ഒരു പുരുഷനും സ്ത്രീയും സന്താനങ്ങളെ ഉൽപാദിപ്പിക്കുകയും വളൎത്തുകയും ചെയ്യണമെന്നുള്ള പ്രഥമവും പ്രധാനവുമായ ലാക്കോടുകൂടി ശാശ്വതമായ വിവാഹത്താൽ തങ്ങളെ ബന്ധിക്കുന്നതിനാൽ അവർ സന്താനനിയന്ത്രണം ചെയ്യുന്നതായാൽ അവർ ദൈവനിയമത്തിനു എതിരായ മഹാ പാപമത്രേ ചെയ്യുന്നതു്. ആ ദമ്പതിമാരുടെ ഭവനം ഒരു കുടുംബദേവാലയമല്ല; നരകത്തിന്റെ ഒരു പടിപ്പുരയായിരിക്കും. ജനനനിയന്ത്രണപ്പാപം, വിവാഹിതരായ ദമ്പതികളെ അവരുടെ മഹത്തും പരിപാവനവുമായ ഉന്നതസ്ഥാനത്തുനിന്നു തട്ടിത്താഴെ ഇടുന്നുവെന്നു മാത്രമല്ല, അവരുടെ ഭവനത്തെ അശുദ്ധമാക്കിത്തീൎക്കുകയും ചെയ്യുന്നു.

ഒരു ഹീനകൃത്യം ചെയ്യതിനാൽ ഓനാൻ എന്നവനെ ദൈവം ഉടനടി വധിച്ചുവെങ്കിൽ തങ്ങളുടെ ശരീരങ്ങളെ

അശുദ്ധമാക്കുന്ന— തങ്ങളുടെ ശരീരങ്ങളാൽ അശുദ്ധപാപം ചെയ്യുന്ന— ദമ്പതികളെ ദൈവം ശിക്ഷിക്കാതിരിക്കുമോ? അശുദ്ധപാപത്തിന്റെ ശിക്ഷയായി സോദോം ഗോമോറാ എന്ന പട്ടണവാസികളെ ദൈവം അഗ്നിയിറക്കി ദഹിപ്പിച്ചെങ്കിൽ, നോഹായുടെ കാലത്തു അശുദ്ധപാപത്തിന്റെ ശിക്ഷയായി മനുഷ്യരുടെമേൽ ജലപ്രളയമുണ്ടാക്കി അവരെ നശിപ്പിച്ചുവെങ്കിൽ, മനഃപൂർവ്വം അശുദ്ധപാപം ചെയ്യുന്ന ദമ്പതികളെ ദൈവം ശിക്ഷിക്കാതിരിക്കുമോ? പാപം മനുഷ്യവംശത്തിനു ദുരിതമല്ലാതെ മറെറാന്നുംതന്നെ നൽകുന്നതല്ലെങ്കിൽ, സന്താനനിയന്ത്രണപ്പാപം ചെയ്യുന്ന ദമ്പതിമാക്ക് സൗഭാഗ്യമുണ്ടാകുമോ? ദൈവം പരിഹസിക്കപ്പെടേണ്ടവനല്ല. ഓരോ പാപവും അതിനനുസരണമായ ശിക്ഷയ്ക്കായി നിലവിളിക്കുന്നു.

ചിലർ പറയും, "ഞങ്ങൾ അന്യഭാര്യാഭർത്താക്കന്മാരുമായി വ്യഭിചാരം ചെയ്യുന്നില്ല. എന്നാൽ വിവാഹത്താൽ ബന്ധിതരായ ഭാര്യാഭർത്താക്കന്മാരായ ഞങ്ങൾക്കു ഞങ്ങൾ തമ്മിലുള്ള ജീവിതത്തെപ്പററി സർവ്വസ്വാതന്ത്ര്യമുണ്ടെന്ന്." ആദ്യം പറഞ്ഞ ഭാഗം ശരി. അന്യരുമായി വ്യഭിചാരം ചെയ്യുന്നില്ല; നല്ലതുതന്നെ. അതു പാപമായതു ദൈവം 9—ാം പ്രമാണത്താൽ വിലക്കിയതുകൊണ്ടാണ്. മനുഷ്യന്റെ വ്യക്തിപരവും ഗാർഹികവും, സാമുദായികവുമായ ജീവിതത്തെ നശിപ്പിക്കുമെന്നതിനാലാണ് ദൈവം വ്യഭിചാരത്തെ തടഞ്ഞിരിക്കുന്നതു്. അതുപോലെതന്നെ സന്താനനിയന്ത്രണവും വ്യക്തിയേയും കുടുംബത്തേയും സമുദായത്തേയും മനുഷ്യവംശത്തേയും നശിപ്പിക്കുന്ന ഒരു പ്രവൃത്തിയാകയാൽ, അതു് ചെയ്യരുതെന്നും ദൈവംതന്നെ വിലക്കിയിട്ടുള്ളതാണ്. ദമ്പതിമാരെ മാത്രമല്ല, അവർ തമ്മിലുള്ള വിവാഹജീവിതത്തേയും സെക്സിനേയും ദൈവം നിർമ്മിച്ചിട്ടുള്ളതാകകൊണ്ടും, അവിവാഹിതരുടെ രഹസ്യജീവിതം മാത്രമല്ല, വിവാഹിതരുടെ ദാമ്പത്യജീവിതവും, ദൈവദത്തമായ ചില നിയമങ്ങൾക്കു വിധേയമായതുകൊണ്ടും, ഭാര്യാഭർത്താക്കന്മാക്ക് അവരുടെ ദാമ്പത്യജീവിതം യഥേഷ്ടം നിർവ്വഹിക്കാവുന്നതല്ല. പ്രത്യക്ഷമായി നൽകപ്പെട്ട (Positive Divine Law) ദൈവനിയമം മാത്രമല്ല, സ്വാഭാവികനിയമവും (Natural Law) സന്താനനിയന്ത്രണത്തെ വിലക്കുന്നു. അതുകൊണ്ടാണല്ലോ, മോശവഴി മനുഷ്യവംശത്തിനു 10 പ്രമാണങ്ങൾ നൽ

കുന്നതിനുമുമ്പ്, ഓനാനെ ഈ കുററത്തിനു ദൈവം വധിച്ചതു്. അതുകൊണ്ടാണല്ലോ 10 പ്രമാണങ്ങൾ സ്വീകരിച്ചിട്ടുള്ളവർ മാത്രമല്ല, ഔദ്യോഗികമായി അംഗീകരിക്കാത്ത പുറജാതികളും ഈ കൃത്യത്തെ മഹാപാപമായി കരുതുന്നതു്. മഹാത്മാഗാന്ധി സന്താനനിയന്ത്രണത്തെ അപലപിച്ചിരുന്നു. ഇന്നും എത്രയോ ഹിന്ദുക്കൾ അതു അധർമ്മമായി പരിഗണിക്കുന്നു.

ഒരവിവാഹിതൻ താൻ വ്യഭിചാരം ചെയ്യുന്നില്ലെന്നു പറയുകയും, സ്വന്തം ശരീരത്തെ ദുരുപയോഗിച്ചു അശുദ്ധപാപം ചെയ്യുകയും ചെയ്യുന്നതായാൽ അയാൾ നീതീകരിക്കപ്പെടുകയില്ലല്ലോ. അതുപോലെതന്നെ, വ്യഭിചാരം ചെയ്യാതിരിക്കുന്നുവെങ്കിലും, ദാമ്പത്യജീവിതത്തെ ദുരുപയോഗിക്കുന്നവർ, ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. ഭാര്യാഭർത്താക്കന്മാരായാലും, അവരുടെ ദാമ്പത്യജീവിതം ദൈവനിയമങ്ങൾക്കു വിധേയമാണു്. അവക്കു ചെയ്യാൻ പാടില്ലാത്തതും, ചെയ്താൽ അവക്കു ആത്മീയം മാത്രമല്ല, അവക്കും അവരുടെ സന്താനങ്ങൾക്കും ശാരീരികവുമായ നാശം ഉളവാകുന്നതുമായ ചില പാപകൃത്യങ്ങൾ ഉണ്ടെന്നുള്ളതു ദമ്പതിമാർ മനസ്സിലാക്കേണ്ടതാണു്; സമ്മതിക്കേണ്ടതുമാണു്; അതനുസരിച്ചു ജീവിക്കേണ്ടതുമാണു്.

പള്ളികൾ ദൈവാരാധനസ്ഥലങ്ങളാണല്ലോ. നിങ്ങളുടെ ഭവനം കുടുംബദേവാലയമാണെങ്കിൽ അതിനു ഒരു ചെറിയ ദേവാലയത്തിൻെറ പ്രകൃതി ഉണ്ടായിരിക്കണം. അതിൻെറ ചുവരിൽ ഒരു ക്രൂശിതരൂപം സ്ഥലം പിടിക്കണം. നിങ്ങളുടെ സന്ദർശനമുറിയിൽ ഈശോയുടെ തിരുഹൃദയത്തിൻേറയും, ദൈവമാതാവിൻേറയും, വി. യൗസേപ്പിൻേറയും പേരിൻെറ പുണ്യവാളൻേറയും പടങ്ങൾക്കു സ്ഥാനം നൽകണം. ഇതിൽ നിന്നു നിങ്ങളുടെ ഭവനങ്ങളിൽ പള്ളിയിലെപ്പോലെ തന്നെ അൾത്താരയും കെടാവിളക്കും, സകല പുണ്യവാന്മാരുടേയും പ്രതിമകളും സ്ഥാപിക്കണമെന്നു വരുന്നില്ല. ഒരു ഭവനത്തിനു ആവശ്യമുള്ളതെന്തെന്നു വിവേകപൂർവ്വം തീരുമാനിക്കേണ്ടതാണു്.

നിങ്ങളുടെ ഭവനം ഒരു കുടുംബദേവാലയമാകണമെങ്കിൽ, ഒരു ചെറുദേവാലയത്തിൽ കൊള്ളരുതാത്തതൊന്നും അതിൽ സ്ഥാപിതമാകരുതു്. ഓറശ്ലം ദേവാലയത്തിൽനിന്നു കച്ച

വടക്കാരെ ആട്ടിഓടിച്ചപ്പോൾ ദിവ്യരക്ഷകൻ ഇപ്രകാരം കോപിച്ചു പറഞ്ഞു: "എൻെറ ഭവനം പ്രാത്ഥനാലയമാണു്. നിങ്ങളോ എന്നാൽ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീത്തു (ലൂക്കാ 19. 46). ഇതേ ശാസന ഇന്നുള്ള അനേകം കത്തോലിക്കാഭവനങ്ങളെപ്പററിയും ക്രിസ്തുനാഥനു നൽകാൻ പാടില്ലയോ? തൻെറ തിരുഹൃദയത്തിനു സ്നേഹവും, പരിഹാരവും സമാധാനവും കണ്ടെത്തുവാൻ കഴിയുന്ന ഒരു ചെറിയ ദേവാലയമാണു്, ഓരോ കത്തോലിക്കാഭവനത്തിലും അവിടുന്നന്വേഷിക്കുന്നതു്. അതൊരു പ്രാത്ഥനാലയമായിരിക്കണമെന്നത്രേ അവിടുത്തെ അഭിലാഷം. കാണാൻ കൊള്ളരുതാത്തതു മാത്രമല്ല, കണ്ടാൽ ആത്മീയോപകാരം അശേഷമില്ലാത്തതുമായ പടങ്ങൾ, ക്രിസ്തുവിൻെറയും തൻെറ വിശുദ്ധന്മാരുടെയും പടങ്ങൾക്കു പകരം ഒരു കത്തോലിക്കാഭവനത്തിൽ സ്ഥാനം പിടിക്കുന്നതു ഇന്നു സാധാരണയാണു്. അദ്ധനഗ്നങ്ങളായ സ്ത്രീകളുടെ പടമുള്ള പഞ്ചാംഗങ്ങളും ചിത്രങ്ങളും, വീത്തക്കഥകളും ദൈവത്തേയും മതത്തേയും വൈദികരേയുംപററി ആക്ഷേപങ്ങളുള്ളതുമായ പത്രമാസികകളും കുടുംബത്തിൽ പ്രവേശിപ്പിക്കയും, കുട്ടികൾക്കുപോലും കാണുവാനും വായിക്കുവാനും അവസരം നൽകുകയും ചെയ്യുന്നതു് കുട്ടികളെ ദുർമ്മാർഗ്ഗികളാക്കിത്തീക്കുവാൻ വേണ്ടിയുള്ള എളുപ്പമാർഗ്ഗങ്ങളാണു്. പിശാചുക്കൾ ആ കുട്ടികളെ തിന്മയുടെ ഏജൻറന്മാരാക്കിത്തീക്കുകയും ചെയ്യും. തങ്ങളുടെ ഭവനത്തിൽ പ്രവേശിക്കുകയും സ്ഥലം പിടിക്കുകയും ചെയ്യുന്ന ചിത്രങ്ങളും മാസികകളും ഏതൊക്കെയാണെന്നു പ്രത്യേകം പരിശോധിക്കുവാനും നിയന്ത്രിക്കുവാനും മാതാപിതാക്കന്മാക്കു വലിയ ചുമതലയുണ്ടു്. ഇതൊക്കെ നിസ്സാരമാക്കി അവഗണിക്കുന്നതുമൂലമുണ്ടാകുന്ന നാശം ഇന്നല്ലെങ്കിൽ നാളെ അവർ കണ്ണീരോടെ നേരിടാതിരിക്കയില്ല.

തിന്മയെ തടഞ്ഞാൽപോരാ, നന്മയ്ക്കു സ്ഥാനം നൽകുകയും വേണം. നല്ല കത്തോലിക്കാ മാസികകളും പത്രങ്ങളും ഗ്രന്ഥങ്ങളും വരുത്തി വായിക്കാൻ കുട്ടികൾക്കു കൊടുക്കണം. നല്ല പുസ്തകങ്ങൾക്കായി ഒരൾമാരി ഒരു ഭവനത്തിൽ അത്യാവശ്യമാണു്. അതിൽ പുതിയ നിയമം, സങ്കീത്തനപ്പുസ്തകം, മിശിഹാനുകരണം, മിശിഹാ ചരിത്രം, വിശുദ്ധന്മാരുടെ ജീവ

ചരിത്രം എന്നീ പുസ്തകങ്ങളും നല്ല നോവല്കുകളും, ചരിത്ര ഗ്രന്ഥങ്ങളും മററും ഉണ്ടായിരിക്കേണ്ടതാണ്.

കത്തോലിക്കാഭവനം പ്രാർത്ഥനാലയമായിരിക്കണമെങ്കിൽ, അവിടെ അനുദിന ജപമാല (കൊന്ത) കൂട്ടമായി ചൊല്ലണം. അനന്തരം ആദ്ധ്യാത്മികഗ്രന്ഥം പാരായണം ചെയ്യപ്പെടണം. മിശിഹായുടെയും വിശുദ്ധന്മാരുടെയും ജീവിതത്തെപ്പററിയുള്ള സംഭാഷണം— ചോദ്യോത്തരങ്ങൾ— മാതാപിതാക്കന്മാരും മക്കളുമായി നടത്തണം. ഇതിൻെറയൊക്കെ ഫലമായി കുടുംബാംഗങ്ങളുടെ ഇടയിൽ സമാധാനവും ഉപവിയും വളൎന്നുവരും. "ആകയാൽ ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധരും പ്രിയപ്പെട്ടവരും എന്നപോലെ മനസ്സലിവും, കൃപയും, ദയയും, വിചാരത്തിൻെറ വിനയവും, സൗമ്യതയും ദീർഘശാന്തതയും ധരിക്കുവിൻ. നിങ്ങൾ അന്യോന്യം സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുവിൻ. ഒരുവനു മറെറാരുവനോടു വഴക്കുണ്ടെങ്കിൽ, മിശിഹാ നിങ്ങളോടു ക്ഷമിച്ചതു എങ്ങിനെയോ അങ്ങനെതന്നെ ക്ഷമിക്കുവിൻ. ഇവയൊക്കെയോടുംകൂടി പരിപൂൎണ്ണതയുടെ ബന്ധമായ സ്നേഹം സംരക്ഷിക്കുവിൻ. നിങ്ങൾ ഏകശരീരമായി ഏതിനായി വിളിക്കപ്പെട്ടിരിക്കുന്നുവോ, മിശിഹായുടെ ആ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ" എന്ന വിശുദ്ധ പൗലോസിൻെറ ഉപദേശം (Cor. 3. 12–15) സ്വീകരിക്കുന്നുവെങ്കിൽ നിങ്ങളുടെ ഭവനം ഒരു കുടുംബപ്പള്ളിയായും അതു സമാധാനത്തിൻേറയും സൗഭാഗ്യത്തിൻേറയും ആലയവും ആയിത്തീരും.

പല ചിത്രങ്ങളും എഴുതിയ ഒരു ചിത്രകാരൻ, ആ ചിത്രങ്ങൾകൊണ്ടൊന്നും തൃപ്തനാകാതെ, തനിക്കു ഒരു നിസ്തുല കലാകാരനെന്ന പ്രശസ്തി ആൎജ്ജിക്കുന്നതിനു ഉപകരിക്കുന്ന ഒരുത്തമചിത്രം വരയ്ക്കുവാൻ ആവശ്യമായ വിഷയം അന്വേഷിക്കുകയായിരുന്നു; മാൎഗ്ഗമദ്ധ്യേ അയാൾ ഒരു വൃദ്ധവൈദികനെ കണ്ടു. അദ്ദേഹത്തോടു തൻെറ ആഗ്രഹം അയാൾ പറഞ്ഞു. "അതു കണ്ടുപിടിക്കാൻ ഇത്ര പ്രയാസമോ?" ആ വൈദികൻ ചോദിച്ചു. "ആ പള്ളിയകത്തേയ്ക്കു ചെല്ലൂ. അവിടെ കാണാം വിശ്വാസം." ചിത്രകാരൻ വീണ്ടും അന്വേഷിച്ചു. അയാൾ ഒരു യുവഭാൎയ്യയെ കണ്ടു. ലോകത്തിൽ ഏററം മനോഹരമായ വസ്തുവെന്തെന്നു അവളോടു ചോദിച്ചു. അവൾ പറ

ഞ്ഞു സ്നേഹമാണെന്നു്. അയാൾ വീണ്ടും അന്വേഷണം തുടന്നു. ഒരു പട്ടാളക്കാരൻ അയാളോടു പറഞ്ഞു്, ഏററം മനോഹരമായ കാര്യം സമാധാനമാണെന്നാണു്. "യുദ്ധം എത്രയോ ഭയങ്കരം! സമാധാനമാണു് മനുഷ്യനാവശ്യം.''

ചിത്രകാരൻ ആത്മഗതം ചെയ്തു: "വിശ്വാസം, സ്നേഹം, സമാധാനം... ഇവയെവിടെ കണ്ടെത്തും?'' അയാൾ സ്വന്തം വീട്ടിൽ പ്രവേശിച്ചു. അവിടെ അയാളുടെ ഭാര്യയിൽ വിശ്വാസവും കുട്ടികളുടെ പുഞ്ചിരിയിൽ സ്നേഹവും അയാൾ ദശിച്ചു. വിശ്വാസവും സ്നേഹവും കലന്നപ്പോൾ സ്വന്തം ഭവനത്തിനുള്ളിൽ സമാധാനവും അയാൾ കണ്ടെത്തി. ഇവ മൂന്നിനേയും മൂത്തീകരിക്കുവാൻ അയാൾ അയാളുടെ നിസ്തുലവും ഉത്തമവുമായ കലാസൃഷ്ടിയെ ലോകത്തിനു നൽകി: "ഭവനം."

(അമ്മമാസികയിൽനിന്നു്)

## 21. ദേവാലയത്തിൽ വത്തിക്കേണ്ടതെങ്ങനെ?

ദേവാലയത്തിൽ നടക്കുന്ന കമ്മമെന്താണെന്നും ആ കമ്മത്തിൻെറ മാഹാത്മ്യമെന്താണെന്നും അറിഞ്ഞിരുന്നാൽ ആ ദിവ്യസ്ഥലത്തു് പെരുമാറേണ്ട വിധത്തെപ്പററി ഏതാണ്ടു മനസ്സിലാക്കാവുന്നതാണു്. ദേവാലയത്തിൽ നടക്കുന്ന കർബാനയെന്ന ദിവ്യകമ്മം ഗാഗുൽത്തായിലേ ബലിയുടെ ജ്ഞാപകമായി അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളുടെ കീഴിൽ അപ്പിക്കപ്പെടുന്ന നമ്മുടെ കത്താവിൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും ബലിയാകുന്നു. "മാലാഖാമാരുടെയും മനുഷ്യരുടെയും സുകൃതങ്ങളെല്ലാം ഒന്നിച്ചുചേത്താലും ഒരൊററ കർബാനയോളം സ്തുതി ദൈവത്തിനു ലഭിക്കുന്നതല്ല'' എന്നു് കൊളംബിയേ എന്ന ദേഹം പറയുന്നു. പട്ടക്കാരൻ കർബാന ചൊല്ലുമ്പോൾ ദൈവത്തെ ബഹുമാനിക്കുകയും, ദൈവദൂതന്മാരെ സന്തോഷിപ്പിക്കയും, തിരുസ്സഭയെ ഉയത്തുകയും, ജീവിക്കുന്നവ

രെ സഹായിക്കയും മരിച്ചവരെ ആശ്വസിപ്പിക്കയും ചെയ്യുന്ന തുപോലെ. കുർബാനയിൽ സംബന്ധിക്കുന്ന വിശ്വാസികളും അപ്രകാരംതന്നെ ചെയ്യുന്നു. എന്നാൽ ഇവ ചെയ്യണമെങ്കിൽ വൈദികൻ ഒരുക്കത്തോടുകൂടി കുർബാന ചൊല്ലുന്നതുപോലെത ന്നെ വിശ്വാസികൾ ശ്രദ്ധയോടും അടക്കത്തോടും ഭക്തിയോ ടുംകൂടി ഇതിൽ സംബന്ധിക്കേണ്ടിയിരിക്കുന്നു. നിവൃത്തിയുണ്ടെ ങ്കിൽ കുബ്ബാനയുടെ മുഴുവൻസമയം മുട്ടുകുത്തണം. അതു സാദ്ധ്യ മല്ലെങ്കിൽ ആരംഭംമുതൽ അറിയിപ്പിനു് എഴുന്നേല്ക്കുന്നതുവരെ യും, അറിയിപ്പു കഴിയുന്നതുമുതൽ കാഴ്ചവെയ്പിനുശേഷം വൈ ദികൻ ജനങ്ങളുടെ പക്കലേയ്ക്കു തിരിഞ്ഞു് "നിങ്ങൾക്കു സമാ ധാനം" എന്നു പറഞ്ഞു് ആശീർവ്വദിക്കുന്നതുവരെയും മുട്ടുകുത്ത ണം. പിന്നീടു് ഒരു പതിവുള്ളതു് ഇടമണി കിലുക്കുമ്പോൾ മുട്ടുകുത്താൻ തുടങ്ങുന്നുവെന്നുള്ളതാണ്. എന്നാൽ ആ സമയം മുതൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുയർത്തുന്നതുവരെയും കുറെ അധികസമയമുള്ളതിനാൽ (പ്രത്യേകിച്ചു് പാട്ടുകുർബാ നയാണെങ്കിൽ) ആ സമയം മുട്ടുകുത്തണമെന്നില്ല. തിരുവോസ്തി ഉയർത്തുന്നതിനു മുമ്പുള്ള ധൂമിക്കൽസമയം മുതൽ വൈദികൻ തിരുരക്തം ഉൾക്കൊള്ളുന്നതുവരെയും മുട്ടിന്മേൽ നില്ക്കുന്നതാ ണുത്തമം. ഇതു കഴിഞ്ഞാൽ ഇരിക്കാം. അവസാനഭാഗം വൈ ദികൻ ജനങ്ങളുടെ പക്കലേയ്ക്കു തിരിഞ്ഞു, ആശീർവ്വദിക്കാൻ തുടങ്ങുമ്പോൾ എല്ലാവരും മുട്ടിന്മേൽ നില്ക്കണം.

നാം 4–ം 5–ം രൂപാ ചെലവാക്കി നാടകവും സി നിമായും കാണുന്നതിനു പോകുന്നു. നാടകവേദിയിൽ പ്രദർശി പ്പിക്കുന്ന സംഗതികൾ ശരിയായി കാണുന്നതിനും മനസ്സിലാ ക്കുന്നതിനുമായി സ്റ്റേജിനോടു വളരെ അടുത്തു നാം സ്ഥലം പി ടിക്കുന്നു. ടിക്കററിനു മുടക്കിയ തുക ഈടാക്കണമല്ലോ എന്നുള്ള വിചാരത്തോടുകൂടി കുഞ്ഞുമക്കൾക്കു നല്ലതുപോലെ കാണാൻ സൗകര്യപ്പെടത്തക്കവിധം തൂണിന്റെയും സൈഡ്കർട്ടന്റെ യും മറവുണ്ടാകാതിരിക്കുന്നതിനും അവരെ മാതാപിതാക്കന്മാർ മടിയിൽ ഇരുത്തുന്നു. എന്നാൽ ദിവ്യബലി ശരിയായി കാണ ത്തക്കവിധം മാതാപിതാക്കന്മാർ ദേവാലയത്തിൽ മക്കൾക്കു സൗകര്യമുണ്ടാക്കിക്കൊടുക്കുന്നുണ്ടോ? നാടകത്തിന്റെ ആദ്യവ സാനം അക്ഷമരാകാതെ നാം അവിടെ ഇരിക്കുന്നു. അനാവ ശ്യമായ പണച്ചെലവും രാത്രി മുഴുവൻ ഉറക്കമിളച്ചു ശരീര

ത്തിനു ക്ഷീണവും ആത്മാവിനു മരണവുമാണ് പലപ്പോഴും ഇതിൽനിന്നും ലഭിക്കുന്നതു്. എന്നാൽ ധനനഷ്ടമോ ശരീരക്ഷീണമോ ആത്മനാശമോ ഉണ്ടാകാത്ത ഒരു നാടകം ദേവാലയത്തിലുണ്ടു്. അൾത്താരയാകുന്ന വേദിയിൽ രണ്ടു 'ഷോ' ആയി ഞായറാഴ്ച പ്രദർശിപ്പിക്കപ്പെടുന്നു. അഭ്യസ്തവിദ്യരും വാസനാസമ്പന്നരുമായ നടീനടന്മാരുടെ സംഗീതം നാടകവേദിയിൽ നാം ശ്രവിക്കുന്നുവെങ്കിൽ ഇവിടെ ദിവ്യബലിസമയം ശ്ലീഹന്മാരുടെയും പിതാക്കന്മാരുടെയും പ്രാർത്ഥനകളും രാജപ്രവാചകനായ ദാവീദിന്റെ സങ്കീർത്തനങ്ങളും നാം ശ്രവിക്കുന്നു. അവിടെ നടീനടന്മാർ വേഷപ്രച്ഛന്നരായി പ്രത്യക്ഷപ്പെട്ടുമ്പോൾ അവരുടെ യഥാർത്ഥരൂപം നമുക്കു മനസ്സിലാക്കാൻ സാധിക്കാത്തതുപോലെ ഇവിടെ രാജാധിരാജനായ മിശിഹാ വെറും അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷനാകുന്നു. ആത്മീയചക്ഷുസ്സുകൾകൊണ്ടു മാത്രമേ അവിടുത്തെ ദർശിക്കുവാൻ നമുക്കു സാധിക്കുകയുള്ളു. നാടകത്തിനുമുമ്പ് പക്കമേളമുള്ളതുപോലെ ഈ നാടകത്തിനും പക്കമേളമുണ്ടു്. അതു് എല്ലാ നടന്മാരുടെയും സ്രഷ്ടാവായ യേശുമിശിഹാ ക്ലേശവും യാതനകളും അനുഭവിച്ചു നടത്തിയ "കുരിശിന്റെ വഴി"യാണ്. അതിൽ സംബന്ധിക്കുന്നതിനു് നമ്മെ ഓരോരുത്തരേയും ക്ഷണിച്ചുകൊണ്ടു് അവിടുന്നു പറയുന്നു: "പീലാത്തോസിന്റെ അരമനമുതൽ ഗാഗുൽത്താവരെയും നടന്നും വീണും എന്റെ മുട്ടിന്മേൽ ഉണ്ടായിരുന്ന മാംസം കഷണങ്ങളായി വീഴുകയും രക്തത്തുള്ളികൾ ചിന്തുകയും ചെയ്യുതോത്തെങ്കിലും നിങ്ങളുടെ കാലുകൾ മടക്കി 'സ്ലീവാപ്പാത' നടത്തി നിങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യു് എന്നെ സന്തോഷിപ്പിക്കാൻ പാടില്ലയോ?" ഈശോ അപ്പത്തിന്റെ രൂപത്തിൽ പരസ്യമായി എഴുന്നെള്ളുന്ന ദിവ്യകാരുണ്യവാഴ്‌വിൽ സംബന്ധിക്കാതെ എത്രയോപേർ പോകുന്നു. കർബാന പകുതിയാകുമ്പോൾ വന്നുചേരുക, അവസാനിക്കുന്നതിനുമുമ്പ് ഇറങ്ങിപ്പോവുക എന്നതാണ് ഇപ്പോഴത്തെ ചില യുവപരിഷ്കാരികളുടെ നടപടി. പള്ളിക്കകത്തു് സൗകര്യമുണ്ടെങ്കിലും പുറത്തിരുന്നു പ്രകൃതിസൗന്ദര്യം ആസ്വദിക്കയും മുററത്തു കിടക്കുന്ന കല്ലുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും അസാധാരണ സംഭവമല്ല. ഇപ്രകാരമുള്ളവരോടാണ് ഈശോ ചോദിക്കുന്നതു്. "സകലവിധ സൗഭാഗ്യങ്ങ

ളോട്ടംകൂടി പട്ടുമെത്തയിലും പട്ടുതലയിണയിന്മേലും കിടക്കേണ്ട വനായ ഞാൻ നിങ്ങളെപ്രതി പുൽത്തൊട്ടിയിൽ ജനിക്കുകയും വാനാരൂപികളാൽ പരിവൃതനായി അവരുടെ ഇമ്പമേറിയ സംഗീതം ആസ്വദിച്ചുകൊണ്ട് എന്റെ വത്സലപിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കേണ്ടവനായ ഞാൻ അതെല്ലാമുപേക്ഷിച്ചു പാഴ്ത്തടികൊണ്ടുണ്ടാക്കപ്പെട്ട സക്രാരിയിൽ വസിക്കയും ചെയ്യിട്ടും അരമണിക്കൂർസമയം നിങ്ങൾക്ക് ഉഷ്ണവും ചൂട്ടം സഹിച്ചു് ദിവ്യബലിയിൽ പങ്കുകൊള്ളുവാൻ പാടില്ലയോ?"

ദേവാലയത്തിൽ ജപമാല ചൊല്ലുമ്പോൾ കുട്ടികളാണ് ആകാശ. നന്മ. എന്നീ നമസ്കാരങ്ങൾ ചൊല്ലുന്നതു്. ഒരു അതിഥി നമ്മുടെ വീട്ടിൽ വന്നാൽ നാം– അതേ പ്രായം ചെന്നവർ– മാറിനിന്നു് പിഞ്ചുകുഞ്ഞുങ്ങളെ അയാളുമായി സംസാരിക്കുന്നതിനു പറഞ്ഞുവിട്ടാൽ അയാൾക്കു് എത്രമാത്രം വിഷമവും നീരസവുമുണ്ടാകും. അപ്രകാരംതന്നെ മിശിഹായുടെ സാന്നിദ്ധ്യത്തിൽ അവിടുത്തെ സ്തുതിക്കുന്ന നമസ്കാരം മുതിന്നവർ ചൊല്ലാൻ മടിക്കുന്നെങ്കിൽ അവിടുത്തേയ്ക്കിഷ്ടപ്പെടുമോ? ദേവാലയത്തിൽ പ്രാർത്ഥിക്കുമ്പോഴും കുർബാന കാണുമ്പോഴും പിതാവു ബാലനായ മകനെ സമീപത്തിരുത്തി അവൻ ദിവ്യകർമ്മങ്ങൾ കാണുന്നുണ്ടോ അതോ ഉറങ്ങുകയാണോ എന്നന്വേഷിക്കണം. അപ്രകാരംതന്നെ മാതാവു് മകളുടെ കാര്യത്തിലും ചെയ്യുകയാണെങ്കിൽ പിതാവിനും മകനും, മാതാവിനും മകൾക്കും വിധിദിവസം ഒരുമിച്ചു നില്ക്കുന്നതിനു് സാധിക്കും. ദേവാലയത്തിലെ പെരുമാററത്തിൽ നാം ഏകാഗ്രചിത്തരായിരിക്കണം. ഉദാഹരണമായി ഒരിക്കൽ മഹാനായ അലക്സാണ്ഡർ ചക്രവർത്തി ദേവനു ബലി അർപ്പിച്ചുകൊണ്ടിരിക്കവേ ധൂപക്കുററിയിൽനിന്നും ഒരു തീക്കനൽ അദ്ദേഹത്തിന്റെ സേവകന്റെ പാദത്തിൽ വീണു. ഏതെങ്കിലും പ്രകാരത്തിൽ ശബ്ദമുണ്ടാക്കിയാൽ രാജാവിന്റെ പൂജാർപ്പണത്തിനു വിഘ്നവും ഹാനിയും ഭവിക്കുമെന്നു കരുതി അയാൾ തീക്കനൽ ചാമ്പലാകുന്നതുവരെ അനങ്ങാതെ നിന്നു സഹിച്ച കഥ സുത്ത്യർഹ്യമാണു്.

---

## 22. മതപഠനം ആവശ്യമോ?

കത്തോലിക്കാ ബാലന്മാരിലും യുവാക്കളിലും നിഴലിച്ചുകാണുന്ന വിശ്വാസരാഹിത്യം, വൈദികവിദ്വേഷം, മാതാപിതാക്കന്മാരോടുള്ള ബഹുമാനക്കുറവ്, ഇവയെല്ലാം ഏകകാരണം മതപഠനത്തിൻെറ അഭാവമാണ് എന്നതിനു സംശയമില്ല. ഈ കുറവുകൾ തീരണമെങ്കിൽ മാനവരാശിയിലെ ഓരോ വ്യക്തിയും ക്രിസ്തുവിൻെറ പ്രബോധനങ്ങൾ മനസ്സിലാക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഒരു കുട്ടി ഒന്നാമതായി ദൈവത്തെപ്പററി അറിയുന്നതു് അവൻെറ മാതാവിൽ നിന്നാണ്. പ്രപഞ്ചത്തേയും, അതിലുൾപ്പെട്ട വസ്തുക്കളേയും സ്രഷ്ടാവായ ദൈവത്തേയുംകുറിച്ചുള്ള അറിവ് കുട്ടിയുടെ മനസ്സിൽ ഉളവാക്കുവാൻ ഗുണവതിയായ മാതാവ് പരിശ്രമിക്കേണ്ടതാണ്. ചെറുപ്രായത്തിൽത്തന്നെ വിശുദ്ധപദം സ്വീകരിച്ച ആൻറണീറോ സ്വമാതാവിൽനിന്നും ഏതാദൃശമായ ഉപദേശങ്ങൾ സ്വീകരിച്ചിരുന്നു. ഒരിക്കൽ ആ ബാലൻ ഒരു പുഷ്പം മാതാവിനെ കാണിച്ചുകൊണ്ടു ചോദിച്ചു: "അമ്മച്ചീ, ഈ പുഷ്പത്തെ ഉണ്ടാക്കിയതു് ആരാണ്" "മാതാവ് ഇപ്രകാരം മറുപടി പറഞ്ഞു: "മകനേ, ആ പുഷ്പത്തെ ഉണ്ടാക്കിയതു് നിന്നെയും എന്നെയും സൃഷ്ടിച്ച ദൈവംതന്നെയാണ്." ആൻറണിറോയുടെ ജിജ്ഞാസ വർദ്ധിച്ചു. "അമ്മച്ചീ? എന്തുദ്ദേശത്തോടുകൂടിയാണ് ദൈവം അതിനെ സൃഷ്ടിച്ചതു്?" മാതാവു പറഞ്ഞു: നാം അതിൻെറ ഭംഗികണ്ടു് ആനന്ദിക്കുന്നതിനും മധു ആസ്വദിക്കുന്നതിനും തദ്വാരാ ദൈവത്തെ സ്തുതിക്കുന്നതിനും അവിടുത്തോടു നന്ദിപറയുന്നതിനുമത്രേ." മാതാവിൻെറ വാക്കുകളിൽനിന്നു മതപഠനത്തിൻെറ പ്രാഥമികാദ്ധ്യായം മനസ്സിലാക്കുന്നതിനു ആ പുത്രനു സാധിച്ചു.

മതപഠനവും ഭൗതികജ്ഞാനവും മനുഷ്യൻെറ രണ്ടു ചിറകുകളാണ്. പക്ഷിയുടെ ഒരു ചിറക് വളരെ വലിപ്പമുള്ളതും മററതു് തീരെ ചെറുതുമാണെങ്കിൽ അതിൻെറ പറക്കൽ എത്ര വൃത്തികേടായിരിക്കും. അപ്രകാരംതന്നെ മതപഠനം ഒട്ടും ഇല്ലാതെ ഭൗതികജ്ഞാനം വളരെയധികമുള്ള യുവാവ് ഫ്ളാററുഫോറത്തിലും സദസ്സിലും പറക്കുമ്പോൾ അയാളുടെ

വിഹാരം വളരെ വികൃതമായിരിക്കും. അതുകൊണ്ട് കുഞ്ഞുങ്ങളുടെ മതപഠനകാൎയ്യത്തിൽ നാം വളരെ ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. ഇതുകൊണ്ടല്ലയോ പരി. പിതാവു് പന്ത്രണ്ടാം പീയൂസ് ഇപ്രകാരം അരുളിച്ചെയ്തതു്:– "Love the Catechism and teach your children to love it, it is the great handbook of the love and fear of God, of Christian wisdom and of eternal love" മതപഠനത്തിൻെറ ആവശ്യകത മനസ്സിലാക്കിക്കൊണ്ടല്ലയോ ഡോക്ടർ രാജേന്ദ്രപ്രസാദ് ഇപ്രകാരം പ്രസ്താവിച്ചതു്: "മനുഷ്യജീവിതത്തിൽ സദാചാരത്തിനു പൂൎണ്ണമായ വിജയം സമ്പാദിച്ചുകൊടുക്കുവാൻ നാം നമ്മെത്തന്നെ പ്രതിഷ്ഠിക്കണം. സദാചാരത്തിലുള്ള ഉറച്ചവിശ്വാസം മതംകൊണ്ടേ കൈവരികയുള്ളു." മതപഠനത്തിൻെറ അഭാവത്തിൽ നേരിടാവുന്ന ആപത്തുകൾ രാഷ്ട്രീയ നേതാക്കന്മാരും ശരിയായി മനസ്സിലാക്കിയിരുന്നു. ഭുവനപ്രസിദ്ധനായ നെപ്പോളിയൻ ഒരു ദിവസം തൻെറ കുമാരനെ ഒരദ്ധ്യാപികയെ ഏല്പിച്ചുകൊണ്ടു് "ഇവനാണു് ഫ്രാൻസിനെ ഭരിക്കുവാനുള്ളവൻ. ഒരുപക്ഷേ യൂറോപ്പു മുഴുവൻ അടക്കി ഭരിക്കാനും ഇവനു സാധിച്ചേക്കും. ഇവൻ എപ്പോഴും ഒരു നല്ല ക്രിസ്ത്യാനിയായി ജീവിക്കുന്നതിനു ഇവനെ വേദോപദേശം പഠിപ്പിക്കുക" എന്നു് ആജ്ഞാപിക്കുകയുണ്ടായി. ഇതു കേട്ടുകൊണ്ടു നിന്നവർക്കു ഒരു പരിഹാസച്ചിരിയാണുണ്ടായതു്. ചക്രവൎത്തിക്കു കോപം വന്നു. അദ്ദേഹം തുടൎന്നു പറഞ്ഞു: "ഞാൻ പറഞ്ഞതു വാസ്തവമാണു്. എൻെറ മകൻ ഒരു നല്ല ക്രിസ്ത്യാനിയായി ജീവിക്കണം. അവൻ ഒരു നല്ല ക്രിസ്ത്യാനിയല്ലെങ്കിൽ നല്ല ഒരു രാജാവാകയില്ല." നെപ്പോളിയൻ ഹെലനാദ്വീപിൽ തടവുകാരനായി ജീവിക്കുമ്പോൾ ഒരു കുട്ടിയെ രണ്ടു വൎഷം ദിവസംതോറും വേദോപദേശം പഠിപ്പിച്ചിരുന്നു. വേദപാഠക്ലാസ്സിൽ അയയ്ക്കാതിരുന്നതു് 'പിടിക്കപ്പെട്ട പാപ'മായി വിശുദ്ധ അൽഫോൻസ് ലിഗോരി മെത്രാനായിരുന്നപ്പോൾ പ്രഖ്യാപിച്ചു. വിശുദ്ധ പത്താംപീയൂസ് പാപ്പാ മതപഠനത്തിൻെറ ആവശ്യകതയെ പലപ്പോഴും തൻെറ വിശ്വലേഖനങ്ങളിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഒരിക്കൽ ധനികയായ ഒരു പ്രഭ്വി അവിടത്തെ സമീപിച്ചു സഭയ്ക്കുവേണ്ടി എന്തു ചെയ്യണമെന്നു ചോദിച്ചു. അതിനുത്തരമായി അവിടുന്നു പറഞ്ഞു: "വേദപാ

ഠം പഠിപ്പിക്കുക." ഈ മറുപടി പ്രഭുവിന്നു വിസ്മയം ഉളവാക്കി. കാരണം അവരുടെ വിചാരം വലിയ തുക ദാനം ചെയ്യുവാൻ തിരുമേനി കല്പിക്കുമെന്നായിരുന്നു. നേത്രരോഗിയായ ഒരാൾ അകലെ നില്ക്കുന്ന മനുഷ്യനെ നോക്കുമ്പോൾ ആ മനുഷ്യരൂപം വൃക്ഷത്തിൻെറ ആകൃതിയിലും വൃക്ഷങ്ങൾ മനുഷ്യൻെറ രൂപത്തിലും കാണപ്പെടുന്നു. എന്നാൽ അയാളുടെ നേത്രരോഗത്തിനു ചേൎന്നതായ കണ്ണട ഉപയോഗിക്കുമ്പോൾ അയാൾക്കു് എല്ലാം കണ്ണാടിയിലെന്നപോലെ ദൃശ്യമാകുന്നു. ഇപ്രകാരംതന്നെ മതപഠനമോ ദൈവവിശ്വാസമോ ഇല്ലാതെ ജീവിക്കുന്ന ഒരുത്തനു് ആത്മീയാന്ധകാരം സൎവ്വത്ര ഉണ്ടാകുന്നു.

മതകാൎയ്യങ്ങളിലുള്ള അജ്ഞത ഭാരതത്തിൻെറ വടക്കേ ഭാഗങ്ങളിലും ആഫ്രിക്കയിലെ മിക്ക സ്ഥലങ്ങളിലും ദൃശ്യമാകുന്നുണ്ടു്. മിഷ്യനറിമാരുടെ അക്ഷീണപരിശ്രമത്താൽ ഇതിനൊരു ശമനം ഉണ്ടായിട്ടുണ്ടെന്നുള്ളതു് ചാരിതാൎത്ഥ്യജനകമത്രേ. കുട്ടികൾക്കു് ജീവസന്ധാരണത്തിനു മുലപ്പാൽ എത്രമാത്രം അത്യന്താപേക്ഷിതമാണോ അപ്രകാരമാണു്. ക്രിസ്തുവിൻെറ തത്വങ്ങളും പ്രബോധനങ്ങളും ഒരു ക്രിസ്ത്യാനിയുടെ ആത്മീയജീവിതത്തിനു്. ഏശയ്യാ ദീൎഘദൎശിവഴി ദൈവം ഇതിൻെറ ആവശ്യകത ലോകത്തിനു വെളിപ്പെടുത്തിയിട്ടുമുണ്ടു്. "ആകാശത്തിൽനിന്നു വീഴുന്ന മഴയും മഞ്ഞുതുള്ളികളും തിരിച്ചുപോകാതെ മണ്ണിനെ നനച്ചു വിത്തു കിളുൎപ്പിക്കയും മനുഷ്യനു ഭക്ഷണം നൽകുകയും ചെയ്യുന്നതുപോലെ എന്നിൽനിന്നു പുറപ്പെടുന്ന വാക്കു് വ്യൎത്ഥമാകാതെ ഞാൻ ഉദ്ദേശിച്ചിരിക്കുന്നവയിൽ ഫലം പുറപ്പെടുവിക്കട്ടെ'' (Isaias-55-10. 11.)

കുട്ടികളുടെ മതപഠനകാൎയ്യത്തിൽ മാതാപിതാക്കന്മാരും വൈദികരും ഒന്നുപോലെ ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. ഒരു വിദ്യാൎത്ഥിക്കു ലഭിക്കുന്ന ഭൗതികജ്ഞാനത്തിൻെറ പത്തിലൊരംശംപോലും ആദ്ധ്യാത്മികജ്ഞാനത്തിൽ അവനു ലഭിക്കുന്നില്ല. ഇതിനു കാരണമെന്തെന്നു ചോദിച്ചാൽ പലതും പറയേണ്ടതായിട്ടുണ്ടു്. ഇടവകകളിലാണെങ്കിൽ ഞായറാഴ്ച രണ്ടു കുർബാനകളും അവയോടനുബന്ധിച്ചുള്ള കൎമ്മങ്ങളും കഴിഞ്ഞു ക്ഷീണിച്ചിരിക്കുന്ന വികാരിയച്ചൻ, മദ്ധ്യാഹ്നഭക്ഷണത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കു് വേദോപദേശമെടുത്താൽ പരാ

ജയപ്പെടുന്നതിൽ അത്ഭുതത്തിനവകാശമില്ല. വേദപഠനം നൽകാൻ ചുമതലപ്പെട്ട വേറൊരു കൂട്ടർ കത്തോലിക്കാ സ്ക്കൂളിലെ അദ്ധ്യാപകന്മാരാണ്. ആഴ്ചയിലുള്ള ഏഴ ദിവസങ്ങളിൽ ആറു ദിവസങ്ങളിലും ക്ലാസ്സെടുക്കുന്ന അദ്ധ്യാപകൻ മാനേജരുടെ നിർബ്ബന്ധംമൂലം യാതൊരു പ്രതിഫലവും കൂടാതെ വേദപാഠക്ലാസ്സിൽ പോയാൽ എത്രമാത്രം ശരിപ്പെടുമെന്ന് അധികാരികൾ മനസ്സിലാക്കേണ്ടസമയം കഴിഞ്ഞിരിക്കുന്നു. പിന്നെ ആരാണ് ഈ ജോലി ചെയ്യേണ്ടതു്. ഇതിനായി ഇടവകയിലെ വിവിധസംഘടനകളിൽപെട്ട അംഗങ്ങളാണ് മുന്നോട്ടു വരേണ്ടതു്. ഇടവകപ്പള്ളിയിലെ പണം 'നടത്തിപ്പ്'കാരുടെ കൈമാററത്തിനും വെടിക്കെട്ടിനും മററിതുപോലെയുള്ള ബാഹ്യപ്രകടനങ്ങൾക്കും ചെലവഴിക്കുന്നതിനും ആർക്കും യാതൊരു മടിയുമില്ല. എന്നാൽ, മതപഠനം നൽകുന്ന അദ്ധ്യാപകന്മാരെ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും വിളിച്ചുകൂട്ടി ഒരു പഠനക്കളരി നടത്തുന്നതിനും അവക്ക് ഒരു ലഘുഭക്ഷണം കൊടുക്കുന്നതിനും വേദപാഠപരീക്ഷയിൽ പാസ്സായ കുട്ടികൾക്ക് പ്രോത്സാഹജനകമാംവിധം സമ്മാനങ്ങൾ നൽകുന്നതിനും പണമില്ലെന്നു പറയുന്നതാണ് ദയനീയം. മതപഠനം ശരിയായി നടത്തിക്കൊണ്ടു പോകുന്നതിന് കുട്ടികളുടെ സെൻസസ് എടുക്കുന്നതിനു അദ്ധ്യാപകന്മാർ ഇടവകയിലെ വീടുകളിൽ എത്തുമ്പോൾ മാതാപിതാക്കന്മാർ ശരിയായ കണക്കു കൊടുക്കണം. നിങ്ങളുടെ കുഞ്ഞുങ്ങളുടെ ശാരീരികസംരക്ഷണത്തിനു വേണ്ടി റേഷൻകാലങ്ങളിൽ സെൻസസ് എടുക്കുമ്പോൾ ഗർഭസ്ഥിതമായ ശിശുവിൻെറ കണക്കും ഗവമ്മെണ്ടധികാരികളെ അറിയിക്കുന്നില്ലേ? അപ്രകാരമെങ്കിൽ ആത്മീയഭക്ഷണമാകുന്ന മതപഠനം കുഞ്ഞുങ്ങൾക്കു ലഭിക്കുന്നതിന് എത്രമാത്രം ശ്രദ്ധ പതിക്കണമെന്നു പറയേണ്ടതില്ലല്ലോ. കുട്ടികളെ വേദപാഠക്ലാസ്സിലേയ്ക്കു മാതാപിതാക്കന്മാർ പറഞ്ഞയച്ചാൽ മാത്രംപോരാ, അവർ വഴിയരികിലുള്ള കാപ്പിക്കടയിലും ബീഡിക്കടയിലും സമയം ചെലവഴിച്ചിട്ടു വേദപാഠം കഴിഞ്ഞു് തിരിച്ചുവരുന്ന കുട്ടികളോടു കൂടി നല്ലപിള്ളകളായി ചമഞ്ഞു വീട്ടിൽ വന്നുചേരുകയാണോ എന്നും മാതാപിതാക്കന്മാർ അന്വേഷിക്കണം. വൈകിട്ടു് അത്താഴംകഴിഞ്ഞു് മക്കളെ വിളിച്ചിരുത്തി ഞായറാഴ്ചദിവസം പള്ളിയിൽ വികാരിയച്ചൻ പറഞ്ഞ പ്രസംഗത്തിൻെറ ചുരുക്ക

വും വേദപാഠക്ലാസ്സിൽ പഠിച്ച ഭാഗങ്ങളും ചോദിക്കുന്നതു് എത്രമാത്രം കത്തോലിക്കാരൂപി മക്കളിൽ ചെലുത്തുന്ന മാർഗ്ഗങ്ങളാണെന്നു മാതാപിതാക്കന്മാർ അറിഞ്ഞിരുന്നെങ്കിൽ?

## 23. കുടുംബത്തിലെ പിതാവു്

പിതാവു്! എത്ര മാധുര്യമേറിയ നാമം. സ്വർഗ്ഗനാഥനായ ദൈവത്തെപ്പോലും ഇതിലും ഇമ്പമുള്ള നാമധേയം മൂലം നമുക്കു് സംബോധനചെയ്യാൻ സാധിക്കയില്ല. സൃഷ്ടിയുടെ ആരംഭം മുതൽ സ്വർഗ്ഗീയദൂതന്മാർ തങ്ങളുടെ സംഗീതാലാപത്താൽ ഈ മനോഹര നാമമുപയോഗിക്കുന്നു. നിഷ്കളങ്കതയുടെ മൂർത്തീഭാവമായ ശിശുവും നന്മതിന്മയുടെ ദൃഢതയില്ലാത്ത ബാലനും പിതാവിനേ നോക്കിക്കൊണ്ടു ഈ നാമമുപയോഗിക്കുമ്പോൾ അതിൽ അടങ്ങിയിരിക്കുന്ന ഗഹനമായ അർത്ഥം അവർ മനസ്സിലാക്കുന്നില്ല. ഒരു ഭവനത്തെ ഭവനമാക്കുന്നതു് പിതാവാണു്. എന്തുകൊണ്ടെന്നാൽ കുടുംബത്തിലെ അധികാരി അദ്ദേഹമാണു്. അധികാരത്തിൻെറ അഭാവം പ്രത്യക്ഷപ്പെടുന്ന സ്ഥലം കത്തോലിക്കാകുടുംബമല്ല. ദൈവഭവനമാകുന്ന ദേവാലയത്തിൽ ഒരു വൈദികൻെറ സാന്നിദ്ധ്യം എത്രമാത്രം ആവശ്യമാണോ അതുപോലെയാണു് ഭവനത്തിൽ പിതാവിൻെറ സ്ഥാനവും. "കർത്താവായ ദൈവം നിനക്കു തരുവാനിരിക്കുന്ന ഭൂമിയിൽ നല്ലപ്രായത്തോളമിരിപ്പാനായി നിൻെറ അപ്പനേയും അമ്മയേയും ബഹുമാനിക്കുക" എന്നത്രേ പിതാവായ ദൈവം മോസസിനു് നൽകിയ പ്രമാണപ്പലകയിൽ രേഖപ്പെടുത്തിയിരുന്നതും, അനന്തരതലമുറകളിലെ മനുഷ്യഹൃദയഭിത്തികളിൽ അടയാളപ്പെടുത്തിയിരുന്നതും. എന്നാൽ ആധുനികതലമുറയിലെ സന്താനങ്ങൾ 'കിഴവൻ' 'കുടിയൻ' എന്നീ അപരനാമങ്ങളുപയോഗിച്ചു് പിതാവിനെ സംബോധന ചെയ്യുന്നുവെന്നതു് മറക്കാവുന്നതല്ല. പ്രസ്തുത പേരുകൾ ഈ പരിപാവനനാമത്തെ മലിനമാക്കുന്നു. കുട്ടികളെ മാത്രം ഇതിനു കുററം പറഞ്ഞാൽപോരാ. പിതൃസ്ഥാനത്തിൻെറ മാഹാത്മ്യം മനസ്സിലാക്കി ഒരു പിതാവു ജീവിക്കുകയാണെങ്കിൽ സന്താനങ്ങൾ അയാളെ ബഹുമാനിക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല.

"എല്ലാം എനിക്കായി വിട്ടുതരിക; ഞാൻ ചെയ്തുകൊള്ളാം'' എന്നു ജീവിതസമരത്തിൽ ആരെങ്കിലും നമ്മോടു പറയുമ്പോൾ മന്ദമാരുതനിൽ കാർമേഘപടലങ്ങൾ മാറിപ്പോകുന്നതുപോലെ ഹൃദയവ്യഥകൾ നീങ്ങുന്നതായി നമുക്കനുഭവപ്പെടും. 'നാം തന്നെ ചെയ്യേ മതിയാവൂ' എന്ന ഗണത്തിൽപെട്ട ചില ജോലികൾ നമുക്കുണ്ട്. ചില കടമകളിൽനിന്ന് യാതൊരുത്തർക്കും നമ്മെ ഒഴിവാക്കാൻ സാധിക്കയില്ല. അവയിൽ പെട്ടതാണ് നാം വഹിക്കേണ്ട കരിശുകൾ. എന്നാൽ നിരാശകളുടേയും ആശങ്കകളുടേയും മദ്ധ്യേനിന്നു നട്ടംതിരിയുമ്പോൾ ഒരാൾ നമ്മുടെ സമീപേ വന്നുപറയും, "എനിക്കായി വിട്ടുതരിക'' എന്ന്. ഇതായിരിക്കണം ഒരു യഥാർത്ഥപിതാവിൻെറ സ്വരം. കുഞ്ഞിൻെറ തൊട്ടിൽ ആട്ടുന്നതിനും ലോകത്തെ ഭരിക്കുന്നതിനും മാതാവിൻെറ കരങ്ങൾക്കുള്ള ശക്തി പിതാവിൻെറ കരങ്ങൾക്കുമുണ്ടായിരിക്കണം. പിതൃത്വത്തിൻെറ മാഹാത്മ്യം യഥാർത്ഥമായി അറിയുന്നത് കുടുംബഭരണത്തിൽനിന്നുമാണ്. ചില പിതാക്കന്മാർ, പണംകൊടുത്തു ഹോട്ടലിൽ ഉണ്ടുതാമസിക്കുന്നവരേപ്പോലെ, വീട്ടിൽ കഴിഞ്ഞുകൂടുന്നു. കുട്ടികളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയിൽ അവർ യാതൊരു ശ്രദ്ധയും പതിക്കുന്നില്ല. "ഇതിനു് ബിസിനസ്സ് എന്നെ തടയുന്നു" എന്നാണവരുടെ ഒഴികഴിവു്. കുടുംബക്രമീകരണത്തിനുള്ള കടമകളേക്കാൾ ഏതു ബിസ്സിനസ്സാണ് ഒരു പിതാവിനു പ്രധാനമായിട്ടുള്ളതു്. ഒരു പിതാവിൻെറ ശ്രദ്ധ പതിയേണ്ട മർമ്മസ്ഥാനം തൻെറ ഭവനമത്രെ. അയാളുടെ ഹൃദയമാകുന്ന നൗകനംക്രൂരമിട്ടുറപ്പിക്കേണ്ട സ്ഥലവും, ആശകൾ പററിപ്പിടിക്കേണ്ട നികേതനവും, വിചാരങ്ങൾ പതിയേണ്ട കേന്ദ്രവും, ജീവിതപ്രയത്നത്തിൽ അദ്ധ്വാനിച്ചു നേടുന്ന വിശിഷ്ടസാധനങ്ങൾ ശേഖരിക്കേണ്ട ഭണ്ഡാരവും, ഈ ഭവനമത്രെ. ഭൗമികസന്തോഷങ്ങൾ കുഞ്ഞുങ്ങൾക്ക് കൈവരുത്തുവാൻ ശ്രമിക്കുന്നതിൽ കൂടുതലായി ഒരു പിതാവു നിത്യരക്ഷയുടെ കാര്യത്തിൽ ശ്രദ്ധ പതിക്കണം. സമ്പാദ്യമായി ഒരു നാണയംപോലും മക്കൾക്ക് ശേഷിക്കാതെ ഒരു പിതാവു് കാലയവനികക്കുള്ളിൽ മറഞ്ഞാലും ദൈവഭയത്തിലും സുകൃതാഭ്യസനത്തിലും അവരെ വളർത്തിയിട്ടുണ്ടെങ്കിൽ ഒരു പിതാവിൻെറ കടമ അയാൾ നിർവ്വഹിച്ചിട്ടുണ്ടെന്നു പറയാം. സന്താനങ്ങൾക്കു അഭിമാനത്തോടുകൂടി

തങ്ങളുടെ പിതാവിനെ വേറൊരാൾക്കു ചൂണ്ടിക്കാണിക്കാൻ സാധിക്കുമെങ്കിൽ അയാൾക്ക് ജീവിതസമരത്തിൽ വിജയം സിദ്ധിച്ചുവെന്നതിനു സംശയമില്ല.

മക്കളോടു പിതാവിനുള്ള സ്നേഹം മാതാവിനുള്ള സ്നേഹത്തെപ്പോലെ ബാഹ്യമായി കാണപ്പെടുന്നില്ല എന്നതു് പരമാൎത്ഥമാണു്. എന്നാൽ, പിതാവു് മാതാവിനെപ്പോലെതന്നെ മക്കളെ സ്നേഹിക്കുന്നുണ്ടു്. അതിനുദാഹരണമായി ഒരു യഥാൎത്ഥ സംഭവം പറയാം: ഒരിടത്തു് ഭാൎയ്യാഭൎത്താക്കന്മാൎക്കു് ആറു സന്താനങ്ങൾ ഉണ്ടായിരുന്നു. മൂത്തവൾക്കു് പത്തുവയസ്സു പ്രായം. രണ്ടു വയസ്സുവീതം കുറച്ചാൽ ബാക്കിയുള്ളവരുടെ പ്രായം കിട്ടും. ഇളയകുഞ്ഞു ജനിച്ചിട്ടു നാല്പതുദിവസമേ ആയുള്ളു. മാതാവു് പ്രസവാനന്തരമുണ്ടായ രോഗംനിമിത്തം മരണമടയുന്നു. കുടുംബകാൎയ്യങ്ങൾ അന്വേഷിക്കുന്നതിനു് പ്രായപൂൎത്തിയായ മക്കൾ ഇല്ലാത്തതിനാൽ അയൽവാസികളും ബന്ധുമിത്രാദികളും പിതാവായ വക്കിച്ചേട്ടനെ പുനൎവിവാഹത്തിനു നിൎബന്ധിക്കുന്നു. ഇളയകുഞ്ഞിൻെറ സംരക്ഷണത്തിനും മററുള്ളവരുടെ സുഖജീവിതത്തിനും രണ്ടാനമ്മയുടെ ആഗമനം ഉപദ്രവകരമാകുമെന്നു കരുതി അയാൾ പുനൎവിവാഹത്തിനു സമ്മതിക്കുന്നില്ല. വക്കിച്ചേട്ടൻ വിഷമിച്ചു് ദിവസങ്ങൾ മുമ്പോട്ടു തള്ളിക്കൊണ്ടുപോകുന്നു. ഫാക്ടറിയിലെ ആഫീസു് ജോലിയും കഴിഞ്ഞു് വീട്ടിലേക്കു് തിരിച്ചുവരുമ്പോൾ രാത്രി ഏകദേശം പത്തുമണി കഴിയും. ആ സമയം മക്കൾ എല്ലാവരും പൂൎണ്ണനിദ്ര പ്രാപിച്ചുകഴിഞ്ഞിരിക്കും. അപ്പച്ചൻ മൂത്ത മകളെ വിളിക്കുന്നു. 'ഉറക്കപ്പിച്ചോടു'കൂടി മകൾ തപ്പിക്കൊണ്ടു് അടുപ്പിൽനിന്നും ചാരംകോരി ചോറാണെന്നു വിചാരിച്ചു പാത്രത്തിൽ അപ്പച്ചനു വിളമ്പിക്കൊണ്ടുവരുന്നു. അപ്പച്ചൻ കുപിതനാകുന്നില്ല. എല്ലാം മക്കളെ ഓൎത്തു സഹിക്കുന്നു; സ്വന്തം കൈകൊണ്ടു് ഭക്ഷണം വിളമ്പി ഉപയോഗിക്കുന്നു. ഇളയശിശു ദിവസം ഇടങ്ങഴി പാൽ കുടിക്കും. രാവിലെ അപ്പച്ചൻ പശുവിനെ കറന്നതിനുശേഷം കുഞ്ഞുങ്ങളെ എല്ലാവരേയും ചോറൂട്ടിച്ചു്, ശിശുവിനു് പാൽ സമയത്തു് കൊടുക്കുന്നതിനു് മൂത്തമകൾക്കു് നിൎദ്ദേശവും കൊടുത്തു് ജോലിസ്ഥലത്തേക്കു് പോകുന്നു. കാലം മുൻപോട്ടുപോയപ്പോൾ മക്കളിൽ ഇളയപുത്രൻ ഒഴികെ

എല്ലാവരും വിവാഹാന്തസ്സിൽ പ്രവേശിച്ചു. ഇളയപുത്രൻ വൈദികനാകുന്നു. മകന്റെ നവപൂജാർപ്പണത്തിനുശേഷം പിതാവിനൊരസുഖമുണ്ടാകുന്നു. രോഗം വദ്ധിക്കുന്നു. മകന്റെ സാന്നിദ്ധ്യത്തിലും ആത്മീയശുശ്രൂഷയിലും ആ വത്സലപിതാവിന്റെ ആത്മാവു് നിത്യസുഖമനുഭവിക്കുന്നതിനു് സ്വഗ്ഗീയപിതാവിന്റെ സന്നിധിയിലേക്കുയരുന്നു. പിറേറദിവസം വൈദികപുത്രൻ തന്റെ ദ്വിതീയബലി പിതാവിന്റെ ആത്മശാന്തിക്കായി അപ്പിക്കുന്നു. നോക്കുക യഥാത്ഥ പിതൃപുത്രബന്ധവും സ്നേഹവും.

## 24. കുടുംബത്തിലെ മാതാവു്

“നല്ല ഒരു മാതാവു് നൂറു അദ്ധ്യാപകന്മാരേക്കാൾ വിലയുള്ളവളാകുന്നു. മനുഷ്യർക്കു കിട്ടാവുന്നതിൽ ഏററവും വലിയ നിധി ഒരു നല്ല അമ്മയാകുന്നു.”

എന്റെ വായനക്കാരിൽ മിക്കവരുടേയും മാതാക്കൾ ജീവിച്ചിരിക്കുന്നുവെന്നു് വിശ്വസിക്കുന്നു. തന്മൂലം മാതാവിന്റെ മാഹാത്മ്യം നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ നിങ്ങൾ ഓരോരുത്തരും ഓരോ മാതാക്കളായിത്തീരാതെ മാതൃത്വത്തിന്റെ മാഹാത്മ്യം യഥാത്ഥമായി മനസ്സിലാക്കുക സാദ്ധ്യമല്ല. ഒരു കുടുംബിനി മാതാവാകുമ്പോൾ കുട്ടികളെ വളത്തുകയെന്നതു മാത്രമല്ല മാതൃത്വംകൊണ്ടു് അവൾ മനസ്സിലാക്കുന്നതു്. പ്രത്യുത, മാതൃത്വം ഒരു പുതിയ ജീവിതവും ദൈവത്തെ സ്നേഹിക്കുവാനുള്ള എളുപ്പവഴിയും ആയിട്ടാണു് അവൾ മനസ്സിലാക്കുന്നതു്. മാതൃത്വം അവൾക്കു കുരിശുകൾ നൽകുന്നതോടുകൂടി സ്വഗ്ഗത്തിലേയ്ക്കുള്ള വഴി തെളിക്കുന്നു. സകല മാതാക്കളുടെയും മാതാവു് പരിശുദ്ധ കന്യകാമറിയമത്രെ. ഈ പരിശുദ്ധ ജനനിയേപ്പോലെ മാതാക്കാൾ ദിവ്യ അൾത്താരയുടെ സമീപെ, തങ്ങളുടെ ദൈനംദിനമുള്ള ക്ലേശങ്ങളെയും അദ്ധ്വാനങ്ങളെയും കാഴ്ചയപ്പിച്ചുകൊണ്ടു് നില്ക്കണം. അവരുടെ ഹൃദയം നിർമ്മലവും ധവളവുമായ അൾത്താര ആയിരിക്കണം. കളങ്കമററ വിശുദ്ധിയായിരിക്കണം അവരുടെ ഹൃദയപീഠത്തിനു മുൻവശത്തുള്ള അഴിക്കാലുകൾ,

പ്രാൎത്ഥനയായിരിക്കണം അവരുടെ ആത്മീയ ഭക്ഷണം. ക്രിസ്തുവായിരിക്കണം സഹചാരി. പുറത്തുള്ള ധൂളിശകലങ്ങളെ തടഞ്ഞു നിൎത്തുകയും സൂൎയ്യപ്രകാശം മാത്രം അകത്തു പ്രവേശിക്കുവാൻ അനുവദിക്കുയും ചെയ്യുന്ന കണ്ണാടി ജനാലകൾപോലെയായിരിക്കണം അവരുടെ നയനങ്ങളും ശ്രവണേന്ദ്രിയങ്ങളും. സുകൃതപുഷ്പങ്ങൾകൊണ്ടു് സമാലംകൃതമായിരിക്കണം അൾത്താര.

ഒരു മാതാവിനു തൻെറ കുഞ്ഞിനോടുള്ള സ്നേഹം എത്രമാത്രമെന്നു പറഞ്ഞറിയിക്കാൻ വിഷമമാണു്. നമുക്കു ജന്മം നൽകുന്നതിനുവേണ്ടി അവൾ വേദനയനുഭവിക്കുന്നു. ദൈവത്തിനുവേണ്ടി നമ്മെ ലോകത്തിലേയ്ക്കു പ്രവേശിപ്പിക്കുന്നതിനു് ദൈവം അവൾക്കു കൊടുക്കുന്ന പ്രഥമസമ്മാനം പ്രസവവേദനയാണു്. നാമോരോരുത്തരും മനുഷ്യരായി ലോകത്തിൽ കാണപ്പെടുന്നതിനു കാരണം നമ്മുടെ ഓരോരുത്തരുടെയും വത്സലമാതാവിൻെറ ധൈൎയ്യവും സ്നേഹവുമല്ലേ? ശിശുവിനെ പ്രസവംമൂലം ലോകത്തിനു നൽകിയ വിനാഴികയിലെ വേദന അതിനുശേഷം അവൾ അറിയുന്നില്ല. എന്തുകൊണ്ടു്? "ഒരു മനുഷ്യനെ ലോകത്തിനു നൽകിയെന്നും, സ്വൎഗ്ഗീയ ദൂതന്മാൎക്കും സ്വൎഗ്ഗത്തിലെ വിശുദ്ധ ഗണത്തിനും ഒരു സ്നേഹിതനെക്കൂടി പ്രദാനം ചെയ്യെന്നുമുള്ള വിചാരംമൂലം, ഒരു മാതാവു് ശിശുവിൻെറ ജനനം മുതൽ സ്വാൎത്ഥത കൈവെടിയുന്നു. ശിശുവിനു നല്ല ഉടുപ്പു് വാങ്ങിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവളുടെ അത്യാവശ്യത്തിനുള്ള വസ്ത്രങ്ങൾ മാത്രം മതിയെന്നു വയ്ക്കുന്നു. കുട്ടികളുടെ എണ്ണം വൎദ്ധിക്കുംതോറും തൻെറ സ്വന്തം മാതാപിതാക്കന്മാരേ സന്ദശിക്കുന്ന ദിവസങ്ങൾ ചുരുക്കുക, ദൈനംദിനമുള്ള തേച്ചുകുളി വേണ്ടെന്നുവയ്ക്കുക, ബന്ധുക്കളുടേയും അയൽവാസികളുടേയും സദ്യകളിൽ പങ്കുകൊള്ളാതിരിക്കുക, തുടങ്ങി സ്വന്തം അഭിലാഷങ്ങളും സൗകൎയ്യങ്ങളും സംയമനം ചെയ്യുന്നു.

സ്നേഹത്തിൻെറ പാരവശ്യത്താൽ വത്സലമാതാവു് തൻെറ ഓമനക്കുഞ്ഞിനെ പലപ്പോഴും മാറോടുചേൎത്തു ചുംബനം ചെയ്യുന്നു. "നിന്നെ ഞാൻ കിണററിൽ എറിയും" എന്നു പറഞ്ഞുകൊണ്ടു് കിണററിൻ വക്കിൽനിന്നും ശിശുവിനെ താഴോട്ടു തൂക്കിനിൎത്തും. ശിശു യാതൊരു പ്രകാരത്തിലും ഭയപ്പെ

ടുന്നില്ല. അവൻ അമ്മയുടെ മുഖത്തുനോക്കി ചിരിയ്ക്കും. ശിശു രോഗിയാകുമ്പോൾ സുഖപ്പെടുത്തുന്നതിനുവേണ്ടി കയ്പുള്ള കഷായം കുടിപ്പിക്കുന്നു. അവന്റെ നിലവിളികേട്ടു് വിഷമിച്ചു് പ്രിയ മാതാവു് അവന്റെ മുഖം തുടയ്ക്കുന്നു. കഷായത്തിന്റെ കയ്പുരസം അവന്റെ കവിൾത്തടങ്ങളിൽ പററിയിരിക്കവേ, മാതാവു് അവനെ പല പ്രാവശ്യം ചുംബിക്കുമ്പോൾ ശിശു ഉപയോഗിച്ച ആ മരുന്നിന്റെ കയ്പുരസം അവളും ആ സ്നേഹപ്രവൃത്തിയാൽ ആസ്വദിക്കുന്നു. മാതാവിനു ശിശുവിനോടുള്ള സ്നേഹത്തിന്റെ പാരമ്യത്തെ വിളിച്ചറിയിക്കുന്ന ഒരു യഥാർത്ഥസംഭവം പറയാം: യൗവനത്തിലേയ്ക്കു പ്രവേശിച്ചിരിക്കുന്ന ഒരു പുരുഷനും സ്ത്രീയും വിവാഹബന്ധത്തിലേപ്പെടുന്നു. ഭാര്യ പൂർണ്ണഗർഭിണിയാകുന്നു. ഗർഭസ്ഥിതമായ ശിശു ആൺകുഞ്ഞോ പെൺകുട്ടിയോ എന്നറിയുന്നതിനുള്ള ഭാഗ്യം ലഭിക്കാതെ പിതാവു് അകാലമരണത്തിനു വിധേയനാകുന്നു. പതിനെട്ടു വയസ്സു മാത്രം പ്രായമുള്ള ഭാര്യ ഒരാൺകുട്ടിയെ പ്രസവിക്കുന്നു. കുഞ്ഞിന്റെ നന്മയെ മാത്രം ലാക്കാക്കി ഈ സ്ത്രീ പുനർവിവാഹത്തിനു വിസമ്മതിക്കുന്നു. കുഞ്ഞു, ബാല്യം കൗമാരം, യൗവനം എന്നീ ദശകൾ കവച്ചുവച്ചു്, കോളേജുവിദ്യാഭ്യാസം പൂർത്തിയാക്കി, ബി. എ. ബിരുദം കരസ്ഥമാക്കുന്നു. തന്റെ പുത്രനു അനുരൂപയായ ഒരു വധുവിനെ വത്സലമാതാവു് അന്വേഷിക്കുന്നു. എന്നാൽ മകൻ അമ്മയുടെ അറിവും സമ്മതവും കൂടാതെ ഒരു വധുവിനെ നിശ്ചയിച്ചു കഴിഞ്ഞിരുന്നു; അതേ, ആ ദിവ്യവധുവിനെ, തിരുസ്സഭയെ, സ്നേഹത്തിന്റെ തിലകക്കുറിയേ, ബ്രഹ്മചര്യത്തെ. സെമ്മിനാരിയിൽ ചേരുന്നതിനു യാത്രചോദിക്കുവാൻ മകൻ വത്സലമാതാവിനെ സമീപിക്കുന്നു. അമ്മ ബോധരഹിതയായി നിലംപതിക്കുന്നു. മകൻ അമ്മയ്ക്കു ചുംബനവും നൽകി യാത്രയായി......

നമ്മുടെ കൊച്ചുശെമ്മാശ്ശൻ അവധിയ്ക്കു വീട്ടിലേയ്ക്കു വരുന്നു. നവീനവേഷധാരിയായ പുത്രനെ അമ്മ ആലിംഗനം ചെയ്യുന്നു. നമ്മുടെ ശെമ്മാശ്ശൻ പഠനത്തിനും, പ്രസംഗത്തിനും, സംഗീതത്തിനും സെമ്മിനാരിയിൽ ഒന്നാമൻ. ക്രമപ്രകാരം പട്ടങ്ങൾ സ്വീകരിക്കുന്നതിനു ശെമ്മാശ്ശനു യാതൊരു തടസ്സങ്ങളും നേരിടുന്നില്ല. അഞ്ചും ആറും പട്ടങ്ങളും കിട്ടിക്കഴിഞ്ഞു.

ഗുരുപ്പട്ടസ്വീകരണത്തിനുള്ള ഒരുക്കങ്ങളെല്ലാം അമ്മ പൂർത്തിയാക്കി. പുത്തൻകുർബാന കഴിഞ്ഞു് ഇടവകഭരണം ആരംഭിക്കുമ്പോൾ അമ്മയെ കൂടെ താമസിപ്പിക്കുന്നതിനുള്ള അനുവാദം മേലദ്ധ്യക്ഷൻവഴി ശെമ്മാശ്ശൻ പ. പിതാവിൽനിന്നും വാങ്ങിക്കഴിഞ്ഞു. (ഈ പതിവു് പാശ്ചാത്യരാജ്യങ്ങളിൽ സാധാരണയായി നടപ്പുണ്ടു്.) ശെമ്മാശ്ശൻ അൾത്താരയിൽ പ്രവേശിച്ചു് ദിവ്യബലി അപ്പിക്കുന്നതിനു് ഇനിയും എട്ടു ദിവസങ്ങൾമാത്രം. അതിനു് ഒരുക്കമായിട്ടുള്ള ധ്യാനത്തിൽ ശെമ്മാശ്ശൻ പ്രവേശിച്ചുകഴിഞ്ഞു. പുത്തൻകുർബാനയുടെ ഒരുക്കത്തിൽ വ്യാപൃതയായ മാതാവു് കഠിനാദ്ധ്വാനംമൂലം രോഗശയ്യയെ അഭയം പ്രാപിച്ചു. രോഗം വർദ്ധിക്കുന്നു. മകനെ വിവരമറിയിക്കുന്നില്ല. കാരണം, മകന്റെ ധ്യാനത്തിനു ഭംഗം നേരിടാതിരിവാൻ. മകനെ ഒന്നു കാണുന്നതിനോ ചുംബിക്കുന്നതിനോ സാധിക്കാതെ അമ്മ കർത്താവിൽ നിദ്ര പ്രാപിക്കുന്നു. ഗുരുപ്പട്ടസ്വീകരണത്തിന്റെ തലേദിവസം...... ധ്യാനം കഴിഞ്ഞു. ശെമ്മാശ്ശന്മാർ മാതാപിതാക്കന്മാരെയും ബന്ധുമിത്രാദികളെയും പ്രതീക്ഷിച്ചു് സെമ്മിനാരി ഗയിററുങ്കൽ നിൽക്കുന്നു. നമ്മുടെ ശെമ്മാശ്ശനും ആ കൂട്ടത്തിലുണ്ടു്. ബന്ധുമിത്രാദികൾ വന്നുചേരുന്നു. "അമ്മ എവിടെ?" "നാളെ രാവിലെ മാത്രമെ വരികയുള്ളു" എന്നു് ഒരാൾ ഉത്തരം പറയുന്നു. പലവിധ ആശങ്കകൾക്കു് വിധേയനായി ശെമ്മാശ്ശൻ രാത്രിയുടെ യാമങ്ങൾ എണ്ണിക്കഴിഞ്ഞു. നേരം പ്രഭാതമായി. ശെമ്മാശ്ശന്മാർ തിരുവസ്ത്രങ്ങൾ അണിഞ്ഞു് അണിനിരന്നു പുരോഹിതശ്രേഷ്ഠനോടുകൂടി ദേവാലയത്തിലേയ്ക്കു പോയി പട്ടം സ്വീകരിക്കുന്നതിനു്. നമ്മുടെ ശെമ്മാശ്ശനും അതിൽ ഉൾപ്പെടുന്നു. എല്ലാവക്കും വിവിധതരത്തിലുള്ള 'പട്ടങ്ങൾ' മെത്രാൻ തിരുമനസ്സുകൊണ്ടു് നൽകി. നമ്മുടെ ശെമ്മാശ്ശനു ഗുരുപ്പട്ടവും. എല്ലാവരും അണിനിരന്നു സെമ്മിനാരിവരാന്തയിൽ. മെത്രാനച്ചൻ പുതിയ കൊച്ചച്ചന്റെ അഭിഷിക്തകരങ്ങൾ ചുംബിച്ചു. 'Admultos annos' ആശംസിച്ചു. മാതാവിനെയും ബന്ധുമിത്രാദികളെയും കാണുന്നതിനു നവവൈദികൻ ദേവാലയാങ്കണത്തിലേയ്ക്കു തിരിക്കുന്നു. "എന്റെ അമ്മ എവിടെ?" വ്യാജം പറയുന്നതിനു ശക്തിയില്ലാത്തവനും സത്യം മറയ്ക്കുവാൻ ത്രാണിയില്ലാത്തവനുമായ ഒരു ബാലൻ പറയുന്നു "അമ്മ മരിച്ചുപോയി". തിരുവസ്ത്രങ്ങൾ

അണിഞ്ഞ കൊച്ചച്ചൻ വികാരങ്ങൾ അടക്കി സെമ്മിനാരി മുറിയിലേക്ക തിരിച്ചുപോകുന്നു...... പിറേറദിവസം ശനിയാഴ്ച സ്വർഗ്ഗീയമാതാവിൻെറ ദിവസം അനാഡംബരമായി കൊച്ചച്ചൻ പുത്തൻകർബാന ചൊല്ലി. മേലദ്ധ്യക്ഷൻെറ പ്രത്യേകാനുവാദപ്രകാരം കൊച്ചച്ചൻ പിറേറദിവസം ഞായറാഴ്ച രണ്ട കർബാന ചൊല്ലി. ഒന്ന് വത്സലപിതാവിൻെറയും, മറേറതു മാതാവിൻെറയും ആത്മശാന്തിക്കായി... കാലങ്ങൾ മുൻപോട്ടു നീങ്ങി. കൊച്ചച്ചൻ ഇന്ന വല്യച്ചനായി. അതേസമയം ഉത്തമനായ വൈദികൻ.

## 25. മാതൃപൈതൃകാശീസ്സുകൾ

പൈതൃകാശീർവ്വാദത്തിൻെറ മാഹാത്മ്യം മൂന്നലക്ഷത്തോളം കത്തോലിക്കാവിശ്വാസികൾ അനുഭവിച്ചറിഞ്ഞ ദിനമായിരുന്നു 1950 മേയ് 20-ാം തീയതി. പരിശുദ്ധ പിതാവ് പന്ത്രണ്ടാംപീയൂസ് തിരുമനസ്സുകൊണ്ട് അന്നേദിവസം വിശുദ്ധ പത്രോസിൻെറ ബസിലിക്കായിൽ എഴുന്നള്ളി. ജെസ്റ്റോസ്റ്റോറിയാ എന്ന സിംഹാസനത്തിൽ സ്വിസ് ഭടന്മാർ അവിടുത്തെ വഹിച്ചുകൊണ്ടുവരികയായിരുന്നു. വീക്ഷകരുടെ കൂട്ടത്തിൽ ഈശ്വരുള്ളവനും ഉൾപ്പെട്ടിരുന്നു. സിലോണിൽ നിന്നും വന്നു ചേർന്ന തീർത്ഥകരും മാപ്പാപ്പായുടെ ആഗമനം പ്രതീക്ഷിച്ചു മുൻകൂട്ടി അവിടെ സ്ഥലം പിടിച്ചിരുന്നു. ആ തീർത്ഥകസംഘത്തിൽ അക്രൈസ്തവരുമുണ്ടായിരുന്നു. മാപ്പാപ്പാ എഴുന്നള്ളുമ്പോൾ തങ്ങൾ മുട്ടുകുത്തുകയില്ലെന്നുള്ള വ്യവസ്ഥയിന്മേലാണ് ഈ അക്രൈസ്തവസഹോദരങ്ങൾ തീർത്ഥകസംഘത്തിൽ സിലോണിൽവച്ചുതന്നെ ചേർന്നതു്. പരിശുദ്ധ പിതാവ് മന്ദസ്മിതം തൂകിയും പൈതൃകാശീർവ്വാദം വർഷിക്കുന്ന വലതുകരം രണ്ടു വശത്തേക്കും ഉയർത്തിപ്പിടിച്ചു വാഴ്‌വ് നൽകിയുമാണ് സിംഹാസനത്തിൽ ഉപവിഷ്ടനായിരുന്നതു്. ആർപ്പുവിളി, കരഘോഷം, "പാപ്പാ ജയിക്കട്ടെ" എന്നീ സ്വരങ്ങളുടെ മദ്ധ്യേ അവിടുന്ന് വത്തിക്കാൻ ദൈവാലയത്തിൽ പ്രവേശിക്കവേ സിലോണിലെ അക്രൈസ്തവതീർത്ഥകരുൾപ്പെടെ എല്ലാവരും നമ്രശിരസ്കരായി

മുട്ടുകുത്തി. ദൈവാലയത്തിലെ ചടങ്ങുകൾ അവസാനിച്ചപ്പോൾ മേൽപറഞ്ഞ അക്രൈസ്തവതീർത്ഥകസംഘം ഇൻഡ്യാക്കാരായ ഞങ്ങളെ സമീപിച്ചു് ഇപ്രകാരം പറഞ്ഞു. "ഞങ്ങൾ സിലോണിൽനിന്നും പുറപ്പെടുന്നതിനുമുമ്പ് തീരുമാനിച്ചതാണു്, മാർപ്പാപ്പാതിരുമേനി എഴുന്നള്ളുമ്പോൾ മുട്ടുമടക്കരുതെന്നു്. എന്നാൽ അമ്പതുകോടി ജനത്തിൻെറ ആ ആധ്യാത്മികപിതാവിനെ ദർശിച്ച മാത്രയിൽ മുട്ടുമടക്കുന്നതിനു എന്തോ ഒരു അമാനുഷികശക്തി ഞങ്ങളെ നിർബന്ധിക്കുകയും ഞങ്ങൾ അതിനു വശംവദരാകുകയും ചെയ്തു."

മേൽപറഞ്ഞവിധമുള്ള പൈതൃകാശീർവാദം സ്വീകരിക്കുന്നതിനുള്ള അവസരം വായനക്കാരിൽ എല്ലാവർക്കും ലഭിച്ചെന്നുവരികയില്ല. അതിൽ നിരാശപ്പെടേണ്ട കാര്യമില്ല. കാരണം അപ്രകാരമുള്ള പൈതൃകാശീർവ്വാദം നമ്മുടെ ഭവനത്തിലും നമുക്കു സാദ്ധ്യമല്ലേ? ലോകത്തിൽ ജനിക്കുന്നതിനു നമുക്കവസരംതന്ന നമ്മുടെ വത്സലപിതാവിൻെറ വാഴ്‌വ് ഇതിലൊട്ടുംതന്നെ വ്യത്യസ്തമല്ല എന്നു് ലോകം മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

മാതാപിതാക്കന്മാർ കുടുംബത്തിലെ സന്താനങ്ങൾക്കു് വാഴ്‌വ് നൽകുകയെന്നതു് പുരാതനമായിട്ടുള്ള ഒരു ആചാരമാണു്. Patriarchs- ൻെറ കാലത്താണു് ഇതു് ജന്മമെടുത്തതു്. അന്നു് അതിനു ലഭിച്ചിരുന്ന പേരു് 'കുടുംബത്തിലെ ക്രൂദാശ' എന്നാണു്. പഴയനിയമത്തിൽ Patriarch അഥവാ ജനത്തിൻെറ പിതാവാണു് ഈ ആശീർവാദം നൽകിയിരുന്നതു്. എന്നാൽ പുതിയനിയമത്തിൻെറ ആവിർഭാവത്തോടുകൂടി ക്രിസ്തു സ്ത്രീയുടെ സ്ഥാനമുയർത്തുകയും മറിയത്തെ ഇതിനു അനുവദിക്കുകയും തദ്വാരാ എല്ലാ സ്ത്രീകൾക്കും പിന്നീടു് ഇതു് അവകാശമായി സംസിദ്ധമാകയും ചെയ്തു. വിശുദ്ധർ ഈ ആചാരം ഇഷ്ടപ്പെട്ടിരുന്നു. ചെസാരായിലെ വിശുദ്ധ ബസീലിൻെറയും നൈസായിലെ വിശുദ്ധ ഗ്രിഗോരിയുടെയും പിതാമഹി അവരെ അനുഗ്രഹിച്ചതായും വാഴ്‌വ് നൽകിയതായും അവരുടെ ജീവചരിത്രങ്ങൾ തെളിയിക്കുന്നു. നസിയാൻസിയായിലെ വി. ഗ്രിഗോരിയെ അദ്ദേഹത്തിൻെറ മാതാവു് അനുഗ്രഹിച്ചു് വാഴ്‌വ് നൽകി. വി. ഫ്രാൻസിസ് സാലസ്

എല്ലാദിവസവും മാതാവിന്റെ മുമ്പിൽ മുട്ടുകുത്തി വാഴ്‌വ് സ്വീകരിച്ചിരുന്നു. വി. അമ്പ്രോസ് ഇപ്രകാരം പ്രസ്താവിക്കുന്നു. "ഏതൊരുത്തൻ തന്റെ മാതാപിതാക്കന്മാരാൽ അനുഗ്രഹിക്കപ്പെടുന്നുവോ അവൻ ദൈവത്താലും അനുഗൃഹീതനാകുന്നു." അതിനാൽ ക്രിസ്തീയമാതാപിതാക്കന്മാരേ, നിങ്ങൾ നിങ്ങളുടെ മക്കൾക്കു വാഴ്‌വ് നൽകുക, തദ്വാരാ ദൈവവും അവർക്ക് വാഴ്‌വ് നൽകേണ്ടതിന്ന്. നിങ്ങളുടെ മക്കളുടെ നെററിത്തടത്തിൽ കുറിക്കുന്ന കുരിശടയാളം കാലങ്ങൾ മുമ്പോട്ടു പോകുന്തോറും അർത്ഥസമ്പൂർണ്ണമായി പരിണമിക്കും. പലപ്രാവശ്യം മക്കൾ മാതാപിതാക്കന്മാരുടെ ചൊൽപ്പടിയിൽനിന്ന് അകന്നുപോയെങ്കിലും മക്കളെപ്രതി അവർ ചൊരിഞ്ഞ ബാഷ്പകണങ്ങളും നൽകിയ വാഴ്‌വിന്റെ സ്മരണകളും കാലാന്തരത്തിൽ മക്കൾ ദൈവത്തിന്റെ പക്കലേയ്ക്കു തിരിച്ചുവരുന്നതിനു കാരണമാകും. മാതൃപൈതൃകാശ്ശീസ്സുകളുടെ വേറൊരു ഗുണം മാതാപിതാക്കന്മാർ ദൈവത്തിന്റെ നാമത്തിൽ ഇതു നൽകുന്നതിനാൽ അവർ ദൈവഭയമുള്ളവരായി ജീവിക്കുന്നതിനു ഇതു് ഉപകരിക്കും.

എപ്രകാരം ഈ വാഴ്‌വു് നൽകണമെന്നുള്ളതാണ് ഇതിനുപരി ചിന്തിക്കേണ്ടതു്. ആശീസ്സുനൽകുമ്പോൾ മക്കൾ മുട്ടുകുത്തുവാൻ പറയണം. അനന്തരം വലതുകരം മക്കളുടെ ശിരസ്സിൽവച്ചിട്ടു "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ" അഥവാ "ഞാൻ നിന്നെ അനുഗ്രഹിക്കുന്നു" എന്നു പറയണം. അനന്തരം ഹന്നാൻവെള്ളംകൊണ്ടു് മകന്റെ അഥവാ മകളുടെ നെററിമേൽ കുരിശു വരച്ചു് "ബാവായുടെയും പുത്രന്റെയും പരിശുദ്ധാരൂപിയുടെയും നാമത്തിൽ" എന്നു് മാതാവോ പിതാവോ പറയുമ്പോൾ "ആമ്മേൻ, ദൈവം അങ്ങേയ്ക്കു പ്രതിഫലം തരട്ടെ" എന്നു് മക്കൾ പ്രതിവചിക്കണം. വിദൂരസ്ഥലത്തു് വസിക്കുന്ന മകനാണു് പിതാവു് ആശീസ്സുനൽകുവാനുദ്ദേശിക്കുന്നതെങ്കിൽ അവനു അയയ്ക്കുന്ന കത്തിന്റെ അവസാനം "നിന്റെ പിതാവും മാതാവും നിന്നെ അനുഗ്രഹിക്കുന്നു" എന്നു് എഴുതട്ടെ.

എപ്പോൾ മാതൃപൈതൃകാശ്ശീസ്സുകൾ നൽകണമെന്നുള്ളതിനെപ്പററിയും അല്പം പ്രസ്താവിച്ചുകൊള്ളട്ടെ: എല്ലാ ദിവ

സവും രാത്രിയിലത്തെ പ്രാത്ഥനയും ഭക്ഷണവും കഴിഞ്ഞു മാതാപിതാക്കന്മാർ മക്കൾക്ക് വാഴ്വ് നൽകുന്നതു് ഉത്തമം. ബാലികാബാലന്മാരെ ആദ്യമായി സ്ക്കൂളിലേയ്ക്കു അയയ്ക്കുമ്പോൾ മാതാപിതാക്കന്മാർ അവർക്കു വാഴ്വ് നൽകട്ടെ. പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു ദേവാലയത്തിലേയ്ക്കു പോകുന്ന ബാലികാബാലന്മാക്ക് മാതാപിതാക്കന്മാർ വാഴ്വ് നൽകുന്നതു് ആ കൂദാശയുടെ മാഹാത്മ്യമല്ലയോ വിളിച്ചറിയിക്കുന്നതു്. മക്കളായ യുവതീയുവാക്കന്മാർ ഉന്നത വിദ്യാഭ്യാസാത്ഥം ദൂരദേശത്തേയ്ക്കു പോകുമ്പോൾ മാതാപിതാക്കന്മാരുടെ ആശിസ്സു സ്വീകരിക്കുന്നതിനു അവരെ സമീപിക്കട്ടെ. വിവാഹമെന്ന കൂദാശവഴിയായി വരനെയും വധുവിനെയും സ്വീകരിക്കുന്നതിനു ദൈവാലയത്തിലേക്കു പോകുന്ന യുവതീയുവാക്കന്മാക്കും മാതാപിതാക്കന്മാരുടെ വാഴ്വു് അത്യന്താപേക്ഷിതമാണു്. പൗരോഹിത്യം സ്വീകരിക്കുന്നതിനു തിരുവസ്ത്രങ്ങളണിഞ്ഞു നിൽക്കുന്ന ആറാംപട്ടക്കാരൻ, അതേ, ഏതാനും മണിക്കൂറുകൾക്കുള്ളിൽ മിശിഹായുടെ പ്രതിനിധിയായി തൻെറ മാതാപിതാക്കന്മാക്ക് വാഴ്വ് നൽകേണ്ട ശെമ്മാശൻ, അവരിൽനിന്നു് വാഴ്വ് സ്വീകരിക്കേണ്ടതാണു്.

അല്ലയോ മാതാപിതാക്കന്മാരേ, നിങ്ങൾ മരണക്കിടക്കയിലായിരിക്കുമ്പോൾ മക്കൾ ദുഷ്ടരോ നല്ലവരോ ആയാലും നിങ്ങളുടെ കൈകൾവിരിച്ചു അവരുടെ ശിരസ്സിൽവച്ചു് വാഴ്വ് നൽകുക. വി. അമ്പ്രോസിൻെറ വാക്കുകൾ നിങ്ങൾ സ്മരിച്ചാലും "നിങ്ങൾ ധനികരല്ലായിരിക്കാം. വലിയ സമ്പത്തു് മക്കൾക്കായി നീക്കിവച്ചിട്ടു ഈ ലോകത്തോടു യാത്ര പറയാൻ നിങ്ങൾക്കു സാധിച്ചില്ലെന്നു വന്നാലും നിങ്ങളുടെ ആശിസ്സുകൾ അവർക്കു നൽകിയതിനു ശേഷം എന്നന്നേയ്ക്കുമായി യാത്രപറയുക."

ക്രിസ്തീയ മാതാപിതാക്കന്മാരിൽനിന്നു സംജാതമാകുന്ന ശിശു ആരാകുന്നു? ദൈവം അതിനു നൽകിയിരിക്കുന്ന മഹോന്നത സ്ഥാനം വർണ്ണിക്കുവാൻ ആർക്ക് സാധിക്കും? സങ്കീർത്തകൻെറ വാക്കുകളിൽ പറഞ്ഞാൽ ഒരു ശിശു "a little less than the angels'' ആകുന്നു. ഒരു ശിശുവിൻെറ ജനനം മുതൽ തിരുസ്സഭാ മാതാവിൻെറ പരിരക്ഷണം അതിനു ലഭിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച് കുറേനാൾ കഴിഞ്ഞ് നന്മതിന്മ വിവേചിച്ചറിയുന്നതിനുള്ള ശക്തിയുണ്ടാകുമ്പോൾ സഭ രക്ഷയുടെ മാർഗ്ഗങ്ങൾ ഈ പൈതലിനെ പഠിപ്പിക്കയും ദൈവാനുഗ്രഹം വഴിഞ്ഞൊഴുകുന്ന കൂദാശകൾ സ്വീകരിക്കുന്നതിനു അവസരം നൽകുകയും ചെയ്യുന്നു. തിരുസ്സഭാമാതാവ് ഈ കുഞ്ഞിനെ ലാളിക്കുന്നതുപോലെ അതിൻെറ മാതാപിതാക്കന്മാരും താലോലിച്ചു വളർത്തുന്നു. അമ്മയുടെ സ്നേഹപ്രകടനങ്ങൾക്കനുസൃതമായി വലിയ പ്രവൃത്തികൾ മുഖേന സ്നേഹം പ്രദർശിപ്പിക്കുന്നതിനു ഇതിനു പ്രാപ്തിയില്ല; അമ്മയെ ഉററുനോക്കിക്കൊണ്ടുള്ള പുഞ്ചിരി, അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ടുള്ള ചുംബനം, ഇതൊക്കെയാണ് അതിനു ചെയ്യാവുന്ന പ്രവൃത്തികൾ. ചിലപ്പോൾ കണ്ണുനീർത്തുള്ളികൾ പൊഴിച്ചുകൊണ്ട് ശരീരം മുഴുവൻ ചെളിയിൽ മുക്കിയതിനുശേഷമായിരിക്കും അപ്പനമ്മമാരുടെ മടികളിൽ ഓടിക്കയറുന്നത്. അപ്പോൾ അലക്കിത്തേച്ചിരിക്കുന്ന തങ്ങളുടെ വസ്ത്രങ്ങളിൽ ചെളിചുരണ്ടിരിക്കുന്ന ശിശുവിൻെറ കൈകാലുകളുടെ ച്ഛായ പതിയുന്നത്, മാതാപിതാക്കന്മാക്ക് വളരെ ഇഷ്ടമുള്ള സംഗതിയാണ്. ശിശു കൈകൊണ്ടടിക്കുകയും കാലുകൊണ്ട് തൊഴിക്കയും ചെയ്യുമ്പോൾ അവർ ഈ സ്നേഹപ്രകടനങ്ങൾ സസന്തോഷം സ്വീകരിക്കയും അതിൻെറ കുസൃതിപ്രവൃത്തികൾ തുടരുന്നതിനു പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു.

എന്നാൽ കാലം മുൻപോട്ടു പോകുമ്പോൾ ഈ ശിശു വളൎന്നു യുവാവായിത്തീരുന്നു. വലിയ ആശകളോടുകൂടി നമ്മുടെ കത്തോലിക്കാസന്താനത്തെ ഉപരിപഠനത്തിനു കോളേജി

ലേയ്ക്കയയ്ക്കുന്നു. രാവും പകലും ക്ലേശിച്ചു് പണിയെടുത്തു് പണമയച്ചുകൊടുക്കുന്ന തൻെറ പിതാവിൻെറ ആഗ്രഹം സഫലമാക്കുന്നുണ്ടോ എന്നു് മണിയോർഡർ ഫാറത്തിൽ ഒപ്പിട്ടു പണം കൈപ്പററുന്ന ഈ വിദ്യാർത്ഥി ഒന്നു ചിന്തിച്ചിരുന്നെങ്കിൽ! ഇവൻ പരീക്ഷയിൽ പാസ്സാകാത്തതിനു കാരണമെന്തു്? ക്ലാസ്സുസമയം സഹപാഠികളുടേയും അദ്ധ്യാപകൻേറയും ചിത്രം ബഞ്ചിലും ഡസ്ക്കിലും വരയ്ക്കുക, ഇങ്കിലാബു് സിന്താബാദ് വാക്കുകൾ പിച്ചാത്തികൊണ്ടു് ഡസ്ക്കിൽ കൊത്തിവയ്ക്കുക, നാലുമണിമുതൽ രാത്രി ഒൻപതുമണിവരെ റോഡിൽ നടന്നു പട്ടണത്തിലുള്ള കെട്ടിടങ്ങളുടേയും മററും എണ്ണം നിശ്ചയിക്കുക, "ഹോട്ടലുകളിലെ അലമാരികളിൽനിന്നു മധുരപലഹാരങ്ങൾ തുറിച്ചുനോക്കുമ്പോൾ കാപ്പിക്കടയിൽ കയറി പണം ചെലവാക്കി അവയുടെ രുചി മനസ്സിലാക്കുക, പലഹാരങ്ങളെ തുഴകിക്കൊണ്ടു് ഒഴുകിവരുന്ന റേഡിയോഗാനം ശ്രവിക്കുന്നതിനായി വാഹനങ്ങളുടെ ഗതി ചിന്തിക്കാതെ റോഡിൻെറ മദ്ധ്യത്തിൽ നില്ക്കുക" മുതലായവയാണു് നമ്മുടെ സന്താനം ചെയ്യുന്നതെങ്കിൽ അതിനെപ്പററിയെന്താണു് പറയേണ്ടതു്? എന്നാൽ മാതാപിതാക്കന്മാരുടെ ആഗ്രഹപൂർത്തിക്കായി തൻെറ പഠനകാലത്തു് ശരിയായി പഠിച്ചു് നല്ല സ്ഥാനങ്ങളിൽ കയറിപ്പററി മാതാപിതാക്കന്മാരുടെ വാദ്ധക്യകാലത്തു് അവക്ക് താങ്ങും തണലുമായിത്തീരുന്ന മക്കളും ഉണ്ടെന്നുള്ളതു് ചാരിതാർത്ഥ്യജനകമത്രെ. അപ്രകാരമുള്ള ഒരു യഥാർത്ഥ സംഭവം പറയാം.

ഒരു ഭവനത്തിൽ ഏഴു സന്താനങ്ങളുടെ സാമ്പത്തികവും ആത്മീകവുമായ സഹായങ്ങൾ ലഭിച്ചുകൊണ്ടു ജീവിക്കുന്ന ഒരു മാതാവും പിതാവുമുണ്ടു്. മാതാവിൻെറ ഗർഭപാത്രത്തിനു് അർബ്ബുദരോഗം പിടിപെട്ടു ശസ്ത്രക്രിയ നടത്തുന്നതിനു ആശുപത്രിയിലേയ്ക്കു കൊണ്ടുപോകുന്നു. മാതാവിൻെറ രോഗവാർത്ത വിവിധസ്ഥലങ്ങളിൽ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന മക്കളെ അറിയിക്കുന്നു. മക്കളായ വൈദികൻ, ഡോക്ടർ, നേഴ്സ്, കന്യാസ്ത്രീ, കൊമ്പൗണ്ടർ മുതലായവർ സ്ഥലത്തെത്തിച്ചേരുന്നു. മാതാവിൻെറ ശസ്ത്രക്രിയയ്ക്കു മുമ്പായി മേൽപറഞ്ഞവരെല്ലാവരും ഓപ്പറേഷൻ തീയേററിൽ സ്ഥലം പിടിച്ചുകഴിഞ്ഞു. രക്തം ചിന്തപ്പെടേണ്ട ഒരു

ശസ്ത്രക്രിയയ്ക്കാണു് മാതാവു വിധേയയാകാൻ പോകുന്നതെന്നു് മകൻ ഡോക്ടർ അറിയുന്നു. ഓപ്പറേഷൻമൂലം അപകടമൊന്നും സംഭവിക്കാതിരിക്കുന്നതിനുവേണ്ടി ശസ്ത്രക്രിയ നടത്തുന്ന ഡോക്ടരുടെ സമീപെ നിന്നു അദ്ദേഹത്തെ സഹായിക്കുന്നു. തൻെറ ശരീരത്തിലെ സിരകളാകുന്ന അരുവിയിലെ രക്തം ഏതു ഉറവയിൽനിന്നും പുറപ്പെട്ടുവോ അതേ ഉറവകളാണു് മാതാവിൻെറ ശരീരത്തിൽ ശസ്ത്രക്രിയയ്ക്കു് വിധേയമാകുന്നതെന്നും, തദ്വാര അതിൽനിന്നും ഒരു തുള്ളി രക്തം പോലും നഷ്ടപ്പെടരുതെന്നും, പത്തുമാസക്കാലം താൻ ഗർഭസ്ഥിതനായിരുന്നപ്പോൾ വാസസ്ഥലമായി ഉപയോഗിച്ചിരുന്ന ആ ഗർഭാശയത്തിനു കേടു വരുത്തരുതെന്നും മനസ്സിലാക്കി ശസ്ത്രക്രിയ സസൂക്ഷ്മം നടത്തുന്നതിനു മകൻ ബദ്ധശ്രദ്ധനായിരിക്കുന്നു. മാതാവിനു സ്നേഹശുശ്രൂഷകൾ നടത്തുന്നതിനു മക്കളായ കന്യാസ്ത്രി, നേഴ്സ് എന്നിവർ സവിധത്തിലുണ്ടു്. ആശുപത്രിപ്പുരയിടത്തിൽ കന്യാസ്ത്രികൾക്കായി ഒരു ഭവനവും ചാപ്പലും ഗവർമ്മെണ്ടിൽനിന്നും പണിയിച്ചുകൊടുത്തിട്ടുണ്ടു്. ആ കന്യകാലയത്തിലെ അധിപയും ഈ മകൾതന്നെ. അമ്മയുടെ ഓപ്പറേഷൻ സമയം ബലി അപ്പിക്കുന്നതിനു് മകൻ വൈദികൻ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. അമ്മയ്ക്കു് വാഴ്വു് നൽകി ഓപ്പറേഷൻ തീയേററിലേയ്ക്കു് അയച്ചശേഷം മകൻ ചാപ്പലിലേയ്ക്കു പോയി. ഓപ്പറേഷൻ ചെയ്യുന്നതിനുവേണ്ടി ഡോക്ടരുടെ കത്തി മാതാവിൻെറ ശരീരത്തെ സമീപിച്ചതും ദിവ്യബലി ആരംഭിക്കുന്നതിനു സ്ലീവാമന്ത്രം ചൊല്ലി വൈദികൻ തൻെറ ശരീരത്തിൽ കുരിശടയാളം വരച്ചതും ഒരേസമയത്തു നടക്കുന്നു. ഗാഗുൽത്താമലയിൽ ദിവ്യനാഥൻെറ തിരുശ്ശരീരത്തിൽ നിന്നും രക്തം ചിന്തി സമർപ്പിച്ച ആ ബലികൊണ്ടുമാത്രമേ, മാതാവിൻെറ ശരീരത്തിൽ രക്തം ചിന്തേണ്ട ഓപ്പറേഷനിൽ നിന്നും അവളെ രക്ഷിക്കാൻ സാധിക്കയുള്ളുവെന്നു് കരുതിയാണു് വൈദികൻ ഇതിനു മുതിരുന്നതു്. സാമ്പത്തികമായി നല്ല നിലയിലെത്തിയിരിക്കുന്ന കുടുംബത്തിലെ സന്താനങ്ങൾക്കു മാത്രമേ ഇപ്രകാരമുള്ള സേവനം ചെയ്‌വാൻ സാധിക്കയുള്ളുവെന്നു് ദരിദ്രരായ സന്താനങ്ങൾ പറഞ്ഞേക്കാം. മുൻപറഞ്ഞവരേക്കാൾ ഒന്നുകൂടി മഹത്തായ സേവനങ്ങൾ മാതാവിനു ചെയ്വാൻ ഈ ദരി

ദ്രക്ക് സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഉദാഹരണമായി, മററുള്ളവരുടെ പണസഹായം മൂലം വൈദികവിദ്യാഭ്യാസം നടത്തി വൈദികരാകുന്നവരില്ലേ? ഇപ്രകാരമുള്ളവക്ക് ശസ്ത്രക്രിയാസമയം അമ്മയെ സഹായിക്കരുതോ? സാധുക്കളായ മക്കൾ ആശുപത്രികളിൽ കൊമ്പൗണ്ടറന്മാരും നേഴ്സുകളുമാകുന്നില്ലേ? ഡോക്ടർ നല്ല മരുന്നുകൾക്ക് Prescription കൊടുത്താലും മരുന്നു എടുത്തുകൊടുക്കുന്ന കൊമ്പൗണ്ടറും നേഴ്സുകളുമാണ് രോഗശമനത്തിന്റെ പ്രധാന പങ്കു വഹിക്കുന്നതു്. ആശുപത്രികളിൽ പ്യൂൺജോലി ചെയ്യുന്ന പുത്രനും മാതാവിനെ സഹായിക്കുവാൻ പാടില്ലയോ? ശസ്ത്രക്രിയക്കുശേഷം മാതാവിനെ തലകീഴായി കാൻവാസ് കിടക്കയിൽ എടുത്തുകൊണ്ടുപോകുന്നതു് ശിപായിമാർ അല്ലേ? പ്രസ്തുത കിടക്ക വഹിക്കുന്നവർ വേണ്ട ശ്രദ്ധ പതിച്ചില്ലെങ്കിൽ ശസ്ത്രക്രിയ ചെയ്ത ഭാഗത്തുള്ള തയ്യലിനു കേടു ഭവിക്കാൻ സാധ്യതയുണ്ടു്. എന്നാൽ സ്വന്തം മക്കളാണ ശിപായിമാരെങ്കിൽ കാര്യമായി അവർ ശ്രദ്ധ പതിക്കും. ഞാൻ ആദ്യം വിവരിച്ച സംഭവത്തിനു അസംഭാവ്യമായ ഒരു നാടകത്തിന്റെയോ പുരാണത്തിന്റെയോ പ്രതീതിയുണ്ടെങ്കിലും അതു യഥാർത്ഥസംഭവമാണെന്നു് മാന്യവായനക്കാർ മനസ്സിലാക്കണം.

ലോകപ്രസിദ്ധമായിരുന്ന Pompey പട്ടണം ഒരുകാലത്തു് സമൃദ്ധിയുടേയും ദുഷ്ടതയുടേയും അസാന്മാർഗ്ഗിക ജീവിതത്തിന്റേയും കേളീരംഗമായിത്തീന്നു. ദൈവം അതിനു തക്ക ശിക്ഷയും നൽകി. വെസൂവിയസ് അഗ്നിപർവ്വതം പൊട്ടി, തിളച്ചുപൊങ്ങുന്ന ലാവാ ഒഴുകി, പട്ടണം മുഴുവൻ നശിച്ചു. ലാവാ ഒഴുകിവരുന്നതു കണ്ടപ്പോൾ ഓരോരുത്തർ വീട്ടിലുള്ള വിലപിടിച്ച സാധനങ്ങളുമെടുത്തു് ഓടിത്തുടങ്ങി. ആ അത്യാഹിത സമയം ഒരു പിതാവും രണ്ടു മക്കളും ഒരു ഭവനത്തിൽ താമസിക്കുന്നുണ്ടായിരുന്നു. എല്ലാവരും വീട്ടുസാമാനങ്ങൾ എടുത്തുകൊണ്ടോടിയതിനുപകരം ഈ മക്കൾ നടക്കാൻ പാടില്ലാത്ത ആ വൃദ്ധനായ പിതാവിനെയും എടുത്തുകൊണ്ടോടി. വീട്ടുസാമാനങ്ങളെടുത്തു് ഓടിയവരുടെമേൽ ലാവാ ഒഴുകി അവരെ കൊന്നൊടുക്കി. അപ്പനെ വഹിച്ചുകൊണ്ടുപോയ സഹോദരന്മാർ പോയവഴി ലാവാ ഒഴുകിയില്ല. അവർ മൂവരും രക്ഷപെട്ടു. ഈ സംഭവം ഇപ്പോൾ പോമ്പേപട്ടണത്തിലുള്ള കാഴ്ച

ബംഗ്ലാവിൽ മാർബിൾക്കല്ലിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നതു് ഈ ഗ്രന്ഥകർത്താവു കണ്ടതാണു്. കുറേനാൾ മുമ്പു് ഞാൻ യാത്രചെയ്തിരുന്ന ബസ്സിൽ ഒരു മാതാവും അഞ്ചുമക്കളുമുണ്ടായിരുന്നു. ബസ്സ്സ്റ്റാൻറിൽ വണ്ടി നിറുത്തി യാത്രക്കാർ ഇറങ്ങിയപ്പോൾ മാതാവിനെ റിക്ക്ഷായിൽ കയററിയതിനുശേഷം ഈ അഞ്ചുമക്കളും കൂടി റിക്ക്ഷായുടെ ചുററുംനിന്നു ഓടിത്തുടങ്ങി. താറിട്ടതും നിരപ്പായി കിടക്കുന്നതുമായ പ്രസ്തുത റോഡിൽകൂടി റിക്ക്ഷാവണ്ടി എത്രമാത്രം വേഗം പോകുമെന്നു പറയേണ്ട ആവശ്യമില്ല. വീട്ടിലെ പണച്ചെലവു കുറയ്ക്കുന്നതിനും തസ്കരന്മാരിൽനിന്നു തങ്ങളുടെ മാതാവിനെ രക്ഷിക്കുന്നതിനും വേണ്ടിയാണു് മക്കൾ കാൽനടയായി റിക്ക്ഷായെ പിന്തുടന്നതു്. ഇപ്രകാരം മാതാവിൻെറ ശരീരസംരക്ഷണത്തിനുവേണ്ടി അധ്വാനിക്കയും മാതാവിനെ സ്നേഹിക്കയും ചെയ്യുന്ന മക്കളുണ്ടെന്നു് ലോകം അറിഞ്ഞിരുന്നെങ്കിൽ! വൃദ്ധനായ ഒരു പിതാവിനു് തൃപ്പാഥേയം കൊടുക്കുന്നതിനു് ഞാൻ ഒരു വീട്ടിൽ ചെന്നു. വൈദ്യുതീകരണംവഴി എല്ലാ മുറികളും ഒരുക്കുന്നതിനു നിവൃത്തിയില്ലാത്ത മക്കൾ വൃദ്ധനായ പിതാവു് ഇരുട്ടിൽ തപ്പിത്തടഞ്ഞു വീഴാതിരിക്കുന്നതിനു ആ പിതാവിൻെറ മുറിയിൽമാത്രം വൈദ്യുതദീപങ്ങൾ ഘടിപ്പിച്ചിരിക്കുന്നതും രാവും പകലും കത്തിച്ചിരിക്കുന്നതും മററുള്ള മുറികളിൽ വെറും മണ്ണെണ്ണവിളക്കു് ഉപയോഗിച്ചു് മക്കൾ തൃപ്തരായി കഴിയുന്നതും ഞാൻ കണ്ടു. മേൽ പറഞ്ഞ സംഭവങ്ങളിൽനിന്നും നാം മനസ്സിലാക്കേണ്ടതു് മക്കൾ ചുമതലാബോധമുള്ളവരായി ജീവിച്ചാൽ മാതാപിതാക്കന്മാരെ അവരുടെ ശവകുടീരംവരെ സഹായിക്കാനും സംരക്ഷിക്കാനും സാധിക്കുമെന്നാണു്.

---

## 27. പരസ്നേഹം ഭവനകവാടത്തിങ്കൽ

"ഞാൻ അനാവശ്യമായി ചെലവുചെയ്തു എന്നതു് നഷ്ടമായി എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. എൻെറ കൈവശമുണ്ടായിരുന്നതു അന്യക്കായി ശേഷിച്ചിരിക്കുന്നു. ഞാൻ ധർമ്മംചെയ്തതു എൻെറക്കൂടെ സ്ഥിതിചെയ്യുന്നു." ലണ്ടൻ പട്ടണത്തിലുള്ള പഴയ ശവകുടീരത്തിന്മേൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകളാണു് മേലുദ്ധരിച്ചതു്. മനുഷ്യവംശത്തിനുള്ളതിലേയ്ക്കും മഹനീയമായ ഗുണവിശേഷം പരസ്നേഹമാണു്. അതിനു എൻെറ മാന്യവായനക്കാർ ദയയെന്നോ കരുണയെന്നോ സാഹോദര്യമെന്നോ ഏതു വിധമെങ്കിലും പര്യായം നൽകിക്കൊള്ളുക. അതു മന്ദസ്മിതമോ ഹസ്തദാനമോ സ്തുതിവർണ്ണനയോ അല്ല. പ്രത്യുത, കർമ്മോദ്യുക്തമായ ഒരു ഗുണവിശേഷമത്രെ. ചുരുക്കിപ്പറഞ്ഞാൽ പരസ്നേഹമെന്നതു് മററുള്ളവക്ക് നന്മ ചെയ്യുക, ഏതെങ്കിലും പ്രകാരത്തിൽ അവരെ സഹായിക്കുക, ദൈവത്തിൻെറ സന്താനങ്ങളായി അവരെ കരുതുക എന്നിവയാകുന്നു. അനുകമ്പാനിർഭരമായ ഒരു പരസ്നേഹപ്രവൃത്തി, അതേ, സ്നേഹം നിറഞ്ഞ കൊച്ചുവാക്കുകളോ, സ്നേഹം തുളുമ്പുന്ന മുഖഭാവമോ, അന്ധനായ ഒരു മനുഷ്യനെ തെരുവീഥിയിൽക്കൂടി നയിക്കുന്ന പ്രവൃത്തിയോ, രോഗിയുടെ സമീപെ ഇരുന്നു ആശ്വാസപ്രദായകമായ ഒരു പുസ്തകം വായിച്ചു കേൾപ്പിക്കുന്നതോ, എന്തെങ്കിലുമാകട്ടെ അതിനു അസാധാരണമായ ഒരു സൗന്ദര്യമുണ്ടു്. സുഖമായി കഴിഞ്ഞുപോരുന്ന നാമോരോരുത്തരുടേയും സ്നേഹവും സന്മനസ്സും സാന്നിധ്യവും പ്രതീക്ഷിക്കുന്നവരായി ഈ നാട്ടിൽ അനാഥശാലകൾ നിറയെ ശിശുക്കളും ബാലികാബാലന്മാരും, ആശുപത്രികൾ നിറയെ രോഗികളുമുണ്ടു്. അവരെ ഒന്നു സന്ദർശിക്കുവാൻ, അവരോടു ഒരു കഥ പറയുവാൻ, അവരെ ഒരു പത്രം വായിച്ചു കേൾപ്പിക്കുവാൻ നമുക്ക് കഴിവില്ലേ?

നമുക്കു പല ഭക്തസംഘടനകൾ ഉണ്ടു്. അവയുടെയെല്ലാം പരമോദ്ദേശം ദൈവത്തെ സ്നേഹിക്കുകയും നമ്മുടെ സഹോദരങ്ങളിൽ ദൈവത്തെ കാണുകയുമാണു്. നമ്മുടെ സഹായം അർഹിക്കുന്നവർ ലോകത്തിൽ അനവധിയാളുകൾ

ഉണ്ട്. ഒരു നേരത്തെ ഭക്ഷണത്തിനുപോലും നിവൃത്തിയില്ലാത്തവരുടെ പക്കലേയ്ക്കു നാം നമ്മുടെ സഹായഹസ്തങ്ങൾ നീട്ടുന്നുണ്ടോ? രോഗികളായി, വിവിധ തരത്തിലുള്ള വേദനകൾക്ക് വിധേയരായി കിടക്കുന്നവരെ നാം ചെന്നു കണ്ടു ആശ്വസിപ്പിക്കുന്നുണ്ടോ? ദൈവത്തേയും അവിടുത്തെ പ്രബോധനങ്ങളേയുംപററി അറിയുന്നതിനു നിവൃത്തിയില്ലാത്തവക്ക് നമ്മുടെ ജ്ഞാനഭണ്ഡാഗാരത്തിൽനിന്നും നാം വിതരണം ചെയ്യുന്നുണ്ടോ? കലഹങ്ങളും അഭിപ്രായവ്യത്യാസങ്ങളും സദാസമയവും ആവസിക്കുന്ന ഭവനത്തിൽ ശാന്തിയുടേയും സമാധാനത്തിൻേറയും രശ്മി പ്രകാശിക്കുന്നതിനു നാം അവസരമുണ്ടാക്കിക്കൊടുക്കുന്നുണ്ടോ? നമ്മുടെ സഹായം അർഹിക്കുന്ന പലരും നമുക്ക് അജ്ഞാതരായിട്ടുണ്ട്. കൂലിവേല ചെയ്യുന്നതിനു കുടുംബത്തിൻെറ പുരാതനത്വവും ശ്രേഷ്ഠതയും അവരെ അനുവദിക്കുന്നില്ല. യാചിക്കുന്നതിനു അഭിമാനം പിറകോട്ടു വലിക്കുന്നു. വിവാഹപ്രായം കഴിഞ്ഞ പെൺകുട്ടിയെ വിവാഹം ചെയ്തുകൊടുക്കുവാൻ നിവൃത്തിയില്ലാതെ വരുന്നു. ഇപ്രകാരമുള്ളവക്കാണ് നാം സഹായഹസ്തം നീട്ടേണ്ടതു്. നമുക്ക് തികഞ്ഞിട്ട് മററുള്ളവക്ക് കൊടുക്കുവാൻ ഒരിക്കലും സാധിക്കയില്ല.

ഓരോരുത്തനും അവനവൻെറ വരവനുസരിച്ച് ചെലവുണ്ടെന്നുള്ളതു് പരമാത്ഥമാണ്. ദേവാലയത്തിലും ഭവനത്തിലും മണിക്കൂറുകൾ ചെലവഴിച്ചാലും നമ്മുടെ ഇതര പ്രവൃത്തികൾക്കു അതിനോടു പൊരുത്തമില്ലെങ്കിൽ നമ്മുടെ പ്രാത്ഥനകൊണ്ടെന്തുഫലം?

ഒരു യാചകൻ പിച്ചച്ചിരട്ടയുംകൊണ്ട് വരുമ്പോൾ ഒരു കാശോ ഒരുപിടി അരിയോ അതിൽ ഇടുന്നതിനു നമുക്ക് വിമുഖത പ്രകടിപ്പിക്കാതിരിക്കാം. നമ്മുടെ കുഞ്ഞുമക്കളുടെ കൈയിൽ ഈ സാധനങ്ങൾ കൊടുത്തു് അവരെക്കൊണ്ടുതന്നെ സാധുക്കൾക്ക് കൊടുപ്പിക്കാം. ചെറുപ്പത്തിൽത്തന്നെ അവക്കു അപ്രകാരമുള്ള ഒരു ശീലമുണ്ടാകുന്നതിനും ആ പ്രവൃത്തി ഉപകരിക്കും. "പിച്ചക്കാരൻെറ ഒട്ടിയ കവിളിൽ തങ്ങിനിൽക്കുന്ന കണ്ണീർത്തുള്ളികളെ തുടച്ചുകളയുന്നതു് കടലുകൾ തേകി വററിക്കുന്നതിനേക്കാൾ അഭിമാനകരമായ ഒരു ധീരകൃത്യമാകുന്നു" എന്നത്രെ Byron പറയുന്നതു്. നാം സാധുക്കൾക്കും ദുഃഖിതക്കും വേണ്ടി ചെയ്യുന്ന ഓരോ പ്രവൃത്തിയും കൊടുക്കുന്ന

ഓരോ ചില്ലിക്കാശും, നെൽമണിയും നാം സ്വർഗ്ഗത്തിലേയ്ക്കു ടിക്കററുവാങ്ങിക്കുന്നതിനുള്ള നാണയമായി അവിടുന്നു രൂപാന്തരപ്പെടുത്തുന്നതാണു്. കൊടുക്കുന്നതു് തൃപ്തിയോടുകൂടി കൊടുക്കുന്നതിലാണു് ദൈവാനുഗ്രഹവും പ്രവൃത്തിയുടെ മാഹാത്മ്യവും സ്ഥിതിചെയ്യുന്നതു്. ജസ്റ്റീനിയൻ ചക്രവർത്തി തന്റെ ദാനശീലത്തേയും പ്രൗഢിയേയും ലോകത്തിനു കാണിക്കുന്നതിനും തന്റെ സ്മരണനിലനിറുത്തുന്നതിനുംവേണ്ടി സ്വന്തചെലവിൽ ഒരു ദേവാലയം പണിയിക്കണമെന്നു നിശ്ചയിച്ചു. ആരെങ്കിലും ദേവാലയനിർമ്മാണത്തിനു് ഏതെങ്കിലും സഹായം ചെയ്യുന്നതാണെങ്കിൽ ആ ആൾ തന്നെ ആക്ഷേപിക്കയാണെന്നു് അദ്ദേഹം വിചാരിച്ചു. പ്രസ്തുത മനുഷ്യൻ ഭയങ്കര ശിക്ഷയ്ക്കു വിധേയനായിത്തീരുമെന്നും അദ്ദേഹം കല്പനനൽകി. വിലപിടിച്ച സാമഗ്രികൾകൊണ്ടുവന്നു് ദേവാലയത്തിന്റെ പണി മിക്കവാറും പൂർത്തിയാക്കി. ദേവാലയത്തിന്റെ കിഴക്കേ ഗോപുരത്തിൽ "This to God given by Emperor Justinian" "ജസ്റ്റീനിയൻ ചക്രവർത്തി ഇതു ദൈവത്തിനു നൽകിയിരിക്കുന്നു" എന്നു് എഴുതിയിരുന്നു. വേറെ ആരുടേയും പേരുകൾ ദേവാലയഭിത്തിയിൽ ഒരിടത്തും കാണരുതെന്നും ചക്രവർത്തി കല്പിച്ചിരുന്നു. ഒരു ദിവസം ചക്രവർത്തി ദേവാലയം ചുററിനടന്നു സന്ദർശിച്ചപ്പോൾ പടിഞ്ഞാറെ ഗോപുരത്തിന്റെ മുകളിൽ "This to God given by Ephrasia, the widow" "എഫ്റാസിയാ എന്ന വിധവ ഇതു ദൈവത്തിനു നൽകിയിരിക്കുന്നു." എന്നു് എഴുതിയിരിക്കുന്നതായി കണ്ടു. ചക്രവർത്തിക്കു വലിയ കോപമുണ്ടായി. ഇപ്രകാരം ദാനം ചെയ്ത ആളിനെ കണ്ടുപിടിക്കുന്നതിനു് ആളുകളെ നിയമിച്ചു. ദേവാലയനിർമ്മാണത്തിനായി ഇത്രമാത്രം പണം ചെലവിടാൻ കഴിവുള്ള സ്ത്രീകൾ ഒരിടത്തും ഇല്ലെന്നു ചക്രവർത്തിക്കു് അറിയാമായിരുന്നു. ഈ പേരോടുകൂടി ഏതെങ്കിലും ധനിക ഉണ്ടോ എന്നു് ചക്രവർത്തി ഉദ്യോഗസ്ഥന്മാരോടു ചോദിച്ചപ്പോൾ അവരിൽ ഒരാൾ പറഞ്ഞു "പ്രഭോ, എഫ്റാസിയാ എന്ന പേരോടുകൂടി ഒരു സാധുവിധവ ഒരിടത്തുണ്ടു". ഉടനെ അവരെ ആളയച്ചു വരുത്തി. നീ എന്തെങ്കിലും സഹായം ദേവാലയത്തിനായി ചെയ്തിട്ടുണ്ടോ?" എന്നു രാജാവു ചോദിച്ചു. താൻ സാധുവാണെന്നും

എന്നാൽ കെട്ടിടനിർമ്മാണത്തിനായി കുതിരകളും കഴുതകളും മാർബിൾ ശിലകൾ വഹിച്ചുകൊണ്ടുപോകുന്നതു കണ്ടുവെന്നും അവയിൽ വിശന്നുക്ഷീണിച്ച ഒരു കഴുത മാർബിളിന്റെ ഭാരത്താൽ ക്ഷീണിച്ചു വിശന്നു തന്നെ നോക്കിയെന്നും അപ്പോൾ ദയതോന്നി തന്റെ കിടക്കയിൽ നിന്നും കുറെ വൈക്കോൽ വലിച്ചുപറിച്ച് അതിനു കൊടുത്തുവെന്നും അവൾ മറുപടി പറഞ്ഞു. ചക്രവർത്തിക്കു സംഗതിയെല്ലാം മനസ്സിലായി. ദൈവസ്തുതിക്കായി അവൾ ചെയ്ത പ്രവൃത്തി ദൈവം കണ്ടതാണെന്നും ദൈവശക്തിയാലാണ് അവളുടെ പേര് ദേവാലയ ഗോപുരത്തിന്റെ അഗ്രഭാഗത്ത് രേഖപ്പെടുത്തപ്പെട്ടതെന്നും അദ്ദേഹം മനസ്സിലാക്കി.

ഏററം നിസ്സാരമായ തുക ഒരാളിനു ദാനമായി കൊടുക്കുന്നതിന് അഭിമാനം അഥവാ ലജ്ജ നമ്മെ പലപ്പോഴും അനുവദിക്കയില്ല. എന്നാൽ അതിന് ഒരു നിവാരണമാർഗ്ഗമുണ്ട്. ഒരു വിൻസെൻറ് ഡി പോൾ സംഘാംഗം ശൂന്യമായ സഞ്ചിയോടുകൂടി നമ്മെ സമീപിക്കുമ്പോൾ ആരും കാണാതെ നമ്മുടെ ചില്ലിക്കാശും ഉരി അരിയും സഞ്ചിയിലേയ്ക്കു കൈകൾ ഇറക്കി നമുക്ക് ഇടാം. ആ സമ്മാനത്തിന്റെ തുക പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയോ മററുള്ളവരെ പറഞ്ഞു കേൾപ്പിക്കുകയോ ചെയ്യുകയില്ല. തങ്കലിപികളാൽ ദൈവത്തിന്റെ നാൾവരവു ബുക്കിൽ അവിടുത്തെ ദൂതൻ രേഖപ്പെടുത്തും. ആർക്കും വേണ്ടാതെ, ആരും സഹായിക്കാനില്ലാതെ, നടക്കുന്ന സാധുക്കളെ രക്ഷിക്കുന്നതിനു പണമോ സാധനങ്ങളോ ശേഖരിക്കുന്നതിന് ഏവർക്കും സാധിക്കുന്നതാണ്. ഇടവകക്കാരായ ജനങ്ങൾ ശ്രാദ്ധം, നേർച്ച, പുലകുളി മുതലായവ സംബന്ധിച്ച് ഉച്ചഭക്ഷണത്തിന് എന്നെ ക്ഷണിക്കുമ്പോൾ എന്റെ വേലക്കാരൻ അറിയാതെ അന്നത്തെ എന്റെ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടാതായ അരി എടുത്തു ഞാൻ സൂക്ഷിച്ചുവയ്ക്കുക പതിവാണ്. വിൻസെൻറ ഡി പോൾ സംഘാംഗങ്ങൾ വരുമ്പോൾ ഞാൻ അവരെ അതു ഏല്പിക്കുന്നു. അപ്രകാരം തന്നെ ഭർത്താവോ ഭാര്യയോ ഓരോ കാര്യം പ്രമാണിച്ച് ബന്ധുമിത്രാദികളുടെ ഗൃഹങ്ങളിലേയ്ക്കു പോവുമ്പോൾ അതേ സമയം അവർ വീട്ടിലായിരുന്നെങ്കിൽ ഭക്ഷണത്തിനു ചെലവാകുമായിരുന്ന അരി ഓരോരുത്തരും സൂക്ഷിക്കട്ടെ. ഭാര്യ വേറൊരു ഭവനത്തിലേയ്ക്കു പോ

കുകയാണെങ്കിൽ ഒന്നോ രണ്ടോ മക്കളെക്കൂടി കൊണ്ടുപോകുക പതിവാണ്. അപ്പോൾ ഭർത്താവിനേക്കാൾ കൂടുതൽ അരി ശേഖരിച്ചു വിൻസെൻറ് ഡി പോൾ അംഗങ്ങളെ ഏല്പിക്കുവാൻ സാധിക്കും. തെരഞ്ഞെടുപ്പു കാലത്തു സമ്മതിദായകന്മാരുടെ വോട്ടുകൾ സമ്പാദിക്കുന്നതിനുവേണ്ടി നിരീശ്വരന്മാരും കമ്മ്യൂണിസ്റ്റനുഭാവികളും സാധുക്കളുടെ കുടിലുകൾ മേഞ്ഞുകൊടുക്കുകയും അരി വിതരണം ചെയ്യുകയും പതിവാണ്. എന്നാൽ തെരഞ്ഞെടുപ്പുഫലം പുറപ്പെട്ടുകഴിഞ്ഞാൽ തങ്ങളുടെ പരസ്നേഹപ്രവൃത്തികൾക്ക് വിരാമമിടും. നമ്മുടെ പരസ്നേഹം അപ്രകാരമായിരിക്കരുത്. അതിനാൽ നിസ്വാത്മസേവനം നമ്മുടെ ജീവിതത്തിൻെറ മുദ്രാവാക്യമായി കരുതിയും അഗാധമായ എളിമ നമ്മുടെ രക്ഷാകവചമായി സ്വീകരിച്ചും ജാതിമതവ്യത്യാസങ്ങൾ പരിഗണിക്കാതെയുള്ള പരസ്നേഹപ്രവൃത്തികൾക്ക് നമ്മുടെ ദൈനംദിനകൃത്യങ്ങളിൽ പ്രധാന സ്ഥാനം നൽകിയും നമുക്കു മുമ്പോട്ടുപോകാം.

## 28. കുടുംബവും പൗരോഹിത്യവും

വൈദികപദവി ഒരു കുടുംബത്തിനോ ഒരു ഇടവകയ്ക്കോ പ്രത്യേകം നീക്കിവെച്ചിരിക്കുന്ന ഒരു സ്ഥാനമല്ല. വലിയ ധനികനോ അതീവ ബുദ്ധിമാനോ മാത്രം തെരഞ്ഞെടുക്കാവുന്ന ഒരു ജീവിതാന്തസ്സുമല്ല പൗരോഹിത്യം. മിശിഹാ പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തതിൽ ഈ തത്വം വെളിപ്പെടുത്തിയില്ലേ? അപരിഷ്കൃതനും മുൾകോപിയും വിദ്യാവിഹീനനുമായ പത്രോസിനെ ശിഷ്യനായി തിരഞ്ഞെടുത്തതിനോടൊപ്പം, ശാന്തനും സംസ്ക്കാരസമ്പന്നനുമായ യോഹന്നാനെയും അവിടുന്നു ശിഷ്യഗണത്തിൽ ഉൾപ്പെടുത്തിയില്ലേ? വിനീതനും, വിശ്വസ്തനുമായ മത്തായിയെപ്പോലെ അഹങ്കാരിയും, കൃതഘ്നനുമായ യൂദാസ്സറിയായേയും അവിടുന്നു ശിഷ്യസമൂഹത്തിൽ എണ്ണപ്പെടുവാനാക്കിത്തീർത്തില്ലേ? ഈ അനുഭവം സഭയിലും ചില പ്പോഴൊക്കെ കാണുന്നുണ്ട്. ഇനിയും കണ്ടെന്നും വരും. പലതര

ത്തിനുള്ള ആളുകളെ മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ വിള വിൻെറ നാഥൻ വിളിക്കുന്നതുപോലെ, ഓരോരുത്തരെ വിളിക്കുന്ന സമയവും വ്യത്യസ്തമായിരിക്കുന്നു. കുടുംബവുമായുള്ള ബന്ധങ്ങളെല്ലാമുപേക്ഷിച്ച് എത്രയോ യുവാക്കന്മാർ ചെറുപ്പത്തിൽ വൈദികാന്തസ്സിൽ പ്രവേശിക്കുന്നു. ലോകം തങ്ങളെപ്പററി എന്തു വിധിയാണ് കല്പിക്കുന്നതെന്നു ചിന്തിക്കാതെയും, ലോകസുഖങ്ങൾ ആഗ്രഹിക്കാതെയും ദൈവസേവനത്തിനായി പുറപ്പെടുന്ന ഇവരുടെ പ്രവൃത്തി എത്രയോ സ്തുത്യർഹമാണ്. ലോകസുഖങ്ങൾ ഏറെക്കുറെ അനുഭവിക്കുകയും, എന്നാൽ യഥാർത്ഥസുഖവും സമാധാനവും നൽകുവാൻ അതിനുള്ള അപ്രാപ്തിയെ മനസ്സിലാക്കുകയും ചെയ്തതിനുശേഷം വൈദികാന്തസ്സു തെരഞ്ഞെടുക്കുന്നവരുമുണ്ട്. അപ്രകാരമുള്ളവരുടെ വിളി യഥാർത്ഥമല്ലെന്നു ലോകം പുലമ്പിയേക്കാം. അപ്രകാരമുള്ളവരെയാണ് നാഥൻ കൂടുതൽ ഇഷ്ടപ്പെടുന്നതെന്ന് വി. ആഗസ്റ്റിനോസിൻെറയും മഗ്ദലനാമറിയത്തിൻെറയും ചരിത്രം സാക്ഷ്യം വഹിക്കുന്നില്ലേ?

വളരെ അകലെ നിന്നുകൊണ്ടു വൈദികരുടെയും സന്യാസസമൂഹത്തിൻെറയും സേവനങ്ങളെ പ്രശംസിക്കുന്നവരുണ്ട്. എന്നാൽ, ഇപ്രകാരം പ്രശംസിക്കുന്നവർ മനസ്സിലാക്കണം തങ്ങളുടെ ഒരു കുഞ്ഞിനെ ദൈവശുശ്രൂഷയ്ക്കായി അയച്ചിട്ടുണ്ടോ എന്ന്. ഒരു കുടുംബത്തിൽ ഒരു വൈദികനുണ്ടെങ്കിൽ മററുള്ളവരുടെ ദൈവവിളിക്ക് സാഹചര്യം സൃഷ്ടിക്കുമെന്നുള്ളതു് വാസ്തവം തന്നെ. മാതാപിതാക്കന്മാർ കുട്ടികളെ അനുസരണയിലും ദൈവഭയത്തിലും വളർത്തുകയാണെങ്കിൽ ദൈവവിളി വർദ്ധിക്കുമെന്നതിനു സംശയമില്ല. വൈദിക വിദ്യാർത്ഥികൾക്ക് സെമ്മിനാരിയിൽ ലഭിക്കുന്ന നിരന്തരവും സുദീർഘവുമായ പരിശീലനം അവരുടെ വൈദിക ജീവിതത്തിലും ഫലവത്തായിരിക്കണമെങ്കിൽ അവർ ചെറുപ്പംമുതൽ ഉത്തമ ജീവിതം നയിച്ചവരായിരിക്കണം. ഭാഗ്യസ്മരണാർഹനായിരിക്കുന്ന പതിനൊന്നാംപീയൂസ് മാർപ്പാപ്പാ പൗരോഹിത്യത്തെ സംബന്ധിച്ച് പുറപ്പെടുവിച്ച ചാക്രികലേഖനത്തിൽ പറയുന്നു "പൗരോഹിത കുസുമങ്ങൾ മൊട്ടിട്ടു വികസിക്കുന്നതിനു ഏററം പര്യാപ്തമായ ഭൂമി ക്രിസ്തീയ ചൈതന്യം തുളുമ്പുന്ന കുടുംബ ജീവിതമാണെന്ന്." അവിടുന്നു പിന്നെയും പറയുന്നു. "എല്ലാ

മക്കളും മാതൃകാപരമായ ജീവിതം നയിക്കുന്ന മാതാപിതാക്കന്മാരെ അനുകരിക്കുമ്പോൾ സന്താനങ്ങളിൽ ഒരാളെങ്കിലും 'എന്റെ പിന്നാലെ വരുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം' എന്നുള്ള ക്ഷണം സ്വീകരിക്കുകയും ചെയ്യുമെന്നു്."

ആദർശസമ്പന്നയായ ഒരു മാതാവു എല്ലാ ദിവസവും വൈകിട്ടു ഒരു മണിക്കൂർവീതം വിശുദ്ധ കുർബാനയുടെ മുമ്പിൽ പ്രാർത്ഥിച്ചുപോന്നു. തന്റെ മക്കൾ വൈദികരും കന്യാസ്ത്രികളുമായിത്തീരുന്നതിനു ഇരുപതു കൊല്ലക്കാലം അവൾ അങ്ങനെ പ്രാർത്ഥന തുടന്നു. ഫലമോ? ആ മഹതിയുടെ പതിമൂന്നു മക്കളിൽ 6 പേർ വൈദികരും 5 കന്യാസ്ത്രികളുമായിത്തീർന്നു. വൈദികരിൽ മൂന്നുപേർ മെത്രാന്മാരായി. ഒരാൾ സാൽഫൊർസിലെ സഹായമെത്രാൻ, അപരൻ സിഡ്നിയിലെ മെത്രാപ്പോലീത്താ. മൂന്നാമൻ വെസ്റ്റ്മിനിസ്റ്ററിലെ മെത്രാപ്പോലീത്തായും, രണ്ടു സന്യാസസഭകളുടെ സ്ഥാപകനുമായ കർദ്ദിനാൾ ഹെർബർട്ടു വോണായിരുന്നു.

വൈദികരിൽനിന്നും ലോകത്തിനു ലഭിക്കുന്ന ഉപകാരങ്ങൾ ഓർത്തിട്ടെങ്കിലും കുട്ടികളുടെ ദൈവവിളി വർദ്ധിപ്പിക്കുന്നതിൽ മാതാപിതാക്കന്മാർ ഉത്സുകരാകേണ്ടതാണു്. ജീവിതത്തിന്റെ പ്രഭാതംമുതൽ പ്രദോഷംവരെ ലോകത്തിനു വൈദികന്റെ സഹായം ആവശ്യമുണ്ടു്. ലോകത്തിലേക്കു് പിറക്കുന്ന മനുഷ്യനെ, പാപക്കെട്ടുകളാൽ ബന്ധിതനായിരിക്കുന്ന മനുഷ്യനെ, ജ്ഞാനസ്നാനംവഴി മോക്ഷപ്രാപ്തിക്കു് യോഗ്യനും ദൈവത്വസദൃശനും ആക്കിത്തീർക്കുന്നതു് വൈദികനല്ലേ? പാപങ്ങൾക്കു് പല പ്രാവശ്യം വിധേയനാകുന്ന പാപിയായ മനുഷ്യനെ പാപമോചനംവഴി പരിശുദ്ധനാക്കുന്നതും പുരോഹിതനല്ലെ? യുവതീയുവാക്കന്മാരെ വിവാഹബന്ധത്തിൽ സംയോജിപ്പിക്കുന്നതു് വൈദികനല്ലേ? മരണാസന്നനായ മനുഷ്യനു വൈദികൻ തന്റെ വാക്കുകൾമൂലം ശക്തിയും ശാന്തിയും നൽകുന്നില്ലേ? ആശ്വാസം നൽകുന്ന വാക്കുകളും തണുപ്പു് പ്രദാനം ചെയ്യുന്ന അഭിഷിക്ത കരങ്ങളുടെ സ്പർശനവും വൈദികപുത്രനിൽനിന്നും ഒരു പിതാവിനാണു് ലഭിക്കുന്നതെങ്കിൽ അതു് എത്രമാത്രം സന്തോഷപ്രദമായിരിക്കുമെന്നു പറഞ്ഞറിയിക്കാൻ പ്രയാസം.

സംസാരിക്കുവാൻ പാടില്ലാതെയും, കണ്ണുകൾക്ക് കാഴ്ചയില്ലാതെയും, മരണാസന്നനായികിടക്കുന്ന വൃദ്ധപിതാവിനെ വൈദികനായ പുത്രൻ സന്ദർശിക്കുന്നുവെന്നു സങ്കല്പിക്കുക. പിതാവിൻെറ സമീപേ എത്തിച്ചേർന്ന പുത്രൻ പിതാവിനെ ആശ്ലേഷിച്ചു ചുംബിക്കുന്നു. സംസാരിക്കാൻ പാടില്ലാത്ത പിതാവു് വിഷമിച്ചു പറയുന്നു, "മകനെ നിൻെറ ഓമനമുഖം കാണുന്നതിനു എനിക്കു ശക്തിയില്ല." മറുപടിയായി പുത്രൻ പറയുന്നു, "അപ്പച്ചാ, ഏതൊരധരത്തിൽ ഈശോയുടെ തിരുശ്ശരീരം ദിനംതോറും സ്പർശിക്കുന്നുവോ എൻെറ ആ അധരങ്ങൾ അല്ലയോ അവിടുത്തെ അധരങ്ങളെ ഇപ്പോൾ സ്പർശിച്ചിരിക്കുന്നതു്. അപ്രകാരംതന്നെ, പാപിയായ, അയോഗ്യനായ, എൻെറ കരങ്ങളിൽ ദിനംതോറും ഈശോ എഴുന്നെള്ളി വരുന്നില്ലേ? ആ കരങ്ങളല്ലയോ അവിടുത്തെ കരങ്ങളുമായി ഇപ്പോൾ കോർത്തുപിടിച്ചിരിക്കുന്നതു്. ഈ രണ്ടു പ്രവൃത്തികളും അങ്ങു എന്നെ കാണുന്നതിനേക്കാൾ ദൈവം തരുന്ന വലിയ ദാനമായി കരുതരുതോ?" അതിനുത്തരമായി പിതാവു പറയുന്നു, "മകനെ ഈ പൂശപ്പെട്ട കരങ്ങൾ കൊണ്ടു് അന്ത്യനിമിഷം എൻെറ ശരീരം പൂശുന്നതിനു ദൈവം അവസരം തരുമോ?" "ഈശോ തരും അപ്പച്ചാ" എന്നു പറഞ്ഞു വൈദികൻ സ്ഥലം വിടുന്നു. പിതാവിൻെറ മരണംവരെയും വൈദികപുത്രൻ ഇപ്രകാരം വരികയും മേൽപ്പറഞ്ഞ സ്നേഹപ്രകടനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിൽ കൂടുതലായി ഒരു പിതാവിനു ഈ ലോകത്തിൽ വല്ലതും കിട്ടാനുണ്ടോ എന്നു് വായനക്കാർതന്നെ ചിന്തിക്കുക.

## 29. യഥാർത്ഥസുഖം എവിടെ?

നമ്മുടെ ഹൃദയത്തിന്റെ അഥവാ മനസ്സിന്റെ പ്രവർത്തനമനുസരിച്ചായിരിക്കും നമ്മുടെ സുഖവും. ഉദാഹരണസഹിതം ഇതു തെളിയിക്കാം. രണ്ടു മുന്തിരിക്കുലകൾ ഒരു മുന്തിരിവള്ളിയിൽ പുഷ്ടിയായി വളരുന്നു. കാലക്രമേണ രണ്ടു കുലകളും പഴുത്തുതുടങ്ങുന്നു. ഇവയിൽ ഓരോ കുലയ്ക്കും എന്തു സംഭവിക്കുന്നു. ഒരു മുന്തിരിക്കുലയിലെ മുന്തിരിച്ചാറ് ദിവ്യബലിസമയം ദിവ്യരക്ഷകന്റെ അമൂല്യരക്തമായി രൂപം പ്രാപിക്കുന്നു. എന്നാൽ മറേറ കുലയിലെ മുന്തിരിപ്പഴത്തിന്റെ ചാറ് മദ്യപാനിയുടെ പാനപാത്രത്തിൽ വിഷകലുഷിതമായ ദ്രാവകമായി മാറുന്നു. എന്തുകൊണ്ടാണ് ഒരു മുന്തിരിക്കുലയിലെ പഴം നിത്യജീവദായകമായും മറേറത് നിത്യമൃത്യുവിനു കാരണമായും ഭവിക്കുന്നത്? ഇവയെല്ലാം ആ മുന്തിരിയെ ഉപയോഗിക്കുന്ന വിധത്തെ ആശ്രയിച്ചിരിക്കുന്നു. ജീവിതസരണി അന്ധകാരവും സൂര്യപ്രകാശവും ഇടകലർന്നിരിക്കുന്ന വനാന്തരത്തിൽ കൂടിയുള്ള വഴിക്കു സദൃശമാണ്. നമ്മുടെ കണ്ണുനീർക്കണങ്ങൾ പലപ്പോഴും മന്ദസ്മിത രശ്മികളോടു യോജിച്ചു പ്രവർത്തിക്കുന്നു. നമ്മുടെ ഈലോകജീവിതം കണ്ണുനീരിന്റെ താഴ്വരയിലാണെങ്കിലും ദൈവസുതരായ നാം ഭൂമിയിലിരുന്നുകൊണ്ടു ദൈവം വസിക്കുന്ന ആകാശത്തിലേയ്ക്കു നോക്കിയാൽ സമാധാനവും സുഖവും കണ്ടെത്തുവാൻ സാധിക്കും. ലോകം മുഖക്കണ്ണാടിക്കു സദൃശമാണ്. അതിനെ നോക്കി നാാ ചിരിക്കുകയാണെങ്കിൽ അതും ചിരിക്കും. കോപഭാവത്തോടുകൂടി അതിനെ വീക്ഷിക്കുകയാണെങ്കിൽ അതും അപ്രകാരം ചെയ്യും. സുഖത്തിന്റെ താക്കോൽ നമ്മുടെ കൈവശമുണ്ട്. വി. ആഗുസ്തീനോസ് പറയുന്നു. "ഏതെങ്കിലുമൊരു മനുഷ്യൻ യഥാർത്ഥ സുഖമാഗ്രഹിക്കുന്നുവെങ്കിൽ നശ്വരമായ ഭൗമിക വസ്തുക്കൾക്കു മേൽ അവനെ ഉയർത്തുകയും അനശ്വരമായിട്ടുള്ളതിനെ അന്വേഷിക്കുകയും ചെയ്യട്ടെ." നാമെപ്പോഴും സുഖത്തേയും ആനന്ദത്തേയും അന്വേഷിക്കുന്നു. എന്നാൽ നാം ദൈവത്തോടു അടുക്കാതിരിക്കുന്നിടത്തോളം കാലം നമ്മുടെ ആത്മാവു യഥാർത്ഥസുഖം കണ്ടെത്തു

കയില്ല. ഒരു പക്ഷിയെ അതിൻെറ കൂട്ടിൽനിന്നും അകററിനിറുത്തുക. അപ്പോൾ നമുക്കു കാണാൻ സാധിക്കും, അതിൻെറ തള്ളപ്പക്ഷിയെ കാണുന്നതിനുവേണ്ടി അതു എത്രമാത്രം ശബ്ദിക്കുമെന്നു്. ഇപ്രകാരംതന്നെ ദൈവം നമ്മുടെ ആത്മാവിനു ചൂടും തണുപ്പും നൽകുന്ന തള്ളപ്പക്ഷിയാണു്. സൂൎയ്യനിലേയ്ക്കു ചാഞ്ഞിരിക്കുന്ന പുഷ്പത്തിൻെറ ദളങ്ങളെ നാം മാററിനിറുത്തിയാലും അതു പിന്നെയും സൂൎയ്യനിലേയ്ക്കു തിരിയുന്നില്ലേ? നമ്മുടെ ആത്മാവിൻെറ സൂര്യൻ ദൈവമത്രേ. സമുദ്രത്തിൽ കിടക്കുന്ന മത്സ്യത്തെ കടൽക്കരയിൽ പിടിച്ചിടുക. അതു അവിടെ ചുററിക്കറങ്ങിയിട്ടു സമുദ്രത്തിലേയ്ക്കു ചാടിവീഴുന്നു. നമ്മുടെ ആത്മാവിനു തുള്ളിച്ചാടി സന്തോഷിക്കുന്നതിനും യഥാൎത്ഥസുഖം കൈവരിക്കുന്നതിനുമുള്ള നിത്യസാഗരം ദൈവമാണു്.

കുയിൽ ആകാശത്തിൽ വളരെ ഉയൎന്നു പറക്കുമ്പോൾ മനോഹരമായി പാടുന്നു. എന്നാൽ ഭൂമിയിലേയ്ക്കു കുതിച്ചുപറക്കുമ്പോൾ അതു നിശ്ശബ്ദത പാലിക്കുന്നു. ഇപ്രകാരംതന്നെ നമ്മുടെ ആത്മാവു ആകാശത്തേയ്ക്കു നോക്കുകയും സ്വൎഗ്ഗീയസൌഭാഗ്യത്തെപ്പററി ചിന്തിക്കുകയും ചെയ്യുമ്പോൾ സീമാതീതമായി സന്തോഷിക്കുന്നു. യഥാൎത്ഥസുഖം ഈ ലോകത്തിൽ പ്രാപ്യമല്ല. "എൻെറ ജീവിതം മുഴുവൻ പരിശോധിച്ചാലും 24 മണിക്കൂർ നേരംപോലും യഥാൎത്ഥ സുഖമനുഭവിക്കുവാൻ എനിക്കു സാധിച്ചിട്ടില്ല" എന്നാണു് ബിസ്മാൎക്കു് എന്ന മഹാൻ പ്രസ്താവിച്ചിരിക്കുതു്. 83 കൊല്ലം ജീവിച്ചിരുന്ന അദ്ദേഹത്തിനു ധനം, മാനം, കീൎത്തി, ഉൽക്കൎഷം, വിജയം എന്നിവയെല്ലാമുണ്ടായിരുന്നു. എന്നാൽ യഥാൎത്ഥസുഖം ഒരു ദിവസം പോലും അനുഭവിച്ചില്ലെന്നു് ഏഷ്യയിലെ ആൻറഗോണസ് എന്ന ചക്രവൎത്തി തൻെറ കിരീടം വിരലിന്മേൽ ഇട്ടു കറക്കിക്കൊണ്ടു പറഞ്ഞു. "ഈ കിരീടം ധരിക്കുന്നവൻ എത്രമാത്രം ക്ലേശങ്ങൾ സഹിക്കുന്നുണ്ടെന്നു മനുഷ്യൻ അറിഞ്ഞിരുന്നെങ്കിൽ ഇതു ധരിക്കുന്നതിനു ആഗ്രഹിക്കുകയില്ലായിരുന്നു." ഹെൻറി എട്ടാമൻ തൻെറ സന്ദൎശനശാലയിലെ ജനാലമേൽ മുള്ളുകളിന്മേൽ വയ്ക്കപ്പെട്ടിരിക്കുന്ന കിരീടത്തിൻെറ ചിത്രം സ്ഥാപിച്ചിരുന്നു. അസാന്മാൎഗ്ഗികവും മ്ലേച്ഛവുമായ ജഡികസന്തോഷങ്ങളിൽ മററു ചിലർ യഥാൎത്ഥസുഖം അന്വേഷിക്കുന്നു. എന്നാൽ സമുദ്രജലത്തിനു ദാഹം ശമിപ്പിക്കാൻ എത്രമാത്രം ശ

ക്തിയുണ്ടോ അത്രയുംമാത്രമേ യഥാർത്ഥസുഖം നൽകുവാൻ ജഡികാലഭിലാഷങ്ങൾക്കും സാധ്യതയുള്ളൂ. മിന്നാമിനുങ്ങുകൾ രാത്രിസമയം നല്ലതുപോലെ പ്രകാശിക്കുന്നു. എന്നാൽ സൂര്യപ്രകാശത്തിൽ അവ അവലക്ഷണവും വികൃതവുമായ കൃമികളത്രെ. ഈ പ്രകാരം ലോകസുഖങ്ങൾ ജീവിതമാകുന്ന അന്ധകാരത്തിൽ പ്രകാശിക്കുന്നു. നീതിസൂര്യനായ ദൈവത്തിന്റെ മുമ്പാകെ വിലയില്ലാത്തതായിത്തീരുന്നു. ജ്ഞാനം സമ്പാദിക്കുകയെന്നതു് ശ്രേഷ്ഠവും മഹനീയവുമായ പ്രവൃത്തിയത്രെ. എന്നാൽ വിജ്ഞാനസമ്പാദനത്തിനും യഥാർത്ഥസുഖം പ്രദാനം ചെയ്യുവാൻ സാധ്യമല്ലെന്നു മഹാനായ സോളമൻ ഉച്ചൈസ്വരം വിളിച്ചറിയിക്കുന്നു. എന്താണു് വി. അഗുസ്റ്റീനോസ് പ്രസ്താവിച്ചതു് "കർത്താവേ, ഞങ്ങൾ നിനക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവരായിരിക്കുന്നു. ഞങ്ങൾ നിന്നിൽ വിശ്രമിക്കാതെ യഥാർത്ഥസുഖം കണ്ടെത്തുകയില്ല."

## 30. കത്തോലിക്കാകുടുംബത്തിന്റെ അഷ്ടഭാഗ്യങ്ങൾ

1. പ്രതിദിനം സന്ധ്യാനമസ്കാരം കൂട്ടമായി നടത്തുന്ന കുടുംബം അനുഗ്രഹീതമാകുന്നു; എന്തുകൊണ്ടെന്നാൽ അതു നമ്മുടെ കർത്താവിന്റെ വാസസ്ഥലമാണു്.

ഒരുമിച്ചു പ്രാർത്ഥിക്കുകയും ജപമാല ചൊല്ലുകയും ചെയ്യുന്ന കുടുംബത്തെ തീർച്ചയായും മിശിഹായും അവിടുത്തെ പരിശുദ്ധ മാതാവും അനുഗ്രഹിക്കും.

2. അനാവശ്യവും നിഷ്പ്രയോജനവുമായ ഭിന്നതകളിൽ അകപ്പെടാത്ത കുടുംബം അനുഗ്രഹീതമാകുന്നു. എന്തുകൊണ്ടെന്നാൽ ക്രിസ്തീയ സൌഭാഗ്യം അതിൽ വാണരുളും.

കുടുംബത്തിലെ ഓരോ അംഗവും ഒററതിരിഞ്ഞു് വിനോദവും വിജ്ഞാനവും തേടി അവനവന്റെ വഴിക്കു പോകുന്നു എന്നതു് ഇന്നു മിക്ക ഇടവകകളിലും കാണുന്ന സങ്കടകരമായ

ഒരു പരമാത്മമാണ്. ഇതു് അവരെ ദൈവത്തിൽ നിന്നക റുന്നു.

3. ദൈവദൂഷണമോ നിഷിദ്ധഗ്രന്ഥങ്ങളുടെ പാരായണമോ ക്രമക്കേടുകളോ പ്രവേശിക്കാത്ത കുടുംബം അനുഗൃഹീതമാകുന്നു, എന്തുകൊണ്ടെന്നാൽ അതു സമാധാനവും അനുഗ്രഹവുംകൊണ്ടു നിറയ്ക്കപ്പെട്ടും.

ദൈവദൂഷണം ദൈവത്തോടും വിശുദ്ധ വസ്തുക്കളോടും വിപ്രതിപത്തി ഉളവാക്കുന്നു. നിഷിദ്ധ ഗ്രന്ഥങ്ങളുടെ പാരായണം ദുർമ്മാർഗ്ഗജീവിതത്തിനു വഴിതെളിക്കും. ക്രമക്കേടുകൾ കുടുംബത്തിന്റെ ആദ്ധ്യാത്മിക സമനിലയെ അട്ടിമറിക്കുകയും, തത്ഫലമായി ക്രൂരതയും വിദ്വേഷവും ജന്മമെടുക്കുകയും ചെയ്യേക്കാം.

4. അംഗങ്ങൾ ഒരുമിച്ചു മതതത്വങ്ങളും സഭാചരിത്രവും വിശുദ്ധരുടെ ജീവചരിത്രങ്ങളും, വായിക്കുകയും പഠിക്കുകയും ചെയ്യുന്ന കുടുംബം അനുഗൃഹീതമാകുന്നു; എന്തുകൊണ്ടെന്നാൽ അതിൽ വിശ്വാസം സജീവവും പ്രബദ്ധവുമായിരിക്കും.

ഗ്രന്ഥപാരായണത്തിനു മനുഷ്യരിൽ വലിയ സ്വാധീനശക്തിയുണ്ടു്. വിശ്വാസസത്യങ്ങളിലും സന്മാർഗ്ഗതത്വങ്ങളിലും ഉള്ള ജ്ഞാനം പ്രബുദ്ധരും മാതൃകാസമ്പന്നരുമായ കത്തോലിക്കരെ ഉൽപാദിപ്പിക്കുന്നു.

5. മരണാസന്നരായ രോഗികളുടെ ശുശ്രൂഷയ്ക്കു പുരോഹിതനെ വിളിക്കുന്ന കുടുംബം അനുഗൃഹീതമാകുന്നു. എന്തുകൊണ്ടെന്നാൽ ആ കുടുംബത്തിൽ പീഡകൾ ലഘുവാക്കപ്പെടുകയും മരണം സൗഭാഗ്യപ്രദമാകുകയും ചെയ്യും.

പ്രയോജന രഹിതരായി കരുതപ്പെടുന്നവരും മ്ലാനവദനരും ഏകാന്തരും ആയ രോഗികളിൽ കൂദാശകളുടെ സ്വീകരണം എന്തു വ്യത്യാസം വരുത്തുന്നുവെന്നോ? പരിശുദ്ധ കർബ്ബാനയും അന്ത്യലേപനവും യോഗ്യതയോടുകൂടെ സ്വീകരിക്കുമ്പോൾ ലഭിക്കുന്ന സമാശ്വാസവും സഹായവും ആനന്ദവും നമ്മുടെ രോഗികൾക്കു നാം നിഷേധിക്കരുതു്.

6. മക്കൾ മാതാപിതാക്കന്മാരെ ബഹുമാനിക്കയും അനുസരിക്കുകയും ചെയ്യുന്ന കുടുംബം അനുഗൃഹീതമാകുന്നു; എന്തുകൊണ്ടെന്നാൽ അതു സ്വർഗ്ഗത്തിന്റെ പടിപ്പുരയായിരിക്കും.

പൈതൃകാധികാരം ബഹുമാനിക്കപ്പെടുന്നിടത്തു ദൈവികാധികാരവും വൈദികനിയമങ്ങളും ബഹുമാനിക്കപ്പെടും. ഇരുപതാം നൂററാണ്ടിൻെറ ശാപം, പൈതൃകവും രാഷ്ട്രീയവും ദൈവികവുമായ അധികാരങ്ങളോടുള്ള ബഹുമാനത്തിൻെറ അഭാവമാണ്. ഇതിൻെറ കാരണം സാധാരണമായി ചുമതലാബോധമില്ലാത്ത മാതാപിതാക്കന്മാരിൽ ആരംഭിക്കുന്നു.

7. മാതാപിതാക്കന്മാരിൽ സകല പുണ്യങ്ങളുടെയും മാതൃക മക്കൾ കണ്ടെത്തുന്ന കുടുംബം അനുഗൃഹീതമാകുന്നു. എന്തുകൊണ്ടെന്നാൽ അതു പ്രകൃത്യതീതവും പ്രകൃത്യധീനവുമായ ജീവിതത്തിൻെറ ഉടവിടമായിരിക്കും.

വിശ്വസ്തരായ മാതാപിതാക്കന്മാർ ലോകത്തിനു നല്ല കത്തോലിക്കാ പൗരരേയും സമുദായത്തിനു നല്ല അംഗങ്ങളേയും സ്വർഗ്ഗത്തിനു വിശുദ്ധരേയും നൽകുന്നു.

8. എല്ലാ അംഗങ്ങളും കൂടെക്കൂടെ പരിശുദ്ധ കുർബാന സ്വീകരിക്കുന്ന കുടുംബം അനുഗൃഹീതമാകുന്നു; എന്തുകൊണ്ടെന്നാൽ അതു യഥാർത്ഥത്തിൽ ഭൂമിയിലെ സ്വർഗ്ഗമാണ്.

"എൻെറ മാംസം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു." എന്നു ക്രിസ്തു ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. കുടുംബത്തിലെ ഓരോ അംഗവും കൂടെക്കൂടെ മിശിഹായുടെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുമ്പോൾ അവിടുന്നു അവരോരോരുത്തരിലും തത്ഫലമായി കുടുംബത്തിലും വസിക്കുന്നു. ക്രിസ്തു എവിടെയോ അവിടം സ്വർഗ്ഗമാകുന്നു.

നവദമ്പതിമാരോടു 12-ാം പീയൂസ് മാർപ്പാപ്പാ പ്രത്യേകം ഊന്നിപ്പറഞ്ഞിട്ടുള്ള എട്ടു കാര്യങ്ങൾ താഴെ ചേർക്കുന്നവയാണ്:-

1. ക്രിസ്തീയ കുടുംബം നമ്മുടെ സമുദായത്തിൻെറ കേന്ദ്രമാകുന്നു.

2. സ്ത്രീയുടെ സ്ഥാനം ഗൃഹത്തിലാണ്. അവിടെയാണ് അവൾക്കു സ്വാധീനശക്തിയുള്ളത്. മനുഷ്യോചിതമല്ലാത്ത വ്യവസായങ്ങളും ക്രമവിരുദ്ധമായ കായികാഭ്യാസങ്ങളും നടത്തപ്പെടുന്ന ഇക്കാലത്ത് ഈ സംഗതി ബോദ്ധ്യപ്പെട്ടിരിക്കേണ്ടതു പ്രത്യേകിച്ചും ആവശ്യമാണ്. ഇന്നത്തെ സമുദായത്തിൻെറ രോഗത്തിനുള്ള ഔഷധം സ്ത്രീയുടെ കൈയിലാണ്

കണ്ടെത്തേണ്ടതു്. ആധുനികകാലത്തെ വ്യവസായസമ്പ്രദായങ്ങൾ വരുത്തിവച്ചിരിക്കുന്ന വൈഷമ്യങ്ങളെ ദൂരീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ ദൈവപരിപാലന നമുക്കു കാണിച്ചുതരാതിരിക്കുകയില്ല.

3. ദാമ്പത്യജീവിതത്തിലുള്ള സഹകരണം പരസ്പരമുള്ള സഹനത്തേയാണ് ആശ്രയിച്ചിരിക്കുന്നതു്.

4. സന്താനങ്ങൾ ദൈവത്തിൽനിന്നു് ലഭിക്കുന്ന അനുഗ്രഹങ്ങളാകുന്നു.

5. ഭർത്താവു കുടുംബത്തിൽ അധികാരിയായിരിക്കണം. കുടുംബാംഗങ്ങളുടെ സംരക്ഷണത്തിനുള്ളവ അയാൾ ഉണ്ടാക്കിക്കൊടുക്കണം. ക്രിസ്തുവിൻെറ ദൃഷ്ടിയിൽ കുടുംബത്തിനുള്ള മാനത്തെ അയാൾ പാലിച്ചുകൊണ്ടിരിക്കയും വേണം.

6. വിവാഹം കൂദാശയാകുന്നു. തന്മൂലം വിവാഹമോചനം നിഷിദ്ധമാകുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിൽ പിരിഞ്ഞുതാമസിക്കുന്നതു് വളരെ അപകടകരമാണു്. അപകടമൊഴിച്ചുവെക്കാൻ ദൈവാനുഗ്രഹം വഴി കാണിച്ചുതരും. കാമക്രോധാദികളെ ബുദ്ധിമാർഗ്ഗമുപയോഗിച്ചു നിയന്ത്രിക്കുകയും വേണം.

7. ഒരു ക്രിസ്തീയ കുടുംബത്തിലെ വേലക്കാരും അതിലെ അംഗങ്ങളും ഒരുമിച്ചു ക്രിസ്തുവിൻെറ സ്നേഹത്തിൽ ജീവിക്കേണ്ടതാണു്.

8. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വിശ്വസ്തത എല്ലാപ്പോഴും പരിപൂർണ്ണമായും നിഷ്കളങ്കമായും പാലിക്കപ്പെടണം. പ്രേമലീല ആപൽക്കരമാണു്. ഋജ്ജുവും ഇടുങ്ങിയതുമായ വഴി വിട്ടു പെരുമാറിയാൽ പാപത്തിലുൾപ്പെടാനിടവരുന്നതാണു്.

# Let the Bible help you.

When in sorrow, read John 14
When men fail you, read Psalm 27
When you have sinned, read Psalm 50
When you worry, read Mathew 6: 19—34
When you are in danger, read Psalm 91
When you have the blues, read Psalm 34
When God seems far away, read Psalm 139
When you are in discourage read Isaiah 40
When doubts come upon you, read John 7: 17
When you are lonely or fearful, read Psalm 23
When you forget your blessings, read Psalm 103
When your faith needs stirring, read Hebrews II
When you feel down and out, read Rom. 8: 31—39
When you want courage for your task, read Joshua I
When the world seems bigger than God, read Psalm 90
When you want rest and peace, read Mathew II: 25—30
When you want Christain assurance, read Romans 8: 1-30
When you leave home for labour or travel, read Psalm 211
When you grow bitter or critical, read 1 Cor 13
When your prayers grow narrow or selfish, read Psalm 67
Before churchservice, read Psalm 84
Jesus' idea of a Christian, read Mathew 5
Jesus' idea of prayer, Luke II: 1—13, Mathew 6: 5—15
James' idea of religion, read James 1: 19—27
Paul's secret of happiness, read Col 3: 12—17
Paul's idea of Christianity, read II Cor 6: 15—19
Paul's rules on how to getalong with men, read Romans 12

If you have the blues, read the 27th psalm.

If your pocketbook is empty, read the 37th psalm

If people seem unkind, read the 15th chapter of St. John's Gospel.

If you are discouraged about your work, read 126th psalm.

If you feel outof sorts, read the 12th chapter of the Epistle to the Hebrews.

If you are losing confidence in men, read the 13th chapter of the First Epistle to the Corinthians.

If you cannot have your own way in everything, keep silent and read the 3rd chapter of St. James' Epistle.

P.AR

# വിഷയവിവരം

അഭിപ്രായം

പ്രസ്താവന

അവതാരിക

1. ദാമ്പത്യജീവിതം 1
2. കുടുംബത്തെ സംബന്ധിച്ച കത്തോലിക്കാ തത്വങ്ങൾ 4
3. സൗഹാർദ്ദം 14
4. ക്രൈസ്തവാന്തരീക്ഷം 18
5. ക്രൈസ്തവഭവനത്തിനൊരു മാതൃക 22
6. കുടുംബവും ആഗമനകാലവും 26
7. ദിവ്യകാരുണ്യം 31
8. ആ അമൂല്യമാല്യം 36
9. ഗ്രന്ഥപാരായണം 42
10. ആദരണീയമായ വാർദ്ധക്യം 47
11. വ്യഥയിലെ മധു 54
12. അനുകമ്പ 59
13. സംതൃപ്തി 63
14. മാതാപിതാക്കന്മാരുടെ കടമകൾ 67
15. മാതാപിതാക്കന്മാരോടുള്ള ഒരു ഉദ്ബോധനം 72
16 ഇവർ ശില്പികളല്ലേ? 77
17. മക്കളെ വളർത്തേണ്ട വിധം 81
18. യുവജനങ്ങൾക്ക് ഒരു പുതിയ ആദർശം 85
19. കുടുംബത്തിന്റെ സ്വാധീനശക്തി 90
20. കത്തോലിക്കാകുടുംബം ചെറിയ ദേവാലയം 93
21. ദേവാലയത്തിൽ വർത്തിക്കേണ്ടതെങ്ങിനെ? 103
22. മതപഠനം ആവശ്യമോ? 107
23. കുടുംബത്തിലെ പിതാവ് 111
24. കുടുംബത്തിലെ മാതാവ് 114
25. മാതൃപൈതൃകാശ്ലിഷ്ടുകൾ 118

26. കുടുംബത്തിലെ സന്താനങ്ങൾ 122
27. പരസ്നേഹം ഭവനകവാടത്തിങ്കൽ 127
28. കുടുംബവും പൗരോഹിത്യവും 131
29. യഥാർത്ഥസുഖം എവിടെ? 135
30. കത്തോലിക്കാ കുടുംബത്തിന്റെ അഷ്ടഭാഗ്യങ്ങൾ 137
Let the Bible help you. 141

**Re- imprimatur.**

† *Mathew Kavukatt,*

*Abp. of Changanacherry.*

*Changanacherry,*
3—8—'59.

Printed and Published for the Proprietor by Rev. Fr. Wilfrid C. M. I. at the St. Joseph's Press, Mannanam, 1959.

KOTTAYAM PUBLIC LIBRARY
KOTTAYAM

M 200
Cl. No. JOS-M    Acc. No. 13993

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 13 DEC 2015 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

M200
JOS-M

13993

ജോസഫ് പുതിയാപറമ്പിൽ
മക്കൾ നല്ലവരാകണമെങ്കിൽ

KOTTAYAM PUBLIC LIBRARY

M200
Call No. J.O.S.-M. Acc. No. 13993

Author ജോസഫ് പുതിയാപറമ്പിൽ

Title മക്കൾ നല്ലവരാകണമെങ്കിൽ

Indic Digital Archive Foundation
gpura.org